
ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
വികസന റിപ്പോർട്ട്
1996

സെമിനാർ

ഡിസംബർ **7** ശനി **10** A.M. - **5** P.M.

ഗവ. ഹൈസ്ക്കൂൾ, കടയിരുപ്പ്



ഉള്ളടക്കം

ഐയ്ക്കരനാട് പഞ്ചായത്ത് രേഖാചിത്രം
പഞ്ചായത്തിനെക്കുറിച്ചുള്ള പൊതു വിവരം
ആമുഖം
കേരളം ജനകീയാസൂത്രണത്തിലേക്ക്
സംസ്ഥാന ജില്ലാ പരിശീലകർ
ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിൽ
ഭരണപരമായ ചരിത്രവും പഞ്ചായത്തിനെക്കുറിച്ചുള്ള വിവരണങ്ങളും
ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
സാമൂഹ്യസാംസ്ക്കാരിക ചരിത്ര പശ്ചാത്തലം
ഭൂപ്രകൃതിയും വിഭവങ്ങളും.
(ട്രാൻസെക്ട് - ചിത്രം 1,2)

വികസന മേഖലകൾ

പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും


ദ്വിതീയ മേഖല

1. വ്യവസായം
2. ഊർജ്ജം
3. ഗതാഗതം
4. പാർപ്പിടം

തൃദീയമേഖല

1. ആരോഗ്യവും കുടിവെള്ളവും
2. വിദ്യാഭ്യാസം
3. സംസ്ക്കാരം
4. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
5. വനിതാക്ഷേമം
6. വിഭവസമാഹരണം
7. സഹകരണമേഖല
8. നന്ദി...

KUNNATHUNADU PANCHAYATH



AIKKARANADU PANCHAYATH
AREA 25.65 Sq. km.
POPULATION 18533 Nos.

N

പഞ്ചായത്തിനെക്കുറിച്ചുള്ള പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്	:	ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്
2. റവന്യു വില്ലേജുകൾ	:	ഐയ്ക്കരനാട് നോർത്ത് പട്ടിമറ്റം വില്ലേജിന്റെ ഏതാനും ഭാഗം
3. ജില്ല	:	എറണാകുളം
4. താലൂക്ക്	:	കുന്നത്തുനാട്
5. ബ്ലോക്ക്	:	വടവുകോട്
6. പാർലമെന്റ് മണ്ഡലം	:	മൂവാറ്റുപുഴ
7. അസംബ്ലി മണ്ഡലം	:	കുന്നത്തുനാട്
8. ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	കോലഞ്ചേരി
9. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	ഐയ്ക്കരനാട്
10. വിസ്തീർണ്ണം	:	25.65 ച. കി. മീ.
11. ജനസംഖ്യ (1991 ലെ സെൻസസ്)	:	18,533
12. ജനസാന്ദ്രത	:	723
13. വാർഡുകൾ	:	9
14. പ്രസിഡന്റ് (വനിത സംവരണം)	:	ശ്രീമതി. എം. എസ്. രാജി
15.വൈസ് പ്രസിഡന്റ്	:	ശ്രീ. എൻ. പി. കോര
16. എം. പി.	:	ശ്രീ. പി. സി. തോമസ്
17. എം. എൽ. എ.	:	ശ്രീ. എം. പി. വർഗീസ്
18. ജില്ലാ പഞ്ചായത്ത് മെമ്പർ	:	പ്രൊഫ. എൻ. പി വർഗീസ്
19. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്	:	എം. ജി. രവി
20. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	:	സി. പി. ജോയി

ആമുഖം

വികേന്ദ്രീകൃത ആസൂത്രണത്തിലേക്ക്.....

ജനങ്ങൾക്ക് അധികാരവും, അറിവും, സമ്പത്തും സ്വയം നിർണ്ണയിക്കുവാനുള്ള സ്വാതന്ത്ര്യവും സ്വായത്തമാക്കുന്നതിലൂടെ മാത്രമേ സ്വാതന്ത്ര്യം, ജനാധിപത്യം എന്നീ സങ്കല്പങ്ങൾ യാഥാർത്ഥ്യവും അർത്ഥവത്തും ആകൂ.

ഇവിടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രസക്തി. നമ്മുടെ ഭരണഘടനയുടെ 73, 74 – ാം ഭേദഗതിപ്രകാരം 243–ാം വകുപ്പ് : ഗ്രാമസഭ, അതതു സംസ്ഥാന നിയമസഭകൾ വ്യവസ്ഥ ചെയ്യുന്ന അധികാരങ്ങളും പ്രവർത്തനങ്ങളും കൈയ്യാളുമെന്ന് 243 (എ) വകുപ്പ് വ്യക്തമാക്കുന്നു. ഇതിൻ പ്രകാരം 1995 ഒക്ടോബർ 2 ന് കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ നിലവിൽ വന്നു. ഈ ഭരണസമിതികൾക്ക് നിയമാനുസൃതമായ അധികാരങ്ങളും അവകാശങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിന് ശരിയായ ദിശാബോധം കൂടിയേ കഴിയൂ.

ഈ അടിസ്ഥാനത്തിലാണ് "അധികാരം ജനങ്ങൾക്ക്" എന്ന ലക്ഷ്യത്തോടെ 9–ാം പഞ്ചവത്സര പദ്ധതി ജനകീയപദ്ധതിയാക്കിമാറ്റാനും പദ്ധതിയുടെ അടങ്കൽ തുകയുടെ 35–40 ശതമാനം വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് മാറ്റിവെയ്ക്കാനുമുള്ള പുരോഗമന നടപടി ഇൻഡ്യയിൽ ആദ്യമായി കേരള സർക്കാർ തീരുമാനിച്ചത്. ഇതുമൂലം ഭരണം ജനങ്ങൾക്ക് സുതാര്യമായിത്തീരുകയും ജനങ്ങളുടെ ചുമതല വർദ്ധിക്കുകയും ചെയ്യുന്നു.

പുതിയ ചരിത്രസന്ധിയിലും കടമകളിലും നമുക്ക് ഒരുമിച്ച് മുന്നേറുന്നതിന് സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

നമുക്കൊന്നിച്ച് മുന്നേറാം.....

കേരളം – ജനകീയാസൂത്രണത്തിലേക്ക്

കേരളം തനത് സവിശേഷതകളുടെ നാടാണ്. നാം വിദ്യാഭ്യാസ-ആരോഗ്യ-ക്ഷേമ സേവനമേഖലകളിൽ ഉയർന്ന നിലവാരത്തിലെത്തിച്ചേർന്നിട്ടുണ്ട്. എന്നാൽ നാം നേടിയ നേട്ടങ്ങളത്രയും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പ്രതിസന്ധിയെ നേരിടുകയാണ്.

വൈദ്യുതിക്ഷാമം, വ്യവസായനിക്ഷേപക്കുറവ്, രൂക്ഷമായ തൊഴിലില്ലായ്മ, കാർഷിക ഉല്പാദനക്കുറവ്, ഗുണനിലവാരം കുറഞ്ഞ വിദ്യാഭ്യാസആരോഗ്യസേവനമേഖല, ഇവയെല്ലാംതന്നെ നാം നേരിടുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികളിൽ മുഖ്യമായവയാണ്. ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ ഉപഭോഗസംസ്കാരം നമ്മെ ഉല്പാദനമുരടിപ്പിലേക്കും, വികസനപ്രതിസന്ധിയിലേക്കും എത്തിച്ചിരിക്കുന്നു. ഈ വികസന പ്രതിസന്ധിയെ മുറിച്ചുകടക്കുവാനും പുതിയൊരു വികസനസംസ്കാരം ഊട്ടിയുറപ്പിക്കുവാനുമാണ് ജനകീയാസൂത്രണപ്രസ്ഥാനം ലക്ഷ്യമിടുന്നത്.

സംസ്ഥാനആസൂത്രണബോർഡിന്റെ ഒരു ഉന്നതതലമാർഗ്ഗനിർദ്ദേശകസമിതി മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ രക്ഷാധികാരിയായി പ്രവർത്തിച്ചുവരുന്നു.

ഇൻഡ്യയ്ക്ക് ആകെ മാതൃകയായ ഈ പ്രസ്ഥാനം ഇൻഡ്യയിലെ സാമൂഹ്യ സാമ്പത്തിക,സാംസ്കാരിക നായകന്മാരുടെ സവിശേഷശ്രദ്ധ പിടിച്ചുപറ്റിയെന്ന വസ്തുത കേരളീയരിൽ അഭിമാനവും ചുമതലാബോധവും ഉണർത്തുവാൻ പര്യാപ്തമാണ്.

ജനകീയാസൂത്രണപ്രസ്ഥാനം

സംസ്ഥാന-ജില്ലാ പരിശീലകർ

1. കെ. എം. ഏലിയാസ് — സംസ്ഥാന റിസോഴ്സ് പേഴ്സൺ
2. പ്രൊഫ. എൻ.പി. വർഗ്ഗീസ്
3. സി.പി. ജോയി
4. എൻ.പി. കോര
5. ടി.പി. പൗലോസ്
6. ടി.എസ്. രാമകൃഷ്ണൻ
7. ബാബുപ്പോൾ
8. സി.ബി. ദേവദർശനൻ
9. എ. രാമൻനായർ
10. ടി.പി. ജോർജ്ജ്
11. പി. മാധവൻ
12. കെ.പി. അയ്യപ്പൻകുട്ടി
13. ലീല തമ്പി
14. മത്തായി എബ്രഹാം
15. വത്സ ജോർജ്ജ്
16. എൻ.കെ. വർഗ്ഗീസ്
17. പി.സി. ഭവാനി – പഞ്ചായത്ത് സെക്രട്ടറി
18. കെ.എസ്. സുജാത – കൃഷി ഓഫീസർ
19. സ്കറിയകുട്ടി – വി.ഇ.ഒ

ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിൽ

1996 ആഗസ്റ്റ് മാസം 10,11,12 തീയതികളിലായി പെരുമ്പാവൂരിൽവച്ചു നടന്ന സംസ്ഥാനതല പരിശീലന പരിപാടിയിൽ പഞ്ചായത്തിൽ നിന്നും പ്രൊഫ. എൻ.പി. വർഗ്ഗീസ്, ശ്രീ. സി.പി. ജോയി, ശ്രീ. എൻ.പി. കോര, ശ്രീ. ടി.വി പൗലോസ്, ശ്രീ. മത്തായി എബ്രഹാം, ശ്രീ. അയ്യപ്പൻകുട്ടി ശ്രീമതി. ലീല തമ്പി എന്നിവർ പങ്കെടുത്തു.

ജനകീയാസൂത്രണ പരിപാടിയുടെ ആദ്യത്തെ പഞ്ചായത്തുതല ശില്പശാല 21-09-96 -ൽ ജി.എച്ച്.എസ്. കടയിരുപ്പിൽ നടന്നു.

പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കുന്നത്തുനാട് എം.എൽ.എ ശ്രീ. എം.പി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ശ്രീ. എൻ.പി. കോര, പ്രൊഫ. എൻ.പി. വർഗ്ഗീസ്, ശ്രീ. എം.ജി. രവി, ശ്രീ. സി.പി. ജോയി, ശ്രീ. ടി.വി പൗലോസ്, പ്രൊഫ. എം.വൈ. യോഹന്നാൻ തുടങ്ങിയവർ ക്ലാസ്സെടുത്തു. ശില്പശാലയിൽ 150-ൽപരം പ്രവർത്തകർ പങ്കെടുത്തു. ശില്പശാലയിൽ എടുത്ത തീരുമാനപ്രകാരം എല്ലാ വാർഡു കളിലുംഗ്രാമസഭകൾ ചേരുക യുണ്ടായി.

വാർഡ്	തീയതി	സ്ഥലം	സമയം	പങ്കെടുത്തവർ		
				പുരു	സ്ത്രീ	ആകെ
I	06-10-96	G.L.P.S. കടമറ്റം	11 a.m.	70	20	90
II	29-09-96	തോന്നിയ്ക്ക അംഗൻവാടി	2 p.m.	72	3	75
III	12-10-96	കോപ്പറേറ്റീവ് കോളേജ് കോലഞ്ചേരി	2 p.m.	62	17	79
IV	12-10-96	L.P.S. മാങ്ങാട്ടൂർ	2 p.m.	62	16	78
V	13-10-96	G.H.S. കടയിരുപ്പ്	11 a.m.	62	20	82
VI	06-10-96	G.C.P.S. പാങ്കോട്	11 a.m.	78	4	82
VII	12-10-96	ST.PETER'S U.P.S. പാങ്കോട്	1 p.m.	85	11	96
VIII	12-10-96	G.H.S. പഴന്തോട്ടം	1 p.m.	82	10	92
IX	13-10-96	G.L..P.S. കടയിരുപ്പ്	2 p.m.	77	7	84
		ആകെ		650	108	758

ഓരോ ഗ്രാമസഭകളിലും ചേരുന്നതിനു മുന്നോടിയായി പോസ്റ്റർ, ബാനർ, നോട്ടീസ് പ്രചരണം കൂടാതെ കലാ ജാഥപരിപാടികൾ എന്നിവയും നടത്തുകയുണ്ടായി.

ബ്ലോക്ക്തലത്തിലുള്ള ജില്ലാതലപരിശീലന പരിപാടി 1996 നവംബർ മാസം 2, 3, 4 തീയതികളിൽ കോലഞ്ചേരി T.T.I. യിൽ വച്ച് നടന്ന ശില്പശാലയിൽ പഞ്ചായത്തിൽനിന്നും

ഒമ്പതാം ജനകീയാസൂത്രണ പദ്ധതി
വികസന റിപ്പോർട്ട്

ഭരണപരമായ ചരിത്രവും പഞ്ചായത്തിനെക്കുറിച്ചുള്ള പൊതുവിവരണവും

ഭാരതം ബ്രിട്ടീഷ് സാമ്രാജ്യത്വ നുകത്തിൽ കീഴിൽ ഞെരിഞ്ഞമർന്നിരുന്നെങ്കിലും രണ്ടാം ലോക മഹായുദ്ധകാലം വരെ ഭക്ഷ്യസാധനങ്ങൾ, വസ്ത്രം മുതലായ നിത്യോപയോഗ സാധനങ്ങൾക്കു വളരെ വിലക്കുറവായിരുന്നു. കുടിയാന്മാരെ അടിമകളെപ്പോലെ കണക്കാക്കിയിരുന്നെങ്കിലും നല്ലൊരു ജന്മി-കുടിയാൻ ബന്ധം നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ പാവപ്പെട്ടവർക്കു കൂടിലുകൾ നിർമ്മിച്ചു താമസിക്കാനുള്ള സ്ഥലത്തിനു ബുദ്ധിമുട്ടേണ്ടി വന്നിരുന്നില്ല. എങ്കിലും ആഹാരം, വസ്ത്രം, കിടപ്പിടം എന്നിവയിൽ കവിഞ്ഞുള്ള ഒരു സുഖജീവിതത്തെപ്പറ്റി സാധാരണക്കാർക്കു ചിന്തിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധത്തോടുകൂടി സാമ്പത്തിക ഭദ്രത ആഗോളതലത്തിൽ തകിടം മറിഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദനം കുറയുകയും വില കുതിച്ചുയരുകയും ചെയ്തു. സാമ്പത്തികമായി തകർന്ന ബ്രിട്ടീഷുകാർ ഭാരതത്തെ കൂടുതൽ ചൂഷണം ചെയ്തു. ഇവിടത്തെ നാണ്യവിളകളും നിക്ഷേപങ്ങളും, ബ്രിട്ടീഷുകാരുടെ ക്ഷേമത്തിനു വേണ്ടി ഇംഗ്ലണ്ടിലേക്ക് ഒഴുകി. ഭക്ഷണ സാധനങ്ങൾ വരെ ഇറക്കുമതി ചെയ്തിരുന്ന ഭാരതത്തിന് ഈ നടപടി വലിയൊരു ആഘാതമായിരുന്നു. ഭാരതം ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്കു വലിച്ചെറിയപ്പെട്ടു. ഭാരതമക്കളുടെ വികാരം തിളച്ചു മറിയാൻ ഇതിൽ കവിഞ്ഞൊന്നും വേണ്ടായിരുന്നു.

സ്വാതന്ത്ര്യസമര സ്ഫുലിംഗങ്ങൾ കാട്ടുതീപോലെ നാടെങ്ങും പടർന്നു പിടിച്ചു. ജനത്തിന്റെ അടങ്ങാത്ത ആവേശത്തിന്റെ മുന്നിൽ പരാജയം സമ്മതിച്ച് ബ്രിട്ടീഷുകാർ ഭാരതം വിട്ടു.

സ്വാതന്ത്ര്യം കിട്ടിയെങ്കിലും ദാരിദ്ര്യത്തിന്റേറയും സാമ്പത്തിക ഞെരുക്കത്തിന്റേറയും നടുക്കയത്തിലായിരുന്നു നാം അന്ന്. എന്തിനും ഏതിനും വിദേശരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. ഈ സാഹചര്യത്തിലാണ് ഭാരതത്തിലെ ഓരോ ഗ്രാമവും സ്വയംപര്യാപ്തമാകണമെന്ന ലക്ഷ്യത്തോടെ 'ഗ്രാമസ്വരാജിന്റെ പറ്റി സ്വതന്ത്രഭാരതത്തിലെ ജനകീയ നേതാക്കൾ ചിന്തിച്ചത്. തൽഫലമായിട്ടാണ് ഇന്നത്തെ ഗ്രാമപഞ്ചായത്തിന്റെ ആദിരൂപമായ വില്ലേജ് യൂണിയൻ ഉത്ഭവിച്ചത്.

ഭരണസൗകര്യത്തിനുവേണ്ടി ഐക്കരനാടു പകുതിയെ തെക്കും വടക്കും ഭാഗങ്ങളായി തിരിയ്ക്കുകയും ഇവിടെ വില്ലേജ് യൂണിയൻ ഓഫീസ് സ്ഥാപിക്കയും ചെയ്തത്. 1949 ഡിസംബർ ഒന്നാം തീയതിയാണ് "ഐക്കരനാട് നോർത്തു വില്ലേജ് യൂണിയൻ" എന്ന ഒരു സ്ഥാപനം കടയിരുപ്പിൽ സ്ഥാപിതമായത്.

അന്ന് ഈ യൂണിയനിൽ കടമറ്റം, പെരിങ്ങോൾ, എഴിപ്രം, കടയിരുപ്പ്, പഴന്തോട്ടം, പാങ്കോട് എന്നിങ്ങനെ ആറു ദേശങ്ങളാണ് ഉണ്ടായിരുന്നത്. ഓരോ ദേശത്തേയും ജനസംഖ്യാ തോതോ

വിസ്തീർണ്ണമോ നോക്കാതെ ഒരു ദേശത്തിന് ഒരു പ്രതിനിധി എന്ന തോതിൽ ആറു അംഗങ്ങളാണ് ആദ്യത്തെ ഭരണ സമിതിയിൽ ഉണ്ടായിരുന്നത്. കൂടുതൽ ഭൂനികുതി അടയ്ക്കുന്നവരും പ്രഗൽഭരും സേവനസന്നദ്ധരുമായ വ്യക്തികളാണു അന്ന് സമിതിയിലേയ്ക്കു നിയോഗിക്ക പ്പെട്ടത്.

1950-ൽ തിരു-കൊച്ചി പഞ്ചായത്ത് ആക്ട് നിലവിൽ വന്നെങ്കിലും വില്ലേജ് യൂണിയനിലേക്കു നിയോഗിക്കപ്പെട്ടവർ തന്നെയാണ് 1953 വരെ ഐക്കരനാടു നോർത്തു പഞ്ചായത്തിലെ ഭരണച്ചുമതല നിർവ്വഹിച്ചിരുന്നത്. 1953-ൽ ചുമതലയേറ്റ ഭരണസമിതി അംഗങ്ങളേയും എതിരി ല്ലാതെയാണു തെരഞ്ഞെടുത്തത്.

വില്ലേജ് യൂണിയന്റെ പ്രാരംഭം മുതൽ ഹവീൽദാർ ക്ലാർക്കായി വാലോത്ത് ശ്രീ. വി.പി. ഗീവർഗീസും ശിപായിയായി മാളിയേക്കൽ ശ്രീ. എം.പി. വർഗീസും ജോലി ചെയ്തിരുന്നു. 1955 സെപ്റ്റംബർ 27-ാം തീയതി മുതൽ ഒരു ഭരണ നിർവ്വഹണ കാര്യസ്ഥനേയും (Executive Officer) ഒരു ക്ലാർക്കിനേയും നിയമിക്കു വാൻ സർക്കാർ ഉത്തരവായി.

1963 ജനുവരി 1 മുതൽ ഭരണസമിതിയെ പിരിച്ചുവിട്ടുകൊണ്ട് പഞ്ചായത്തു ഭരണം ഒരു സ്പെഷ്യൽ ഓഫീസറുടെ കീഴിലാക്കി.

വീണ്ടുംതെരഞ്ഞെടുപ്പു നടന്നത് 1964-ൽ ആണ്. പുതിയ സമിതി 1979 വരെ ഭരണം തുടർന്നു. ഏകദേശം 15 വർഷം ഈ സമിതിയുടെ ഭരണകാലം നീണ്ടുനിന്നു. നാലാമത്തെ ഭരണ സമിതിയുടെ കാലാവധി 1979 സെപ്റ്റംബർ മുതൽ 1984 ഒക്ടോബർ വരെ ആയിരുന്നു. അന്നു ഭരണസമിതിയെ പിരിച്ചു വിട്ടുകൊണ്ട് പഞ്ചായത്തിന്റെ ഭരണം താലൂക്കു പഞ്ചായത്ത് ഓഫീസറെ സർക്കാർ ഉത്തരവു പ്രകാരം ഏല്പിച്ചു.

1988 ജനുവരിയിൽ അഞ്ചാമത്തെ ഭരണസമിതിയും 1995 സെപ്റ്റംബറിൽ ആറാമത്തേതും ഇപ്പോഴത്തേതുമായ ഭരണസമിതിയും നിലവിൽ വന്നു.

30% വനിതാസംവരണവും ഹരിജൻ സംവരണവും പ്രസിഡണ്ടു സ്ഥാനത്തേയ്ക്കുകൂടി ബാധകമാക്കിതിനെ തുടർന്ന് ഈ പഞ്ചായത്ത് വനിതാ സംവരണ പഞ്ചായത്തായി തീർന്നു. 73-74 എന്നീ ഭരണഘടനാഭേദഗതിമൂലം പഞ്ചായത്തു തെരഞ്ഞെടുപ്പും സംവരണ നിയമങ്ങളും നിയമ വിധേയമാക്കി.

ആദ്യം മുതൽ ഇതു വരെയുള്ള ഭരണസമിതികളുടെ കാലവും ഭരണ സമിതി അംഗങ്ങളുടെ പേരും താഴെ ചേർക്കുന്നു.

---

1. ആദ്യത്തെ സമിതി : ***1949 മുതൽ 1953 വരെ***

പ്രസിഡണ്ട് - ശ്രീ. ഗീവർഗീസ് മല്പാൻ തേനുങ്കൽ, പാങ്കോട്

വൈസ് പ്രസിഡണ്ട് - ശ്രീ. ഇരവി നാരായണൻ കർത്താ ചിറാൽ, കടയിരുപ്പ്

മറ്റ് അംഗങ്ങൾ - 1. ശ്രീ. ഉലഹന്നാൻ മത്തായി, പെരിങ്ങാട്ട്

2. ശ്രീ. കുരുവിള കുര്യാക്കോസ്, മുണ്ടയ്ക്കൽ

		3. ശ്രീ. പി.സി.പത്രോസ്, കൊടിയമ്പാറ
ഗവ:നോമിനി	-	4. ശ്രീ. അച്ചുതൻ അച്യുതൻ, പാറേക്കാട്ട്
2. രണ്ടാമത്തെ സമിതി	:	*1953 മുതൽ 1962 വരെ*
പ്രസിഡണ്ട്	-	ശ്രീ. സി. ഐസക്ക് ചെന്നക്കാട്ടു കാലാങ്കമാരി, കടയിരുപ്പ്
വൈസ് പ്രസിഡണ്ട്	-	വിദ്വാൻ ശ്രീ. പി.എൻ. ശങ്കപ്പിള്ള പട്ടരുമഠം, കടയിരുപ്പ്
മറ്റ് അംഗങ്ങൾ	-	1. ശ്രീ. പി.സി. പൗലോസ്, പെരിങ്ങാട്ട്
		2. ശ്രീ. സി.പി. പോൾ, ചെന്നക്കാട്ട്
		3. ശ്രീ. ഉലഹന്നാൻ മത്തായി, പെരിങ്ങാട്ട്
		4. ശ്രീ. പി.വി. ഐസക്, പൂവത്തുംമൂട്ടിൽ
		5. വൈദ്യൻ ശ്രീ. കൃഷ്ണൻ നമ്പ്യാർ, തോന്നിക്കമഠം
ഹരിജൻ മെമ്പർ (ഗവ: നോമിനി)	-	6. ശ്രീ. തേവൻ കുറുമ്പൻ, മേലാംകുന്നത്ത്
3. മൂന്നാമത്തെ സമിതി	:	*1964 മുതൽ 1979 വരെ*
പ്രസിഡണ്ട്	-	ശ്രീ. സി.പി. ഐസക് ചെന്നക്കാട്ടു കാലാങ്കമാരി, കടയിരുപ്പ്
വൈസ് പ്രസിഡണ്ട്	-	ശ്രീ. പി.വി. തോമസ്, പെരിങ്ങാട്ട്
മറ്റ് അംഗങ്ങൾ	-	1. ശ്രീ. സി. ഗീവർഗീസ്, ചെന്നക്കാട്ട്
	-	2. ശ്രീ. എ.പി. പൗലോസ്, ആനിക്കാശ്ശേരി
		-3. ശ്രീ. വി.കെ. കുര്യൻ, വണ്ടാനത്തിൽ
		4. എൻ.സി. കുര്യാക്കോസ്, നീലാങ്കൽ
വനിത (നോമിനി)	-	5. പ്രൊ. അച്ചാമ്മ മാണി, ആനിക്കാശ്ശേരി
ഹരിജൻ മെമ്പർ	-	6. ശ്രീ. അയ്യപ്പൻ കാളുകുറുമ്പൻ

4.	*നാലാമത്തെ സമിതി*	*: 1979 മുതൽ 1984 വരെ*
	പ്രസിഡണ്ട്	- ശ്രീ. വി.കെ. കുര്യൻ, വണ്ടാനത്തിൽ
	വൈസ് പ്രസിഡണ്ട്	- പ്രൊ. എൻ. പി. വർഗീസ്, പാലത്തുരുത്തേൽ
	മറ്റ് അംഗങ്ങൾ	- 1. ശ്രീ. കെ.പി. പാപ്പൻ, കല്ലുങ്കൻ
		2. ശ്രീ. ടി.ഐ. വർഗീസ്, മാലേരിൽ
		3. പ്രൊഫ. വി.കെ. യോയാക്കി വള്ളിക്കാട്ടിൽ
		4. ശ്രീ. ജേക്കബ് ചെറിയാൻ, ചെന്നക്കാട്ട്
	വനിത	5. ശ്രീമതി പി.പി. അമ്മിണി, ഞാറ്റുംകാല
	ഹരിജൻ	6. ശ്രീ. പള്ളിയാൻ കുറുമ്പൻ
5.	*അഞ്ചാമത്ത സമിതി :*	*1988 മുതൽ 1995 വരെ*
	പ്രസിഡണ്ട്	- പ്രൊഫ. എൻ.പി. വർഗീസ്, പാലത്തുരുത്തേൽ
	വൈസ് പ്രസിഡണ്ട്	ശ്രീ. എൻ. പി. കോര, ഞാറ്റുംകാലായിൽ
	മറ്റ് അംഗങ്ങൾ	- 1. ശ്രീ. ടി.എസ്സ്. മാധവൻ, താഴയ്ക്കൽ
	ഹരിജൻ മെമ്പർ	- 2. ശ്രീ. കെ.എ. ഗോപാലൻ വൈദ്യർ, പാങ്കോട്
		3. ശ്രീ. സി.പി. ഇട്ടൂപ്പ്, ചെക്കനാക്കുഴി
		4. ശ്രീ. എം.ഒ. പൗലോസ്, മൂത്താരിൽ
		5. ശ്രീ. ടി.വി. പൗലോസ്, തച്ചേത്ത്
		6. ശ്രീമതി. ശൂശാൻ മത്തായി, കൊച്ചുകുടി.
		7. ശ്രീമതി തങ്കമണി കുഞ്ഞമ്മ, ചിറാൻ
6.	*ഇപ്പോഴത്തെ ഭരണസമിതി*	*: 4-10-1995 മുതൽ*
	പ്രസിഡണ്ട്	- ശ്രീമതി. എം.എസ്സ്. രാജി, ലക്ഷ്മിനിവാസ്, കടയിരുപ്പ്

വൈസ് പ്രസിഡണ്ട്	-	ശ്രീ. എൻ.പി. കോര, ഞാറ്റും കാലായിൽ
മറ്റ് അംഗങ്ങൾ	-	1. ശ്രീമതി വത്സ ജോർജ്, ചങ്ങിച്ചേരിൽ, കടമറ്റം
		2. ശ്രീ. മത്തായി എബ്രഹാം, മണ്ണേക്കാട്ട്
ഹരിജൻ		3. ശ്രീ. അയ്യപ്പൻ കുട്ടി പള്ളിയാൽ
		4. ശ്രീ. കെ.ജി. അവരാച്ചൻ, ചെന്നക്കാട്ടു കാലാങ്കമാരി
		5. ശ്രീ. എൻ. കെ. വർഗീസ്, നീലാങ്കൽ
		6. ശ്രീ. ടി.വി. പൗലോസ്, തച്ചേത്ത്
		7. ശ്രീമതി. ലീലാതമ്പി, മൂത്താരിൽ

പഞ്ചായത്തു രാജ് നിയമമനുസരിച്ച് സുഗമമായ ഭരണത്തിനുവേണ്ടി നാലു പേരടങ്ങുന്ന ഒരു സ്റ്റാൻറിങ്ങ് കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. താഴെ പറയുന്നവരാണ് കമ്മറ്റി അംഗങ്ങൾ

ചെയർമാൻ	-	ശ്രീ. ടി.വി. പൗലോസ്
മറ്റ് അംഗങ്ങൾ		
ഹരിജൻ മെമ്പർ		1. ശ്രീ. അയ്യപ്പൻ പള്ളിയാൻ
		2. ശ്രീ. കെ.ജി. അവരാച്ചൻ
വനിതാ മെമ്പർ		3. ശ്രീമതി ലീലാ തമ്പി

ഈ പഞ്ചായത്തിന്റെ പ്രാരംഭ ദശയിൽ ആറു ദേശങ്ങളും അവയെ പ്രതിനിധീകരിച്ച് ആറു ഭരണസമിതി അംഗങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിൽക്കാലത്ത് തോന്നിക്ക, കോലഞ്ചേരി, വലമ്പൂർ എന്നീ ദേശങ്ങളുടെ ഏതാനും ഭാഗങ്ങൾകൂടി ഭരണ സൗകര്യത്തിനായി ഈ പഞ്ചായത്തിനോടു ചേർക്കുകയും പഞ്ചായത്തിനെ ഒമ്പതു വാർഡുകളായി വിഭജിക്കുകയും ചെയ്തു.

പഞ്ചായത്തിന്റെ ആരംഭകാലത്ത് 6 എൽ.പി. സ്ക്കൂളുകൾ മാത്രമേ പൊതു സ്ഥാപനങ്ങളായി ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് 10 വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. കൂടാതെ ആശുപത്രി, മൃഗാശുപത്രി, കൃഷി ഭവൻ, വില്ലേജ് ഓഫീസ്, പെരിയാർ വാലി ജലസേചന പദ്ധതിയ്ക്കായി ഓഫീസുകൾ, മിൽമ, വിവിധ സഹകരണസംഘങ്ങൾ, അംഗൻ വാടികൾ, വായനശാലകൾ, ക്ലബ്ബുകൾ, എന്നിങ്ങനെ ഒട്ടനേകം പൊതു സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ജലസേചനം, ഗതാഗതം എന്നീ കാര്യങ്ങളിലും വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്.

9-ാം പദ്ധതി ജനകീയ പദ്ധതി

കഴിഞ്ഞ പദ്ധതികളുടെ എല്ലാം നേട്ടങ്ങളും കോട്ടങ്ങളും കൃത്യമായി വിലയിരുത്തി, പൊതു ജനങ്ങൾക്കു കിട്ടിയ പ്രയോജനം 20 ശതമാനത്തിൽ താഴെയാണെന്നു കണ്ടെത്തിയതും ഗാന്ധിജിയുടെ സ്വപ്നം സഫലീകരിയ്ക്കാൻ ഗ്രാമ പഞ്ചായത്തുകളെ നിയമപരമായി നിലനിർത്താൻ ഭരണസംഘടനയിൽ ഭേദഗതികൾ വരുത്താൻ തയ്യാറായതും അന്തരിച്ച നമ്മുടെ യുവപ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയാണ്.

കഴിഞ്ഞകാല പഞ്ചവത്സര പദ്ധതികളിലൂടെ ഭാരതത്തിനു നവോത്ഥാന സോപാനത്തിലൂടെ കുതിച്ചു കയറാൻ കഴിഞ്ഞിട്ടുണ്ടെന്നതു ശരിതന്നെ. നമ്മുടെ ബുദ്ധിയും ശക്തിയും എത്താത്ത മേഖലകളില്ല. എന്നിട്ടും ഗ്രാമ സ്വരാജ് എന്ന സ്വപനം സഫലീകരിക്കാൻ കഴിയാത്തതെന്തെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ കോടികൾ ചെലവാക്കിയിട്ടും ഗ്രാമങ്ങൾക്ക് വേണ്ടതരത്തിൽ വേണ്ടത്ര നേട്ടങ്ങളുണ്ടാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

വികസന പദ്ധതികൾക്കു ചെലവായിക്കൊണ്ടിരിക്കുന്ന വൻതുകകൾ മണലാരണ്യത്തിലൊഴുകുന്ന നദികൾപോലെ ഉപഭോക്താക്കളിൽ എത്തുമ്പോഴേക്കും ശുഷ്കമാകുന്നു. പദ്ധതിത്തുകയുടെ ഭൂരിഭാഗവും ആസൂത്രണ സംവിധാനങ്ങൾക്കും ഭരണച്ചെലവുകൾക്കുമായി ചോർന്നു പോകുന്നു. അതിനെ ചോദ്യം ചെയ്യാനോ നിയന്ത്രിക്കാനോ ഇതുവരെ ജനത്തിന് കഴിഞ്ഞിരുന്നില്ല.

പദ്ധതികളുടെ പരാജയത്തിനു മറ്റൊരു മുഖ്യകാരണം കൂടിയുണ്ട്. ഓരോ

പ്രദേശത്തിനും അതിനേറതായ പ്രത്യേകതകൾ കാണും. അവയെല്ലാം കണക്കിലെടുത്തുവേണം ആ പ്രദേശത്തിന്റെ വികസന പദ്ധതികൾ തയ്യാറാക്കാൻ. എന്നാൽ ഇതുവരെ ഇത്തരം വികസന പദ്ധതികൾക്കു രൂപം കൊടുത്തിരുന്നത് ആ പ്രദേശവുമായി ബന്ധമോ താല്പര്യമോ ഇല്ലാത്ത ഉദ്യോഗസ്ഥതലങ്ങളാണ്. തന്മൂലം അവർ തയ്യാറാക്കുന്ന പദ്ധതികൾ സമഗ്രമായ നവോത്ഥാനത്തിനു പര്യാപ്തമായിക്കൊള്ളണമെന്നില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചില പ്രദേശങ്ങൾ അവഗണിക്കപ്പെട്ടുവെന്നോ ചില പ്രദേശങ്ങൾക്കു ഗുണത്തേക്കാളേറെ ദോഷം ഭവിച്ചുവെന്നോ വരാം.

പ്രാദേശികാവശ്യങ്ങൾ എന്തൊക്കെയെന്നും ജനങ്ങളുടെ പരാധീനതകൾ എന്തെല്ലാമെന്നും പരസ്പര ചർച്ചകളിലൂടെ വിശകലനം ചെയ്യാനുള്ള അവകാശവും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യാനുള്ള സ്വാതന്ത്ര്യവും അതാതു പ്രദേശത്തെ ജനങ്ങൾക്കുണ്ടാകണം. അതാണ് ജനകീയ വികസന സമ്പ്രദായത്തിന്റെ അടിത്തറ.

കഴിഞ്ഞകാല വികസന പദ്ധതികളുടെ പോരായ്മകളെ വിശകലനം ചെയ്ത രാഷ്ട്ര ശില്പികൾക്ക് ഇക്കാര്യം ബോധ്യം വന്നതിന്റെ ഫലമായിട്ടാണ് പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണം വികേന്ദ്രീകരിക്കാനും പഞ്ചായത്തിരാജ്- നഗരപാലികാ സംവിധാനങ്ങൾക്ക് വേണ്ടത്ര ഊന്നൽ കൊടുക്കാനും തീരുമാനിച്ചത്. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പദ്ധതിയായി രൂപാന്തരപ്പെടുത്തുവാൻ ഈ സർക്കാർ നിശ്ചയിച്ചതും വേറൊർത്ഥത്തിലല്ല.

ജനകീയ നവോത്ഥാനത്തിലേയ്ക്കുള്ള കാൽവെയ്പ് എന്ന നിലയിൽ ഈ സംരംഭം പ്രശംസാർഹമെങ്കിലും ഇത്തരത്തിലുള്ള ആദ്യത്തെ നടപടിയെന്ന നിലയ്ക്കു ഇതു പ്രായോഗിക തലത്തിലെത്തിക്കാൻ ശ്രമകരമായ പ്രയത്നം കൂടിയേതീരൂ അതിന്റെ വിജയത്തിനു വേണ്ടി യത്നിക്കേണ്ടത് ഇവിടുത്തെ പൗരന്മാരാണെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

ഇതുവരെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് ഉദ്യോഗസ്ഥരാണ്. ഉപഭോക്താക്കളായ പൊതുജനം അവയെപ്പറ്റി അഭിപ്രായം പറയാൻ സ്വാതന്ത്ര്യമില്ലാത്ത മൂകസാക്ഷികൾ മാത്രമായിരുന്നു. തന്മൂലം ഭരണരംഗം അഴിമതിയിലേയ്ക്കു കൂപ്പുകുത്തി. അതിനെ തടയാൻ ആർക്കും കഴിഞ്ഞില്ലെന്നു മാത്രമല്ല, കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം അവരുടെ ദുഷ്ചെയ്തികൾക്കു തണലേകുകയും ചെയ്തിരുന്നുവെന്നത് ഒരു ദുഃഖസത്യമാണ്.

ഈ ദുരവസ്ഥയ്ക്കു വിരാമമിടാനും നാടിന്റെ ആവശ്യമറിഞ്ഞ് പദ്ധതികൾ ആസൂത്രണം ചെയ്യാനുമുള്ള അവകാശവും അധികാരവും ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ജനങ്ങളിലേയ്ക്കു കൈമാറപ്പെടുകയാണ്. ഇന്നലെവരെ സാക്ഷിരൂപത്തിൽ നോക്കിനിന്ന പൊതുജനം ഉണരുകയും ബോധവാന്മാരായി ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനായി സഹകരിക്കയും ആത്മസംയമനത്തോടെയും വിശാലവീക്ഷണത്തോടെയും കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി പ്രവർത്തിക്കയും ചെയ്യേണ്ടതായിട്ടുണ്ട്.

ഇത്തരം സഹകരണം ഉറപ്പുവരുത്താനും അവസരം നൽകുന്നതിനുമാണ് ജനകീയാസൂത്രണത്തിന്റെ ആദ്യപടിയെന്നോണം വാർഡുകൾതോറും കൺവെൻഷൻ നടത്തി ഗ്രൂപ്പുകളായി

തിരിഞ്ഞ് 12 വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടത്.

രണ്ടാം ഘട്ടമായി പഞ്ചായത്തിനെ സംബന്ധിക്കുന്ന എല്ലാ സ്ഥിതിവിവര ക്കണക്കുകളും നിർമ്മാണപ്രവർത്തന ങ്ങളുടെ വിവരങ്ങളും അതാതു വകുപ്പുകളുടെ ഓഫീസുകളിൽ നിന്നു ശേഖരിച്ച് പഞ്ചായത്തിൽ അങ്ങോള മിങ്ങോളം പഠനപര്യടനങ്ങൾ നടത്തി വിവരങ്ങൾ ശേഖരിച്ചു. സ്ഥലനാമ പുരാണങ്ങൾ, ഐതിഹ്യങ്ങൾ, നാടോടി പ്പാട്ടുകൾ എന്നിവയുടെ അടിസ്ഥാന ത്തിലും ചർച്ചകളിലൂടെയും പഞ്ചായ ത്തിന്റെ പുരാവൃത്തം ശേഖരിച്ചു.

പ്രത്യേകം പരിശീലനം നൽകപ്പെട്ടവർ തയ്യാറാക്കിയ ഇത്തരം ജ്ഞാനശകലങ്ങൾ ക്രോഡീകരിച്ചു കോർത്തിണക്കിയതാണ് ഈ വികസന റിപ്പോർട്ട്.



(ii). സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

നമ്മുടെ സാമൂഹികസാംസ്കാരിക ചരിത്രത്തിന് വളരെയേറെകാലം പഴക്കമുണ്ട്. പ്രചീനകാലത്ത് ക്ഷേത്രങ്ങളും പള്ളികളും സംസ്കാരങ്ങളുടെ സമ്മേളന രംഗങ്ങളായിരുന്നു. സംസ്കാരത്തിന്റേയും വിവിധ കലാരൂപങ്ങളുടേയും ഉറവിടം ഒരു പക്ഷേ ഇത്തരം ദേവാലയ സംങ്കേതങ്ങളായിരിക്കണം.

മൺമറഞ്ഞ പല സംസ്കാരങ്ങളേയും പറ്റി ആധുനിക മനുഷ്യന് അറിവു പകരുന്നത് പുരാവസ്തുക്കളാണ്. പുരാവസ്തുക്കളെപോലെ തന്നെ ചരിത്രാതീതകാലത്തെ സംഭവവികാസങ്ങളിലേക്കും ഭൂപ്രകൃതിയിലേക്കും വെളിച്ചം വീശുന്നവയാണ് സ്ഥല നാമങ്ങൾ. സ്ഥലനാമ ങ്ങളുടെ ചെപ്പു തുറന്ന് ജിജ്ഞാസകൊണ്ട് ചികഞ്ഞുനോക്കുന്നത് വിജ്ഞാനപ്രദവും രസകരവുമാണ്. ഗവേഷണ കുതുകികൾക്ക് ഇത് മഹത്തായ ഒരു പഠന വിഷയവും നവീന ലോകത്തിനു പ്രയോജനപ്രദവുമായിരിക്കും.

പ്രകൃതിദത്തമായ സവിശേഷതകൾ, പ്രാധാന്യമർഹിക്കുന്ന സംഭവങ്ങൾ മുതലായവയെ അടിസ്ഥാനപ്പെടുത്തിയാണ് സാധാരണയായി ഒരു സ്ഥലത്തിനു പേരിടാറുള്ളത്. പ്രമുഖനായ ഏതെങ്കിലും വ്യക്തിയുടേയോ, പ്രശസ്ത കുടുംബങ്ങളുടേയോ, പേരുകളോടുബന്ധപ്പെട്ടും സ്ഥലനാമങ്ങൾ കാണാറുണ്ട്. അത്തരം സ്ഥലനാമങ്ങളുടെ ഉത്ഭവ കാരണങ്ങൾ വേണ്ടത്ര ചരിത്രരേഖകളുടെ അഭാവം നിമിത്തം തലമുറകൾ കഴിയുന്തോറും വിസ്മരിക്കപ്പെടാറുണ്ട്. എന്നാൽ അവയിൽ ചിലതെങ്കിലും കിംവദന്തികളായോ ഐതീഹ്യങ്ങളായോ അവശേഷിക്കാറുണ്ട്. ഐതീഹ്യങ്ങൾ അധികവും ദേവാലയങ്ങളെ ചുറ്റിപ്പറ്റിയുള്ള വയായിരിക്കും എറണാകുളം ജില്ലയിലെ വടവുകോടു ബ്ലോക്കു പഞ്ചായത്തിൽ പെട്ടആറു ഗ്രാമ പഞ്ചായത്തുകളിലൊന്നാണ് ഐക്കരനാട് ഗ്രാമ പഞ്ചായത്ത്

ഈ പഞ്ചായത്തിലെ ഗ്രാമങ്ങളുടെ നാമോല്പത്തിയെപറ്റി ചിന്തിക്കുന്നതിനുമുമ്പായി ഐക്കരനാട് എന്ന പേര് എങ്ങനെയുണ്ടായെന്ന്.യുക്തിപൂർവ്വം ചിന്തിക്കാം.

കാടുംമേടുംനിറഞ്ഞു വനഭംഗിയിൽ മുങ്ങികുളിച്ച് നിന്ന സുന്ദരിയായിരുന്നു പ്രാചിനകേരളം .ആര്യ ഭാക്ഷയുടെ ബാന്ധവത്തിമുമ്പ് മലനാടിന്റെ മാതൃഭാക്ഷയായ മലയാളം ആദിദ്രാവിഡ ഭാഷയായ തമിഴിന്റെ

കൊച്ചനുജത്തിയായി വർത്തിച്ചു വരുന്നു. അതുകൊണ്ടുതന്നെ ഭാഷപരമായ അതിർവരമ്പുകളില്ലാത്ത ചെറിയ ചെറിയ നാട്ടുരാജ്യങ്ങളുടെ കലവറയായിരുന്നു കേരളം എന്നു പറയാം

കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നായിരുന്നു അന്നത്തെപ്രമാണം. അങ്ങനെ ചോദ്യം ചെയ്യാൻ വ്യവസ്ഥ കളില്ലായിരുന്നു. കഴിവുണ്ടെങ്കിൽ ആർക്കും ആരേയുംആക്രമിക്കാം, കൊള്ളയടിക്കാം, പരാജയപ്പെടുത്തി നാടു സമ്പാദിക്കാം എന്നുള്ളതായിരുന്നു അവസ്ഥ. ചതുരംഗം, ചൂത്, മുതലായ കളികളിലൂടെ വീടും, നാടും വിടേണ്ടിവന്നവർ വിരളമല്ല. കള്ളച്ചൂത്, സർവ്വത്രനടമാടിയിരുന്നു.

ചില വടക്കൻ ഗാഥകളിൽ പരാമർശിച്ചു കാണുന്ന"കുന്നത്തെ നാട്"തന്നെയായിരിക്കണം കുന്നുകൾ ഒത്തുനിരന്ന ഹരിത ഭംഗിയുടെ അല മാലകൾ നെയ്തിരുന്ന കുന്നത്തുനാട്. വിശാലമായ കുന്നത്തുനാട് അന്ന് പെരിയാർ മുതൽ മുവാറ്റുപുഴയാറിന്റെ തീരം വരെ വ്യാപിച്ചു കിടന്നിരിക്കണം.

സമ്പത്തും സന്തുഷ്ടിയും നിറഞ്ഞു നിന്ന കുന്നത്തുനാടിന്റെ അധിപനെ അന്നൊരിക്കൽ സൂത്രശാലിയായ ഏതോ പരദേശിയും തന്റെ ഭൃത്യനും കൂടി കള്ളച്ചൂതിൽ തോല്പിച്ച് നാട് കൈവശമാക്കി.

തമിഴിൽ '" അയ്യാ(വ്)" എന്നാൽ യജമാനനും"ഏഴ" എന്നാൽ പാവവു (ഭൃത്യൻ)മാണ്. കള്ളച്ചൂതിലൂടെ സംമ്പാദിച്ച കുന്നത്തുനാട് " അയ്യ " യും "ഏഴ" യും പങ്കിട്ടെടുത്തു. അയ്യായ്ക്കു ലഭിച്ച അരനാടിന് "അയ്യ്ക്കരനാട്" എന്നും "ഏഴയ്ക്ക" കിട്ടിയ നാടിന് "ഏഴയ്ക്കരനാട" എന്നും പേരിട്ടു. വാമൊഴിയുടെ കാലാന്തര പ്രയോഗത്താൽ "അയ്യായ്ക്കരനാട" അയ്ക്കരനാട് ആയി മാറി.

ഇന്ന് അയ്ക്കരനാട് എന്ന പേരിൽ ഒരു സ്ഥലമില്ല. ഈപഞ്ചായത്തിലെ മൂന്നാം വാർഡായ പെരിങ്ങോളിൽ സ്ഥിതിചെയ്യുന്ന അയ്ക്കനാറ എന്നറിയപ്പെടുന്ന അയ്ക്കനാചിറ അയക്ക(ര)നാ(ടു) ചിറ ലോപിച്ചുണ്ടായതാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ നിഗമനം ശരിയാണെങ്കിൽ അയക്കരനാട് എന്ന സ്ഥലം പ്രസ്തുത ചിറയ്ക്കടുത്ത് എവിടെയെങ്കിലുമായിരുന്നിരിക്കണം.

ഐക്കരനാടുപകുതിയെ ഭരണസൗകര്യത്തിനായി വീണ്ടും വിഭജിച്ച് ദക്ഷിണഭാഗം പൂതൃക്ക പഞ്ചായത്തിലും നിലനിർത്തിയപ്പേൾ അതുവരെ ഒന്നായികിടന്നിരുന്ന പല പ്രദേശങ്ങളും വെട്ടിമുറിക്കപ്പെട്ടു അതുകൊണ്ട് ഐയ്ക്കരനാട് പഞ്ചായത്തിലെ സ്ഥലനാമങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അന്വേഷണം അയൽനാട്ടിലേക്കും വ്യാപിക്കേണ്ടതായിവരും. എങ്കിലും അന്വേഷണത്തിന്റെ മുഖ്യധാര ഐക്കരനാട് പഞ്ചായത്തിന്റെ അതിർത്തക്കുള്ളിൽ

ഒതുക്കി നിർത്തുവാൻ ശ്രമിക്കുകയാണ്

പുരാതനകാലത്ത് നാടിന്റെ അതിർത്തികളായി നിശ്ചയിച്ചിരുന്നത് മല,പുഴ,തോട് മുതലായവയായിരുന്നു.. മാർത്താണ്ഡവർമ്മയുടെ പടയോട്ടക്കാലത്തിനു മുമ്പ് പെരുവൻമൂഴി വരെയുള്ള പ്രദേശങ്ങൾ കൊച്ചി രാജകുടുംബം വകയായിരുന്നു.

രാജകുടുംബം വകയായിരുന്ന തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ ഉത്സവകാലങ്ങളിൽ പെരുവൻമൂഴി വരെ പറയെടുത്തു വരാറുണ്ട്. ദീർഘദൂരം സഞ്ചരിക്കേണ്ടതായി വരുന്നതു കൊണ്ട് തൃപ്പൂണിത്തുറയിൽ നിന്നു പുറപ്പെടുന്ന പറയെടുപ്പു സംഘത്തോടൊപ്പമുള്ള രാജാവോ പ്രതിനിധിയോ വടയമ്പാടി കൊട്ടാരത്തിൽ ഒരു ദിവസം തങ്ങുമായിരുന്നു. അവരുടെ പരിവാരം താമസിച്ചിരുന്ന സ്ഥലമാണ്"പരിയാരം" എന്ന പേരിൽ ഇന്നറിയപ്പെടുന്നത്.

പറയെടുപ്പു സംഘത്തിന്റെ ഭക്ഷണത്തിനും വിശ്രമത്തിനുമായി മദ്ധ്യാഹ്നത്തിൽ കോലം(തിടമ്പ്) ആനപ്പുറത്തുനിന്ന് ഇറക്കി പൂജ നടത്താറുണ്ട്. ഇങ്ങനെ വിശ്രമിക്കുന്ന (എളയ്ക്കുന്ന) നാടിന് എളനാട്, എളഊർ എന്നൊക്കെ പറയാറുണ്ട്. എളഊർ ആണ് "എളൂർ" ആയി മാറിയത്. അയിത്താചാരങ്ങൾ നിലനിന്നിരുന്ന അക്കാലത്ത് കുളിക്കു വലിയ പ്രാധാന്യമുണ്ടായിരുന്നു. പറയെടുപ്പു സംഘം കുളിച്ചു ശരീരശുദ്ധി വരുത്തിയിരുന്ന കുളമാണ് എളംകുളം. ഇതു തന്നെ സ്ഥലനാമവുമായി. ഇത്രയും കാര്യങ്ങൾമുഖവുരയായി പറഞ്ഞു കൊണ്ട് സ്ഥലനാമങ്ങളേയും, ഐതിഹ്യങ്ങളേയും പറ്റി ചിന്തിക്കാം

1. കടമറ്റം

മുവാറ്റുപുഴയാറിന്റെയും പെരുവൻമൂഴി തോടിന്റേയും കൈക്കുമ്പിളിൽ സുരക്ഷിതമാണ് ഐക്കരനാട് പഞ്ചായത്തിലെ പ്രഥമ വാർഡായ കടമറ്റം. ഇതിനു കിഴക്കു വശം കടയ്ക്ക(ലെ)നാടും ഊരുവിട്ടുള്ള വനം എന്ന് അർത്ഥമുള്ള "വിട്ടൂർ" വന പ്രദേശവും സ്ഥിതി ചെയ്യുന്നു. "വിട്ടൂർ" കാലക്രമേണ വീട്ടൂർ ആയി.

പാടങ്ങളേക്കാൾ ഉയർന്ന കൃഷിഭൂമിക്കാണല്ലോ മറ്റം എന്നു പറയുന്നത്. കടയ്ക്കനാട് എന്നു പറയുന്നതു പോലെ കട(യ്ക്കലെ)മറ്റം എന്ന് ഈ സ്ഥലനാമത്തെ വിവക്ഷിക്കുന്നതിൽ തെറ്റില്ല. കടമറ്റത്തിനു ചുറ്റും പാടശേഖരങ്ങളാണല്ലൊ.

ഇവിടത്തെ പ്രശസ്തമായ പള്ളിക്ക് 1,600 വർഷത്തിലേറെ പഴക്കമുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. ഏതായാലും ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള പള്ളിയാണിതെന്നതിനു തർക്കമില്ല.

കടമറ്റം പള്ളിയുടെ നിർമ്മാണത്തെപ്പറ്റി ഒരു കിംവദന്തി കേട്ടിട്ടുണ്ട്. ഏകദേശം 1,600 വർഷങ്ങൾക്കു മുമ്പ്, കൊള്ളും(സംരക്ഷിക്കലും) കൊലയുമുണ്ടായിരുന്ന കർത്താക്കന്മാരുടെ കുപ്രസിദ്ധ ഭരണകാലത്ത് ശീമയിൽ നിന്നു ഒരു ബാവ ഇവിടെ എത്തിച്ചേർന്നു. പരിശുദ്ധപിതാവ് എന്ന അർത്ഥത്തിൽ അദ്ദേഹത്തെ "മാർ ആബോ" എന്നു വിളിച്ചുപോന്നു.

അക്കാലത്ത് കർത്താക്കന്മാരുടെ കുടുംബങ്ങളിൽ ആർക്കോ ഒരു മാറാരോഗമുണ്ടായിരുന്നു. അതു ബാവ പ്രാർത്ഥനയാലെ മാറ്റിക്കൊടുത്തു.. അതിനുള്ള പാരിതോഷികമായികർത്താക്കന്മാർ പണിയിച്ചു കൊടുത്തതാണ് കടമറ്റം പള്ളിയെന്ന് പറയപ്പെടുന്നു.

പൗലോസ് എന്നൊരു ശെമ്മാച്ചനു പട്ടം കൊടുക്കുകയും അദ്ദേഹത്തെ ഈ പള്ളിയിലെ വികാരിയാക്കുകയും ചെയ്തിട്ടാണ് ബാവ ഇവിടെനിന്ന് പോയത്. കടമറ്റം പള്ളിയുടെ കിഴക്കു വശത്തു കാണുന്ന പോയേടം പള്ളിയുടെ സ്ഥാനത്ത് പണ്ട് ഒരു വൃദ്ധ താമസിച്ചിരുന്നു എന്നും അവരോടൊപ്പമാണ് അച്ചൻ താമസിച്ചിരുന്നതെന്നും പറയപ്പെടുന്നു.. അദ്ദേഹമാണ് പിൽക്കാലത്ത്പ്രസിദ്ധനായി ത്തീർന്ന കടമറ്റത്തച്ചൻ. അതിനെപ്പറ്റിയുള്ള ഒരു ഐതിഹ്യം ചുരുക്കി പറയാം.

ഒരിക്കൽ വൃദ്ധയുടെ പശുക്കളെ കാണാതായി. അവയെത്തേടി വനത്തിലൂടെ അലഞ്ഞു നടന്ന അച്ചനെ നരഭോജികളായ ഗിരിവർഗ്ഗക്കാർ തട്ടിക്കൊണ്ടുപോയി ഗുഹയിൽ പാർപ്പിച്ചു. ഇതിന് പാതാളം എന്നാണ് പറയപ്പെടുന്നത്. കാട്ടുരാജാവിന്റെ മകളുടെ അപേക്ഷപ്രകാരം അച്ചനെ സർവ്വ മന്ത്രങ്ങളും പഠിപ്പിച്ചു. എല്ലാ മന്ത്രതന്ത്രങ്ങളും പഠിച്ച അച്ചൻ അവിടെ നിന്ന് തന്ത്രപൂർവ്വം രക്ഷപെട്ട് കടന്നുവന്ന സ്ഥലത്തിനടുത്തുള്ള ചിറയാണ് "കടച്ചിറ". കാലാന്തരത്തിൽ ആ പേരുലോപിച്ച് കൂച്ചിറ എന്നായി. ആചിറയുടെ അരികിൽ കാണുന്ന കൂച്ചിറ മലയിൽ ഒരു ഗുഹയുടെ അവശിഷ്ടങ്ങൾ കാണപ്പെട്ടിട്ടുണ്ട്.

പുറത്തു കടന്ന അച്ചൻ നേരെ കിഴക്കോട്ടോടി കടമറ്റം പള്ളിയിൽ കയറി വാതിലടച്ചു. അച്ചന്റെ തിരോധാനം മനസ്സിലാക്കിയ കാട്ടുജാതിക്കാർ അച്ചനെ ബന്ധിക്കുവാനുള്ള ചങ്ങലയുമായി പിന്നാലെ പാഞ്ഞു. പള്ളി തുറക്കാൻ കഴിയാത്തതുകൊണ്ട് ചങ്ങല വീശിയടിച്ച് തെക്കേഭിത്തി പൊട്ടിച്ചെങ്കിലും അവർക്ക് നിരാശയോടെ മടങ്ങേണ്ടിവന്നു എന്നാണ് ഐതിഹ്യം.

ഭിത്തിയിലെ വിള്ളൽ ഇപ്പോഴും ദൃശ്യമാണ്. ഇതിനടുത്തായി പാലി ഭാഷയിലുള്ള ഒരു ശിലാലിഖിതവും കാണപ്പെടുന്നുണ്ട്.

കടമറ്റംപള്ളിയുടെപടിഞ്ഞാറുവശത്ത് ഒരു ശിവക്ഷേത്രമുണ്ട്. കൂടാതെ പെരുവൻമൂഴി തോടിനു പടിഞ്ഞാറു വശത്തായി ഒരു ശിവക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കാണപ്പെടുന്നു.

തേർപൂന്തുറക്ഷേത്രം എന്നാണ് ഇതിനു പറഞ്ഞു വരുന്ന പേര്. ജല പ്രവാഹങ്ങളുടെ സംഗമസ്ഥാനത്തുള്ള തുറസ്സായ സ്ഥലത്തിനാണ് തുറ എന്നു പറയുന്നത്. തേർ പൂൺ എന്നു പറയുന്നത്. തേർ പൂൺ (ണ്ട) തുറ എന്നാണ് തേർ പുന്തുറയ്ക്കർത്ഥം. ഇവിടം പണ്ട് ചതുപ്പു നിലമായി കിടന്നിരുന്ന കാലത്ത് ഏതെങ്കിലും രാജാവിന്റെ തേര് ഇവിടെ പൂണ്ട പോയിരിക്കാമെന്നും അവിടെയാണ് മണ്ണിട്ടുയർത്തി ക്ഷേത്രം പണിയിച്ചതെന്നും അനുമാനിക്കാം.

2. തോന്നിക്കതേവരും പൂമറ്റവും

തോന്നിക്ക മഹാദേവർക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലവും പരിസരവും പുരാതനകാലത്ത് ഒരു ചാക്യാരുടെ വകയായിരുന്നു. ഇന്നും എഴുത്തുകുത്തുകൾ ആ പേരിൽതന്നെയാണ്. അദ്ദേഹത്തിനു ഈ സ്ഥലവുമായി ബന്ധപ്പെടാൻ കഴിഞ്ഞത്. ഈ ദേശത്തു താമസിച്ചിരുന്ന ഒരു നങ്ങ്യാരമ്മ (നമ്പ്യാർ വനിത) യെ വിവാഹം കഴിച്ചതുമൂലമാണ്. അദ്ദേഹം സാത്വികനും തികഞ്ഞ ശിവഭക്തനുമായിരുന്നു.

ചാക്യാരുടെ കുലത്തൊഴിലാണു കൂത്ത്. കൂത്തുപറയുമ്പോൾ സദസ്യാർ ആസ്വദിക്കണമെങ്കിൽ ചാക്യാർ സരസനും നർമ്മോക്തിയിൽ നിപുണനുമായിരിക്കണം.

കഥാപുരുഷനായ ചാക്യാർ കൂത്തിനായി ഇറങ്ങുമ്പോൾ "സർവ്വവും തോന്നിക്ക തേവരെ, തോന്നിക്ക തേവരെ" എന്ന് മഹാദേവനോട് അകമഴിഞ്ഞു പ്രാർത്ഥിക്കാറുണ്ട്. അദ്ദേഹം കൂത്തുപറയുന്നതിൽ വിരുതനും പ്രശസ്തനുമായിതീർന്നു. യുക്തിയും തർമമോക്തിയും യഥാവസരം മനസ്സിൽ തോന്നിച്ചിരുന്ന തേവര് - ദേവർ എന്നതിന്റെ തമിഴ് രൂപമാണിത് - ആണ് തോന്നിക്ക തേവൻ ആയത്.

ചാക്യാർക്ക് ശിവദർശനം ലഭിച്ച സ്ഥലത്താണ് ക്ഷേത്രം പണിയിച്ചിരിക്കുന്നതെന്നു പറയപ്പടുന്നു. അങ്ങനെയെങ്കിൽ രൂപം തോന്നിച്ച തേവൻ എന്നും ആയിക്കൂടെന്നില്ല തോന്നിക്ക ക്ഷേത്രത്തിലേക്കു പൂ സംഭരിച്ചിരുന്ന മറ്റമാണു പൂമറ്റം.

മരുമക്കത്തായ സമ്പ്രദായക്കാരനായ ചാക്യാർക്ക് അനന്തരാവകാശികൾ ഇല്ലായിരുന്നു. അതിനാൽ തോന്നിക്ക ക്ഷേത്രത്തിന്റെ അവകാശം തോന്നിക്ക നമ്പ്യാർ മഠത്തിനു സിദ്ധിച്ചു. അവർ വിധിപ്രകാരം പൂജകൾ ചെയ്യിച്ച് ദേവനെ സേവിച്ചിരുന്നെങ്കിലും ഈ ഭരണം അധികനാൾ നീണ്ടുനിന്നില്ല.

കർത്താക്കന്മാരുടെ കുപ്രസിദ്ധ ഭരണകാലമായിരുന്നു അന്ന്. അവൻ ക്രൂരന്മാരും നരഹത്യയിൽ താല്പര്യമുള്ളവരുമായിരുന്നു. നരഹത്യയ്ക്ക് ഉപയോഗിച്ചിരുന്ന ബലിക്കല്ലിന്റെ അവശിഷ്ടങ്ങൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കണ്ടിട്ടുണ്ട്. കർത്താക്കന്മാരെ വഴങ്ങി ജീവിക്കാത്തവരെ നിഷ്കരുണം ബലിക്കല്ലുകളിൽ കിടത്തി കഴുത്തുവെട്ടാറുണ്ട്. തടയണ (ചിറ) നിർമ്മിക്കുമ്പോൾ ഒരാളെയെങ്കിലും ജീവനോടെ കുഴിച്ചുമൂടാറുണ്ട്.

തോന്നിക്കനമ്പ്യാർ മഠത്തിലുണ്ടായിരുന്നവർ തികഞ്ഞ സാത്വികരും ജീവരക്ഷയ്ക്കുപയുക്തമായ ചികിത്സയിൽ നിപുണന്മാരുമായിരുന്നു. അതുകൊണ്ടുതന്നെ നരഹത്യാതല്പരരായ കർത്താക്കന്മാരോടു പലപ്പോഴും നമ്പ്യാർ മഠത്തിലുള്ളവർ ഉരസേണ്ടതായിവരാറുണ്ട്.

പണ്ട്, ഇത്തരം ഒരു സന്ദർഭത്തിൽ കർത്താക്കന്മാർ നമ്പ്യാർ മഠം ആക്രമി

ക്കുകയും മഠത്തിലുള്ളവരെ വെട്ടിക്കൊല്ലുകയും ചെയ്തു. ക്ഷേത്രത്തിലെ പൂജാരിയുടെ കഴുത്തുവെട്ടി ശിവലിംഗത്തിൽ രക്താഭിഷേകം നടത്തി. പിന്നീട് വിഗ്രഹം തട്ടിയുടയ്ക്കുകയും സർവ്വവും കൊള്ളയടിച്ചുകൊണ്ട് കർത്താക്കന്മാർ സ്ഥലം വിടുകയും ചെയ്തു.

ഈ ദുർവിധിയുടെ വിലാപകാവ്യമെന്നോണം നമ്പ്യാർ മഠത്തിൽ അന്ന് അവശേഷിച്ചത് ഭയന്നോടി ഒളിച്ചിരുന്ന രണ്ട് സ്ത്രീകൾ മാത്രമായിരുന്നു. അവരിൽ ഒരാളെ തൃശ്ശിവപേരൂർ (തൃശൂർ) ചേന്നാസ് ഇല്ലത്തിലെ ഒരു നമ്പൂതിരി ബാന്ധവിച്ചു. അദ്ദേഹം ഉടഞ്ഞു കിടന്നിരുന്ന തോന്നിക്കതേവരുടെ വിഗ്രഹം കൂട്ടിച്ചേർത്തു വച്ച് മുട്ടുശാന്തികൾക്കുശേഷം പൂജതുടങ്ങി. തന്മൂലം ഇവിടം വിട്ടുപോകാൻ കഴിയാതെവന്ന നമ്പൂതിരി തന്റെ ഉപാസനാമൂർത്തിയായിരുന്ന വടക്കുനാഥനെ (ശിവൻ) തോന്നിക്കതേവരുടെ ഉത്തരപാർശ്വത്തിൽ പ്രതിഷ്ഠിച്ചു.

കോലഞ്ചേരി കോളേജിന്റെ നിർമ്മാണകാലത്ത് ആ പറമ്പിൽ നിന്നു ലഭിച്ച വിഷ്ണു വിഗ്രഹമാണ് തോന്നിക്ക ക്ഷേത്രത്തിൽ പടിഞ്ഞാറോട്ടു ദർശനമായി പ്രതിഷ്ഠിച്ചിരിക്കുന്നത്.

നമ്പ്യാർ മഠത്തിൽ ആകസ്മികമായി അടുത്തകാലത്തുണ്ടായ ഒരു അഗ്നിബാധയിൽ ചികിത്സാസംബന്ധമായ പല താളിയോല ഗ്രന്ഥങ്ങളും മറ്റു ചരിത്രരേഖകളും നശിച്ചുപോയെങ്കിലും അവർ ഇന്നും ചികിത്സാരംഗത്തുണ്ട്.

3. കോലഞ്ചേരി

കോലഞ്ചേരിയുടെ ഒരു ചെറിയഭാഗം ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. മലങ്കരസുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രസിദ്ധവും വിശാലവുമായ ആശുപത്രി ഇവിടെയാണു സ്ഥിതി ചെയ്യുന്നത്.

ഈ പ്രദേശതിന്റെ സ്ഥലനാമത്തിന്റെ കാര്യത്തിൽ ഒരു വൈരുദ്ധ്യം പതുങ്ങിക്കിടപ്പുണ്ട്. കോലഞ്ചേരി എന്ന പേര് ഭൂമിസംബന്ധമായ മുൻകാല രേഖകളില്ല. അന്ന് ഈ പ്രദേശത്തിന് എളംകുളം എന്നായിരുന്നു പേരെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. പൂർവ്വരേഖകളിലുള്ള ഈ പേര്, അയ്ക്കരനാടിന്റെ പേരു നശിച്ചതുപോലെ, പ്രചാരത്തിലില്ലാതെ വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

എളംകുളം കോലഞ്ചേരി ആയതിന്റെ പിന്നിലും ഒരു ചരിത്രസത്യം ഒളിഞ്ഞുകിടപ്പുണ്ട്. തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ നിന്നുള്ള പറയെടുപ്പുസംഘം ഇവിടെ വിശ്രമിച്ചിരിന്നുവെന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഒരിക്കൽ അങ്ങനെ വിശ്രമിക്കുമ്പോൾ സ്വർണ്ണക്കോലവും ആനയുടെ തലേക്കെട്ടും മറ്റും തട്ടിയെടുക്കുന്നതിനായി കൊള്ളക്കാർ ആക്രമണം നടത്തി. എന്നാൽ ശാന്തിക്കാരൻ കോലവുമായി ഓടിരക്ഷപ്പെടുകയും കോലം ഒരു വള്ളിക്കുടിലിൽ രഹസ്യമായി ചാരിവച്ച് രക്ഷപ്പെടുത്തുകയും ചെയ്തു. മേലാൽ ഈ നാട്ടിലേക്ക് പറയെടുപ്പില്ലെന്നു രാജപ്രതിനിധി പരിഭ്രാന്തിയോടെ ശപഥം ചെയ്തു മടങ്ങി. അതിനുശേഷം തൃപ്പൂണിത്തുറ ക്ഷേത്രത്തിൽനിന്നുള്ള പറയെഴുന്നള്ളിപ്പ് വടയമ്പാടികൊട്ടാരം വരെയാക്കി. ഈ ചടങ്ങ് അടുത്തകാലം വരെ തുടർന്നുകൊണ്ടിരുന്നു.

ചേരി എന്നാൽ ഭാഗം എന്നാണർത്ഥം. കൊള്ളക്കാരിൽനിന്നു രക്ഷപ്പെടുത്താൻ കോലംചാരിയഭാഗം എന്ന അർത്ഥത്തിലാണ് ഈ ഭാഗത്തിനു കോലംചേരി (കോലഞ്ചേരി) എന്ന പേരുണ്ടായത്. പറ എഴുന്നെള്ളിപ്പ് നിലച്ചപ്പോൾ എളംകുളം അപ്രസക്തമായി. പറ എഴുന്നള്ളിപ്പുമായി

ബന്ധപ്പെട്ടതായിരിക്കാം കോളേജുവളപ്പിൽ നിന്നും ലഭിച്ച വിഷ്ണു വിഗ്രഹം.

പിൽക്കാലത്ത് കോലം ചാരിയ സ്ഥലം വാങ്ങിയ ക്രൈസ്തവ കുടുംബത്തിന്റെ പേര് കോലഞ്ചേരി എന്നായി. ആ കുടുംബക്കാരാണ് പരിശുദ്ധ പത്രോസ് പൗലോസ് സ്ലീഹാമാരുടെ ദേവാലയം പണിയാൻ സ്ഥലം കൊടുത്തത്. പള്ളി പ്രസിദ്ധമായപ്പോൾ കോലഞ്ചേരി നാമവും അംഗീകരിക്കപ്പെട്ടു.

4. പെരിങ്ങോൾ

ജലത്തിന്റെ ശക്തിപ്രവാഹ കേന്ദ്രങ്ങളാണ് മുഴികൾ. വർഷകാലത്ത് വെള്ളം പെരുകു(പൊങ്ങു)മ്പോൾ വൻ മുഴിയായി രൂപാന്തരപ്പെടുന്ന സ്ഥലമാണ് പെരുവൻ മുഴി. പല പദങ്ങളും കാലാന്തരത്തിൽ രൂപാന്തപ്പെടാറുണ്ട്. പെരുവൻ മുഴി ഇന്ന് പെരുകും വഴി ' യായും പെരും വഴി യായും ലോപിച്ചുകാണാറുണ്ട്.

വെള്ളം കയറുകയും ഇറങ്ങുകയും ചെയ്യുന്ന നിലങ്ങളാണു കോൾ നിലങ്ങൾ. ഇന്നു വെള്ളപ്പൊക്ക ഭീക്ഷണി കാര്യമായിട്ടില്ലെങ്കിലും മൂവാറ്റുപുഴയാറിന്റെ പാർശ്വതീരങ്ങൾക്കു ഉയരംകുറഞ്ഞിരുന്ന പൂർവ്വകാലത്ത് കഴുനിലം (കർത്താക്കന്മാരുടെ ഭരണകാലത്ത് മനുഷ്യരെ കഴുവിലേറ്റിയിരുന്ന സ്ഥലം) മുതൽ കല്ലുങ്കൽ താഴം വരെ ആറ്റുവെള്ളം കയറാറുണ്ട്. പെരുവെള്ള (ആറ്റുവെള്ള) ക്കാലത്ത് വെള്ളം കയറിയിരുന്ന ഈ പാടശേഖരം പെരുംകോൾ നിലമായി. പെരുംകോൾ രൂപാന്തപ്പെട്ടു പെരിംകോൾ എന്നും പെരിങ്ങോൾ എന്നും ആയി. ആ പേര് സമീപസ്ഥലത്തിനും നൽകി. ഈ സ്ഥലത്തു താമസിച്ചിരുന്ന കർത്താക്കന്മാരുടെ പടിക്കലെ മാരിയാണ് പടിക്ക(ൽ) മാരി.

5. മങ്ങാട്ടൂർ

മങ്ങാട്ടുകുടുംബം വകയോ ചരിത്ര രേഖകളിൽ സ്ഥാനം പിടിച്ചിട്ടുള്ള മങ്ങാട്ട് അച്ചനുമായി ബന്ധമുള്ളതോ ആയിരുന്നിരിക്കണം ഈ പ്രദേശം. ഏതായാലും കൊച്ചിരാജകുടുംബ താഴ്വഴികളുമായി ഈ പ്രദേശത്തിനു ബന്ധമുണ്ടായിരുന്നു എന്നള്ളതിനു തെളിവാണ് ഈ നാട്ടിൽ ജീവിക്കുന്ന ചുരുക്കം ചില മേനോൻ കുടുംബക്കാർ. മങ്ങാട്ടൂർ (മങ്ങാട്ടുകാരുടെ ഊര്) സംസാരശൈലിയുടെ വ്യതിയാനം നിമിത്തം മാങ്ങാട്ടൂരായി.

6. പാങ്കോട്

വിശാലമായ ഈ ഗ്രാമപ്രദേശം അയ്ക്കരനാടു ഗ്രാമപഞ്ചായത്തിലെ 5,6,7 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നു. വിസ്തൃതിയിൽ ഭൂരിഭാഗവും ചെളിനിറഞ്ഞ നെൽവയലുകളാണ്. അതുകൊണ്ടുതന്നെ ചെളിയുമായി ബന്ധമുള്ളതാണ് ഈ ദേശത്തിന്റെ നാമധേയം.

ചെളിക്ക് സംസ്കൃതത്തിൽ പങ്കം എന്നു പറയുന്നു. കോട് എന്നാൽ ഭാഗം, പ്രദേശം എന്നൊക്കായാണ് അർത്ഥം. പങ്കക്കോട് എന്നതിനെ ചെളിപ്രദേശം എന്നു വിവക്ഷിക്കാം. പങ്കക്കോട് സംസാര സൗകര്യത്തിനായി പാങ്കോട് ആയി രൂപാന്തരപ്പെട്ടു.

പാങ്കോടിനു തിരുവാലുകുന്ന മഹാദേവനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഐതിഹ്യമുണ്ട്. തിരുവാലുകുന്നത്തു മഹാദേവക്ഷേത്രത്തിലെ വിഗ്രഹം പ്രതിഷ്ഠിച്ചതല്ല; പ്രകൃതിദത്തമായ സ്വയംഭൂവാണ്. പ്രതിഷ്ഠയേക്കാൾ ചൈതന്യവത്താണ് സ്വയംഭൂ: വിഗ്രഹങ്ങൾ.

കേരളത്തിന്റെ പലഭാഗങ്ങളിലും സ്വയംഭൂ: വിഗ്രഹങ്ങൾ കണ്ടുകിട്ടുകയും

പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇവ യെല്ലാം പ്രാചീനയുഗങ്ങളിൽ യോഗീശ്വര ന്മാരാൽ പൂജിക്കപ്പെട്ടിരുന്നതാണെന്നു വിശ്വസിക്കപ്പെടുന്നു.

മൺ മറഞ്ഞ ഏതോ യുഗങ്ങളിൽ ഈ പ്രദേശത്ത് ജനവാസമുണ്ടായിരുന്നതായി തെളിവുണ്ട്. പുരാതനകാലത്ത് ഉപയോഗിച്ചിരുന്ന വൃത്തംകുറഞ്ഞ കിണറുകൾ, കുടിലുകളുടെ തറകൾ, കയ്യാലകളുടെ അവശിഷ്ടങ്ങൾ മുതലായി പലതും മണ്ണിനടിയിൽ കാണപ്പെട്ടിട്ടുണ്ട്. പ്രാചീന കാലത്ത് മൃതശരീരങ്ങൾ അടക്കം ചെയ്തിരുന്ന-ജീവനുള്ളവരേയും ഒരു കാലത്ത് അടക്കം ചെയ്തിരുന്നതായി പറയപ്പെടുന്നു. വലിയ മൺജാറ (ഭരണി)കൾ പലയിടത്തും മണ്ണുകുഴിച്ചപ്പോൾ കണ്ടെത്താനിടയായിട്ടുണ്ട്. അവയുടെ അടിത്തട്ടിൽ അസ്ഥി ദ്രവിച്ചുണ്ടായതുപോലുള്ള അല്പം പൊടിയും ബാക്കി മണ്ണുമായിരുന്നു. ചിലതിന് അടപ്പുണ്ടായിരുന്നു. കാലപ്പഴക്കംകൊണ്ട് പാത്രങ്ങൾ ഖനനം ചെയ്യാൻ പറ്റാത്തനിലയിൽ നന്നേ ദ്രവിച്ചിരുന്നു.

ഒരു പക്ഷെ അക്കാലത്തായിരിക്കും തിരുവാലുകുന്നത്തപ്പന്റെ ചരിത്രം തുടങ്ങുന്നത്. അന്ന് വനമായികിടന്നിരുന്ന ഈ പ്രദേശത്ത് ഒരു ശിവയോഗി വസിച്ചിരുന്നുവെന്നും അദ്ദേഹത്തിനു ശിവ ദർശനം ലഭിച്ചസ്ഥാനത്തു കണ്ടെത്തിയതാണ് ഇന്നത്തെ വിഗ്രഹത്തിന്റെ മൂലഭാവം എന്നും വിശ്വസിക്കുന്നു.

അന്നു യോഗി കണ്ടെത്തിയ ശില വളരെ ചെറുതായിരുന്നു. അതിനോടു ചേർന്ന് ഒരു ആലും മുളച്ചു. ആലും ശിലയും കാലക്രമേണ വളർന്നു കൊണ്ടിരുന്നു. വിഗ്രഹത്തിൽ യോഗി പൂജനടത്തിയിരുന്നു. ശിവപൂജ ബ്രാഹ്മണർക്കു മാത്രമേ അന്നു വിധിച്ചിരുന്നുള്ളു. അതുകൊണ്ട് ജന്മനാൽ ശൂദ്രനായിരുന്ന ശിവയോഗി ശിവവിഗ്രഹത്തിൽ സ്പർശിക്കുന്നതിലും പൂജിക്കുന്നതിലും ബ്രാഹ്മണർ അമർഷം കൊണ്ടു. അദ്ദേഹത്തിനു സമൂഹഭ്രഷ്ടു കല്പിച്ചു. തന്മൂലം പൂജകൾ മുടങ്ങി. അദ്ദേഹത്തിന്റെ കാലശേഷം ആലിന്റെ സംരക്ഷണയിൽ മഴയും വെളിയുമേറ്റു വിഗ്രഹം നിലനിന്നു.

ശിവകോപത്താലെന്നോണം പ്രകൃതിക്ഷോഭങ്ങളാലും മാരകരോഗങ്ങളാലും നാടും നാട്ടാരും നശിച്ചു. നാടുവിജനമായി. കാലങ്ങൾ കഴിഞ്ഞ് വീണ്ടും ജനവാസം തുടങ്ങി. ശിവകോപം അടക്കുന്നതിനു സുബ്രമഹ്ണ്യ ക്ഷേത്രം നിർമ്മിച്ചു.

അക്കാലത്ത് ഒരു പുലയ സ്ത്രീ, കാട്ടുകല്ലാണെന്നോർത്ത് വിഗ്രഹത്തിൽ തന്റെ അരിവാൾ തേച്ച് മൂർച്ച കൂട്ടുന്നതിനിടയിൽ അവിടെനിന്നു രക്തപ്രവാഹമുണ്ടായി. വിഗ്രഹത്തിന്റെ ദക്ഷിണഭാഗം എന്തോ ഉരച്ചിട്ടെന്നപോലെ കുഴിഞ്ഞുതാഴ്ന്ന് മിനുസമായിരിക്കുന്നത് ഇന്നും ദൃശ്യമാണ്. വിഗ്രഹത്തിന്റെ മറ്റുഭാഗങ്ങൾ മിനുസമല്ലെന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

ദേശനാഥനായ ശിവന്റെ വിഗ്രഹം ചെളി (പങ്കം) മൂടിനിന്ന കോട് പാങ്കോടായി എന്നാണ് രണ്ടാമത്തെ ഐതിഹ്യം. ആലിന്റെ സംരക്ഷണയിൽ കഴിഞ്ഞ ദേവൻ തിരുവാലു (തിരു ആൽ) കുന്നത്തപ്പനുമായി.

ഈ ക്ഷേത്രം കൂടാതെ പാങ്കോട്ടിൽ ഒരു സുബ്രഹ്മണ്യ ക്ഷേത്രവും രണ്ടുദേവീക്ഷേത്രങ്ങളും രണ്ടു ശൈവ ദേവാലയങ്ങളുമുണ്ട്. പാങ്കോടിന്റെ തെക്കുപടിഞ്ഞാറുമൂലയിലായി പരമഭട്ടാരക ആശ്രമവും അതിനോടു ചേർന്നു മറ്റൊരു ദേവീക്ഷേത്രവുമുണ്ട്. ശ്രീമദ് ചട്ടമ്പി സ്വാമികളുടെ ശിഷ്യ പരമ്പരയിൽ പെട്ടവർ സ്ഥാപിച്ചതാണ് ഈ ആശ്രമം.

7. കടയിരുപ്പ്

നെൽകൃഷി ചെയ്യാവുന്ന ഉയർന്ന നിലങ്ങൾക്കാണ് വിരിപ്പ് എന്നു പറയുന്നത്. ചിത്രപ്പുഴ മുതൽ കിഴക്കോട്ടു വ്യാപിച്ചു കിടക്കുന്ന വിശാലമായ നെൽപ്പാടങ്ങളുടെ ഒരു ശാഖ അവസാനിക്കുന്നത് കടയിരുപ്പിലാണ്. പാടത്തിന്റെ ഉയർന്ന കടയറ്റം എന്ന അർത്ഥത്തിൽ ഈ സ്ഥലത്തിനു കടവിരുപ്പ്' എന്നു പേരിട്ടു. കാലക്രമേണ അതു സംസാരഭാഷയിലൂടെ കടയിരുപ്പായി.

വ്യവസായരംഗത്ത് വളരെയേറെ പുരോഗമിച്ചിട്ടുള്ള പ്രദേശമാണ് കടയിരുപ്പ്. വിദേശനാണ്യം നേടിത്തരുന്ന സിന്തൈറ്റ്, പ്ലാൻറ് ലിപിഡ്സ്, ലാമിന മുതലായ സ്ഥാപനങ്ങളൾ ഇവിടെസ്ഥിതിചെയ്യുന്നു.

കാരിക്കോടു ശിവക്ഷേത്രവും കൊച്ചി പണ്ടകശാലകളും

കാരിക്കോടു ശിവക്ഷേത്രം കടയിരുപ്പിലാണു സ്ഥിതിചെയ്യുന്നതെങ്കിലും ഇതിന്റെ ഊരാണ്മ ഊരമനയിലുള്ള നമ്പൂതിരി കുടുംബത്തിനായിരുന്നു. അതിനെപറ്റി ഒരു ഐതിഹ്യമുണ്ട്.

വളരെക്കാലം മുമ്പ് ഊരമന ഇല്ലത്തെ ഒരു നമ്പൂതിരി തന്റെ യാത്രവേളയിൽ സന്ധ്യാവന്ദനത്തിനായി കടയിരുപ്പിലെ കാരിച്ചിറയിൽ ഇറങ്ങി സ്നാനതർപ്പണാദികൾ നടത്തി. അവിടെ വച്ചു ശിവദർശനം ലഭിച്ച അദ്ദേഹം ശിവനെ സ്തുതിച്ചു പ്രീതിപ്പെടുത്തി.

ശിവൻ അവിടെ നിന്ന് ഈ ശാനകോണിലേക്കു നീങ്ങി. ശിവഭക്തനായ നമ്പൂതിരി അനുധാവനം ചെയ്തു. ഇന്നത്തെ ക്ഷേത്രം സ്ഥിതി ചെയ്യുന്നിടത്തെത്തിയപ്പോൾ ശിവൻ പടിഞ്ഞാറോട്ടു തിരിഞ്ഞ് തന്റെ മുന്നിൽ നിൽക്കുന്ന നമ്പൂതിരിയെ അനുഗ്രഹിച്ചിട്ട് അന്തർധാനം ചെയ്തു.

നമ്പൂതിരി അവിടെ ക്ഷേത്രം പണിയുകയും കാരിച്ചിറയ്ക്കടുത്തുവച്ച് ദർശനം നൽകിയ ദേവൻ സ്ഥിതിചെയ്യുന്ന സ്ഥലം എന്ന അർത്ഥത്തിൽ ഇതിനുകാരിക്കോടു ശിവക്ഷേത്രം എന്നു പേരിടുകയും ചെയ്തു. അദ്ദേഹം തന്നെ നിത്യപൂജകൾ നടത്തിപ്പോരികയും ചെയ്തു.

ഒരിക്കൽ ക്ഷേത്രഭരണം താല്ക്കാലികമായ കർത്താക്കന്മാരെ ഏല്പിച്ചിട്ട് നമ്പൂതിരി കാശിക്കുപോയി. തിരിച്ചു വരുമ്പോൾ ക്ഷേത്രം തിരിച്ചേല്പിക്കണം എന്നായിരുന്നു വ്യവസ്ഥ. എന്നാൽ കാശിയാത്ര കഴിഞ്ഞു വന്നപ്പോൾ കർത്താക്കന്മാർ ക്ഷേത്രം മടക്കിക്കൊടുത്തില്ല. നിരാശനായ നമ്പൂതിരിക്ഷേത്രത്തിന്റെ കഴുക്കോലിൽ തൂങ്ങി മരിച്ചു. പിൽക്കാലത്ത് ബ്രഹ്മരക്ഷസ്സിന്റെ ഉപദ്രവം തുടങ്ങിയപ്പോൾ ശ്രീകോവിലിന്റെ തെക്കുകിഴക്കു ഭാഗത്തായി രക്ഷസ്സിന് ആലയം ഉണ്ടാക്കി പ്രീതി വരുത്തി.

ശിവക്ഷേത്രനിർമ്മാണം കഴിഞ്ഞ കാലത്തായിരിക്കണം കൊച്ചി പണ്ടകശാലകൾക്കു പതിവായി അഗ്നിബാധയുണ്ടായി തുടങ്ങി. കിഴക്ക് എവിടെയോ പടിഞ്ഞാറോട്ട് തിരിഞ്ഞിരിക്കുന്ന ശിവന്റെ കോപം കൊണ്ടാണ് അഗ്നിബാധയുണ്ടാകുന്നതെന്നു മനസ്സിലാക്കിയ കൊച്ചിരാജാവ് ക്ഷേത്രനിർണ്ണയം നടത്തിക്കുകയും ശിവകോപം അടക്കുന്നതിനായി ശ്രീകോവിലിനു മുന്നിൽ കിഴക്കഭിമുഖമായി സുബ്രമഹ്ണ്യ പ്രതിഷ്ഠ നടത്തിക്കുകയും ചെയ്തു. ശിവന്റെ അടങ്ങാത്ത കോപത്താൽ സുബ്രമഹ്ണ്യ വിഗ്രഹം തകർന്നു. സുബ്രമഹ്ണ്യന്റെ പൊട്ടിയ വിഗ്രഹം മാറ്റി പ്രതിഷ്ഠിക്കാൻ വിധിയില്ലാത്തതിനാൽ ഇന്നും ആ നിലയിൽ തുടുരുന്നു.

8. പഴന്തോട്ടം

പഴയകാലത്ത് പഴവർഗ്ഗങ്ങൾ ധാരാളം കൃഷിചെയ്തിരുന്ന സ്ഥലങ്ങളാണ് പഴന്തോട്ടം, പഴങ്ങ(ൾ) നാട്ട മുതലായവ. പഴവർഗ്ഗങ്ങൾ തോട്ടമായി വളർത്തി വിളയിച്ചിരുന്ന സ്ഥലമാണ് പഴന്തോട്ടം. ഇവിടെ ഒരു ക്രൈസ്തവ ദേവാലയമുണ്ട്.

9. എഴിപ്രം

മുകൾഭാഗം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്ന മേൽപ്പുറമാണല്ലൊ പിന്നീട് ലോപിച്ച് മേപ്പുറവും, മേപ്രവും ആയി തീർന്നത്. അതുപോലെ എഴുന്ന(പൊങ്ങിയ)പുറം എന്ന നിലയ്ക്കാണ് ഈ സ്ഥലത്തിന് എഴിപ്രം (എഴിപ്പുറം) എന്ന പേരിട്ടത്.

ഇവിടെയുള്ള പ്രശസ്തക്ഷേത്രമാണ് വെട്ടിക്കൽ ദേവിക്ഷേത്രം. ഇവിടെ ശിവൻ, പാർവ്വതി, വിഷ്ണു, അയ്യപ്പൻ, ഭദ്ര എന്നിവർക്കു പ്രതിഷ്ഠയുണ്ട്.

10. വലമ്പൂര്

അംബു എന്നാൽ വെള്ളമെന്നാണല്ലോ അർത്ഥം. വെള്ളം ഒലിക്കുന്നിടത്തിന് ഒലിംബു (ഒലിമ്പ്)എന്നും വെള്ളം വലംവയ്ക്കുന്ന (ചുറ്റുന്ന) ഇടത്തിന് വലംബു (വലമ്പ്) എന്നും പറയുന്നു. അംബു വലംവയ്ക്കുന്ന ഊരാണ് വലമ്പൂര്. വലമ്പൂരിന്റെ ഒരു ഭാഗം മാത്രമേ ഈ പഞ്ചായത്തിലുള്ളു. അവിടെ ഏകദേശം 100 വർഷം പഴക്കമുള്ള ഒരു കൃസ്തീയ ദേവാലയമുണ്ട്.

ഉത്സവങ്ങളും പെരുന്നാളും

ദേവാലയങ്ങളിലെ ഉത്സവങ്ങളും പെരുന്നാളുകളും അക്ഷരാർത്ഥത്തിൽ പ്രാദേശിക സാംസ്കാരിക സമ്മേളനങ്ങൾ തന്നെയാണ് മതത്തിന്റെ ശീതളച്ഛായയിൽ നിന്നുകൊണ്ടു ആചാരാനുഷ്ഠാനങ്ങളുടെ പാനപാത്രത്തിൽ സംസ്കാരത്തിന്റെ മധുവൂറ്റിക്കുടിച്ച് രസിക്കുവാനുള്ള ആ സന്ദർഭം ആരും പാഴാക്കാറില്ല.

പലതരം വാദ്യമേളങ്ങളുടെ നാദധാരയിൽ ലയിക്കുമ്പോൾ, ഭക്തിരസ പ്രധാനമായ ഗാനങ്ങിളിലൂടെ നമ്മുടെ മനസ്സ് ഒഴുകുമ്പോൾ നാം നമ്മെ തന്നെ മറന്നുപോകുന്നു. അത്തരം നിർവ്വികാര നിമിഷങ്ങളിലെ അതുല്യമായ ആനന്ദാനുഭൂതിതന്നെയാണു സ്വർഗ്ഗീയ സുഖം. അതിനുമുമ്പിൽ ജാതിയും മതവുമില്ല. സ്ത്രീയും പുരുഷനുമില്ല. എല്ലാം ഒന്ന്.

ദേവാലയങ്ങൾ ആത്മീയവും സാസ്കാരികവുമായ നഭോമണ്ഡലത്തിലേക്കു മനഷ്യനെ ഉയർത്തുന്നുവെന്നതുപോലെ തന്നെ മനസ്സിനു കുളിർമ്മയേകുന്ന പല കലകളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

പരിചമുട്ട്, കോൽക്കളി, ചെണ്ടമേളം മുതലായവയ്ക്ക് പള്ളികൾ വേദിയൊരുക്കുന്നു. പഞ്ചവാദ്യം, നാദസ്വരം, കഥകളി, നൃത്തം, ഓട്ടംതുള്ളൽ, തെയ്യം, മുടിയേറ്റ്, തൂക്കം എന്നിങ്ങനെ ക്ഷേത്രങ്ങൾ വഴി പ്രോത്സാഹനം ലഭിയ്ക്കുന്ന നാടൻ കലാരൂപങ്ങൾ നിരവധിയാണ്.

നാം ഈ ശതാബ്ദത്തിന്റെ ഉത്തരാർദ്ധം വരെ കണ്ടും കേട്ടും രസിച്ചും ഗ്രഹിച്ചും ശീലിച്ചും വളർന്നുവന്ന ആത്മീയ സാംസ്കാരിക പശ്ചാത്തലങ്ങളെയാണ് മുകളിൽ പ്രതിപാദിച്ചത്. അന്ന് സംസ്കാരത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങിയിരുന്ന മനുഷ്യജീവിതം.

ഇന്ന് നമ്മുടെ വിലപ്പെട്ട ആർഷ സംസ്കാരം തകരുകയാണ്. വ്യക്തിക്കോ

സമൂഹത്തിനോ ശുദ്ധമായ സംസ്കാരം ഇല്ലാതായിരിക്കുന്നു. പലപ്പോഴും നമ്മുടെ സംസ്കാരം ആംഗല സംസ്കാരവുമായി കൂട്ടിക്കുഴയ്ക്കപ്പെടുന്നു. പലരംഗങ്ങളിലും ആംഗലസംസ്ക്കാരത്തിന്റെ അതിപ്രസരം തന്നെ നമുക്കുകാണാം. ഭാരതസംസ്കാരത്തിൽ വനിതകൾക്കു മാന്യമായ സ്ഥാനം കല്പിച്ചിരുന്നു. എന്നാൽ ഇന്നു അവൾ തെരുവിലിറങ്ങി വിലപേശുകയും ഹോമിക്കപ്പെടുകയും ചെയ്യുന്നു. സ്നേഹബന്ധം ഇന്നു പ്രതിക്കൂട്ടിലായിരിക്കുന്നു.

മാറ്റം മനുഷ്യനു ആവശ്യമാണ്. ഈ ലോകം തന്നെ പരിണാമത്തിൽ അധിഷ്ഠിതമാണ്. അതിനുവിധേയമായി മനുഷ്യന്റെ ജീവിത രീതിയിലും സ്വഭാവത്തിലും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. കാലചക്രം തിരിയുന്നതിനനുസരിച്ച് ഉച്ചനീചാവസ്ഥ പരസ്പരം സ്ഥാനം മാറുന്നു. തൽഫലമായി ഇന്നത്തെ തൊഴിലാളി നാളത്തെ മുതലാളിയും ഇന്നത്തെ അടിമ നാളത്തെ യജമാനനും ആയി രൂപാന്തരപ്പെടുന്നു. ഈ ഭാവമാറ്റത്തിനുള്ള വ്യഗ്രതയാണ് നമ്മുടെ കഴിഞ്ഞകാല ജനകീയ പ്രസ്ഥാനങ്ങളിലുടനീളം നാം കണ്ടത്.

1947 വരെ ഭാരത ജനത മർദ്ധിതരും ചൂഷിതരുമായിരുന്നു. സ്വന്തം കഴുത്തിലും കാലുകളിലും കുരുങ്ങിക്കിടക്കുന്ന അടിമത്തച്ചങ്ങല ചിതറിതെറിപ്പിച്ചുകൊണ്ട് നവോത്ഥാനത്തിന്റെ പൊൻപുലരിയ്ക്കു പ്രയാണം ചെയ്യാനുള്ള ആവേശം ജനതയുടെ ഹൃദയങ്ങളിൽ തിളച്ചുമറിഞ്ഞു. അതൊരു ജനകീയ പ്രസ്ഥാനമായി മാറുവാൻ അധികം കാത്തിരിക്കേണ്ടവന്നില്ല. തൊഴിലാളികൾ ഫാക്ടറി വിട്ടിറങ്ങി. വിദ്യാർത്ഥികൾ തെരുവിലിറങ്ങി. നാട്ടുകാർ ജാഥ നയിച്ചു. എവിടെയും പ്രകടനം! എങ്ങും മുദ്രാവാക്യം! തിളച്ചു മറിയുന്ന ആവേശത്തിന്റെ പ്രവാഹം! അതിനുമുന്നിൽ സൂര്യൻ അസ്തമിക്കാത്ത നാടിന്റെ അധിപതികളായ ബ്രിട്ടന്റെ കാൽപതറി. ഭാരതം സ്വതന്ത്രയാക്കപ്പെട്ടു. അതൊടൊപ്പം ജനങ്ങളുടെ ആത്മവിശ്വാസവും ദേശാഭിമാനവും ഉണർന്നു. അവരുടെ കഴിവെന്തെന്ന് ആദ്യമായി അവർ അറിഞ്ഞു. തൽഫലമമായി നാട്ടിലെങ്ങും അനീതിയ്ക്കും അടിച്ചമർത്തലിനുമെതിരെ കാഹളം മുഴങ്ങി.

സവർണ്ണമേധാവിത്തം അക്കാലത്ത് അഴിഞ്ഞാടുകയായിരുന്നു. അവർണ്ണരെ അടിച്ചമർത്താൻ സർവ്വകുതന്ത്രങ്ങളും പ്രയോഗിച്ചിരുന്നു. തീണ്ടലും തൊടീലും അധമവർഗ്ഗക്കാരെ ആട്ടിപ്പായിച്ചു. അവരെ അടിമകളെപ്പോലെ കണക്കാക്കി. ക്ഷേത്ര പ്രവേശനവിളംബരം കഴിഞ്ഞിട്ടും ഹരിജനങ്ങൾക്ക് എല്ലാ ക്ഷേത്രങ്ങളിലും പ്രവേശനം ലഭിച്ചിട്ടില്ല. അതിനെ വെല്ലുവിളിച്ചുകൊണ്ട് പഴന്തോട്ടത്ത് ഹരിജനായ ശ്രീ. കെ.പി. തുളുവൻ, എണ്ണയ്ക്കാമമോളം പുന്നോർക്കോടു ക്ഷേത്രത്തിലേക്കു നയിച്ച ജാഥ സവർണ്ണർക്കിടയിൽ പ്രകമ്പനമുണ്ടാക്കി.

അയിത്തത്തിന്റെ പേരിൽ ഓടിമാറാൻ വിധിക്കപ്പെട്ടവർ സവർണ്ണരുടെ "ഹോയ്, ഹോയ്" വിളികളെ വകവയ്ക്കാതെ അത്തരം അനീതിയ്ക്കും ദുരാചാരത്തിനുമെതിരെ അവർണ്ണർ ധീരപൂർവ്വം ചെറുത്തുനിന്നു. അത്തരക്കാരെ ധിക്കാരികളും അധികപ്രസംഗികളുമായി മുദ്രകുത്തിയെങ്കിലും അവർ പതറിയില്ല. സവർണ്ണരുടെ കിണറോ കുളമോ അവർണ്ണർ തൊട്ടാൽ വെള്ളം അശുദ്ധമാകുമെന്ന അന്ധവിശ്വാസം ധീരതയോടെ എതിർത്തു തോല്പിച്ചു.

സ്വാതന്ത്ര്യം കിട്ടിയെങ്കിലും മുതലാളിമാരുടേയും ജന്മിമാരുടേയും അഹന്തയും മേൽക്കോയ്മയും അവസാനിച്ചിരുന്നില്ല. തൊഴിലാളികളും കുടികിടപ്പുകാരും

തങ്ങളെപ്പോലെ മനുഷ്യരാണെന്നും അവർക്കും ജീവിക്കാനവകാശമുണ്ടെന്നും ജന്മി മുതലാളിവർഗ്ഗം ചിന്തിച്ചില്ല. തന്മൂലം തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ തൊഴിലാളികൾക്കും സമരരംഗത്തിറങ്ങേണ്ടിവന്നു. അതു കൊണ്ടുതന്നെ അവർ സംഘടിതരും ശക്തരുമായി തീർന്നു.

മുതലാളി തൊഴിലാളി ബന്ധത്തേക്കാൾ വഷളായത് ജന്മി കുടിയാൻ ബന്ധമാണ്. ജന്മിയുടെ പറമ്പിലെ കുടിയാൻ എന്തുതന്നെ ദേഹണ്ഡിച്ചുണ്ടാക്കിയാലും അവയ്ക്കൊന്നും കുടിയാനു അവകാശമില്ലായിരുന്നു. ജന്മിക്കുവേണ്ടി അഹോരാത്രം പണിയെടുത്താലും കുടിയാനു കിട്ടുന്നതു പട്ടിണിയും പരിവട്ടവും മാത്രമായിരുന്നു. ഈ പ്രവണതയ്ക്ക് അറുതി വരുത്തിക്കൊണ്ട് കുടികിടപ്പുകാർക്കെല്ലാം അവകാശം നൽകുവാൻ സർക്കാർ നിയമ നിർമ്മാണം നടത്തിയപ്പോൾ മാത്രമാണു കുടികിടപ്പുകാരൻ യഥാർത്ഥത്തിൽ ഇവിടുത്തെ പൗരനായിതീർന്നുള്ളു. അതുപോലെതന്നെ പാട്ടഭൂമി പതിച്ചു കൊടുക്കാൻ, മിച്ചഭൂമി പിടിച്ചെടുക്കൽ മുതലായവ സർക്കാരിന്റെ ധീരമായ നടപടികളാണ്.

ഇത്തരം നടപടികൾ മൂലം വൻകിട ജന്മിമാരുടേയും കുടിയാന്മാർ, സാധാരണക്കാർ എന്നിവരുടേയും കൈവശമുള്ള ഭൂവിസ്തൃതിയുടെ അന്തരം കുറഞ്ഞു. പല ജന്മിമാരും സാധാരണക്കാരന്റെ നിലയിലേക്കുതാഴുകയും ചെയ്തു.

ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ പൊതുവിദ്യാഭ്യാസത്തിനുള്ള സൗകര്യം വളരെ കുറവായിരുന്നു. ഈ പഞ്ചായത്തു അതിർത്തിക്കുള്ളിൽ മുൻകാലത്ത് 6 എൽ.പി. സ്കൂളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് വിദ്യാഭ്യാസം ഇല്ലാത്തവർ വളരെ ഏറെയുണ്ടായിരുന്നു. പലരും ആശാൻകളരിയിലെ അക്ഷരാഭ്യാസം കൊണ്ടു തൃപ്തിപ്പെടേണ്ടിയിരുന്നു.

വിദ്യാഭ്യാസരംഗത്ത് ആ ചന്ദ്രതാരം സ്മരിക്കപ്പെടേണ്ട ഒരു മഹൽ വ്യക്തിയാണ് പാങ്കോടുകരയിൽ തേനുങ്കൽ ഗീവർഗീസ് മല്പാൻ. അദ്ദേഹം ബഹുഭാഷാ പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനും ദീർഘവീക്ഷണമുള്ള ഭരണകർത്താവുമായിരുന്നു. അദ്ദേഹം ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ നാട്ടുകാരുടേയും, സമ്പന്നരുടേയും സഹായത്തോടുകൂടി പാങ്കോട്, പെരിങ്ങോൾ, കടയിരുപ്പ്, മാങ്ങാട്ടൂർ, കോലഞ്ചേരി, കുമ്മനോട്, കടമറ്റം എന്നിവിടങ്ങളിൽ ഏഴു പ്രാഥമിക വിദ്യാലയങ്ങൾ (എൽ.പി. സ്ക്കൂൾ) സ്ഥാപിക്കുകയും അവയുടെ നിലനില്പിനും സംരക്ഷണത്തിനുമായി വീടുകൾ തോറും കയറിയിറങ്ങി നെല്ല്, വൈക്കോൽ, പണം എന്നിവ ശേഖരിക്കുകയും ചെയ്തിരുന്നു. അന്ന് ഒരു അദ്ധ്യാപകന്റെ ശമ്പളം ഏഴുരൂപ മാത്രമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഈ സ്കൂളുകൾ സർക്കാർ ഏറ്റെടുത്തു. അദ്ദേഹം കോലഞ്ചേരി ഹൈസ്ക്കൂളിന്റെ സ്ഥാപകനേതാക്കളിൽ ഒരാളും കറസ്പോണ്ടന്റും ആയിരുന്നു. ചെന്നക്കാട്ടു കാലാങ്കമാരി ശ്രീ. സി. യു. വർക്കി ഹൈസ്ക്കൂൾ നിർമ്മാണത്തിൽ സാമ്പത്തിക സഹായിയായും മാനേജരായും പ്രവർത്തിച്ചിട്ടുള്ളത് നന്ദിയോടെ സ്മരിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിയായ കല്ലുങ്കൽ റവ.ഫാദർ കെ.ടി. മത്തായിയായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ.

വിവിധ തുറകളിൽ പ്രഗത്ഭനായിരുന്ന അദ്ദേഹമായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റ്. അദ്ദേഹത്തെ ആദര

വോടെയല്ലാതെ നമുക്കു സ്മരിക്കുവാൻ കഴിയുകയില്ല.

അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടണമെങ്കിൽ മനുഷ്യനു വിദ്യാഭ്യാസം ആവശ്യമാണെന്നു മനസ്സിലാക്കിയ പാങ്കോടു കരയിൽ മറ്റത്തിൽ ശ്രീ. എം.ആർ. നാരായണൻ സൗജന്യ വിയോജന വിദ്യാഭ്യാസത്തിനു വേണ്ടി തന്റെ പറമ്പിൽ 1948-ൽ ഒരു നിശാ പാഠശാല നടത്തിക്കൊണ്ടിരിരുന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. അക്ഷരാഭ്യാസം കൂടാതെ ചെണ്ടമേളം, കോൽക്കളി മുതലായ കലകൾക്കും നിശാപാഠശാലകൾ പരിശീലനം കൊടുത്തിരുന്നു. ചെന്നക്കാട്ടു കാലങ്കമാരി ശ്രീ. സി.വി. പോൾസ് മലേക്കുളങ്ങര ശ്രീ. എം.എം. വർക്കി എന്നിവരും ശ്രീ. നാരായണനെ ഇക്കാര്യത്തിൽ സഹായിച്ചിരുന്നു.

പഴയകാലത്ത് ഈ പഞ്ചായത്തിൽ ആശുപത്രികൾ ഇല്ലായിരുന്നു. പതിനഞ്ചും ഇരുപതും, കിലോമീറ്റർ അകലെയായിരുന്നു സർക്കാർ ആശുപത്രികൾ ഉണ്ടായിരുന്നത്. അതുകൊണ്ട് രോഗ ചികിത്സയ്ക്ക് ആയൂർവ്വേദ നാട്ടു വൈദ്യന്മാരേയും പ്രസവകാര്യങ്ങൾക്കു നാട്ടു വയറ്റാട്ടിമാരേയും മാത്രമാണ് ആശ്രയിക്കാനുണ്ടായിരുന്നത്. പരമ്പരാഗതമായി ചികിത്സയിൽ നല്ലതഴക്കവും പഴക്കവുമുള്ള പല പ്രശസ്ത വൈദ്യന്മാരും അന്നുണ്ടായിരുന്നു.

പൂർവ്വകാലത്തു കൈത്തറികൾ പ്രചാരത്തിൽ വന്നിരുന്നില്ല. ചാലിയ വംശക്കാർ തോർത്തു നെയ്യുമായിരുന്നു. മറ്റുള്ള എല്ലാ തുണിത്തരങ്ങൾക്കും മില്ലുകളെ ആശ്രയിക്കേണ്ടിയിരുന്നു. വസ്ത്രങ്ങൾക്കു ആദികാലങ്ങളിൽ വില വളരെകുറവായിരുന്നു. എന്നിട്ടും അവ വാങ്ങുവാനുള്ള സാമ്പത്തികശേഷി പലർക്കും ഉണ്ടാകാറില്ല. സാധാരണക്കാരുടെ ഇടയിൽ പണത്തിന് അത്രമാത്രം ക്ഷാമമുണ്ടായിരുന്നു.

ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് തൊഴിലാളി വർഗ്ഗത്തിന്റെ മാനവികശേഷിയെ പൂർണ്ണമായും ജന്മികൾ ചൂഷണം ചെയ്തിരുന്നു. അതിനു തൊഴിലാളികൾക്കു നൽകിയിരുന്ന മോഹനവാഗ്ദാനമായിരുന്നു ജന്മിയുടെ പറമ്പിൽ കുടിൽ കെട്ടി കിടക്കുവാൻ അനുവാദം നൽകുക എന്നുള്ളത്. ഈ വഞ്ചനയുടെ വലയിൽ മോചനമില്ലാതെ കുരുങ്ങിക്കിടക്കുകയായിരുന്നു തൊഴിലാളികൾ. എങ്കിലും തല ചായ്ക്കാൻ ഒരു ഇടം കിട്ടിയിരുന്നത് അവർക്ക് ആശ്വാസമായിരുന്നു.

വാഹനമോടാനുള്ള നിരത്തുകളും വാഹനങ്ങളും പണ്ടില്ലായിരുന്നു. ഏറ്റവും വലിയ വാഹനം കാളവണ്ടിയായിരുന്നു. കാടും മേടും നിറഞ്ഞ വനാന്തരങ്ങളിലെ നടപ്പാതയിലൂടെ കാൽനടയായിട്ടാണ് യാത്ര ചെയ്തിരുന്നത്. ഇന്നത്തെപോലെ ഹോട്ടലുകളോ ചായക്കടകളോ ഇല്ലാതിരുന്ന അക്കാലത്ത് ആഹാരത്തിനുള്ള വക പൊതിഞ്ഞുകെട്ടിക്കൊണ്ട് വെളുപ്പിനു മൂന്നുമണിക്കു യാത്ര പുറപ്പെടുമായിരുന്നു. യാത്രാമദ്ധ്യേ വെളിച്ചത്തിനായി ഓലച്ചൂട്ടും പന്തങ്ങളും എണ്ണ ഒഴിച്ചു കത്തിക്കുന്ന റാന്തലുകളും ഉപയോഗിച്ചിരുന്നു. പറമ്പുകളെ വേർതിരിക്കുന്ന തൊണ്ടുകളും യാത്രയ്ക്കു വിനിയോഗിച്ചിരുന്നു. രണ്ടു മൈൽ (3 കി.മീറ്റർ) അകലത്തിൽ കള്ളുഷാപ്പുകളും ചാരായ ഷാപ്പുകളുമുണ്ടായിരുന്നു. സന്മനസ്സുള്ള തറവാട്ടുകാർ തണ്ണീർ പന്തൽ കെട്ടി യാത്രക്കാർക്കു സൗജന്യമായി മോരുംവെള്ളവും നൽകിയിരുന്നു. ഇവയൊന്നുമില്ലാത്തിടത്ത് ഒഴുകുന്ന തോട്ടിലെ ജലമായിരുന്നു ദാഹശമനത്തിന് ആധാരം. ചുമടുമായി പോകുന്നവർക്കു വിശ്രമിക്കാൻ ഇട

ത്താവളങ്ങളും അവിടങ്ങളിൽ ചുമടി റക്കാൻ അത്താണികളുമുണ്ടായിരുന്നു. വഴിയോരത്ത് ആൽ, മാവ്, പ്ലാവ് എന്നിവ നട്ടു പിടിപ്പിച്ചിരുന്നു.

ഇങ്ങനെയെല്ലാം ആയിരുന്നെങ്കിലും അന്നത്തെ ആളുകൾ സംതൃപ്തരായിരുന്നു. എല്ലാവർക്കും ആരോഗ്യമുണ്ടായിരുന്നു. രോഗങ്ങൾ താരതമ്യേന കുറവായിരുന്നു. അതുകൊണ്ടുതന്നെ ചികിത്സാ സൗകര്യങ്ങൾക്കായി അന്നത്തെ ജനങ്ങൾക്ക് അധികം അലയേണ്ടിവന്നില്ല. ഒറ്റ മൂലികാ പ്രയോഗങ്ങളും അന്ന് പരക്കെ നിലനിന്നിരുന്നു.

മാനസികവും ശാരീരികവുമായ ആരോഗ്യം ഒരു നല്ല ജനതയുടെ ലക്ഷണമാണ്. അത്തരം ഒരു ജനതയെ വാർത്തെടുക്കാൻ ഇന്നത്തെ ജനകീയ സർക്കാരുകൾ കിണഞ്ഞു പരിശ്രമിക്കുകയാണ്.

മനുഷ്യന്റെ ജീവിതത്തോത് ഉയരാനുള്ള മുഖ്യഘടകം വരുമാന മാർഗ്ഗങ്ങളാണ്. വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ സംഘടിതശ്രമം കൂടിയേ തീരൂ. അതിനായി നാടൊട്ടുക്കും ഓരോ തലത്തിലും സംഘടനകൾ നിലവിൽ വരികയും സമരങ്ങളിലൂടെ അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

സമൂഹത്തിന്റേയും നാടിന്റേയും അഭിവൃദ്ധിയ്ക്കായി ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഇന്നു നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസപരമായും കലാ സാംസ്ക്കാരിക മേഖലകളിലും വളരെയേറെ പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഈ മണ്ഡലത്തിൽ ശാസ്ത്രസാഹിത്യപരിഷത്തിന്റെ സേവനവും വിലപ്പെട്ടതാണ്.

എന്നിട്ടും ഇന്നത്തെ ജനം സംതൃപ്തി എന്തെന്ന് അറിയാത്തവരായിക്കൊണ്ടിരിക്കുന്നു. എന്തെല്ലാം സുഖസൗകര്യങ്ങളുണ്ടായാലും പുതിയ സങ്കേതങ്ങൾ തേടി പായുകയാണ്. പാശ്ചാത്യ പരിഷ്കാരങ്ങളെ അന്ധമായി അനുകരിക്കാനുള്ള പ്രവണത ഇന്നു ഏറിക്കൊണ്ടിരിക്കുന്നു. തന്മൂലം നമ്മുടെ പൈതൃകവാസനകളും സംസ്കാരങ്ങളും പിന്തള്ളപ്പെടുന്നു. ഈ പോക്ക് അമിത വ്യയത്തിലേക്കും മത്സരങ്ങളിലേക്കുമുള്ള കൂപ്പുകുത്താണ്.

ധാന്യവിളകൾ ആദായകരമല്ലാതായപ്പോൾ ജനശ്രദ്ധയും അവരുടെ മുതൽ മുടക്കും നാണ്യവിളകളിലേയ്ക്കും വ്യവസായങ്ങളിലേയ്ക്കും തിരിഞ്ഞു. തന്മൂലം കർഷകരുടേയും വ്യവസായികളുടേയും സാമ്പത്തിക നിലയിൽ ഭീമമായ അന്തരമുണ്ടായി.

സാമ്പത്തിക ഭദ്രത ജനതയ്ക്കു ആവശ്യമാണെങ്കിലും അമിതമായ സാമ്പത്തികശേഷി ചിലയിടങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടപ്പോൾ പിൻതലമുറക്കാരിൽ ദുർവ്യയവും മദ്യം, മയക്കുമരുന്നു എന്നിവയിൽ ആസക്തിയും വർദ്ധിച്ചു വരുന്നതായി കാണുന്നു. തൽഫലമായി കലഹവാസനയും ദുർനടപ്പും ഏറിവരുന്നു. സ്ത്രീകൾ പല രംഗങ്ങളിലും പീഡിപ്പിക്കപ്പെടുന്നു. ഇവയെല്ലാം ഇന്നു പൊതുജന സമാധാന ജീവിതത്തിനു വെല്ലുവിളിയായി തീർന്നുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് നാം മുൻപന്തിയിലാണെങ്കിലും സർക്കാർ ഉദ്യോഗം ഒഴികെ മറ്റുള്ള ജോലികളിൽ യുവതലമുറയ്ക്കു താല്പര്യമില്ലാതായിരിക്കുന്നു. സ്വയം തൊഴിൽ കണ്ടെത്തൻ പലവിധ ആനുകൂല്യങ്ങളും ഇന്നു നിലവിലുണ്ടെങ്കിലും മേൽപറഞ്ഞ മനോഭാവവും യുവാക്കളുടെ ആലസ്യവും തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണമാകുന്നു.

ഭൂപ്രകൃതി

എറണാകുളം ജില്ലയുടെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നതാണ് ഐക്കരനാടു പഞ്ചായത്ത്;രാമമംഗലം, പൂത്തൃക്ക, വടവുകോടു പുത്തൻകുരിശ്, കുന്നത്തുനാട്, മുഴുവന്നൂർ എന്നീ പഞ്ചായത്തുകളാണ് അതിർത്തി പ്രദേശങ്ങൾ.

ഈ പഞ്ചായത്ത് ഇടനാട്ടിൽപെട്ട പ്രദേശമാണ്. പ്രധാനപ്പെട്ട നീർച്ചാലുകളായി നെൽവയലുകളിൽകൂടിയുള്ള തോടുകളല്ലാതെ കൃഷിക്കു നദീജലം കിട്ടുവാൻ സാദ്ധ്യത കുറവാണ്. ഒന്നാം വാർഡിന്റെ അരികിലൂടെ മൂവാറ്റുപുഴ ആറ് ഒഴുകുന്നുണ്ടെങ്കിലും ജലസേചനത്തിന് അവിടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ഇവിടെ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ശരാശരി വാർഷിക വർഷപാതം 1912 മീ.മി. ആണ്. ഇതാണ് പ്രധാന വർഷകാലം. തുലാവർഷകാലത്ത് ലഭിക്കുന്ന ശരാശരി മഴ 772 മി.മി. മാത്രമാണ്. കൂടിയ താപനില 31.7 യും കുറഞ്ഞത് 22.2 യും ആണ്.

ജൂൺ മുതൽ സെപ്റ്റംബർ വരെ മഴക്കാലവും ഒക്ടോബർ മുതൽ ഫെബ്രുവരി വരെ തണുപ്പുകാലവും തുടർന്നുള്ള മാസങ്ങളിൽ വേനൽക്കാലവുമാണ്. വേനൽക്കാലത്ത് ചില മാസങ്ങളിൽ ഇടമഴ കിട്ടാറുണ്ട്.

ഈ പ്രദേശത്ത് ചെമ്മണ്ണാണ് ഉയർന്ന സ്ഥലങ്ങളിൽ കണ്ടുവരുന്നത്. ഒറ്റപ്പെട്ട കുന്നുകളും താഴ്വരയും ചേർന്നതാണു കരപ്രദേശം. ശരാശരി 50 സെൻറീമീറ്റർ താഴ്ത്തിയാൽ ചെങ്കല്ലോ കരിങ്കല്ലോ ഖനനം ചെയ്യാൻ സാദ്ധ്യതയുള്ള സ്ഥലമാണ്. മുകൾ മണ്ണിൽ കൊണ്ടൻ കൃഷിയ്ക്കും റബ്ബർ, തെങ്ങ്, കുരുമുളക്, വാഴ, കവുങ്ങ്, ഇഞ്ചി, മഞ്ഞൾ, കച്ചൂലം മുതലായവ കൃഷി ചെയ്യുന്നു. താഴ്ന്ന പ്രദേശങ്ങളിൽ നെല്ല്, വെറ്റിലക്കൊടി, എന്നിവ കൃഷി ചെയ്തുവരുന്നു.

കടമറ്റം പ്രദേശത്ത് എക്കൽ അടിഞ്ഞുകൂടിയിട്ടുള്ള പാടശേഖരം താഴ്ത്തിയാൽ പാറയില്ലാത്ത സ്വഭാവമുള്ള മണ്ണാണ്. അവിടെ പല സ്ഥലത്തും കണ്ടുവരുന്ന കളിമൺ പാത്രത്തിനായി ഉപയോഗിച്ചുവന്നിരുന്നു. ഈ തൊഴിലിൽ ഏർപ്പെട്ടിരുന്ന സാധുക്കളായ തൊഴിലാളികൾ ഭൂഉടമകളിൽനിന്നും ഭൂമി കളിമണ്ണെടുക്കുന്നതിനു അനുവാദം വാങ്ങി തൊഴിൽ ചെയ്തുപോന്നു. എന്നാൽ ഈ ഭാഗത്ത് ഇഷ്ടിക വ്യവസായം വന്നതോടുകൂടി കളിമണ്ണ് എടുക്കാൻ സ്ഥലം കിട്ടാതെ അവർ പാത്രനിർമ്മാണത്തിനു നിർവ്വാഹമില്ലാതെ ആ വ്യവസായ പ്രതിസന്ധിയെ നേരിടുകയാണ്. അങ്ങനെയുള്ളവർ തമിഴ്നാട്ടിൽ നിന്നു വരുന്ന പാത്രങ്ങൾ വാങ്ങി വിൽപ്പന നടത്തി ഉപജീവനം നടത്തിപ്പോരുന്നു.

ഒമ്പതാം വാർഡിന്റെ പകുതി ഭാഗത്തു വന്നു നിൽക്കുന്ന പെരിയാർവാലി ഹൈ ലെവൽ കനാൽ ഒമ്പതാം വാർഡിലെ കിഴക്കോട്ടു ചരിഞ്ഞുകിടക്കുന്ന ഭാഗത്തും നാലാം വാർഡിലെ കിഴക്കു ഭാഗത്തും രണ്ടും ഒന്നും വാർഡുകളിലെ കിഴക്കുഭാഗത്തും കിടക്കുന്ന ഭൂപ്രദേശത്തേയ്ക്ക് ജലസേചനസൗകര്യം നൽകിവരുന്നു. ആ പ്രദേശത്തുള്ള ചില കുന്നുകളിലൊഴികെ എല്ലായിടത്തും തന്നെ കുടിവെള്ളവും സുലഭമാണ്. രണ്ടാം വാർഡിലെ പാവപ്പെട്ട കർഷക തൊഴിലാളികൾ താമസിച്ചുവരുന്ന വാരപ്പെട്ടിമലയിൽ വെള്ളമെത്തിക്കുന്നതിനു ഇതുവരെ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഇതിനു പ്രത്യേകം പദ്ധതി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. കുഴൽ കിണർ താഴ്ത്തിയെങ്കിലും വേണ്ടത്ര ജലം ലഭിച്ചില്ല. താണപ്രദേശത്ത് വെള്ളം കിട്ടുന്ന ഭാഗത്ത് ഭൂമി വാങ്ങി കുളം കുഴിപ്പിച്ച് മോട്ടോർ വച്ച് വെള്ളമെത്തി

ക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിനു ഈ പദ്ധതി വിജയകരമാക്കി നടത്താനുള്ള കഴിവില്ല.

മൂന്നാം വാർഡിൽനിന്ന് ആരംഭിച്ച് അഞ്ചാം വാർഡിൽ അവസാനിക്കുന്ന കക്കോടൻമല മുൻപറഞ്ഞതുപോലെ കുടിവെള്ളത്തിനുപോലും സാദ്ധ്യതയില്ലാത്ത പ്രദേശമാണ്. 4-ാം വാർഡിൽ സുഭിക്ഷമായി ജലമുള്ള ഇന്ത്രാംചിറയിൽ പമ്പുവെച്ച് ഇറിഗേഷൻ ഏർപ്പെടുത്താമെങ്കിൽ കൃഷിയ്ക്കും കുടിവെള്ളത്തിനും ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിയും. ഈ പദ്ധതിയും നടപ്പാക്കാൻ പഞ്ചായത്തിന്റെ ഇന്നത്തെ സാമ്പത്തിക നില ഭദ്രമല്ല.

ആറാം വാർഡിൽ പെരിയാർ വാലി കനാൽ ഒഴുകുന്നുണ്ട്. എന്നാൽ പാടങ്ങൾ ക്കൊഴിച്ച് ഇത് പ്രയോജനപ്പെടുന്നില്ല. വെള്ളമൊഴുകുന്ന അവസ്ഥ കാണാനല്ലാതെ അവിടുത്തെ നിവാസികൾക്കു അതു പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല. എന്നാൽ പൂർവ്വികമായുള്ള മൂന്നാം വാർഡിലെ അയ്ക്കനാചിറ, തുകലംകുളംചിറ എന്നിവിടങ്ങളിൽ പമ്പിങ്ങ് സൗകര്യം ക്രമപ്പെടുത്തിയാൽ 3,6,7 എന്നീ വാർഡുകളിലെ ജലസേചനവും കുടിവെള്ള ക്ഷാമവും ശാശ്വതമായി പരിഹരിക്കാനാവും.

എട്ടാംവാർഡിൽകൂടിയും കനാൽ കടന്നുപോകുന്നുണ്ട്. ഇതുകൊണ്ട് ഇടുങ്ങിയ നെൽകൃഷിസ്ഥലമുള്ള പഴംതോട്ടുപാടം അധികജലത്തിന്റെ ശല്യംമൂലം നെൽകൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ട്. ടി പാടത്തിലെ പൂർവ്വികമായ തോടു നീരൊഴുക്കിനു അനസ്യൂതമായി സംരക്ഷണ പണികൾ ചെയ്യേണ്ടതുണ്ട്. ഈ വാർഡിലെ 95% ഓളം വരുന്ന ഭൂപ്രദേശം ജലസേചന സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന കൃഷിക്കാർ അധിവസിക്കുന്ന പ്രദേശമാണ്. ഈ വാർഡിൽ സുഭിക്ഷമായി വെള്ളമുള്ള മണൽപ്പാട്ടുചിറ പഞ്ചായത്തു വകയാണ്. അവിടെ പമ്പു സ്ഥാപിച്ചാൽ 9-ാം വാർഡിലെ ഉയർന്ന പ്രദേശമായ നരിച്ചിലക്കോടു കോളനി മുതൽ 8-ാം വാർഡിലെ സകല കുന്നിൽ പ്രദേശങ്ങളും ജലസേചന സൗകര്യമുള്ളതാക്കാനും കുടിവെള്ളക്ഷാമത്തിന്റെ ബുദ്ധിമുട്ട് ഒഴിവാക്കാനും പറ്റും.

ഈ വക കാര്യങ്ങൾ നടപ്പിലാക്കുന്നത് പഞ്ചായത്തിലെ സാധാരണക്കാരായ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗാനുഭൂതി ഉണ്ടാക്കാൻ പര്യാപ്തമായിട്ടുള്ളതാണെന്നു പ്രത്യേകം എടുത്തുപറയട്ടെ.

പ്രാഥമിക മേഖല കൃഷിയും ജലസേചനവും

ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മഴയേയും, കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവയിലുള്ള ജലത്തെ ആശ്രയിച്ചായിരുന്നു ധാന്യവിളകൾ കൃഷി ചെയ്തിരുന്നത്. പ്രധാന കൃഷി നെല്ലായിരുന്നു. എങ്കിലും കരഭൂമികളിൽ ചാമ, വരക് മുതലായ ധാന്യങ്ങളും കപ്പ, ചേന, ചേമ്പ് മുതലായ കിഴങ്ങ് വർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു.

പുഴുങ്ങി തിന്നാവുന്നതും, മധുര രസമുള്ളതുമായ ഊരാളി ചേമ്പ്, ഗിരി വർഗ്ഗകാരായ ഊരാളികളുടെ മാത്രം കൃഷിയായിരുന്നു. അത് നാട്ടിലേയ്ക്ക് വ്യാപിച്ചത് ഏതു കാലത്തു ആണെന്നും വ്യക്തമായ അറിവില്ല.

നെൽകൃഷി ഭൂമികളിൽ അധികപങ്കും ഇരുപ്പൂനിലങ്ങളായിരുന്നു. അതിന് ജല സേചനം നടത്തിയിരുന്നതും ചിറകളിൽ നിന്നും, കുളം, തോട്, തടയണ എന്നിവയിൽ നിന്നായിരുന്നു.

കുളങ്ങളിൽ നിന്നോ കിണറുകളിൽ നിന്നോ വെള്ളം കോരി നനച്ച് നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങളാണ് മാരി എന്ന പേരിൽ അറിയപ്പെടുന്നത്. ജലോദ്ധാരണത്തിന് ഉപയോഗിച്ചിരുന്ന നാടൻ സാങ്കേതിവിദ്യയുടെ വിശിഷ്ട രൂപമായ തിലാവ് ആയിരുന്നു. ദണ്ഡുകൾ ഉപയോഗിച്ച് ഭാരോദ്വഹനം നടത്തുന്ന ശാസ്ത്രീയ തബത്തിന്റെ മികവുറ്റ ആവിഷ്കാരമായ തിലാവിന് ഇരുമ്പിന്റെ അംശമേ ഉണ്ടായിരുന്നില്ല. അന്നത് പൂർവ്വികരുടെ കരവിരുന്നിനെ വിരൽ ചൂണ്ടുന്നു.

കേവലം മഴയെ മാത്രം ആശ്രയിച്ച് നെല്ല്, ചാമ, വരക് എന്നീ ധാന്യങ്ങൾ ഒരുപ്പൂ കൃഷി ചെയ്തിരുന്ന സ്ഥലങ്ങളാണ് മാൽ എന്ന് നാമകരണം ചെയ്യുന്നത്.

ഇരുപ്പൂ നിലങ്ങളിൽ ആദ്യത്തെ കൃഷിമേടം (ഏപ്രിൽ, മെയ്) മാസങ്ങളിലാണ് നടത്താറുള്ളത്. വേനൽമഴ നിമിത്തം പാടത്ത് ആവശ്യത്തിന് ഈർപ്പം ഉണ്ടായിരിക്കുന്ന സമയത്ത് നിലം ഉഴുത് പാകപ്പെടുത്തി കട്ടകൾ ഉടച്ച്, കീടങ്ങളെ നശിപ്പിക്കുന്നതിന് കരിയില നിരത്തി കത്തിച്ച് വീണ്ടും മണ്ണ് ഉഴുത് മറിച്ച് വിത്തു വിതച്ചിരുന്നു. ഇത്തരം കൃഷിരീതിയും പൊടി വീത എന്ന് നാമകരണം ചെയ്യുന്നു.

രണ്ടാപൂ കൃഷി ചിങ്ങമാസ (ഓഗസ്റ്റ് - സെപ്റ്റംബർ) ത്തിലാണ് ചെയ്യുന്നത്. ആ സമയത്ത് ആവശ്യത്തിന് ജലം ലഭിക്കുന്നതുകൊണ്ട് നിലം ഉഴുത് ചേറാക്കി പച്ചിലകളും ചാണകവും വളമായി ചേർത്ത് ഞവരി അല്ലെങ്കിൽ പല്ലി എന്ന കാർഷിക ഉപകരണംകൊണ്ട് അടിച്ച് കലക്കി നിരത്തിയ ശേഷമാണ് വിത്തു വിതയ്ക്കുകയോ ഞാറു നടുകയോ ചെയ്യുന്നത്.

ആദ്യത്തെ കൃഷിയുടെ വിളവെടുപ്പ് ചിങ്ങത്തിലും രണ്ടാം കൃഷിയുടെ മകരമാസത്തിലുമാണ്.

വിളവെടുപ്പിന് മുൻപുള്ള കർക്കടകം - ധനു എന്നീ മാസങ്ങൾ പഞ്ഞ മാസങ്ങളായി പൂർവ്വികർ കരുതിയിരുന്നു. എന്നിരുന്നാലും ആ സമയങ്ങളിൽ ധാന്യങ്ങളുടെയും മറ്റ് ഭക്ഷ്യവസ്തുക്കളുടെയും വില വളരെ കുറവായിരുന്നു.

ഈ ശതാബ്ദത്തിന്റെ ആദ്യകാലങ്ങളിൽ നെല്ലുവില പറയൊന്നിന് (8 കി.ഗ്രാം.) എട്ടണയ്ക്ക് ഇന്നത്തെ വില അൻപത് പൈസയായിരുന്നു. നൂറ്റാണ്ടിന്റെ മദ്ധ്യകാലമായപ്പോഴേയ്ക്കും നെല്ലുവില പറയ്ക്ക് അഞ്ച് രൂപയായി വർദ്ധിച്ച് ഇപ്പോഴത്തെ അവസ്ഥയിൽ പറയൊന്നിന് അൻപതുരൂപയോളം വർദ്ധിച്ചു.

ഈ അന്തരത്തിന് കാരണം നെല്ലുൽപ്പാദനത്തിന്റെ അമിതമായ ചിലവ് വർദ്ധനവാണ് ഇതിന് പ്രധാനമായി പല കാരണങ്ങൾ ഉണ്ട്.

1. പരിഷ്കൃതമായ കൃഷിരീതിയ്ക്ക് രാസവളപ്രയോഗം നിമിത്തം ചിലവ് വർദ്ധിച്ചു.
2. കർഷക തൊഴിലാളികളുടെ ജീവിത തോത് ഉയരുന്നതനുസരിച്ച് അമിതമായ കൂലി വർദ്ധനവുണ്ടായി.
3. പുതിയ രോഗങ്ങളും കീടബാധകളും ധാന്യവിളകളെ നശിപ്പിക്കുന്നതുമൂലം ചിലവ് വർദ്ധിച്ചു.
4. ധാന്യവിളകൾ ആദായകരമല്ലാതായി തീർന്നപ്പോൾ കർഷകരുടെ ആദായമുള്ള റബർ, പൈനാപ്പിൾ തുടങ്ങിയ കൃഷികളിലേയ്ക്ക് തിരിഞ്ഞപ്പോൾ കൃഷിഭൂമി കുറഞ്ഞുകൊണ്ടിരിക്കുന്നു.

ഇപ്പോഴത്തെ കർഷകരുടെ അവസ്ഥ

കർഷകരെ സംബന്ധിച്ചിടത്തോളം സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ ഉടമകളായി സംഘടിക്കാൻ സമയ കുറവുള്ള വർഗ്ഗമാണ് കർഷകൻ.

മണ്ണിന്റെ ഫലപുഷ്ടിക്കുറവ്, മണ്ണൊലിച്ച് പോകുന്നതു തടയാനുള്ള പദ്ധതിയുടെ അപര്യാപ്തത. ജലസേചനത്തിനുള്ള സൗകര്യമില്ലായ്മ, കൃഷിയിടങ്ങളിൽ അനുഭവപ്പെടുന്ന കീടങ്ങളുടെ ശല്യം, നല്ലയിനത്തിലുള്ള നടീൽ വസ്തുക്കളുടെ അപര്യാപ്തത ജൈവകങ്ങളുടെ കുറവ് തൊഴിലാളികളുടെ കുറവും, വേതനക്കൂടുതലും ആധുനീക യന്ത്രോപകരണങ്ങളുടെ ലഭ്യത കുറവ്, ഉൽപാദിപ്പിയ്ക്കുന്ന ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, ലഭിയ്ക്കുന്ന വിലയിൽ 50% ത്തോളം ഇടത്തട്ടുകാരുടെ കൈവശത്തിൽ പോകുന്നത് ജലസേചന ഉപാധികൾ ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാത്തത് കൃഷിചെയ്യുവാൻ വായ്പ വാങ്ങാനുള്ള ബുദ്ധിമുട്ട്, ഉൽപ്പന്ന സംസ്കരണത്തിനുള്ള സൗകര്യമില്ലായ്മ, ഇങ്ങിനെ ഒട്ടനവധി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിഭാഗമാണ് കർഷകർ. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തിയെങ്കിൽ മാത്രമെ കർഷകനെ ഉദ്ധരിക്കാനാവൂ. ജീവന്റെ നിലനിൽപ്പിന് സുപ്രധാനമായ ഖണ്ഡികകളിൽ ആദ്യത്തേതാണ് കർഷകൻ.

കർഷകൻ പണിമുടക്കിയാൽ മനുഷ്യവർഗം നശിച്ചുപോകും.

വിളചേരുവ - കാർഷിക ബന്ധങ്ങൾ

ഇതു പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്ന മുന്നൂറ്റി അൻപത് ഹെക്ടർ സ്ഥലമുണ്ട്. അതിൽ ഒരു പൂ കൃഷി ചെയ്യുന്നത് വളരെ കുറവും രണ്ടാമത്തെ പൂവും മൂന്നാമത്തെ പൂവും കൃഷി ചെയ്യുന്നത് - ഉദ്ദേശം മുന്നൂറ് ഹെക്ടർ സ്ഥലവുമാണ്. കാർഷികവൃത്തിയിൽ ഏർപ്പെടാൻ ആർക്കുംതന്നെ ഉൽസാഹ മുള്ളതായി തോന്നില്ല. സ്വന്തമായി കാർഷികവൃത്തിയിൽ ഏർപ്പെട്ട് ഉപജീവനമാർഗ്ഗം തേടുന്നവർ ഏകദേശം പതിനഞ്ച് ശതമാനത്തോളം വരും.

പഞ്ചായത്തിൽ റബർകൃഷി ചെയ്യുന്ന ഏകദേശം എഴുന്നൂറ്റി പതിനഞ്ച് ഹെക്ടർ സ്ഥലമുണ്ട്. ഇത്രയും സ്ഥലത്തുനിന്നും ആയിരത്തി ഇരുന്നൂറ്റ എൺപത്തി ഏഴ് (1287) മെട്രിക് ടൺ റബർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ശരാശരിഒരു ഹെക്ട്രറിന് ആയിഇരത്തി എണ്ണൂറ് കിലോ ഗ്രാമോളം റബർ ലഭിക്കുന്നുണ്ട്. ഇവ കൂടാതെ തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, കമുക്, പച്ചക്കറികൾ, പയർ, കൊക്കോ, ജാതി, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, കശുമാവ് മുതലായ കൃഷികളുമുണ്ട്.

കർഷക തൊഴിലാളികളുടെ കുറഞ്ഞു വരുന്ന കാലഘട്ടമാണ്. കാർഷീക തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ദിവസക്കൂലിയായി പുരുഷന്മാർക്ക് എൺപതു രൂപയും സ്ത്രീ തൊഴിലാളികൾക്ക് അറുപത് രൂപ നിരക്കിലും കൂലി ഇന്ന് ലഭിച്ചുവരുന്നു.

വളപ്രയോഗം

രാസവളപ്രയോഗം വർദ്ധിച്ചു വരുന്ന വിലയുടെ അടിസ്ഥാനത്തിൽ കുറഞ്ഞു വരുന്നു. ജൈവവളത്തെ ആശ്രയിക്കാൻ കർഷകർ ശ്രദ്ധാലുക്കളാകുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സഹകരണ സംഘങ്ങൾ വഴി നാനൂറ്റി എൺപത്തിഎട്ട് (488) മെട്രിക് ടൺ വളം വിതരണം ചെയ്ത് കർഷകൻ കൃഷിക്കായി ഉപയോഗിച്ചിട്ടുണ്ട്. സ്വകാര്യവളപ്പിൽപ്പന ശാലകൾ വഴി ഏകദേശം ഇരുനൂറ്റി ഒന്ന് (201) മെട്രിക് ടൺ വളം കർഷകർ ഉപയോഗിക്കുന്നുണ്ട്.

അനുബന്ധം-6

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

6-2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം	എസ്റ്റിമേറ്റു തയ്യാറായിട്ടുണ്ടെങ്കിൽ ഹെക്ടർ	ലക്ഷ്യം അടങ്കൽതുക
1	2	3	4	5
1.	തോന്നിക്കപ്പാടം തോടിന്റെ താഴ്ച കൂട്ടുകയും സംരക്ഷിക്കുകയും ചെയ്യുക	8.48	2,00,000/-	490 മീറ്റർ നീളത്തിൽ തോടിന്റെ വശം സംരക്ഷിക്കുക
2.	നൂറ്റുപാടം തോടിന്റെ താഴ്ച കൂട്ടുകയും സംരക്ഷിക്കുകയും ചെയ്യുക	8.02	2,00,000/-	തോടിന്റെ ഒരു വശത്തുള്ള 490 മീറ്റർ നീളം സംരക്ഷിക്കുക
3.	എരട്ടക്കടമ്പ തോടിന്റെ താഴ്ച കൂട്ടുകയും സംരക്ഷിക്കുകയും ചെയ്യുക	11.11	2,00,00/-	തോടിനു താഴ്ച കൂട്ടുകയും പാർശ്വങ്ങൾ 1:3:6 കോൺക്രീറ്റുകൊണ്ടു സംരക്ഷിക്കുകയും ചെയ്യുക
4.	ഇരുപ്പച്ചിറ തോടിന്റെ താഴ്ച കൂട്ടുകയും സംരക്ഷിക്കുകയും ചെയ്യുക	10.67	2,00,000/-	പെരിയാർ വാലികനാലിൽനിന്നുള്ള വെള്ളം തോട്ടിലൂടെ നിറഞ്ഞൊഴുകുന്നതുമൂലം തകരുന്ന വരമ്പു സംരക്ഷിക്കാൻ.
5.	കരിപ്പാൽതാഴം തോട്ടിൽ ഒരു ചീപ്പു നിർമ്മിക്കുക	19.19	2,00,000/-	ചീപ്പും പാലവും രണ്ടു വശത്തും റാമ്പും നിർമ്മിക്കുന്നതിന്
6.	കാവുംതാഴത്ത് പാങ്കോടു വലിയതോട്ടിൽ ചീപ്പു നിർമ്മികുക	8.29	1,80,000/-	ചീപ്പും ട്രാക്ടർപാലവും പണിയുന്നതിന്
7.	പാങ്കോടു വലിയതോട്ടിൽ ഭജനമഠത്തിനടുത്ത്	7.70	2,00,000/-	ചീപ്പും ട്രാക്ടർ പാലവും പണിയുന്നതിന്
8.	വെട്ടിക്കൽ തോട്ടിലെ ചീപ്പിൽനിന്നുള്ള കൈവഴിയുടെ നീളം കൂട്ടൽ		12,000/-	വെള്ളം തിരിക്കാനുള്ള തോടിന്റെ നീളം കൂട്ടാനുള്ള ഈ പണി എഴിപ്രം നോർത്തുകർഷക സമിതിയെ കൊണ്ടു ചെയ്യിക്കാനുള്ളതാണ്.

ജലസേചനം

അനുബന്ധം-6

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

6-1 പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റു തുക	ആയക്കെട്ടു വിസ്തീർണ്ണം ഹെക്ടർ	മറ്റുവിവരങ്ങൾ
1	2	3	4	5	6	7
1	വെട്ടിക്കൽ തോട്ടിലെ ചീപ്പിന്റെ പുനരുദ്ധാരണ പ്രവർത്തനം	11/90	3/91	55,000/-	9.05	നിലവിലുള്ള ചീപ്പിന്റെ അറ്റകുറ്റ പണികൾ തീർക്കുന്നതിനുവേണ്ടി
2.	മാങ്ങാട്ടൂർതോടിന്റെ 550 മീറ്ററിനു ശേഷമുള്ള ഭാഗം താഴ്ത്തുകയും സംരക്ഷിക്കുകയും ചെയ്യൽ	6/93	3/94	2,50,000/-	24.40	തോടിന്റെ 900 മീറ്റർ വരെയുള്ള ഭാഗം സംരക്ഷിക്കുന്നതിന്റെ രണ്ടാംഘട്ടം
3.	മാങ്ങാട്ടൂർ തോടിന്റെ അവസാനഭാഗം താഴ്ത്തി സംരക്ഷിക്കാനുള്ള ജോലി	7/94	12/94	1,22,000/-	6.50	പാലംവരെയുള്ള 170 മീറ്ററും പാലത്തിനുശേഷമുള്ള 110 മീറ്ററും
4.	വെട്ടിക്കൽക്ഷേത്രത്തിനു സമീപമുള്ള വെട്ടിക്കൽ തോട്ടിൽ ചീപ്പു നിർമ്മാണം	4/94	8/94	1,28,000/-	9.05	ചീപ്പും 10 മീറ്ററും സംരക്ഷണഭിത്തിയും നിർമ്മിക്കൽ
5	ജലവത്തിചിറമുതൽ മൂത്താരിതാഴംവരെയുള്ള ചെറുതോടുതാഴ്ത്തി പാർശ്വസംരക്ഷണം നടത്തുക എണ്ണയ്ക്കാമോളം ഹരിജൻകോളനിയുടെ ലിഫ്റ്റ്സ് ഇറിഗേഷൻ പദ്ധതി	3/96	3/96	1,89,862/-	11.40	എസ്റ്റിമേറ്റു തുകയേക്കാൾ 70% കൂട്ടിയാണു പണി നടത്തിച്ചത്. അതുകൊണ്ട് ഉദ്ദേശ അടങ്കൽ തുകയാണ് - പി.എ.സി. - കാണിച്ചിരിക്കുന്നത്.
6	മനയത്തു പീടിക ഹരിജൻകോളനിയിലേക്കുള്ള ജലസേചന പദ്ധതി	3/96	പണി തുടരുന്നു	7,00,969/-	20.15	ടി. ടി. ടി.
7	അരിമ്പാറചിറ മുതൽ ചിങ്ങച്ചിറ പാടംവരെ ഒരു ഫാം റോഡു നിർമ്മിക്കുക	3/96 3/96	പണി തുടരുന്നു	90,000/-		നിലവിലുള്ള വഴിവീതി കൂട്ടി വളവും മറ്റും കൊണ്ടുപോകുന്നതിനു തരപ്പെടുത്തുക.

ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1.	**CCDP**	കിണർ, പമ്പ് സെറ്റ് എന്നിവ സബ്സിഡിയിൽ വിതരണം നടത്തൽ	33 1/3%	30	2,00,000/-	ലോൺ സ്കീം ആണിത്
2.	**IPDS**	കുരുമുളക് പുനരുദ്ധാരണം വികസനം, ഇഞ്ചി കൃഷി ഡമോൺസ്രേഷൻ എന്നിവ				
3.	**SCP**	ഫാം ഹൗസ് പണിയൽ	1	5	1.25 ലക്ഷം	
4.	**Betal-Vine**	വെറ്റില കൃഷി വികസനം	50%			
5.	**Paddy Production Incentive**	കർഷകർക്കുള്ള കൃഷിസബ്സിഡി നൽകൽ	**1/Cent**	1,23,788	1454	

ഐക്കരനാട് പഞ്ചായത്ത് IX-ാം പഞ്ചവത്സര പദ്ധതി വികസന പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നത്

1. ലിഫ്റ്റ് ഇറിഗേഷൻ

ഈ പഞ്ചായത്തിലെ താഴെ പറയുന്ന വാർഡുകളിൽ ലിഫ്റ്റ് ഇറിഗേഷൻ അത്യാവശ്യമാണ്. 1-ാം വാർഡിൽ കുര്യാത്തോട്ടിൽനിന്നും നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ശേഷി കൂട്ടണം.

2-ാം വാർഡിൽ വാരപ്പെട്ടി മലയിലേക്കും പന്തലാങ്ക മല കോളനിയിലേക്കും ലിഫ്റ്റ് ഇറിഗേഷൻ ഏനാതി പാടത്ത് നിന്നു.

3-ാം വാർഡിൽ പെരിങ്ങോളിന്റെ വടക്കു പടിഞ്ഞാറു ഭാഗത്ത് മൊട്ടക്കാട്ടു മലയിൽ ലിഫ്റ്റ് ഇറിഗേഷൻ കക്കോടൻ മലയിൽ ലിഫ്റ്റ് ഇറിഗേഷൻ.

5-ാം വാർഡിൽ പെരിയാർ ഹൈലെവൽ കനാലിൽനിന്നും കടയിരുപ്പ് മുഴുവന്നൂർ റോഡിന് ഇരുവശത്തും ഉള്ള സ്ഥലത്ത് ലിഫ്റ്റ് ഇറിഗേഷൻ ആവശ്യമാണ്. കാരിചിറയിൽനിന്നും പടപറമ്പ് ഭാഗത്തേക്ക് ലിഫ്റ്റ്.

6-7-ാം വാർഡുകളിൽ 7-ാം വാർഡിനോട് തൊട്ടുചേർന്നു കിടക്കുന്ന തുകലംകുളംചിറയിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ വേണം.

8-ാം വാർഡിൽ പഞ്ചായത്ത് അധീനമണൽ പാട്ടച്ചിറയിൽനിന്നു പഴംതോട്ടം പുളിഞ്ചോട് വടക്കുഭാഗത്തേക്ക്.

9-ാം വാർഡിൽ കരിയാട്ടുകുന്ന് ഭാഗത്തേക്ക് ഞാറക്കാട്ടി ചിറയിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ വേണം.

9-ാം വാർഡിൽ വെട്ടിക്കൽ ക്ഷേത്രത്തിന് സമീപം വെട്ടിയ്ക്കൽ തോട്ടിൽനിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ മുഖേന, ടി വാർഡിലും 4-ാം വാർഡിലെ ഉയർന്നപ്രദേശത്തും ജലസേചനം ചെയ്യാവുന്നതാണ്.

5-ാം വാർഡിൽ പ്രൈമറിസ്കൂൾ ഭാഗത്ത് ഹൈലെവൽ കനാലിൽനിന്നും കടയിരുപ്പിലെ കരിയാട്ടുകുന്നു പ്രദേശത്തേയ്ക്ക് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുകവഴി ഇറിഗേഷനും കൂടി വെള്ളക്ഷാമപരിഹാരത്തിനും പ്രയോജനപ്പെടും.

2. തോടുകളുടെയും പാടങ്ങളുടെയും സംരക്ഷണം സൈഡ് കെട്ട്

1-ാം വാർഡിൽ നമ്പ്യാരുപടിക്ക് സമീപം കാടപദ്ധതിപ്രകാരം നിർമ്മിച്ച തോടിന്റെ നീളം ഏനാതീ പാടംവരെയാക്കി ഇരുവശവും കെട്ടണം, കാഡിയോൾ പാടത്തിന്റെ മുകൾ ഭാഗത്തുള്ളതോട് സൈഡ് കെട്ടി താഴെ വലിയ തോട്ടിലേക്ക് വെള്ളം എത്തിക്കാൻ സൗകര്യം ചെയ്യണം. കൊഴുമറ്റംമാറി പുന്നക്കോൾ പുഞ്ചയുടെ മേൽഭാഗത്തുള്ള തോട് കെട്ടണം.

ഞെരിയാം കുഴിമുതൽ പെരുവംമുഴി പാലംവരെയുള്ള തോട് വീതികൂട്ടി കെട്ടണം. വളയംകുളത്തുകുഴി, ചെമ്മീൻ കുഴി പടങ്ങളിലെ തോട്.

2-ാം വാർഡിൽ കോലഞ്ചേരി പെരിയാർവാലി കനാലിൽനിന്നും, പച്ചനോട് ഞെരിയാംകുഴിതോട് വീതി കൂട്ടി ഇരുവശവും കെട്ടണം. പാതിരക്കോട് - മഞ്ചിക്ക പുഞ്ചതോട് കെട്ടണം. നെല്ലിമറ്റം - ഏനാനി തോട് കെട്ടണം.

3-ാം വാർഡിൽ കഴുനിലംതോട് എൻ.എച്ച്.49 മുതൽ തുകല കുളം ചിറവരെയുള്ള തോടിന്റെ ഇരുവശവും കെട്ടണം തോന്നിക്കപാടം മുതൽ അരിമ്പാറ ചിറവരെയുള്ള തോട് കെട്ടണം. അരിമ്പാറ ചിറയിൽ നിന്നും ഒഴുകുന്ന വെള്ളം മണ്ണാർകോട് ഭാഗത്തേക്ക് തോട് നിർമ്മിക്കണം. പെരിയാർവാലി സ്പോർട് നമ്പർ 7 ൽ നിന്നും പാല്പാത്ത് പീടികവരെ തോട് നിർമ്മിക്കണം. അയ്ക്കനാര് ചിറയുടെ വശം കെട്ടി, അതിൽനിന്നും വെള്ളം പടിയ്ക്കൽമാരി പാടത്തേക്ക് വെള്ളം എത്തിക്കാൻ തോട് വേണം. ടി ചിറയിൽ നിന്നു തേനുങ്കൽ താഴത്തേക്കും തോട് വേണം.

4-ാം വാർഡ് - വെട്ടിയ്ക്കൽ തോട് വീതികൂട്ടി, താഴ്ത്തി, സൈഡ് കെട്ടി കൃഷിനാശം തടയണം.

5-ാം വാർഡ് - കടയിരുപ്പ് പാടത്തിന്റെ തോട് കെട്ടണം.

8-ാം വാർഡ് - കാഞ്ഞിരവേലിതാഴം മുതൽ കോച്ചേരി താഴംവരെയുള്ള മെയിൻതോട്. മോറ്റാവുങ്ങൽ ചിറമുതൽ ഇലവത്തി താഴംവരെയുള്ള തോട്. തുകലംകുളം താഴം മുതൽ കോച്ചേരി താഴംവരെയുള്ള തോട്, മാങ്ങനാലി ചിറമുതൽ കോച്ചേരി താഴംവരെയുള്ള തോട്. തച്ചേത്ത് താഴംമുതൽ മെയിൻതോടിൽ ചേരുന്നതുവരെയുള്ള കൈതോട് പെരിങ്ങാട്ട് താഴംമുതൽ 4-ാം നമ്പർ തോടിൽ ചേരുന്നത് വരെയുള്ള കൈത്തോട്.

6-ാം വാർഡ് - കൂരാച്ചിമുതൽ നീലംഗ താഴംവരെയുള്ള വലിയതോട് പാലച്ചിറ മുതൽ വലിയതോട് വരെയുള്ള ചെറിയ തോടുകൾ. ചേറംകോട് തഴത്തെ രണ്ടു തോടുകൾ.

7-ാം വാർഡ് - മേക്കരപാടം മുതൽ കിഴക്കേടത്ത് താഴം വരെയുള്ള വലിയ തോട്. നീലാംഗതാഴംമുതൽ തൊഴുത്തുങ്കൽ താഴംവരെയുള്ള വലിയതോട്. ഓലിമോളത്ത് താഴംമുതൽ ഇടവനക്കുടി താഴംവരെയുള്ള തോട് ഇരുവശം കെട്ടണം.

തോടുകളുടെ സംരക്ഷണം

8-ാം വാർഡ് - 1. പഴത്തോട്ടം കാഞ്ഞിരവേലിതാഴം തുടങ്ങി ഐരിക്കൽ താഴംവരെയുള്ള പഴത്തോട്ടംപാടം വലിയതോട് ഇരുവശവും കെട്ടുക.

2. പോട്ടെ താഴം - തുടങ്ങി പഴത്തോട്ടം പാടം നടുഭാഗത്തുകൂടി ഒഴുകി, മൂന്നു തോട്ടിൽ അവസാനിക്കുന്നതോട്.

3. തുകലം കുളം താഴം - തുടങ്ങി പെരിങ്ങാട്ട് അവസാനിക്കുന്നതോട്.

5. മോറ്റാവുങ്കൽ ചിറ തുടങ്ങി - മൂന്നുതോടു വരെയുള്ള തോട്.

6. തച്ചേത്ത് താഴംതുടങ്ങി - മൂന്നുതോടു വരെയുള്ള തോട്.

7. കോക്കാടംകുഴിപാടം - പെരിങ്ങാട്ട് താഴം വരെയുള്ള തോട്.

9-ാം വാർഡ് - എഴിപ്രം വെട്ടിക്കതോട് സൈഡ് കെട്ടണം. പ്ലാപ്പിള്ളിതാഴം പാങ്കോട് മംഗലത്തുനട തോട് താഴ്ത്തി സൈഡ് കെട്ടണം. പുതിയാമഠത്തിൽ നട മുതൽ കാരിക്കോട്ട് അമ്പലംവരെയുള്ള തോട് താഴ്ത്തി സൈഡ് കെട്ടണം. ചെമ്പിശ്ശേരി മറ്റംമുതൽ കാവുശ്ശേരി മാളികതാഴം വരെയുള്ള തോട്. നായംകുളം ചിറയിൽ നിന്നും കാരിക്കോട് അമ്പലംവരെയുള്ള തോട്. കോരകാവ് മുതൽ കൂരാച്ചി വരെയുള്ള തോട്.

ക്രോസ്സ് ബാർ നിർമ്മിക്കൽ:-

(Cross Bur Construction)

1-ാം വാർഡ് - ഏനാതിപാടത്ത് മുറിമറ്റംതാഴത്ത്തോട് പുളിംകുഴിതോട്ടിൽ ക്രോസ്സ്ബാർ.

2-ാം വാർഡ് - ജെരിയാംകുഴിപാടത്ത്, വള്ളിക്കാട്ടിതാഴം, വാഴാരം എന്നീ സ്ഥലങ്ങളിൽ തോട്ടിൽ ക്രോസ്സ്ബാർ.

4-ാം വാർഡ് - കരിപ്പാത്താഴംതോട്ടിൽ ചീപ്പ്.

6-ാം വാർഡ് -

1. പാങ്കോട് നീലാംഗത്താഴത്ത് തോട്ടിൽ ചീപ്പ് കെട്ടണം.
2. മനയ്ക്കത്താഴത്ത് വലിയ തോട്ടിൽചീപ്പ് നിർമ്മിക്കുക.
3. തണങ്ങാട്ടുപാടത്ത് തോട്ടിൽ ചീപ്പ് നിർമ്മിക്കുക.
4. പാറപ്പുറംതാഴത്ത് വലിയ തോട്ടിൻ ചീപ്പു നിർമ്മിക്കുക.

7-ാം വാർഡ് മേയ്ക്കരപാടത്ത് വലിയതോട്ടിൽ അത്താണി തഴത്ത് ചീപ്പ്, പാങ്കോട്ട്കാവിന് പിടഞ്ഞാറുവശം, മൂത്താരിത്താഴം എന്നീ സ്ഥലങ്ങളിൽ തോട്ടിൽചീപ്പ്.

8-ാ വാർഡ് മോളത്ത് താഴം, കാഞ്ഞിരിവേലിത്തഴം, എടപ്പാറത്താഴം, പ്ലാച്ചേരി, ഇലവത്തിത്താഴം, ഐരിക്കാത്താഴം എന്നീ സ്ഥലത്തെ തോടുകളിൽ ചീപ്പ് കെട്ടണം.

9-ാം വാർഡ്

പാലക്കാട്ട് താഴത്ത് തോട്ടിൽ പുതിയ ചീപ്പ് നിർമ്മിയ്ക്കുക.

3. ജലസേചനം

1-ാം വാർഡ്

പെരിയാർവാലി കടമറ്റം ബ്രാഞ്ച് കനാൽ നമ്പ്യാർപടി മുതൽ ലക്ഷംവീട് കോളനിറോഡ് വരെ നീട്ടി തെക്കോട്ടും വടക്കോട്ടും ജലസേചനസൗകര്യം ഏർപ്പെടുത്തണം. പ്രസ്തുത കനാലിൽ തോന്നിയ്ക്കൽ അംഗൻവാടിവരെയുള്ള തോട് മുണ്ടോത്തിത്താഴംവരെ നീട്ടി. 2-ാം വാർഡിൽ ജലസേചനം വർദ്ധിപ്പിയ്ക്കണം.

2-ാം വാർഡ്

ചെള്ളാകുഴിമുറി പാലത്തിന് സമീപം ഉള്ള തോട് മോളത്ത് താഴംവരെ നീട്ടി കോൺക്രീറ്റ് ചെയ്യണം.

3-ാം വാർഡ്

പെരിയാർവാലി കറുകപ്പിള്ളി ബ്രാഞ്ച് കനാല് 7-ാം നമ്പർ സ്പൗട്ട്, പെരിങ്ങോൾ കൊതുകാട്ടിപീടിക റോഡ് വരെ നീട്ടുക.

4-ാം വാർഡ്

പെരിയാർ വാലി കനാലിൽ ബെഡ് ലെവൽ ശരിയാക്കണം ഇന്ത്രാംചിറയുടെ വടക്ക് ഭാഗത്തുള്ള സ്ലൂസിലെ വെള്ളം എഴിപ്രം ഭാഗത്തേയ്ക്ക് ജലസേചനം.

5-ാം വാർഡ്

കൃഷിഭവന് സമീപത്തുനിന്നും അമ്പലപാടത്തേക്ക് നിർമ്മിച്ച തോടിന് വീതികൂട്ടി കാരിച്ചിറ വരെ എത്തിയ്ക്കുക. ഈ തോടിന് സ്പൗട്ട് ഷട്ടർ ഉണ്ടാക്കണം.

6-ാം വാർഡ്

പെരിയാർ വാലി, പാങ്കോട് ബ്രാഞ്ച് കനാൽ അവസാനിച്ചിരിയ്ക്കുന്ന കൊട്ടാരത്തിൽ പുരയിടത്തിൽനിന്നും പ്രസ്തുത കനാൽ വലിയ തോട്ടിൽവരെ നീട്ടി ഷട്ടർ ഇട്ട് ജലസേചനം

8-ാം വാർഡ്

തടമ്പാട്ട് ഒരു ചീപ്പും ഉദ്ദേശം 1 കി.മീ. കനാലും നിർമ്മിക്കണം.

9-ാം വാർഡ്

ഇല്ല

4. ചിറകുളം നന്നാക്കൽ:-

1-ാം വാർഡ്

1. മുളംതാനത്ത് കുളം
2. പതുക്കോൾകുളം
3. കണ്ടോത്തുകുഴികുളം
4. ഏനാതികുളം
5. പുലയൻ പടവ് കുളം
6. പൂവേലികുളം
7. മനയ്ക്കകുളം
8. ഓണംകോൾകുളം

2-ാം വാർഡ്:-

1. താന്നിയ്ക്കാമറ്റം ചിറ നന്നാക്കുക
2. കിടാച്ചിറ ചിറ നന്നാക്കുക
3. നായ്ക്കാട്ട് ചിറ നന്നാക്കുക
4. ആയിനി ചോട്ടിചിറ നന്നാക്കുക
5. കരിപ്പാൽ താഴം കുളം
6. ഞാറക്കുളം
7. മാളിയ്ക്കകുടികുളം

3-ാം വാർഡ്:-

1. അയ്ക്കനാറചിറ
2. അരുമ്പാറചിറ
3. ഓടോളികുളം
4. ഞവുണിക്കകുളം

4-ാം വാർഡ്:-

ചിറ ഇല്ല

5-ാം വാർഡ്:-

1. തത്തൻചിറ നന്നാക്കൽ
2. കാരിചിറ നന്നാക്കൽ

6-ാം വാർഡ്:-

1. പാലചിറ കെട്ടിനന്നാക്കൽ
2. തുകലംകുളംചിറ

7-ാം വാർഡ്:-

1. ഇരുപ്പചിറ
2. ഇലവന്തിചിറ
3. ആശാരികുളം
4. കുളികുളം

8-ാം വാർഡ്:-

1. മണൽപാട്ട്ചിറ
2. കാഞ്ഞിരവേലിചിറ
3. മോറ്റാവുങ്കൽചിറ
4. തുകലംകുളചിറ

9-ാം വാർഡ്

1. ചിറ ഇല്ല

മേല്പറഞ്ഞ ചിറകളുടെയും കുളങ്ങളുടെയും വിസ്തീർണ്ണം നഷ്ടപ്പെടാതെ, കൃഷിയ്ക്കും മറ്റാവശ്യങ്ങൾക്കും ഉപയോഗപ്രദമാകത്തവണ്ണം കെട്ടി ഭദ്രമാക്കണം.

5. ഫാം റോഡുനിർമ്മാണം:

ഈ പഞ്ചായത്തിൽ ഉൾപ്പെട്ട പാടശേഖരങ്ങളിലേക്ക് കൃഷിയന്ത്രങ്ങൾ, ട്രാക്ടർ മുതലായവ കൊണ്ടുപോയി കൃഷിജോലികൾ എളുപ്പമാക്കാൻ സൗകര്യപ്രദമായി വേണ്ടസ്ഥലത്ത് റോഡുകൾ നിർമ്മിക്കണം.

1-ാം വാർഡ്

കാഡിയോൾ പുഞ്ചറോഡ്, മാടമ്പറം പാടം, ഏനാദിപുഞ്ച.

2-ാം വാർഡ്

പാരട്ടകാവ് മോളെത്താഴം, തോന്നിക്ക മഞ്ചിക്കപാടം, തോന്നിക്ക കോർവേലി പാടം, അരമ്പിളിത്താഴം, കരിപ്പാൽത്താഴം, ഞെരിയാൻകുഴിവാഴാരംപാടം, റോഡുകൾ

3-ാം വാർഡ്

അരിമ്പാറചിറമുതൽ തൊണ്ടിപീടിക വരെയുള്ള റോഡും, നീലമാവുങ്കൽപടി മുതൽ ചോലാട്ട് പടിവരെ, പെരിങ്ങോൾ സൺഡേ സ്ക്കൂൾ പരിസരത്ത് കനാൽ റോഡ് പടിക്കമാരിയും, കഴുനിലംപാടവും തമ്മിൽ ബന്ധിപ്പിക്കുക. കല്ലുങ്കൽ താഴം മുതൽ തൊണ്ടി പിടിക വഴി പുതുപ്പനം പാടത്തേയ്ക്ക് റോഡ്, വടാതോട് പാടം മുതൽ കുന്തുരുത്തിപാടം, പറക്കണ്ണിപാടം, മുടവന്തിപാടം, കഴുനിലം പാടം വഴി എൻ.എച്ച്.49 ലേക്ക് ബന്ധിക്കുക. കുഴിക്കാട്ടുകുഴി മുതൽ ഓടോളി പുരയിടം വരെയുള്ള റോഡ് പെരിയാർവാലി കനാൽറോഡിലേക്ക് ബന്ധിക്കുക. പന്തപ്പിള്ളി പടിമുതൽ പനച്ചിമറ്റംവരെ റോഡ്, മണക്കാട്ടു പടി, മുണ്ടയ്ക്കവലവഴി മണ്ണിയ്ക്കത്താഴംവരെ റോഡ്, ചെന്നക്കാടൻ ലോഡ്ജ് മുതൽ ചിങ്ങംചിറ മറ്റംവരെ മഴുവന്നൂർ റോഡിലേക്ക് ബന്ധിക്കുക.

4-ാം വാർഡ്

കരിപ്പാൽ താഴത്തേക്ക് റോഡ് നിർമ്മിക്കണം.

5-ാം വാർഡ്

അയ്ക്കുന്നത്തുപാടം. മീൻചാലിച്ചുവട് കുളത്തിനാപാടം, മേലാംകുന്നം, വാളകം മുതലായ പാടശേഖരങ്ങളിലേക്ക് ഫാം റോഡ് നിർമ്മിക്കുക.

6-ാം വാർഡ്

-മനയ്ക്കത്താഴത്തുനിന്ന് പ്രസ്തുത പാടത്തിൽകൂടെ തിരുവാലുകുന്നത്ത് ക്ഷേത്രപരിസരത്തിലേക്ക് ബന്ധിപ്പിക്കുക.

7-ാം വാർഡ്

ആശ്രമംകവല വടവുകോട് റോഡിൽ മൂത്താരിപാടം റോഡ് സൗകര്യം. പി.പി.റോഡിൽ നിന്നും അമ്പലനട പാങ്കോട്ട് പാടത്തേക്ക് റോഡ് മറ്റപ്പിള്ളി കുരിശിന് സമീപം മേക്കര പാടത്തേക്ക് റോഡ്.

8-ാം വാർഡ്

1. തടമ്പാട് വലിയതോടിന് കുറുകെ
2. പ്ലാച്ചേരിമോളത്ത് താഴം
3. ഇടപ്പാറ താഴം
4. തോലംകുളം താഴം

5. ചളുക്കാട്ടുകുഴിതാഴം

6. കോക്കാടൻകുടി താഴം

7. എണ്ണയ്ക്കാമോളം കാഞ്ഞിര വേലിത്താഴംവഴി, മനയത്ത് പീടികവരെ ഫാം റോഡ്.

9-ാം വാർഡ്:-

1. കൃഷർറോഡ്

2. മേച്ചങ്കരപടി

3. ചുണക്കാട്ടുകുടിതാഴം

4. ചിരക്കോട്ടുപാടം

5. സൊസൈറ്റി എടശ്ശേരി മോളംപാടം.

6. മലിനീകരണം:-

ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും താമസിക്കുന്നവർ മലിനീകരണം കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നു രണ്ടും മൂന്നും വാർഡുകളിൽ കോലഞ്ചേരി ടൗണിൽ നിന്നു വരുന്ന മലിന ജലവും ആശുപത്രികളിലെ മലിനജലവും നിമിത്തംതോന്നിക്ക പാടത്തെ ജലം ഉപയോഗിക്കുന്നവർക്ക് അനുഭവപ്പെടുന്നു. 5-ാം വാർഡിലെയും 7-ാം വാർഡിലെയും കമ്പനികളിൽനിന്നു പുറംതള്ളുന്ന മലിജലവും വിഷാംശങ്ങളും സമീപത്തു കൂടി ഒഴുകുന്ന കനാലിലും മറ്റുപാട ശേഖരങ്ങളിലും ഒഴുകി എത്തി 5,6,7 വാർഡ് നിവാസികൾക്കും, മൃഗങ്ങൾക്കും, മറ്റു ജീവജാലങ്ങൾക്കും ജീവഹാനി സംഭവിക്കുന്നു. അതിന് ഉടനടി പരിഹാരം ഉണ്ടാക്കണം.

7. കൃഷിനാശം തടയൽ:-

ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും, തെങ്ങ്, കമുക്, കുരുമുളക് മുതലായവക്ക് രോഗം ബാധിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. രോഗബാധ തടയുന്നതിന് ആവശ്യമായ മരുന്ന് പ്രയോഗങ്ങളും, രോഗം ബാധിച്ചതിനെ വെട്ടിമാറ്റി പുതിയ തൈകൾ നടുന്നതിനും ആവശ്യമായ ധനസഹായം ഏർപ്പെടുത്തണം. വിളകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തണം. നെൽകൃഷിക്ക് വളം സബ്സിഡി മുതലായവ നടപ്പാക്കുക. കൃഷി ഭവനിൽനിന്നും കൃഷിക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ, പമ്പ്സെറ്റ് മുതലായവ ചുരുങ്ങിയ വാടകക്ക് ലഭ്യമാക്കുക. കാർഷിക വിളകൾക്ക് ന്യായമായ വില ലഭ്യമാക്കുക.

മണ്ണ് പരിശോധിച്ച് കൃഷിക്കാർക്ക് ആവശ്യമായ ഉപദേശങ്ങൾ നല്കുന്നതിന് ഒരു Soil Conservation Laboratory പഞ്ചായത്തിനോട് അനുബന്ധിച്ച് പ്രവർത്തിപ്പിക്കുക.

പെരിയാർവാലി ഇറിഗേഷൻ കനാൽ ഈ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കൂടി പോകുന്നുണ്ട്. പ്രസ്തുത കനാലിന്റെ Maintenance വളരെ കാലങ്ങളായി നടത്തുന്നില്ല. തന്മൂലം പല ഭാഗങ്ങളിലും കനാലിൽ Silt അടിഞ്ഞ് ആവശ്യത്തിന് വെള്ളം കിട്ടാതെ വരുന്നു. പല ഭാഗങ്ങളിലും അഴുക്കുകൾ കുന്നുകൂടുന്നു. Canal Maintenance വെള്ളവും യഥാസമയങ്ങളിൽ ലഭ്യമാക്കു ന്നതിന് വേണ്ട ഏർപ്പാട് ചെയ്യണം. കർഷകർക്കും കർഷക തൊഴിലാളി കൾക്കും പെൻഷൻ അനുവദിക്കണം. കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി അനുവദിക്കണം. പഞ്ചായത്ത് തലത്തിൽ ഒരു ജൈവവള ഫാക്ടറി സ്ഥാപിക്കണം.

ഐക്കരനാട് കൃഷി ഭവനിൽ എട്ടാം പദ്ധതികാലത്ത് പൂർത്തീകരിച്ച പദ്ധതികൾ

പദ്ധതി വിവരണം		സബ്സിഡി നിരക്ക്	ആകെ ഗുണഭോക്താ തുകക്കളുടെ എണ്ണം		പദ്ധതിയെ കുറിച്ചുള്ള പ്രശ്നങ്ങൾ	ഉപയോഗപ്പെടുത്താവുന്നത്	ഭാവിപദ്ധതിയിൽ
1.	**SCP**	സൗജന്യമായി വളം നടീൽ വസ്തുക്കൾ കയ്യാല, കിണർ എന്നിവ നൽകി	100%	6,56,760/-	590	പ്രശ്നങ്ങൾ ഒന്നുമില്ല	കിണറും പമ്പ് സെറ്റും കൂടുതൽ നൽകുക ഈ പദ്ധതി തുടർന്നു കൊണ്ടു പോകാം

Evaluation - പ്രസ്തുപദ്ധതിമൂലം ഹരിജനങ്ങളുടെ കാർഷിക വികസനം നടപ്പിലായിട്ടുണ്ട്

2.	**IPRD**	സബ്സിഡി നിരക്കിൽ വിത്ത്, കക്ക, ടില്ലർ കുറ്റിപമ്പ്, കളനാശിനി സസ്യസംരക്ഷണ മരുന്നുകൾ നൽകി	25%	1,15,039/-	716	സബ്സിഡി 25% ൽ നിന്നും 50% ആയി ഉയർത്തിയുടെ കർഷകന് പ്രയോജന പ്രദമാകു	ടില്ലർ, കുറ്റിപമ്പ് കക്ക, കീടനാശിനി എന്നിവ കൂടുതൽ എന്നിവ കൂടുതൽ കൊടുക്കാവുന്നതാണ്

Evaluation - നെൽകൃഷി വികസനത്തിന് പ്രസ്തുത പദ്ധതി വളരെ സഹായകരമാണ്

3.	**Group Farming**	സബ്സിഡി നിരക്കിൽ കക്ക, സ്പ്രേയർ, കീടനാശി, പമ്പ്സെറ്റ് കൈതോട് കെട്ടൽ എന്നിവ	50%	90,000യ-	622	--	ഈ പദ്ധതിയിൽ എല്ലാം തുടർന്ന് കൊണ്ടുപാകാവുന്നതാണ്

Evaluation - നെൽകൃഷി വികസനത്തിന് പ്രസ്തുത പദ്ധതി ഉപകരിച്ചിട്ടുണ്ട്

4.	**Coconut Group Management**	സൗജന്യനിരക്കിൽ മഗ്നീഷ്യം വിതരണം നടത്തിയും, ഇതിന് വേണ്ടപരിശീലനവും പമ്പ് സെറ്റ് വിതരണവും	50%	13,400/-	416	എല്ലാ തെങ്ങ് കൃഷിക്കാർക്കും ഇതിന്റെ പ്രയോജനം ലഭ്യമാകാത്ത രീതിയിൽ ഉള്ള വിതരണം	ഈ പദ്ധതി തുടർന്നും നടപ്പാക്കാവു-ന്നതാണ്
Evaluation - തെങ്ങുകൃഷി വികസനത്തിന് ഉപകരിച്ചിട്ടുണ്ട്.							
5.	**Organic Manure Development**	കമ്പോസ്റ്റ്കുഴി നിർമ്മിച്ച് സബ്സിഡി നൽകൽ, അതിനുള്ള പരിശീലനും നൽകലും	--	15,950/-	518	കമ്പോസ്റ്റ്കുഴി നിർമ്മിക്കുന്നതിനും വളം ഉണ്ടാകുന്നതിനും ഉള്ള സബ്സിഡി കുറഞ്ഞത് 100/- ആക്കിയാലെ കർഷകന് താല്പര്യം	ഭാവി പദ്ധതി ചേർക്കാവുന്നതാണ്
Evaluation - ജൈവവളവികസനത്തിന് വളരെയധികം ഉപകരിച്ചിട്ടുണ്ട്.							
6.	**I.P.D.S.**	കുരുമുളക് വികസനം പുനരുദ്ധാരണം ഇഞ്ചികൃഷി ഡമോൺസ്ട്രേഷൻ എന്നിവയ്ക്ക് സഹായധനം നൽകൽ	50%	1,05,885	402	ഈ പദ്ധതിയിൽ കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിക്കാത്ത രീതിയിൽ നടപ്പാക്കേണ്ടതാണ്	ഭാവിപദ്ധതിയിൽ വളരെ പ്രധാനമായും ചേർത്ത് നൽകാവുന്നതാണ്
7.	**Cocoa Development**	കൊക്കോ കൃഷിവികസനം	50%	6,500/-	14	--	ഭാവിപദ്ധതിയിൽ ചേർക്കാവുന്നതാണ്
		കൊക്കോ കൃഷി വികസനത്തിൽ വളരെയധികം ഉപകരിച്ചിട്ടുണ്ട്.					
8.	**Bio-gas**	ബയോഗ്യാസ് നിർമ്മാണത്തിനുള്ള സബ്സിഡി നൽകൽ	--	45,800/-	19	സബ്സിഡി കൂട്ടിയാൽ മാത്രമെ ഈ പദ്ധതി വിജയിക്കുകയുള്ളു.	**- do -**
		ഇന്ധനക്ഷാമം പരിഹരിക്കാൻ ഒരളവുവരെ പദ്ധതി സഹായിച്ചിട്ടുണ്ട്.					

9.	**Vegetable Production Programme**	സ്കൂൾ കുട്ടികൾക്ക് പച്ചക്കറി വിതരണം സൗജന്യമായി, കൂടാതെ മഹിളാ സമാജങ്ങൾക്കും	100%	25,650/-	51	സ്കൂൾകുട്ടികൾക്ക് സൗജന്യമായി നൽകുന്ന സ്കീം നല്ലതാണ് കൂടാതെ കർഷകർക്കും കൊടുക്കാവുന്നവിധം നടപ്പാക്കിയാൽ നല്ലതാണ് ഭാവിപദ്ധതിയിൽ ചേർക്കാവുന്നതാണ്
10	**Betal-Vine Development**	സബ്സിഡി നിരക്കിൽ വെറ്റില കൃഷി വികസനം നടപ്പാക്കൽ	50%	5,000/-	7	കൂടുതൽ കർഷകർക്ക് കൊടുക്കുന്നത് നല്ലതാണ് ഭാവിപദ്ധതിയിൽ ചേർക്കാവുന്നതാണ്
11.	**Roof & Tuber**	സൗജന്യമായി ചേന-ചേമ്പ് വിതരണം	**Nominal**	3575/- **Charge**	13	കൂടുതൽ കർഷകർക്ക് കൊടുക്കാൻ സാധിച്ചാലെ വിമർശനമില്ലാതെ ഈ സ്കീം വിജയിപ്പിക്കാൻ സാധിക്കുകയുള്ളു. --
12	**R.S.G. Programme**	കൃഷി ഭവനത്തിൽനിന്നും വിത്ത് വാങ്ങി കൃഷി ചെയ്തു, സമിതിമുഖേന വിത്ത് സംഭരിച്ച് കൃഷി ഭവനിൽ നൽകി സബ്സിഡി വാങ്ങാവുന്നതാണ്.	--	13,700	8	ഈ സ്കീം സമിതി വഴി നടപ്പാക്കാൻ വളരെ ബുദ്ധിമുട്ടാണ്
13.	**C.C.D.P.**	സബ്സിഡി നിരക്കിൽ തെങ്ങിന് വളം കിണർ നിർമ്മിക്കൽ പമ്പ്സെറ്റ് വിതരണം	33 1/3	4,43,300/-	168	ഈ പദ്ധതിവളരെ നല്ലതാണ്. സബ്സിഡി 50% ആക്കി കൂടുതൽ കർഷകർക്ക് പ്രയോജനപ്രദമാക്കേണ്ടതാണ്. ഭാവി പദ്ധതിയിൽ ചേർക്കാവുന്നതാണ്

മൃഗസംരക്ഷണം

ഈ ഗ്രാമപഞ്ചായത്തിൽ ഓരോ വീട്ടിലും ഉഴവിനായി കാളയേയും പോത്തിനേയും, കറവയ്ക്കായി നാടൻ പശുക്കളെയും ആടിനേയും വളർത്തിയിരുന്ന പാരമ്പര്യം നിലച്ചിരിക്കുകയാണ്. ഉഴവ് യന്ത്ര വൽകൃതമായതോടുകൂടി ഉഴവുമാടിനെ വളർത്തുന്ന ശ്രമകരമായ ജോലി നിലച്ചത് നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. കറവു മാടുകളെ വളർത്തുന്ന രീതിയ്ക്കു പല വ്യതിയാനങ്ങളും വരികയും മിക്ക കുടുംബങ്ങളിലും അത്യുൽപാദന ശേഷിയുള്ള മൃഗങ്ങളെ വളർത്തിവരികയും ചെയ്യുന്നു. ഈ പഞ്ചായത്തിൽ തരിശു ഭൂമി ഇല്ലാത്തതുകൊണ്ട് കാലികളുടെ മുഖ്യഭക്ഷണമായ പുല്ല് ആവശ്യത്തിന് വളർത്തിയെടുക്കാൻ കഴിയാത്തതും, മറ്റ് തീറ്റികൾക്ക് ക്രമം വിട്ട വില വർദ്ധനവ് വന്നതും രോഗപ്രതിരോധ ശക്തി കുറഞ്ഞ ഇനമാകയാൽ ചികിത്സയ്ക്കുവേണ്ടി വരുന്ന അധികച്ചിലവും വന്നതോടുകൂടി ഉല്പാദകന് അതനുസരിച്ചുള്ള വില ലഭിക്കാത്തതിനെത്തുടർന്ന് പശുക്കളെ വളർത്തുന്ന പലരും ഇപ്പോൾ പാൽ വാങ്ങി ഉപയോഗിക്കുന്ന സംസ്ക്കാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

നല്ലയിനം പശുക്കളെ വാങ്ങുന്നതിനുള്ള മുതൽ മുടക്ക് കണക്കാക്കാതിരുന്നാൽതന്നെ ഈ തൊഴിൽ ഉപതൊഴിലായി തുടരുവാൻ സാധ്യമല്ലാത്ത പരിതസ്ഥിതി ഇന്ന് നിലവിലുണ്ട്. സമ്പുഷ്ടമായ ഈ ഭക്ഷ്യവസ്തുവിന്റെ വില വർദ്ധിപ്പിക്കുന്നതിന് മാറിമാറിവരുന്ന സർക്കാർ അലംഭാവം കാണിക്കുന്നതിനാൽ ഈ തൊഴിലിൽനിന്നും ആളുകൾ പിൻമാറുകയും അടുത്ത സംസ്ഥാനങ്ങളിൽനിന്ന് കൂടിയ വിലയ്ക്കും പാൽ കൊണ്ടുവന്ന് വിപണനം ചെയ്യേണ്ട അവസ്ഥ സൃഷ്ടിക്കുമെന്നതിന് സംശയമില്ല. കോടിക്കണക്കിന് രൂപ മുടക്കി സംരക്ഷിക്കപ്പെടുന്ന മൃഗസംരക്ഷണ വകുപ്പിന് ഓരോ ജില്ലയിലും ഒരു ലിറ്റർ പാലിന് എന്തുല്പാദനചെലവ് വരുമെന്ന് ശാസ്ത്രീയമായി കണ്ടെത്തി സർക്കാരിനേയോ പൊതുജനങ്ങളെയോ അറിയിയ്ക്കാനുള്ള സ്ഥിതിവിവരക്കണക്കില്ലായെന്നുള്ളത് ഖേദകരമാണ് എന്നുള്ളതല്ലാതെ മറ്റൊന്നും പറയാനില്ല.

ഈ പഞ്ചായത്തിൽ മൊത്തം 1067 കറവമാടുകൾ ഉണ്ട്.

പാവപ്പെട്ട വീടുകളിൽ പ്രത്യേകിച്ച് ആട്, കോഴി, പന്നി മുതലായവയെ കഴിഞ്ഞ കാലങ്ങളിൽ വളർത്തിയിരുന്നു. അലഞ്ഞ് നടന്ന് ആഹാരം തേടുവാനുള്ള മേച്ചിൽ പുറവും പാഴ് ഭൂമിയും ഇല്ലാതായതോടുകൂടി ഈ വക ജിവികളെ വളർത്തുന്ന രീതിയിൽനിന്ന് വളരെ പിന്നോക്കം പോയിരിക്കുന്ന കാലഘട്ടമാണ്. കൃത്രിമ തീറ്റിയ്ക്ക് അതിരുകവിഞ്ഞ വിലയായതുകൊണ്ട് അതിനെ മാത്രം ആശ്രയിച്ച് ഈ വക ജീവികളെ വളർത്തുന്നത് ലാഭകരമല്ല എന്നുള്ളതാണ് ഈ ശോഷണത്തിന് കാരണം.

ഇറച്ചിയുടെ കാര്യത്തിൽ പ്രായേണ മിക്കവരും ഇഷ്ടപ്പെടുന്ന കോഴിയിറച്ചി സുലഭമായി ലഭിക്കുവാനും അവയെ ശാസ്ത്രീയമായി വളർത്താനുമുള്ള ബോധവൽക്കരണവും സേവനവും നടത്തുന്നപക്ഷം അനായാസമായി ഈ തുറയിലും സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രയാസമില്ല.

മുയൽ, കാട ആദിയായ ജീവികളെ വളർത്തുന്നത് ആദായകരമാക്കിയെടുക്കാൻ പഞ്ചായത്തു തലത്തിൽ ബോധവൽക്കരണം നടത്തുകയും കുഞ്ഞുങ്ങളെ ലഭ്യമാക്കുവാനുള്ള സൗകര്യം ക്രമപ്പെടുത്തുകയും വേണം.

ഈ പഞ്ചായത്തതിൽ 6 മിൽമാ യൂണിറ്റുകളും ഒരു പി.ഡി.ഡി.പി. യൂണിറ്റും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ചുരുങ്ങിയ അളവിൽ പൊതുവില്പന നടത്തിയ ശേഷമുള്ള പാൽ ഡയറിയിലെത്തിച്ച് സംസ്ക്കരിച്ച് വിപണനം നടത്തിവരുന്നു. ആകെ 4200 ലിറ്റർ പാൽ ഇടപ്പിള്ളി യൂണിറ്റിലും മുവാറ്റുപുഴ യൂണിറ്റിലുമായി എത്തിച്ചു കൊടുക്കുന്നുണ്ട്.

സാധ്യതകൾ

ഉല്പാദിപ്പിക്കപ്പെടുന്ന പാൽ, പാനീയമായി മാത്രം ഉപയോഗിക്കാതെ മറ്റ് പല സംസ്ഥാനങ്ങളിലേയും പോലെ ഭക്ഷ്യയോഗ്യമായ ഉല്പന്നങ്ങളാക്കി മാറ്റി ഗ്രാമീണ ജനങ്ങളെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത് ഉല്പാദകരെ സംബന്ധിച്ചിടത്തോളം അഭിലഷണീയവും ഒരു ഉപതൊഴിൽ എന്നുള്ളനിലയ്ക്ക് വനിതകൾക്ക് പറ്റിയ തൊഴിൽ സാധ്യതയും ഉണ്ടാക്കുവാൻ ഉപകരിയ്ക്കും.

അടുത്ത പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന മിഠായി കമ്പനിയുടെ ആവശ്യത്തിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കണ്ടൻസ്ഡ് മിൽക്കാണ് ഉപയോഗിക്കുന്നത്. ബ്ലോക്ക് തലത്തിൽ ഈ വ്യവസായത്തിന് സാധ്യത ഉള്ളത് നിറവേറ്റാൻ ശ്രമിക്കുന്നതും ഉല്പാദകരെ സംബന്ധിച്ചിടത്തോളം ഒരു പരിരക്ഷയ്ക്കായിരിക്കും.

അന്യസംസ്ഥാനങ്ങളിൽനിന്നും കുട്ടികളെ ശേഖരിച്ച് താല്പര്യമുള്ള ആളുകൾ മുഖാന്തിരമോ സഹകരണ സംഘങ്ങൾ മുഖാന്തിരമോ മാതൃകാ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നത് ഈ തുറയിൽ ആശാവഹമായ പുരോ ഗതിയ്ക്ക് ഇടയാകും.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉണ്ടായിരുന്നില്ല. കോലഞ്ചേരി, പുത്തൻകുരിശ് മൃഗാശുപത്രികൾ വഴിയാണ് ഇവിടെയും മൃഗപരിപാലനം നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ 6-ാം വാർഡിൽ ഒരു മൃഗാശുപത്രി തുടങ്ങിയിട്ടുണ്ട്. മിൽമയുടെ കെട്ടിടത്തിലാണ് ഇപ്പോൾ ആശുപത്രി നടന്നുവരുന്നത്. മൃഗാശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുന്നതോടൊപ്പം അവിടെ അനിവാര്യമായ ഫ്രിഡ്ജ്, സ്റ്റെറിലൈസർ, പരിശോധനാ മേശകൾ, മറ്റു അത്യാവശ്യ ഉപകരണങ്ങൾ, ടെലിഫോൺ എന്നിവയും ഏർപ്പെടുത്തേണ്ടതുണ്ട്. വാക്സിനും മറ്റു ചില മരുന്നുകളും ഇന്ന് ആശുപത്രിയിൽ സൂക്ഷിക്കാൻ സാധിക്കുന്നില്ല. എത്രയും വേഗം ഈ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ തലത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

പേവിഷബാധക്കെതിരെ, വർഷാവർഷം പഞ്ചായത്ത്, തെരുവു നായ്ക്കളെ നശിപ്പിക്കാൻ ടെണ്ടർ ക്ഷണിക്കണം. ഇത് പൂർണ്ണമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്

4.4 പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവരുടെ എണ്ണം.				160		
കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവരുടെ എണ്ണം						

ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്

4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു		2210	48
കിടാരി		816	112
എരുമ		18	2

കശാപ്പുകാർക്ക് ശാസ്ത്രീയ ട്രെയിനിങ്ങ്, മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകണം. അങ്ങനെ ട്രെയിനിങ്ങ് ലഭിച്ചവർക്ക് മാത്രം ലൈസൻസ് നൽകുന്നതു നന്നായിരിയ്ക്കും.

ഇറച്ചിക്കോഴിവളർത്തൽ കൂടുതൽ വ്യാപകമാക്കാൻ വാർഡുതോറും കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങണം. ഇതിന് കൂട് ഉണ്ടാക്കാൻ സബ്സിഡിയും ലോണും ഏർപ്പെടുത്തണം.

പഞ്ചായത്തിലെ മുട്ടയുത്പാദനം കൂട്ടുവാൻ വിട്ടുവളപ്പിലെ കോഴിവളർത്തൽ വ്യാപകമാക്കണം. വാർഡുകൾതോറും എല്ലാ വർഷവും 1000 മുട്ടക്കോഴി

ക്കുഞ്ഞുങ്ങളെ "കുറഞ്ഞ നിരക്കിൽ" വിതരണം ചെയ്യണം.

ആടുകളെ സൗജന്യമായി വിതരണം ചെയ്യുന്നതിന് പകരം താത്പര്യമുള്ളവർക്ക് എല്ലാം കുറഞ്ഞു നിരക്കിൽ ആട്ടിൻ കുഞ്ഞുങ്ങളെ പഞ്ചായത്തിന് പുറത്തു നിന്ന് കൊണ്ടുവന്ന് വിതരണം ചെയ്യണം. തീറ്റപ്പുല്ല് കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ഇന്ന് സങ്കരയിനം കന്നുകാലികൾക്ക് അസുഖം കൂടുതലായാണ് കാണുന്നത്. നന്നായി പരിപാലിക്കേണ്ട ഈ വർഗ്ഗത്തെ ഇന്ന് വളരെ മോശമായ തൊഴുത്തിലാണ് പലരും വളർത്തുന്നത്. നല്ല തൊഴുത്തുണ്ടായാൽ അസുഖങ്ങൾ വളരെ കുറയും. അതുകൊണ്ട് സാമ്പത്തികമായി പുറകോട്ടു നിൽക്കുന്ന എല്ലാവർക്കും മുഴുവൻ തുക സബ്സിഡിയായി നൽകി തൊഴുത്ത് ഉണ്ടാക്കിക്കൊടുക്കണം. കുറഞ്ഞത് 5 വർഷം പശു വളർത്തിക്കൊള്ളാം എന്ന് ഇവരെക്കൊണ്ട് 'ബോണ്ട് വയ്പ്പിക്കാം ഇല്ലാത്തവരോടെ സബ്സിഡി തിരിച്ച് പിടിക്കാം. കുറഞ്ഞത് 5,000.00 രൂപ. എങ്കിലും സബ്സിഡി നൽകണം

ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്

4.3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി
1	2	3	4	5	6	7
1.	ദഹനസംബന്ധമായവ	696	31	211	42	131
2.	ശ്വാസകോശ സംബന്ധം	311	19			
3.	ഉപാപചയ സംബന്ധം	212	16			
4.	ത്വക് രോഗങ്ങൾ	439	21			
5.	ധാതുലവണങ്ങളുടെ അഭാവം	612	18			
6.	പരാദരോഗങ്ങൾ	1213	217			
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	912	19			
8.	വന്ധ്യത	119	37			
9.	അകിടുവീക്കം	90	24			
10.	മുടന്തൻ പനി	189	57			
11.	പകർച്ച വ്യാധികൾ	60	72			

ഡയറി യൂണിറ്റുകളായി നടത്തുന്ന വർക്ക് ഇതിനായി കൂടുതൽ ആനുകൂല്യങ്ങൾ ഏർപ്പെടുത്തണം.

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ലോൺ നൽകാൻ ധനകാര്യസ്ഥാപനങ്ങളെ കൂടുതൽ നിർബന്ധിക്കണം. അതിന് കൂടുതൽ "ടാർജറ്റ് " ബാങ്കുകൾക്ക് പറ്റാൻ സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തണം

മൃഗസംരക്ഷണം - സ്ഥിതിവിശകലനവും സാധ്യതകളും

1. സംസ്ഥാന സർക്കാർ നേരിട്ട് ധനസഹായം നൽകുന്ന പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ നിർത്തിവച്ചിരിക്കുകയാണ്. ഇത് തുടർന്നു പോകാൻ സർക്കാർ തലത്തിൽ സംവിധാനം ഉണ്ടാകേണ്ടതാണ്.

2. പേ വിഷബാധ നിയന്ത്രണ പരിപാടി പഞ്ചായത്ത് ഏറ്റെടുത്ത് കൂടുതൽ ഊർജ്ജിതമാക്കേണ്ടിയിരിക്കുന്നു. കൂടുതൽ ഫണ്ട് ഇക്കാര്യത്തിൽ കണ്ടെത്തുകയും സന്നദ്ധ സംഘടനകളുടെ സേവനം സംഘടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

3. നായ വളർത്തുന്നതിനുള്ള ലൈസൻസിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കണം.

4. പന്നി വളർത്തലിൽ 3-ബ്രീഡിംഗ് യൂണിറ്റുകൾ ആരംഭിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

5. കോഴി വളർത്തൽ - ഒരു എംഗ്ലർ നേഴ്സറി സ്കീം ഈ പഞ്ചായത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ വീട്ടുവളപ്പിൽ കോഴിവളർത്തൽ പദ്ധതിയിലൂടെ 520 സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി തുടരേണ്ടത് മുട്ടയുൽപാദനം വർദ്ധിപ്പിക്കാനും കർഷകരുടെ ഒരു മാനം വർദ്ധിപ്പിക്കാനും സഹായിക്കുന്നതാണ്. ഇതോടൊപ്പംതന്നെ ഇറച്ചിക്കോഴികളെ വളർത്തുന്നതിനും വിതരണം ചെയ്യുന്നതിനും അവയ്ക്കുവേണ്ട ധന സഹായപദ്ധതിയും പഞ്ചായത്തടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

6. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ മുഖേന സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തുന്നത് കർഷകർക്ക് ആശ്വാസപ്രദമായിരിക്കും.

7. പ്രാകൃതമായ ഇറച്ചിവെട്ടലും വിപണനവും അവസാനിപ്പിക്കുവാൻ 10 സെൻറ് സ്ഥലവും ഒരു ലക്ഷം രൂപയും സംഘടിപ്പിച്ചാൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു "Slaughter House" നിർമ്മിക്കുകയും മാംസ പരിശോധന നടത്തി ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിലും ശ്രദ്ധ ചെലുത്താൻ കഴിയും.

മൃഗസംരക്ഷണം

Ward I

1. ഉദ്ദേശം രണ്ടായിരത്തിൽപരം ജനങ്ങൾ അധിവസിയ്ക്കുന്ന ഈ ഗ്രാമത്തിൽ ചുരുക്കം ജനങ്ങൾ മാത്രമാണ് മൃഗങ്ങളെ വളർത്തി ഉപജീവനം കഴിയ്ക്കുന്നത്. കൂടുതൽ ജനങ്ങൾക്ക് മൃഗങ്ങളെ വളർത്തി ഉപജീവനം കഴിക്കാവുന്നതാണ്. ഇതിനായി

ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബാങ്ക് എന്നീ തലത്തിൽ നിന്നും സാമ്പത്തിക സഹായം നൽകേണ്ടത് ആവശ്യമാണ്. കോഴി, ആട്, പന്നി എന്നിവയെ വളർത്തുന്ന ചുരുക്കം ചില കുടുംബങ്ങൾ ഇവിടെ ഉണ്ട്.

2. ഈ വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിയ്ക്കണം.

3. ഈ വാർഡിൽ ഒരു ക്ഷീരോല്പാദക സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ സംഘത്തിന്റെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും പാൽകൊണ്ട് ഉല്പാദിപ്പിക്കാവുന്ന അനുബന്ധ വ്യവസായങ്ങൾ നടത്തുവാൻ സന്നദ്ധതയുള്ള വനിതകൾക്ക് വേണ്ട പ്രോത്സാഹനം കൊടുക്കുവാനുള്ള ക്രമീകരണം നടത്തുന്നതിന് ആവശ്യപ്പെടുന്നു.

Ward II

1. ഈ വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിയ്ക്കുക

2. ഒരു ക്ഷീരോല്പാദക സഹകരണ സംഘം സ്ഥാപിയ്ക്കുക.

Ward III

1. പെരിങ്ങോളിന്റെ പടിഞ്ഞാറുഭാഗത്ത് മിൽമയുടെ ഒരു പാൽ അളവുകേന്ദ്രം സ്ഥാപിയ്ക്കുക.

2. നല്ലയിനം കന്നുകുട്ടികളെ വിതരണം ചെയ്യുക. പന്നി, കോഴി (ഇറച്ചിക്കോഴി, മുട്ടക്കോഴി) എന്നിവ വിതരണം ചെയ്യുക.

3. ശാസ്ത്രീയമായ രീതിയിൽ ഒരു അറവുശാല തുടങ്ങുക.

4. ഈ വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിയ്ക്കുക.

Ward IV

1. ഈ വാർഡിൽ ഒരു മിൽമ പ്രവർത്തിയ്ക്കുന്നുണ്ട്. പശു വളർത്തൽ നഷ്ടമായതിനാൽ പാൽ വില കൂട്ടിയും തീറ്റി വില കുറച്ചും കിട്ടുവാനുള്ള സൗകര്യം ഏർപ്പെടുത്തണം.

2. പുല്ലു വളർത്താനുള്ള സ്ഥലം പരിമിതമായതുകൊണ്ട് പഞ്ചായത്ത് സ്ഥലം വാങ്ങി പച്ച പുല്ലുവളർത്തി കർഷകർക്ക് കൊടുക്കാനുള്ള സൗകര്യം ഉണ്ടാക്കണം. നല്ല കന്നുകുട്ടികളെ ന്യായമായ വിലയ്ക്ക് കിട്ടുവാനുള്ള സൗകര്യവും മാതൃകാഫാം ഉണ്ടാക്കുന്നവർക്ക് തൊഴുത്ത്, വെള്ളം എന്നിവയ്ക്ക് സൗകര്യം ഏർപ്പെടുത്താൻ ധനസഹായം കിട്ടുമാറാക്കണം.

3. പന്നിവളർത്തുകാരേയും കോഴി വളർത്തുകാരേയും, കാടാ പക്ഷി വളർത്തലുകാരേയും പ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്.

Ward V

1. ഒരു മൃഗാശുപത്രി സ്ഥാപിയ്ക്കുക.

2. ഒരു പൗൾട്രി ഫാം സ്ഥാപിയ്ക്കുകയും ആവശ്യത്തിന് മുട്ടകോഴിയെ വിതരണം ചെയ്യുക.

3. ഒരു പന്നിവളർത്തൽ കേന്ദ്രം സ്ഥാപിയ്ക്കുക.

4. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികൾ, ആട് മുതലായവയെ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുക.

5. ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിയ്ക്കുക.

6. മൃഗസംരക്ഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ നൽകുക; പുല്ല് മുതലായവയുടെ വിത്ത് ആവശ്യത്തിന് വിതരണം ചെയ്യുക.

7. കാലാകാലങ്ങളിൽ കന്നുകാലികൾക്ക് കുളമ്പുരോഗത്തിന് കുത്തിവെയ്പ് നൽകുക.

8. പട്ടികൾക്ക് ലൈസൻസ് നൽകുകയും കുത്തിവെയ്പ് നിർബന്ധമാക്കുകയും ചെയ്യുക.

9. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിയ്ക്കുക.

Ward VI

1. മൃഗാശുപത്രിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കണം.

2. മൃഗസംരക്ഷണത്തിന് കൂടുതൽ സബ്സിഡി അനുവദിയ്ക്കുക.

3. പാലിൽനിന്ന് ഉല്പന്നങ്ങൾ നിർമ്മിയ്ക്കുന്ന യൂണിറ്റ് ഒന്നും നിലവിലില്ല.

4. പാലിന്റെ വില വർദ്ധിപ്പിയ്ക്കുക, കാലിത്തീറ്റയുടെ വില കുറയ്ക്കുക.

5. ഈ വാർഡിന്റെ കിഴക്കുവശം പാറേപിടികയിൽ മിൽമയുടെ ഒരു ബ്രാഞ്ച് അനുവദിയ്ക്കണം.

Ward VII

1. നിലവിൽ മൃഗാശുപത്രി വാടക കെട്ടിടത്തിലാണ്. സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കാൻ കഴിയണം

Ward VIII

1. പാൽ ഉല്പാദനം ലാഭകരമല്ലാത്തതിനാൽ പശുവളർത്തൽ കുറഞ്ഞുവരുന്നു.

2. പാൽ വില വർദ്ധിപ്പിയ്ക്കണം, തീറ്റ വില കുറയ്ക്കണം

3. മൃഗാശുപത്രി സ്ഥാപിയ്ക്കണം.

4. ഈ വാർഡിൽ ആട്, കോഴി, താറാവ്, മുയൽ ഇവ വളർത്തുന്നതിന് താൽപര്യമുള്ളവർക്ക് അതിനുവേണ്ട സാമ്പത്തിക സഹായം മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവ ലഭ്യമാക്കണം.

Ward IX

1. പഞ്ചായത്ത് ഓഫീസിനോട് അനുബന്ധിച്ച് ഒരു മൃഗാശുപത്രി സ്ഥാപിയ്ക്കണം.

2. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ വിതരണം ചെയ്യുക. ഒരു പൗൾട്രി ഫാം തുടങ്ങുക.

3. ഒരു ബേക്കൺ ഫാക്ടറി തുടങ്ങുക.

4. കന്നുകാലികൾക്ക് ചികിത്സാ സൗകര്യത്തിനായി മിൽമയിൽ ആഴ്ചയിൽ ഒരു ദിവസം മൃഗഡോക്ടറെ വരുത്താനുള്ള സൗകര്യം ഉണ്ടാക്കണം.

മത്സ്യബന്ധനം

ഈ ഗ്രാമപഞ്ചായത്തിൽ വ്യക്തികളുടെ വകയും പഞ്ചായത്തു വകയും ആയ ചെറുതും വലുതുമായ ഒട്ടേറെ ജലാശയങ്ങൾ ഉണ്ട്. കാലവർഷക്കാലത്ത് മുവാറ്റുപുഴ ആറ്റിൽനിന്നും, ചിത്രപ്പുഴയിൽനിന്നും വിവിധയിനം മത്സ്യങ്ങൾ കയറിവന്ന് ജലാശയങ്ങളിൽ തമ്പടിച്ച് പെറ്റുപെരുകി വേനൽ ആകുമ്പോഴേയ്ക്കും ധാരാളമായി വംശവർദ്ധന ഉണ്ടാകുകയും അത് പിടിച്ചെടുത്ത് മുഴുവൻ കാലങ്ങളിലേയും ആവശ്യം നടത്തിയിരുന്നതാണ്. കന്നി മാസത്തിലും മറ്റും കൊയ്ത്ത് കഴിഞ്ഞ് കാള പൂട്ടുമ്പോൾ കലപ്പയിൽ ഒരു കൂടയും കെട്ടി നിറയെ മത്സ്യം പിടിച്ച് ഒഴവുകാർ സന്തോഷിച്ച കാലമുണ്ടായിരുന്നു. ഔഷധഗുണമുള്ള ബ്രാൽ, വഴുവഴുപ്പുള്ള മുഴി, കുത്തുന്ന കാരി, കറൂപ്പ്, ആരോൻ, കോലുവ, മുഴിമനഞ്ഞൽ, കുറുവ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യസമ്പത്ത് നശിച്ച് മരുന്നിന്പോലും കിട്ടാത്ത കാലഘട്ടമായിരിക്കുന്നു. ഈ നാശത്തെപ്പറ്റി അന്വേഷിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ഇതുവരെ തുനിഞ്ഞിട്ടില്ല. സാംക്രമീക രോഗം മൂലം, മത്സ്യസമ്പത്ത് നശിച്ചതിൽ ഉത്കണ്ഠ ഉള്ളതുകൊണ്ട് പണച്ചിലവുള്ള മത്സ്യ വളർത്തലിന് തന്നെ ധൈര്യപ്പെടുന്നില്ല. കടൽ മത്സ്യങ്ങൾ പറയുന്ന വിലയ്ക്ക് വാങ്ങി ഉപയോഗിയ്ക്കുന്ന പ്രവണതയിലാണ് മിക്ക കുടുംബങ്ങളും. അമിതമായ കീടനാശനി പ്രയോഗമാണ് ഇതിനെല്ലാം അടിസ്ഥാന കാരണം എന്ന് പൊതുവേയുള്ള വിശ്വാസം.

എന്നിരുന്നാലും മത്സ്യം വളർത്തി ആദായം എടുക്കുവാനും ആവശ്യം നിറവേറ്റാനും പ്രോത്സാഹനം കൊടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ പഞ്ചായത്ത് തല ജലാശയങ്ങളിലെങ്കിലും ശാസ്ത്രീയമായി മൽസ്യം വളർത്തൽ നടത്താനുള്ള സൗകര്യം ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറിൽനിന്നും ആസൂത്രിതമായി നടപ്പിലാക്കി കാണുവാൻ ഈ പഞ്ചായത്തിന് താലപ്പര്യം ഉണ്ട്.

മൽസ്യം വളർത്തൽ

വാർഡ് 1

ഈ വാർഡിൽ ഉള്ള ജലാശയങ്ങളിലെ പുരാതന മൽസ്യസമ്പത്ത് പൂർണ്ണമായും രോഗംമൂലം നശിച്ചിട്ടുള്ളതാണ്. എന്നാൽ കാലവർഷകാലത്ത് പുഴയിൽനിന്നും കയറിവരുന്ന മൽസ്യം കുളങ്ങളിൽ തമ്പടിക്കാറുണ്ട്. എന്നാൽ തുലാം വർഷത്തോടുകൂടി വെള്ളപ്പൊക്കം ഉണ്ടായാൽ അവ ഇറങ്ങിപോയെന്നും വരാം. ആറ്റുവെള്ളം നിയന്ത്രിക്കാൻ പുഴയിലേക്കുള്ള ചാലുകൾ, തോടുകൾ എന്നിവ സുഗമമായ നീരൊഴിക്കിന് ക്രമീ കരണം ചെയ്താൽ നിയന്ത്രിക്കാവുന്നതാണ്. പഞ്ചായത്തുവക മനക്കുളം, ഇഞ്ചകുളം, ഏനാദികുളം, മുളന്താനത്തു കുളം, പത്കോൾ കുളം, കണ്ടോത്ത് കുഴികുളം, പുലയൻ പടവ് കുളം, പൂവേലികുളം എന്നിവ ആറ് മാസം കൊണ്ട് വളർച്ച പ്രാപിയ്ക്കുന്ന മൽസ്യങ്ങളെ വളർത്താൻ പ്രയോജനപ്പെടുത്താവുന്നതാണ്.

വാർഡ് 2

താണിക്കാമറ്റം ചിറ കിടാച്ചിറ, നായ്ക്കാട്ട് ചിറ, അയനിമോറ്റിച്ചിറ, കരിപ്പാൽ താഴംകുളം, ഞാറകുളം,

മാളിക്കാകുറി കോളനിക്കളം എന്നിവ സംരക്ഷണപ്പണി നടത്തി മൽസ്യം വളർത്താൻ പ്രയോജനപ്പെടുത്തണം

വാർഡ് 3

1. പീച്ചിങ്ങാച്ചിറ, ഐമൂനാച്ചിറ, അരിമ്പാറച്ചിറ, ഇടിക്കകുളം, കുളികുളം, നമ്പൂതിരി കുളം, തേനുങ്കൽകുളം, ഓടോളികുളം, ഞവുണിക്കാ കുളം എന്നീ ചിറകളും കുളങ്ങളും സംരക്ഷണപ്പണി നടത്തി മൽസ്യം വളർത്താൻ പ്രയോജന പ്പെടുത്തണം.
2. പന്നി കുഴിച്ചിറ സംരക്ഷണപ്പണി നടത്തി മൽസ്യം വളർത്താൻ പ്രയോജനപ്പെടുത്തണം.

വാർഡ് 4

1. ഈ പഞ്ചായത്തിലെ എട്ട് ഏക്കറോളം വരുന്ന ഇന്ത്രാംച്ചിറ ഏറ്റവും വലിയ ജലാശയമാണ് മേൽച്ചിറയുടെ ചുറ്റുമുള്ള കരപ്രദേശം പലരും കൈവശപ്പെടുത്തിയിട്ടുള്ളതാണ് അവരിൽ നിന്നെല്ലാം ഒഴിപ്പിച്ച് നല്ല ലോഡ്ജുകളും പൂന്തോട്ടവും നിർമ്മിക്കുന്നതിനോടൊപ്പം ആച്ചിറയിലെ ജലസമ്പത്തിൽ മൽസ്യം വളർത്തൽ ലാഭകരമായി നടത്താവുന്നതും ചെറുബോട്ടുകൾ വാങ്ങിയിട്ട് വിനോദസഞ്ചാരികളെ ആകർഷിക്കാവുന്നതുമാണ്.
2. കളരിക്കകുളം, സംരക്ഷണപ്പണി നടത്തി മൽസ്യം വളർത്താൻ പ്രയോജനപ്പെടുത്താവുന്നതാണ്.

വാർഡ് 5

കാലാങ്കച്ചിറ മൂന്നും തത്താച്ചിറ, കാരിച്ചിറ, പുത്തൻകുളം എന്നിവ മൽസ്യം വളർത്താൻ പ്രയോജന പ്പെടുത്താവുന്നതാണ്.

വാർഡ് 6

കോലംകുളംച്ചിറ, പാലാംച്ചിറം എന്നിവ സംരക്ഷണപ്പണി നടത്തി മൽസ്യം വളർത്താൻ പ്രയോജന പ്പെടുത്താവുന്നതാണ്.

വാർഡ് 7

ഇരുപ്പച്ചിറ, ഇലവന്തിച്ചിറ, ആശാരിക്കുളം എന്നീ ചിറകൾ സംരക്ഷണപ്പണികൾ നടത്തി മൽസ്യ സംരക്ഷണത്തിന് പ്രയോജന പ്പെടുത്തണം.

വാർഡ് 8

കാഞ്ഞിരവേലിച്ചിറ, മഞ്ഞൽപ്പാട്ടുചിറ, തൊകലം കുളച്ചിറ, മനയത്തുകുളം, മോറ്റാട്ടങ്കൽച്ചിറ, മോട്ടാവുങ്കുൽകുളം എന്നീ ചിറകളും കുളങ്ങളും സംരക്ഷത്ത് മൽസ്യം വളർത്തുന്നതിനും ചെറുകിട ജലസേചന പദ്ധതികൾക്കും പ്രയോജന പ്പെടുത്താവുന്നതാണ്.


വാർഡ് 9

1. ഈ വാർഡിൽപ്പെട്ട തണ്ടികയിൽ കുളം, അയ്യാറ എന്നിവ സംരക്ഷിച്ച്

ഇറിഗേഷനും മൽസ്യം വളർത്തുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്.

2. പൂർണ്ണമായി നികന്ന് കിടക്കുന്ന തെങ്ങനാൽ കുളം നാലുവശവും സ്വകാര്യ വ്യക്തികളുടെ ഭൂമികൾ ആകയാൽ അവിടെ കടന്ന് ചെല്ലുന്നതിന് പ്രയാസമുണ്ട്. പഞ്ചായത്തുസമതി സ്ഥലം പരിശോധിച്ച് പഞ്ചായത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ആക്കുവാൻ നടപടി സ്വീകരിക്കണം.

പുരാതന മൽസ്യസമ്പത്ത് നശിക്കാനുണ്ടായ കാരണത്തെപ്പറ്റി ഒരു വിദഗ്ധ കമ്മറ്റിയെകൊണ്ട് അന്വേഷിപ്പിക്കേണ്ടതാണ്.



ജനകീയാസൂത്രണം

ഐെയ്ക്കരനാട് ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

വ്യവസായം

വ്യവസായം

ഒരു നാടിന്റെ അഭിവൃദ്ധി ആ പ്രദേശത്തെ വ്യവസായങ്ങളെയും ആശ്രയിച്ചിരിക്കുന്നു. പ്രാചീനകാലത്ത് നാടിന്റെ പേരും പ്രശസ്തിയും ആനാട്ടിലെപരമ്പരാഗത മായ കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ആയിരുന്നു. പരമ്പരാഗതമായ വ്യവസായങ്ങൾ പ്രധാനമായത് പായ് നെയ്ത്ത് , പമ്പ് നെയ്ത്ത്, കരിങ്കൽ കൊത്ത്, കൊട്ട നെയ്ത്ത്, മൺപാത്രനിർമ്മാണം, മരപ്പണികൊണ്ട് നിർമ്മിതമായ വസ്തുക്കൾ എന്നിവയായിരുന്നു. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ അസംസ്കൃത സാധനങ്ങളുടെ വിരളത ആളുകളെ മറ്റ് മേഖലകളിലെയ്ക്ക് പോകുവാൻ നിർബന്ധിതമാക്കിതീർത്തു. ജനങ്ങളുടെ ജീവിത നിലവാരം ഉയർന്നും പരമ്പരാഗതവ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണമായി തീർന്നു. അയൽ പഞ്ചായത്തുകളിലും ആലുവ മേഖലകളിലും വ്യവസായ സ്ഥാപനങ്ങൾ വന്നതോടുകൂടി ജനങ്ങൾ തൊഴിൽ തേടി പോയി. സാങ്കേതിക വിദ്യാഭ്യാസം നേടുവാനുള്ള സൗകര്യങ്ങൾ വന്നതോടുകൂടി ജനങ്ങൾ സ്വയം തൊഴിൽ കണ്ടെത്തുവാനും ദേശവൽകൃതബാങ്കുകൾ വഴി വായ്പാ സൗകര്യം വന്നതോടുകൂടി ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുവാനുമുള്ള ശ്രമത്തിലായി. ഇതെല്ലാമാണങ്കിൽ തന്നെയും വൻകിടവ്യവസായങ്ങൾ വന്നാൽ മാത്രമെ ആപ്രദേശത്തെ ജനങ്ങൾക്കു തൊഴിൽ സാദ്ധ്യത യേറൂ. റബ്ബർ ഉല്പാദനം വർദ്ധിച്ചതോടുകൂടി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാൻ വെമ്പൽ കൊണ്ടു. സാധാരണക്കാരായ ആളുകൾ സ്വയം തൊഴിൽ കണ്ടെത്തുവാൻ പരിശീലനങ്ങൾ വർക്ക് ഷോപ്പുകൾ വിവിധ തരത്തിലുള്ളത് നടത്തിവരുന്നു. പുൽ തൈല നിർമ്മാണം ഒരു കാലഘട്ടത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ പൈനാപ്പിൾ ഫാക്ടറി തുടങ്ങുവാനുള്ള ശ്രമത്തിലാണ്. പൊതുവെ പരമ്പരാഗത വ്യവസായങ്ങൾ നാട്ടിൽ നിന്നും തീരെ ഇല്ലാതെയായി പ്ലാസ്റ്റിക്ക് ഇലക്ട്രോണിക്ക് യുഗത്തിലേക്ക് നീങ്ങുന്നു. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സാങ്കേതിക പരിജ്ഞാനം നേടിയവർ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ, സ്പെയർ പാർട്സ് കളും മറ്റും ഇടത്തരം വ്യവസായിയുടെ പക്കൽ നിന്നും വാങ്ങി അസംബ്ലിളി ചെയ്തു കൊടുക്കുന്നതു കാണം. പരമ്പരാഗതമായ തൊഴിൽ ചെയ്തു ഉപജീവനം നടത്തുന്ന ചിലരെയും ഈ നാടിന്റെ ചിലഭാഗങ്ങളിൽ കാണാം. ആധുനിക വൻ കിടവ്യവസായങ്ങൾ പൊതുമേഖലയിലോ, സഹകരണമേഖലയിലോ, പഞ്ചായത്തിനുള്ളിൽ ഇല്ല. അന്താരാഷ്ട്ര വിപണിയിൽ വിദേശ നാണ്യം കൊയ്യുന്ന ഏക സ്ഥാപനം വ്യവസായ പ്രമുഖൻ ശ്രീ. സി.വി. ജേക്കപ്പിന്റെ ഉടമയിലുള്ള കടയിരുപ്പ് Synthete Industrial Chemical മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്.

സ്ഥലത്തെയും അയൽ ദേശങ്ങളിലേയും സൗങ്കേതിക വിദഗ്ധരായവർക്കും, അഭ്യസ്ഥ വിദ്യരായ തൊഴിലാളികൾക്കും തൊഴിൽ നേടി കൊടുക്കുന്ന മഹൽ വ്യവസായ സ്ഥാപനങ്ങൾ.

ഈ പഞ്ചായത്ത് പ്രദേശത്തുള്ള തൊഴിൽ വ്യവസായം എന്തെന്നും അവരുടെ ആവശ്യങ്ങൾ എന്തെന്നും, തൊഴിൽ സാദ്ധ്യതയ്ക്കുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ പറ്റിയ

അനുബന്ധം 11-4 DWCRA

പദ്ധതി പ്രകാരം രൂപപ്പെട്ടതൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
1	2	3	4	5
I	Pottery units	1994-95	11	Pot and its co-products good performance
II	Readymade garments	1996-97	7	Now it's going as an active unit.

സാഹചര്യങ്ങൾ എന്താണന്നതും പരിശോധിച്ചുനോക്കാം.

ദേശീയ തലത്തിൽ തുടർച്ചയായി അവാർഡുകൾ വാങ്ങിവരുന്ന ശ്രീ. സി.വി. ജേക്കബ്, ചെന്നക്കാട് കലാകുമാരി അവർകളുടെ ഉടമയിലുള്ള സിന്തൈറ്റ് ഇൻഡസ്ട്രിയൽ കെമിക്കൽസ്, അദ്ദേഹത്തിന്റെ സഹോദര

പുത്രൻ ശ്രീ. സി.ജെ. ജോർജ് നടത്തിവരുന്ന പ്ലാൻറ് ലിപ്പിഡ്സ് എന്നീ പ്രമുഖ വ്യവസായ സ്ഥാപനങ്ങളും പഞ്ചായത്തിൽ ഉണ്ട്.

വാർഡ്

കരമാർഗ്ഗമായും ജലമാർഗ്ഗമായും ഗതാഗത സൗകര്യമുള്ള കടമറ്റം പ്രദേശത്തും ഇഷ്ടിക വ്യവസായവും തടിമിൽ വ്യവസായവും പ്രധാനമായി നടത്തുന്നു. വ്യക്തികളും നടത്തുന്നവയാണ് ചൈതന്യ വനിത പോട്ടറി വർക്ക്സ് എന്ന പേരിൽ വനിതാസഹകരണ സംഘം പാത്രങ്ങളും നിർമ്മിച്ച് വിപണനം ചെയ്യുന്നു. കൊട്ട, വട്ടി, പനമ്പ്, എന്നീ വസ്തുകളും നിർമ്മിച്ച് ചുരുക്കം ചില ഹരിജനങ്ങളും ഉപജീവനം നടത്തിവരുന്നു. ഇവക്കെല്ലാം വേണ്ടതായ അസംസ്കൃത സാധനങ്ങളെ ആശ്രയിച്ചായിരിക്കും വ്യവസായാഭിവൃദ്ധി. ഖാദി ബോർഡിൻെറ ഉടമസ്ഥാവകാശത്തിൽ 40 സെൻറ് സ്ഥലം നിരപ്പാക്കിയത് ഈ ഗ്രാമത്തിൽ ഉണ്ട്. കളിമൺ നിർമ്മാണത്തിന് വൈഭവമുള്ള ഇവിടുത്തെ തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വ്യവസായ യൂണിറ്റ് നടത്തുക പ്രാദേശികാവശ്യങ്ങളിലൊന്നാണ്. കേരോൽപ്പന പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുക, കരിക്കിൻ വെള്ളത്തിൽ നിന്നും അതിവിശിഷ്ടമായ പാനീയങ്ങളും ഉൽപാദിപ്പിക്കുക, കൊപ്രാശേഖരണം, ഓയിൽ മില്ല് സ്ഥാപിക്കുക. സോപ്പുവ്യവസായം, ചിരട്ടയിൽ നിന്ന് കൗതുകവസ്തുക്കളും നിർമ്മിക്കുക, ചകിരിയിൽ നിന്നുമുള്ള കയർ ഉല്പന്നങ്ങളും, എന്നിവ ഈ യൂണിറ്റിൻെറ കീഴിൽ കൊണ്ടുവരാവുന്നവയാണ്. റബ്ബർ പ്രൊഡക്ഷൻ യൂണിറ്റും മരച്ചീനി സ്റ്റാർച്ച് ഫാക്ടറിയും സ്ഥാപിച്ച് വ്യവസായമേഖലയാക്കാം. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാനുള്ള എല്ലാ സഹചര്യങ്ങളും ഉള്ള പ്രദേശമാണ് കടമറ്റം.

വാർഡ് 2

തോന്നിയ്ക്കാ ഭാഗത്ത് ചെറുകിട വ്യവസായ യൂണിറ്റ് റബ്ബർ അധിഷ്ഠിത വ്യവസായം, കറി പൗഡർ യൂണിറ്റ്, പനമ്പ്, ചൂരൽ വ്യവസായം, വനിതാ വ്യവസായ യൂണിറ്റ്, കൊപ്രാ, സംസ്ക്കരണ ഫാക്ടറി, പാൽസംസ്ക്കരണ ഫാക്ടറി, പൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി, പഴം സംസ്ക്കരിക്കുന്ന ഫാക്ടറി എന്നിവയും തുടങ്ങണമെന്നുള്ള ആവശ്യമാണ് ഇത്.

വാർഡ് 3

ചകിരി, ചിരട്ട, തടുങ്ങിയവ ഉപയോഗിച്ച് ഒരു വ്യവസായ യൂണിറ്റും റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റും ഇലക്ട്രോണിക്ക് ഉപകരണങ്ങളും നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റും സ്ഥാപിച്ചു കിട്ടണമെന്നുള്ളതാണ് പെരിങ്ങോളം നിവാസികളുടെ ആവശ്യം.

വാർഡ് 4

ഏഴിപ്രം, മാങ്ങാട്ടൂർ വാർഡിൽ വെട്ടിക്കത്തോട് ഭാഗത്ത് കൈത ധാരാളം ഉള്ളതിനാൽ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ പനമ്പ്, നെയ്ത്ത്, പായ് നെയ്ത്ത്, എന്നിവ പ്രോത്സാഹിപ്പിക്കുവാൻ പ്രസ്തുത വ്യവസായ യൂണിറ്റ് സ്ഥാപിക്കുക. റബ്ബർ, പാൽ എന്നിവയുടെ ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും സ്ഥാപിക്കുക എന്നതാണ്മറ്റൊരാവശ്യം. കുറ്റിമുല്ല കൃഷിയ്ക്ക് തല്പരരായ തദ്ദേശ വാസികളും പ്രോത്സാഹനം കൊടുക്കുക. ബെഡ് നിർമ്മാണവ്യവസായ യൂണിറ്റും സ്ഥാപിച്ചു കൊടുക്കുക.

വാർഡ് 5

കടയിരുപ്പ് ഈ പഞ്ചായത്തിലെ ചെറുതും വലുതും, ആയ ഒരു വ്യവസായ മേഖലയാണ്. സുഗന്ധവ്യഞ്ജനസത്തുണ്ടാക്കി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്ന വ്യവസായ ശാലയായ കടയിരുപ്പ് Synthite Industral Chemicals, Plant Lipids, ഈ പ്രദേശത്താണ്. അതോട് അനുബന്ധിച്ച് Spice Mill എന്നിവ പ്രവർത്തിക്കുന്നു. Slabd and Aggregates Farm Products എന്നിവ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്നു. എന്നിവയും എടുർത്തു പറയപ്പെടേണ്ട വ്യവസായ സ്ഥാപനങ്ങളാണ്. ക്ഷീരോല്പാദന സഹകരണ സംഘവും പ്രവർത്തിക്കുന്നു. ഈ മേഖലയിൽ നിന്നും 500 ൽ പരം ആളുകൾ തൊഴിൽ ആദായ നികുതി പഞ്ചായത്തിൽ അടച്ചുവരുന്നു. ഒരു Foam, Products പ്രവർത്തിക്കുന്നു. വനീതാസമാജം വ്യവസായയൂണിറ്റ് പ്രവർത്തിച്ച് പലഹാര നിർമ്മാണം നടത്തി വിപണനം നടത്തുന്ന ഒരു പ്രൈവറ്റ്പ്രസ്സ് പ്രവർത്തനമുണ്ട്. ദേശവൽകൃത ബാങ്കായ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു ശാഖ പ്രവർത്തിക്കുന്നു.

വാർഡ് 6

പാങ്കോട്ടു കിഴക്ക് വാർഡിൽ കാര്യമായ യാതൊരു വ്യവസായങ്ങളും ഇല്ല. വനിതാ വ്യവസായ യൂണിറ്റ്, കുടിൽവ്യവസായ യൂണിറ്റ് പൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി എന്നിവ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

വാർഡ് 7

പാങ്കോട് പടിഞ്ഞാറ് വാർഡിൽ Herbal Insolated എന്ന സ്ഥാപനം പുല്ലിൽ നിന്നും സുഗന്ധ തൈലം വാറ്റ്, മറ്റു വസ്തുക്കളിൽ നിന്നും അതാതിന്റെ Essence, Extraction നിർമ്മാണവ്യവസായം നടത്തി വരുന്നു. സാജ് റബ്ബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം ടയർ റീസോം ചെയ്തു കൊടുക്കുന്നു. 35 സെന്റ് സർക്കാർ ഭൂമിയിൽ ഖാദി വ്യവസയ യൂണിറ്റ് സ്ഥാപിക്കുവാൻ വേണ്ട സാഹചര്യമുള്ളതിനാൽ ആയത് സ്ഥാപിച്ചുകിട്ടണം. റബ്ബർ നിർമ്മാണശാല അത്യാവശ്യം കരിങ്കൽ, ചെങ്കൽ വ്യവസായം പോഷിപ്പിക്കുന്നതിന് ഒരു യൂണിറ്റ് എന്നിവ സ്ഥാപിക്കുക. കോഴിവളർത്തൽ കേന്ദ്രവും തേനീച്ച വളർത്തൽ കേന്ദ്രവും തുടങ്ങുക എന്നിവയാണ് മറ്റാവശ്യങ്ങം.

വാർഡ് 8

പഴന്തോട്ടത്ത് റബ്ബർ ഉല്പാദക സഹകരണ സംഘം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ് തുടങ്ങണം. വിലകുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികം ജനൽ കട്ടിള എന്നിവ വാർത്തു കൊടുക്കുന്ന Sky Lark എന്ന സ്ഥാപനം ഉണ്ട്. നിർമ്മാണം, പാറമടയിൽ നിന്നും കരിങ്കല്ലുകം കൊണ്ടുവന്ന് ചെറുകല്ലുകളാക്കിയും മെറ്റലുകളാക്കിയും വിപണനം നടത്തുവാൻ സാഹചര്യമുള്ളതിനാൽ അവയെപ്രോൽ സാഹിപ്പിക്കണം. ഖാദി ബോർഡ് യൂണിറ്റ് ഉണ്ടെങ്കിലും പ്രവർത്തനം കുറവാണ്. ആയിതിനെ പ്രോൽസാഹിപ്പിച്ച് പ്രവർത്തിക്കുവാൻ ഖാദിബോർഡ് തയ്യാറാകണം. തൊഴിൽരഹിതരായ വനിതകം‌ക്ക് ഒരനുഗ്രഹമായിരിക്കും. വനിതാ വ്യവസായ യൂണിറ്റ് ഉണ്ടാക്കണം. മരപ്പണി വ്യവസായ യൂണിറ്റ് സ്ഥാപിക്കണം. ഉപകരണങ്ങം Spare Parts കൊണ്ടു വന്ന് അസംബ്ലിളി ചെയ്തു കൊടുക്കുന്ന തൊഴിലുകം ചില യുവാക്കം നടത്തുന്നു. പ്ലാസ്റ്ററിക്ക് കവർ സീലിംഗ് മെഷീന്റെ ഉപകരണങ്ങം ചില വ്യക്തികം പഴന്തോട്ടത്തു നടത്തുന്നു. സൈക്കിം വർക്ക്ഷോപ്പ്, എൻജിനീയറിംഗ് വർക്ക് ഷോപ്പ് (വെൽഡിംഗ് ഇരുമ്പുഗയിറ്റു നിർമ്മാണം) എന്നിവയുമുണ്ട്. കൂടാതെ Foam Bed നിർമ്മാണ ഫാക്ടറിയും പ്രവർത്തിക്കുന്നു. ഒരു പ്രൈവറ്റ് പ്രസ്സ് ഉണ്ട് ഷെഡ്യൂൾ ബാങ്കായ ഫെഡറൽ ബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്നു.

വാർഡ് 9

വലമ്പൂർ ഭാഗത്ത് റബ്ബർ റീട്രയിഡ് ചെയ്യുന്ന യൂണിറ്റും വനിതാവ്യവസായ യൂണിറ്റിന്റെ പലഹാരനിർമ്മാണവും വിപണനവും നടത്തുന്നു. ഹൈമാ പോളീമേർസ് റബ്ബർ ചെരിപ്പ് ഉൽപ്പാദനവും പടപ്പറമ്പിൽ ആരംഭിക്കുന്നുണ്ട്. വലമ്പൂർ കാര്യാട്ടുക്കുന്ന്, മെയ്ക്കാട്ടു മോളും എന്നീ ഹരിജൻ കോളനികളിൽ പനമ്പ്, ചൂരൽ തുടങ്ങിയ കുടിൽ വ്യവസായങ്ങം തുടങ്ങണം. വലമ്പൂർ കുരിശുക്കൽ ഖാദി ബോർഡ് വക സോപ്പു നിർമ്മാണ യൂണിറ്റ് തുടങ്ങണം. പ്ലാസ്റ്റിക്ക് റബ്ബർ അധിഷ്ഠിത വ്യവസായം, കോഴി

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങം നൽകുന്ന പരിപാടി

വാർഡ് നമ്പർ	സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
1	2	3	4	5
I	21	2	19	
II	30	3	27	
III	12	-	12	
IV	29	-	29	
V	1	-	1	
VI	6	2	4	
VII	4	-	4	
VIII	12	2	10	
IX	7	-	7	
TOTAL	122	9	113	

വളർത്തൽ പന്നിവളർത്തൽ, തേനിച്ച വളർത്തൽ കേന്ദ്രംഎന്നിവ തുടങ്ങണം. പഴം സംസ്ക്കരണം, അച്ചാറുകൾ ഉണ്ടാക്കൽ, ബുക്ക് ബയൻറിംഗ് നോട്ടുബുക്കുനിർമ്മാണം എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുക.

പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും എല്ലാവിധത്തിലുള്ള വ്യവസായ യൂണിറ്റുകളും സ്ഥാപിക്കണമെന്നുള്ളതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത് പക്ഷേ അതിന് ആവശ്യമായ സ്ഥലത്തിൻെറ ലഭ്യത അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിനുള്ള സാദ്ധ്യത, ഭൗതിക സാഹചര്യം സാമ്പത്തിക ഭദ്രത, വിപണനസൗകര്യംഎല്ലാറ്റിനുംപുറമേ വിദഗ്ധ തൊഴിലാളികളുടെ കുറവ്, ലൈസൻസുസംബന്ധിച്ച നൂലാമാലകൾ വ്യവസായ സമ്പസിദ്ധി, വൈദ്യുതി കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസം, വോൾട്ടേജ് ക്ഷാമം, ജില്ല വ്യവസായ കേന്ദ്രത്തിൽ നിന്നും, സർക്കാർ സ്ഥാപനങ്ങളിൽനിന്നും, ബാങ്കുകളിൽനിന്നും, വായ്പ്പ കിട്ടുവാനുള്ള കാലതാമസം മുതലായ പ്രതിബന്ധങ്ങൾ അനവധിയാണ്. ജനപങ്കാളിത്തത്തോടുകൂടി മാത്രമെ വ്യവസായങ്ങൾ സർക്കാർ വക തുടങ്ങു. ഇതിനെല്ലാം പുറമെ, മലിനീകരണം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകൾ ലഭിക്കേണ്ടതാണ്.

വ്യവസായ രംഗത്ത് മുതൽ മുടക്കാൻ തയ്യാറാകുന്നവരെ പ്രേരണ ചെലുത്തി രംഗത്തിറക്കണം. സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കണം. പരിശീലന കേന്ദ്രം തുടങ്ങണം. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം. ചെറുകിടവ്യവസായസംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിലാക്കണം. ഇവ നടത്തുന്നതിന് ദേശവൽക്കൃത ബാങ്കുകളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം. വ്യവസായ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

വ്യവസായ സംരംഭകർക്ക് ശില്പശാലകൾ നടത്തണം. തൊഴിലാളികളും ഉടമകളും നല്ല ബന്ധം പുലർത്തി വ്യവസായങ്ങൾ നിലനിന്നു പോകുവാൻ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ തൊഴിലാളികളും തൊഴിലാളികളുടെ ക്ഷേമങ്ങൾ മെച്ചപ്പെട്ടവേതന വർദ്ധനവ്, നല്കുവാൻ വ്യവസായ ഉടമകളും സന്നദ്ധരാകണം.

പഞ്ചായത്തിൻെറ സൗകര്യ പ്രദമായ സ്ഥലത്ത് ഇൻഡസ്ട്രിയിൽ പരിശീലന കേന്ദ്രം അനുവദിക്കുക. ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ മുൻപോട്ടുവരുന്നവരെ സഹായിക്കുവാൻ ഗ്രാൻറ് വേണ്ടതു നല്കുക പരമ്പാരഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനു സഹായിക്കുന്നതിനും പഞ്ചായത്തിന് വേണ്ടതു നല്കുക. ഒരോ വാർഡിലും തൊഴിൽരഹിതരായ വനിതകൾക്കു വേണ്ടി വനിത സഹകരണ സംഘങ്ങൾ രൂപീകരിച്ച് വനിതാ ക്ഷേമ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നല്കുക.

ഈ രീതിയിൽ വ്യവസായ വളർച്ച പ്രാപിക്കുന്നതൊടൊപ്പം അവയിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ പൊതുജനാരോഗ്യത്തിന് ഹാനികരമാവുന്നില്ല എന്ന് പഞ്ചായത്തല കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. വ്യവസായം ജനങ്ങളുടെ ക്ഷേമത്തിനു പകരിക്കുന്നരീതിയിൽ വളർത്തികൊണ്ടു വരേണ്ടതാണ്.

വ്യവസായം

ഗ്രാമ സഭ നിർദ്ദേശങ്ങൾ

വാർഡ് 1_____

1. റബ്ബറും റബ്ബർ ഉല്പന്നങ്ങളുടെ യും വ്യവസായയൂണിറ്റ് തുടങ്ങുക.

2. കേരോല്പന്ന പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങുക (കൊപ്ര, വെളിച്ചെണ്ണ, ചകരി, കൗതുകവസ്തുക്കൾ).

3. ഈറ്റ വ്യവസായ യൂണിറ്റ് (പരമ്പരാഗത വ്യവസായം).

4. ഇൻഡിസ്ട്രിയൽ എസ്റേറ്റ് തുടങ്ങുക.

5. മരിച്ചീനി - സ്റാർച്ച് ഫാക്ടറി

6. നാഷണലൈസ്ഡ് ബാങ്കിൻെറ ശാഖ തുറക്കുക.

7. കളിമൺ വ്യവസായം പ്രോൽസാഹിപ്പിക്കുക.

വാർഡ് 2_____

1. ചെറുകിട വ്യവസായ യൂണിറ്റ്

സ്ഥാപിക്കുക.

2. റബ്ബറധിഷ്ഠിട വ്യവസായം തുടങ്ങുക.

3. കറിപൗഡർ വ്യവസായം ആരംഭിക്കുക.

4. പനമ്പ് ചൂരൽ വ്യവസായം.

5. വനിതകൾക്ക് വേണ്ടി വ്യവസായം ആരംഭിക്കുക.

6. കൊപ്ര സംസ്ക്കരണ ഫാക്ടറി തുടങ്ങുക.

7. റബ്ബർ പാൽ സംസ്ക്കരണ ഫാക്ടറി തുടങ്ങുക.

8. പൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി തുടങ്ങുക.

വാർഡ് 3

1. ചകിരി ചിരട്ട ഉപയോഗിച്ച് ഒരു വ്യവസായം.

2. റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുക.

3. ഇലക്ട്രോണിക്ക് വ്യവസായ യൂണിറ്റ് ആരംഭിക്കുക.

4. വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി എളുപ്പത്തിൽ ലഭ്യമാക്കുക.

5. ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ഓഫീസർ മാസത്തിൽ ഒരിക്കലെങ്കിലും ഓരോ യൂണിറ്റും സന്ദർശിക്കുക.

വാർഡ് 4

ഈ വാർഡിൽ സുലഭമായി ലഭിക്കുന്ന കൈത ഉപയോഗിച്ച് പരമ്പരാഗത വ്യവസായം എന്ന നിലയിൽ വെട്ടിയ്ക്കത്തോട് ഭാഗത്ത് ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.

2. റബ്ബർ അടിസ്ഥാനമാക്കി റബ്ബർ ബാൻറ്, കൈയുറ ഫിഗർക്യാപ്പ്, എന്നിവ നിർമ്മിക്കുവാനുള്ള ഒരു ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

3. ബഡ് നിർമ്മാണയൂണിറ്റ് തുടങ്ങുക. ഈ യൂണിറ്റിൽ നിന്നും മാത്രം ഗവൺമെൻറ് സ്ഥാപനങ്ങൾ ബഡുകൾ വാങ്ങാവൂ എന്ന് നിയമം മൂലം നിശ്ചയിക്കുക.

4. നാളികേരം സംഭരിച്ച് കൊപ്ര, വെളിച്ചെണ്ണ, ഉണ്ടാക്കുന്ന യൂണിറ്റ് ആരംഭിക്കുക.

5. സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

6. പൈനാപ്പിൾ അടിസ്ഥാനമാക്കി ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.

7. പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.

8. മുട്ടയുല്പാദനം ഉയർത്തുന്നതിന് വേണ്ടി കോഴി വളർത്തൽ ആരംഭിക്കണം.

9. വനിതകൾക്ക് വേണ്ടി റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ് പലഹാരയൂണിറ്റ്, കുറ്റി മുല്ല, ഓർക്കിഡ് മുതലായവ വളർത്തുന്ന യൂണിറ്റ്, എന്നിവ ആരംഭിക്കുക.

10. ഇന്ദ്രാം ചിറ ബോട്ടിംഗ് സൗകര്യങ്ങളുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുക.

വാർഡ് 5

1. കടയിരുപ്പ് വ്യവസായ മേഖലയോട് അനുബന്ധിച്ച് ഒരു മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. ഖാദി ബോർഡിൻെറ കീഴിൽ വ്യവസായങ്ങൾ ആരംഭിക്കുക.

3. തീപ്പെട്ടി വ്യവസായം.

4. തേനീച്ച വളർത്തൽ.

5. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

6. റബ്ബർ പാൽ സംസ്ക്കരണ ശാല സ്ഥാപിക്കുക.

7. ചെരുപ്പ് നിർമ്മാണ ശാല തുടങ്ങുക.

വാർഡ് 6

ആറാം വാർഡിൽ നിലവിൽ യാതൊരു വ്യവസായങ്ങളും ഇല്ലാത്തതിനാൽ താഴെ പറയുന്ന വ്യവസായങ്ങൾ തുടങ്ങുക.

1. ഈ വാർഡിൽ വളരെ സുലഭമായി ലഭിക്കുന്ന റബ്ബർ പാൽ അടിസ്ഥാനമാക്കി ചെരുപ്പ് നിർമ്മാണം കയ്യുറ, റബ്ബർ ബാൻറ് നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

2. വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് റെഡിമെയ്ഡ് നിർമ്മാണം, ബ്യൂട്ടീഷൻ കോഴ്സ്, കൈത്തറി നിർമ്മാണം ആരംഭിക്കുക.

3. കുടിൽ വ്യവസായ മെഴുകുതിരി, പലഹാരം മുതലായവ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുക.

4. റബ്ബർ പാൽ സംസ്ക്കരണശാല, പൈനാപ്പിൾ സംസ്ക്കരണ ശാല ആരംഭിക്കുക.

വാർഡ് 7

കരിങ്കൽ, ചെങ്കൽ അടിസ്ഥാനമാക്കി ഒരുവ്യവസായ യൂണിറ്റ് ആരംഭിക്കുക.

2. കോഴിവളർത്തൽ, പന്നിവളർത്തൽ , തേനിച്ച വളർത്തൽ മുതലായവക്ക് താല്പര്യമുള്ള ആളുകൾക്ക് പരിശീലനം കൊടുക്കുക.

വാർഡ് 8

1. വനിത സഹകരണ സംഘങ്ങൾ രൂപീകരിച്ച് വനിത വ്യവസായം ശക്തമാക്കുക.

2. ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങൾക്ക് ലോൺ ലഭിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ സുതാര്യമാക്കുക.

3. റബ്ബധിഷ്ഠിത വ്യവസായം ആരംഭിക്കുക.

4. ചെരുപ്പ് നിർമ്മാണ ശാല ആരംഭിക്കുക.

വാർഡ് 9

1. കരാട്ട് കുന്ന് മെയ്ക്കാട്ടുമേളം കോളനികളിൽ പനമ്പ് ചൂരൽ തുടങ്ങിയ കുടിൽ വ്യവസായം ആരംഭിക്കണം.

2. വലമ്പൂർ കുരിശിങ്കൽ ഖാദി ബോർഡ് വക സോപ്പ് നിർമ്മാണം ആരംഭിക്കണം.

3. കോഴി വളർത്തൽ, പന്നിവളർത്തൽ, എന്നിവ തുടങ്ങണം.

4. പ്ലാസ്റ്റിക് വ്യവസായം റബ്ബറധിഷ്ഠിത വ്യവസായം എന്നിവ ആരംഭിക്കണം.

5. പഴസംസ്ക്കരണം, ബുക്ക് ബൈൻഡിംഗ്, നോട്ടു ബുക്കു നിർമ്മാണം, തേനിച്ച വളർത്തൽ എന്നിവ ആരംഭിക്കണം.

സാധ്യതകൾ

വാർഡ് 1

ഒന്നാംവാർഡിന്റെ, ഉടമസ്ഥാവകാശത്തിൽ ഉള്ള തരിശായികിടക്കുന്ന നാൽപതുസെന്റ് സ്ഥലത്ത് കളിമൺ വ്യവസായം തുടങ്ങുവാൻ ഉള്ള നടപടികൾ സ്വീകരിക്കണം.

വാർഡ് 4

മൂശാരിപ്പടിയ്ക്കടുത്ത് തുടങ്ങുവാൻ സാധ്യതയുള്ള കമ്പനിക്ക് വിദഗ്ധ കമ്മറ്റി പ്രൊജക്റ്റ് റിപ്പോർട്ട് പരിശോധിച്ച് ഗ്രാമസഭ കൂടിയതിന് ശേഷമേ ലൈസൻസ് അനുവദിക്കുവാൻ പാടുള്ളൂ.

വാർഡ് 7

1. ഈ വാർഡിലുള്ള സർക്കാർ വക35 സെന്റ് സ്ഥലത്ത് ഖാദി വ്യവസായം ആരംഭിക്കുക.

2. പാങ്കോട് റബ്ബർ ഉല്പാദക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള 10സെന്റ് സ്ഥലത്ത് റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കുക.

വാർഡ് 8

1. പഴന്തോട്ടം റബ്ബർ ഉല്പാദക സഹകരണ സംഘത്തിന്റെ കീഴിൽ റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ് ആരംഭിക്കുക.

2. നല്ലരീതിയിൽ പ്രവർത്തിക്കുന്ന മഹിളാ സമാജത്തിന്റെ മേൽ നോട്ടത്തിൽ പലഹാര നിർമ്മാണം, മെഴുകുതിരി നിർമ്മാണം, തയ്യൽ പരിശീലനം എന്നിവ ആരംഭിക്കണം.

3. ഇവിടെയുള്ള ഖാദി ബോർഡ് കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് വിലകുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കണം.

4. നിലവിലുള്ള മാർക്കറ്റ് പ്രവർത്തന ക്ഷമമാക്കുക.

വാർഡ് 5

ഈ വാർഡിലുള്ള വ്യവസായ ശാലകളിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

ഊർജ്ജം

ആമുഖം

കേരളീയരെ സംബന്ധിച്ചിടത്തോളം പ്രധാനമായും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, എണ്ണ, പ്രകൃതി വാതകം, കൽക്കരി, വിറക്, മുതലായവയാണ്. നമ്മുടെ നാട്ടിൽ ജനങ്ങൾ വിറക്, തെങ്ങ് ഉല്പന്നങ്ങൾ, റബ്ബർ, ചിപ്പ് ചവറുകൾ, എന്നിവയും ഇന്ധനത്തിന് ഉപയോഗിക്കുന്നു.

കാർഷീക മേഖലയിൽ മനുഷ്യാദ്ധാനവും കന്നുകാലികളും പ്രധാന ഊർജ്ജി സ്രോതസ്സുകളാണ്.

ബഹുഭൂരിപക്ഷം വീട്ടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. ആകെ 5874 വീട്ടുകളിൽ 4060 വീടുകൾ, വൈദ്യുതികരിച്ചതും 1814 വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഇവിടങ്ങളിൽ മണ്ണണ്ണ തന്നെയാണ് ആശ്രയം.

ഈ അടുത്ത കാലത്തായി പരമ്പരാഗത ഇന്ധനങ്ങളുടെ ലഭ്യതക്കുറവും, ആധുനീക ജീവിതരീതികൊണ്ടും പാചകവാതക ഉപയോഗിക്കുന്ന രീതി ജനങ്ങൾ സ്വീകരിച്ചു വരുന്നു. റബ്ബറും മരവും ഇപ്പോഴും നമ്മുടെ പ്രധാന ഇന്ധനാവശ്യങ്ങൾ നിറവേറ്റുന്നുണ്ട്.

ഗ്രോവർ ഗ്യാസ്, (ചാണകവാതകം) ഉല്പാദിപ്പിച്ച്, ഗാർഹീകമായ ഉപയോഗം അപകട രഹിതവും, ഗ്രാമതലത്തിൽ പ്രോത്സാഹിക്കേണ്ടതും, ഇന്ധന ക്ഷമതയ്ക്ക് ഉതക്കുന്നതുമാണ്. ഖാദി ബോഡിൽ നിന്നും മൃഗസംരക്ഷണവകുപ്പിൽ നിന്നും ചെറിയ തോതിൽ പ്രോത്സാഹനം നൽക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് സഹായത്തിന്റെ തോതും, എണ്ണയും അപര്യാപ്തമാണ്. നിർമ്മാണ പ്രക്രിയക്ക് സങ്കേതീകത്വം അധികമായി വേണ്ടിയിരിക്കുയാൽ പല പ്പോഴും, ആവശ്യക്കാർ ഉണ്ടാക്കുന്ന ന്യൂനത ഇല്ലാത്തതായി തീരുന്നില്ല. പ്ലാസ്റ്റിക്ക് കൊണ്ട് വാട്ടർ ടാങ്ക് ഉണ്ടാക്കുന്ന അതെ രീതിയിൽ സാങ്കേതിക മേന്മയുള്ള ടാങ്കുകൾ, റെഡിമേയ്ഡ് ആയി ഘടിപ്പിച്ച് കൊടുക്കുന്ന സംവിധാനം ക്രമീകരിക്കുന്ന പക്ഷം ഗ്രാമീണ ജനതയ്ക്ക് കൂടുതൽ പ്രയോജന പ്രദവും കാര്യക്ഷമവും ആയിത്തീരുന്നതാണ് എന്ന് ഈ അവസരത്തിൽ ശ്രദ്ധയിൽ പെടുത്തി കൊള്ളുന്നു.

വിറകിന്റെ ലഭ്യതയും വിലക്കൂടുതലും സാധാരണജനങ്ങൾക്ക് അപ്രാപ്യമായിരിക്കുന്നു. പ്രകൃതിജന്യമായി ഊർജ്ജസ്രോതസ്സുകളെ ആധുനീവൽകരിച്ചും, കാരക്ഷമതയുള്ള അടുപ്പുകൾ ശാസ്ത്രിയമായി നിർമ്മിച്ച് തൊടുത്തും ഇന്ധനത്തിന്റെ നഷ്ടത്തോത് കുറയ്ക്കാനും ശ്രമിക്കുന്നത് അഭികാമ്യമായിരിക്കും. സോളാർ എനർജിയെ ഗാർഹീകോപയോഗത്തിനും, വെളിച്ചം കാണുന്നതിനും പ്രയോജനപ്പെടുത്തുമാറ് നിർമ്മിച്ച്പ്രോത്സഹിക്കുന്നത്ശ്രമകരമല്ലാത്ത ഊർജ്ജസ്രോതസ്സാണ്.

ജലവൈദ്യുതിപദ്ധതികൾ, എൻജിൻ ജനറേറ്ററുകൾ എന്നിവ മൂലം ഉണ്ടാക്കുന്ന വൈദ്യുതിയെ മാത്രം ആശ്രയിച്ച് നമുക്ക് നിലനില്പില്ലാ എന്ന് ഉയർന്നു വരുന്ന ഉപയോഗക്രമം നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ വഴിവിളക്കുകൾ കത്തിക്കുന്നതിന് സോളാർ എനർജിയെ ആശ്രിയിക്കുന്നത് ഇന്നു നിലവിലുള്ള പഞ്ചായത്തിന്റെ ആവർത്തിത ചെലവ് ചുരക്കുവാനും കര്യക്ഷമത കൂട്ടിയെടുക്കുവാനും ഉപരികരിക്കും. ഇതുപോലുള്ള ഊർജ്ജസ്രോതസ്സ് മറ്റുള്ള സംസ്ഥാനങ്ങളിൽ പ്രവർത്തിച്ച്കേട്ടറിഞ്ഞിട്ടുള്ളതല്ലാതെ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചതായി അറിയുന്നില്ല. ഇന്ധനം ഉപയോഗിച്ചതുപാചകം പ്രഷർ കുക്കർ പോലുള്ള ആധുനീക പാചക പാത്രങ്ങൾ ന്യായ വിലക്ക് സാധാരണക്കാരന്റെ വീട്ടിൽ എത്തുവാൻ സാദ്ധ്യമാവണം.

കച്ചിപ്പെട്ടിപോലുള്ള നൂതന സമ്പ്രദായങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കി കൊടുക്കുവാനുള്ള ഉൽബോധകം സന്നദ്ധ സംഘടനകൾ, വിദ്യാലയങ്ങൾ, വാർത്താ മാദ്ധ്യമങ്ങൾ എന്നിവ വഴി പ്രചരണം കൊടുക്കണം.

വൈദ്യുതിയെ കഴിയുന്നത്ര പ്രസരണം നഷ്ടം ഒഴിവാക്കിയും വൃക്ഷങ്ങളുടെ ശാഖകൾ മുഖാന്തരംഉണ്ടാക്കുന്ന തടസ്സങ്ങൾ യഥാസമയം നീക്കം ചെയ്യുവാൻ പൊതുജനങ്ങളെ ഉൽബുദ്ധരാക്കിയും ഊർജ്ജാലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിച്ചും വൈദ്യുതിയുടെ അമിത ഉപഭോഗം കുറയ്ക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ ആകെ 5874 വീടുകളുള്ളതിൽ 4060 വീടുകൾ വൈദ്യുതീകരിച്ചിട്ടുള്ളതും 1814 വീടുകൾ മൂന്ന് സെക്ഷനാഫിസുകളിലായി വൈദ്യുതീകരിക്കുവാൻ അവശേഷിക്കുന്നതും ആണ്. വരുമാനം കുറഞ്ഞ ആളുകളുടെ കണക്ഷനാണ് അവശേഷിക്കുന്നത് അതിൽ കോളനി നിവാസികളും ഉൾപ്പെടുന്നു. മൊത്തം 48 ട്രാൻഫോമറുകളിൽ നിന്നായി അവശേഷിക്കുന്ന കണക്ഷൻ കപ്പാസിറ്റി കുറവുമൂലവും കണക്ഷൻ കെടുക്കേണ്ട ഉപകരണങ്ങളുടെ ലഭ്യത്യക്കുറവുമൂലവും, ആണെന്ന് അറിയാൻ കഴിഞ്ഞു. സ്ട്രീറ്റ് ലൈറ്റ് 399 ബൾബുകളും 33 റ്റൂബ് ലൈറ്റുകളും കണക്കിലല്ലാതെ ഭൂരിപക്ഷവും കത്തുന്നില്ല. പഞ്ചായത്തിൽ നിന്നും അതിന്നാൽ 45000/- രൂപ ഈ ഇനത്തിൽ നികുതി അടച്ചുകൊണ്ട് ഇരിക്കുന്നത് സേവനാടിസ്ഥാനത്തിൽ നോക്കിയാൽ പാഴ് ചിലവ് ആണ്. എന്നലാതെ സാമ്യാന്യ ബുദ്ധിയുള്ളവർ വില ഇരുത്തുകയില്ല.

പഞ്ചായത്ത് പരിധിയിൽ
വൈദ്യുതി വിതരണം ചെയ്യുന്ന **L T**
ട്രാൻസ് ഫോർമറുകളുടെ പേരുകൾ

1. മാങ്ങാട്ടൂർ അമ്പലം
2. മാങ്ങാട്ടൂർ സ്കൂൾ 100
3. ഇന്ത്രാൻ ചിറ
4. പെരിങ്ങോൾ
5. എഴുപ്രം
6. കടയിരുപ്പ്
7. സിന്തയിറ്റ്
8. മെഡിക്കൽ മിഷ്യൻ
9. നമ്പ്യാർപടി
10. പൂമറ്റം
11. പെരിങ്ങോൽ 100
12. നാഞ്ചിറ
13 നാഞ്ചിറ
14. ചങ്ങിച്ചേരി
15. പെരുവും മുഴി
16,. പെരുവും മുഴി
17. പെരുവും ഈസ്റ്റ
18.ചെമ്പൻ മല
19. പ്ലാൻറ് പ്രൈവറ്റ് ലാമീന

സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം
അടയ്ക്കുന്ന തുക 4328

ഐക്കരനാട് ഗ്രാമപഞ്ചായത്ത്
ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്കീമിൽ വൈദ്യു.ഉപ. എണ്ണം.	പണം നൽകി വൈദ്യുതി കണ: ലഭിക്കുന്ന കുടും: എണ്ണം
1	2	3	4	5
1	2	35	10	25
2	2	24	6	18
3	2	6	1	5
4	2	10	3	7
5	2	15	10	5
6	2	6	1	5
7	2	15	5	10

പഞ്ചായത്തുകാർക്ക് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് എടുത്ത് പ്രതിഫലം കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യുന്നത് അഭികാമ്യമായിരിക്കും. കാലാകാലങ്ങളിൽ ബൾബ് വാങ്ങി ഇടുവാനുള്ള ചുമതല ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും അതിനുള്ള ചിലവു ബില്ലിൽ ഇളവ് ചെയ്തു കിട്ടുവാനുള്ള സംവിധാനം ഉണ്ടാകകുകയും ചെയ്യണം. കാലുകളുടെ ലഭ്യത തടസ്സമായി വന്നാൽ ഗുണഭോക്താവിനെ അതിന് ചുമതലപ്പെടുത്തുന്നത് കാര്യനിർവ്വഹണത്തിന് എളുപ്പമായിരിക്കും.

വോൾട്ടേജ് ക്ഷാമം, കുട്ടികളുടെ വിദ്യാഭ്യാസം, കൃഷി, വ്യവസായം എന്നിവയെ മുഖ്യമായും ബാധിക്കുന്നതാകയാൽ അത് പരിഹരിച്ച് ക്രമക്കേടുകൾ തീർത്തും സുഗമമാക്കാൻ നിർവ്വഹണം നടത്തേണ്ടതുണ്ട്.

അമ്പലമേടിലുള്ള റിഫൈനറിയിൽ നിന്നും ദിവസേന ലക്ഷക്കണക്കിന് രൂപ വിലവരുന്ന വാതകം കത്തിച്ചു കളയുന്നു എന്നു മാത്രമല്ല. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും, മലിനീകരണത്തിനും കാരണമാകുന്നു. ഇതുമൂലം സമീപവാസികൾ ക്ലേശിക്കുകയാണ് ഈ വാതകം മനുഷ്യർക്ക് പ്രയോജനപ്രദമായ രീതിയിലാക്കികൊടുക്കാൻ ഒരു പദ്ധതി ഉണ്ടാക്കുന്നത് നമ്മുടെ ജില്ലക്ക് പല തരത്തിലും ഗുണകരമായിരിക്കും.

പഞ്ചായത്ത് റോഡുകളുടെ ഇരുവശങ്ങളും വളർച്ച നിരക്ക് കൂടിയ വൃക്ഷങ്ങളും നടുപിടിപ്പിച്ച് വിറക് ക്ഷാമം പരിഹരിക്കുവാൻ പദ്ധതി ഉണ്ടാകണം, ഫലവൃക്ഷങ്ങളും വച്ചു പിടിപ്പിക്കുന്നത് ആ നിലയിലും അഭികാമ്യമായിരിക്കും.

ഊർജ്ജം

1. വഴിവിളക്കുകൾ

ഈ പഞ്ചായത്തിലെ താഴെ പറയുന്ന റോഡുകളിലും പ്രദേശങ്ങളിലും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

1. കടമറ്റം വായന ശാലപ്പടിമുതൽ തോന്നിക്കവരെ നാഷണൽ ഹൈവേയിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

2. കടമറ്റം നമ്പ്യാർ പടി ലക്ഷംവീടു കോളനി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

3. കടമറ്റം നമ്പ്യാർ പടി- കറുകപ്പിള്ളി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

4. കടമറ്റം കീഴപ്പള്ളിത്തോട് കടവു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

5. പെരുവൻ മൂഴി-കട്ടച്ചിറ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

6. പെരുവൻ മൂഴി- ഊരമന കടത്തുകടവു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

7. കാരമേളെൽ പീടിക മുതൽ ചൊള്ളാക്കുഴി പാലം വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

8. തോന്നിക്ക-കരിപ്പാൽ താഴ് റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

9. മാങ്ങാട്ടൂർ ലക്ഷം വീട് കോളനിക്കു വടക്കുഭാഗത്ത് വഴിവിളക്കുകൾ സ്ഥാപിക്കുക.

10. തോന്നിക്ക-മഞ്ഞിപ്പാടം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

11. മൂരിമറ്റം പീടിക- കാരിക്കോട്ടു താഴം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

12. കാച്ചിറ - കാരിക്കേട്ടിത്താഴം കനാൽ ബണ്ടുറോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

13. തോന്നിക കവല മുതൽ ഞെരിയാം കുഴി പാലം വരെയുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

14. ഞെരിയാം കുഴി-വാഴാരം പാടം റോഡിൽ വഴി വിളക്കുകൾ സ്ഥാപിക്കുക.

15. മാങ്ങാട്ടൂർ സ്ക്കൂൾ പടി മുതൽ ഞെരിയാം കുഴിപാലം വരെയുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

16. മെഡിക്കൽ മിഷൻ റോഡിൽ ചൊള്ളാക്കുഴി പാലം വരെയുള്ള ഭാഗത്ത് വഴിവിളക്കുകൾ സ്ഥാപിക്കുക.

17. മുറിമറ്റം പീടിക- കാരിക്കോട്ടുതാഴം റോഡിൽ നിന്നു വാരപ്പെട്ടി മലയിലേക്കുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

18. മാങ്ങാട്ടൂർ നടുമോളത്ത് കോളനി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

19. മാങ്ങാട്ടൂർ - മാളിക്കക്കുടി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

20. മാങ്ങാട്ടൂർ - വാരട്ടക്കാവ് ചൊള്ളാക്കുഴി മൂരിപാലം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

21. കാരമോളേൽപീടിക- ബ്ലോക്ക്ഓഫീസ് റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

22. സി. സി. എം. പെട്രോൾ ബങ്കുമുതൽ കൊതുകാട്ടി പീടിക വരെയുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

23. തൊണ്ടി പീടിക - പാറേ പീടിക റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

24. തൊണ്ടിപീടിക-പാങ്കോട്ടു ചാപ്പൽ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

25. നീലമാവുങ്കൽ വഴി മുതൽ ചോലാട്ടു പടിവരെയുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

26. ഇരുപ്പച്ചിറ-കുരിച്ചി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

27. വായനശാലപ്പടി - നാലുസെൻറു കോളനിറോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

28. കൂരാച്ചി- മുല്ലശ്ശേരി കനാൽ ജംങ്ഷൻ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

29. പാറേപ്പീടിക- പണ്ടോരകൂടി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

30. പാറേപ്പീടിക-മുല്ലശ്ശേരി കുരിശും തൊട്ടി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

31. പാങ്കോട്ട് ഇടശ്ശേരി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

32. പാങ്കോടു-വടവുകോടു റോഡിൽ വഴിവിളക്കുകൽ സ്ഥാപിക്കുക.

33. ഇരുപ്പച്ചിറ- വടവുകോടു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

34. കീരിക്കാട്ടിൽ പടി-വെണ്ണിക്കുളം കോളനിറോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

35. ആശ്രമം കവല-തൊലുത്തുങ്കൽ താഴം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

36. ഭജന മഠം-ലക്ഷം വീടു കോളനി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

37. വടയമ്പാടി - പാങ്കോട് റോഡിൽ (പരോടികവല മുതൽ ഇരട്ടക്കടമ്പ വരെ) റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

38. പാങ്കോട്ട-കുറ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

39. ഇരുപ്പച്ചിറ-പഴന്തോട്ടം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

40. പുളിച്ചോട്- പാങ്കോടു കവല റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

41. പാറപ്പുറം - പള്ളിത്താഴം വഴി തടമ്പാട് റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

42. പഴത്തോട്ടം - വെമ്പിളളി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

43. മനയത്ത് പീടിക-ദേശീയ മഹിളാ സമാജം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ

1. പാതിരക്കോട്ടു കോളനി വൈദ്യുതീകരിക്കുക.

2. ഓടോളി മ്യാൽകോളനി വൈദ്യുതീകരിക്കുക.

3. വാച്ചില സുമാരി പ്രദേശം വൈദ്യുതീകരിക്കുക.

4. ഇടശ്ശേരിക്കാവു പ്രദേശം വൈദ്യുതീകരിക്കുക.

5. മിച്ച ഭൂമി കോളനി വൈദ്യുതീകരിക്കുക.

6. ഭജനമഠംകോളനിവൈദ്യുതീകരിക്കുക.

7. ചെറുകുഴികോളനി പ്രദേശം വൈദ്യുതീകരിക്കുക.

8. പഴന്തോട്ടം ലക്ഷം വീടുകോളനി വൈദ്യുതീകരിക്കുക.

9. നരിച്ചിലക്കോടു കോളനി വൈദ്യുതീകരിക്കുക.

ട്രാൻസ്ഫോമർ

1. കോലഞ്ചേരി ജല വിതരണ പമ്പു ഹൗസിനു സമീപം പുതിയ ട്രാൻഫോമർ സ്ഥാപിക്കുക.

2. നാലാം വാർഡിൽ ഉണ്ടായിരുന്ന ആർ. ഇ. സി. ട്രാൻഫോമർ പുനഃസ്ഥാപിക്കുക.

3. പാപ്പാരി പീടികയ്ക്കു സമീപമുള്ള ട്രാൻഫോമർ നന്നാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

4. മാങ്ങാട്ടൂർ എൽ. പി. സ്ക്കൂൾ കവലയിലുള്ള ട്രാൻഫോമർ നന്നാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

5. ഇന്ത്രാം ചിറയിലുള്ള ട്രാൻസ്ഫോമറിന്റെ ഫ്യൂസ് കാരിയർ പുതുക്കി വയ്ക്കുക.

6. പാങ്കോട്ടു വായനശാല ഭാഗത്ത് ഒരു പുതയി ട്രാൻഫോമർ സ്ഥാപിക്കുക.

7. പഴന്തോട്ടം പള്ളിത്താഴത്ത് ഒരു ട്രാൻഫോമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം

പരിഹരിക്കുക.

8. പഴന്തോട്ടം പാറപ്പുറത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിച്ച് വോംട്ടേജ് ക്ഷാമം പരിഹരിക്കുക.

പൊതുകാര്യങ്ങം

1. അഞ്ചാം വാർഡിൽ ഒരു സബ്ബ് സ്റേഷനും ഒരു സെക്ഷൻ ഓഫീസും സ്ഥാപിക്കുക.

2. എല്ലാംകവലകളിലും മെർക്കുറി ബംബുകളോ, ട്യൂബുലൈററുകളോ കത്തിക്കുക.

3. കേടുവന്ന ബംബുകം മാററിയിട്ട് എല്ലാ വഴിവിളക്കുകളും സ്ഥാപിക്കുക.

4. വോംട്ടേജ് ക്ഷാമം പരിഹരിക്കുക.

5. വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. മനയത്തു പീടിക കോളനിയിലേക്കുള്ള വൈദ്യുത ലൈൻ ത്രീഫേസ് ആക്കുക.

7. എഴുപ്രം കറുത്തേടത്തു പീടിക കൊമ്പത്തു പീടിക വൈദ്യുതിലൈൻ ത്രീഫേസ് ആക്കുക.

8. പുകയില്ലാത്ത അടുപ്പുകംവിതരണം ചെയ്യുക.

9. സോളാർ അടുപ്പുകം വിതരണം ചെയ്യുക.

10. ആവശ്യാനുസരണം ബയോഗ്യാസ് പ്ലാൻറു നിർമ്മിച്ചുകൊടുക്കുക.

11. സെൽഫ് മീററർ റീഡിങ്ങ് നടപ്പാക്കുക.

12. പ്രസരണനഷ്ടവും അമിതഉപഭോഗവും നിയന്ത്രിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുക.

പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന P.W.D. റോഡുകളുടെ സ്ഥിതി വിവരം.

1. പഴന്തോട്ടം കോലഞ്ചേരി റോഡ് - 8.200
2. കടയരുപ്പ് പട്ടിമററം റോഡ് - 2.100
3. മംഗലത്ത്നട ചിത്രപ്പുഴ റോഡ് - 7.100
4. പെമ്പാവൂർ- പുത്തൻ കുരിശ് റോഡ് - 5.100
5. പാങ്കോട്- വടവുകോട് റോഡ് - 1.500
6. വടുവുകോട് - പഴന്തോട്ടം റോഡ് - 4.200
7. പഴന്തോട്ടം - അമ്പലം പടിറോഡ് - 2.500
8. കാരമോളേൽ പീടിക ചെത്തുക്കുടി റോഡ് - 3.300
9. പെരുമുവഴി - കടയ്ക്കനാട്ട് റോഡ് - 0.500

34.400

പഞ്ചായത്ത് റോഡുകളുടെ സ്ഥിതി വിവരകണക്ക്.

	മണ്ണ് റോഡ്	ടാർ റോഡ്	ആകെ
വാർഡ് 1	5.100	6.300	11.400
വാർഡ് 2	9.750	7.00	16.750
വാർഡ് 3	9.800	5.700	15.500
വാർഡ് 4	5.200	5.500	10.700
വാർഡ് 5	4.200	5.900	10.100
വാർഡ് 6	8.700	4.900	13.600
വാർഡ് 7	8.500	2.200,	10.700
വാർഡ് 8	4.100	5.200	9.300
വാർഡ് 9	5.100	5.700	10.800
	60.450	48400	108.850

ഗതാഗതം

ആമുഖം

എറണാകുളംജില്ലയുടെ ആസ്ഥാനമായ സിവിൽ സേഷ്റനേറയും, ആലുവാ, പെരുമ്പാവൂർ, മൂവ്വാറ്റുപുഴ എന്നീ പട്ടണങ്ങളിലേക്ക് ഏകദേശം തുല്ല്യദൂരത്തിൽ ഐക്കരനാട് പഞ്ചായത്ത് ആസ്ഥാനം സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിന്റെ തെക്കു കിഴക്കേവശത്തുകൂടി കൊച്ചി -മധുര ദേശീയ പാതകടന്നു പോകുന്നു. N.H 47 ലേക്കും ഈ പഞ്ചായത്തകു ആസ്ഥാനത്തു നിന്നും ലിങ്കു റോഡുകളുണ്ട്.

ഈ പഞ്ചായത്തിൽ 33.500 കിലോമീറ്റർ റോഡുകൾ വകയായും 108.850 കിലോമീറ്റർ ദൂരം റോഡ് പഞ്ചായത്ത് വകയായും ഉണ്ട്. പഞ്ചായത്ത്റോഡിൽ48.400 കിലോമീറ്റർ റോഡ് ടാർ ചെയ്തിട്ടുള്ളവയാണ്.

റോഡുകളിൽപലതിനുംവർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്ക് അനുസരിച്ചുള്ള വീതിയോ, സൗകര്യങ്ങളോ ഇല്ല. പല റോഡുകളും, രണ്ടു വരിയായും, മൂന്നുവരിപാതയായും ആക്കേണ്ടി യിരിക്കുന്നു.

പഞ്ചായത്ത് റോഡുകൽ ടാർ ചെയ്തി ട്ടുള്ളത് പലതും ഇന്ന്കുണ്ടും കുഴിയും നിറഞ്ഞ അവസ്ഥയിലാണ് ആയതിന് കാലാനു സൃതമായ അറ്റകുറ്റപ്പണിക്കും നിർവഹി ക്കുന്നതിന് സാമ്പത്തിക പരാധീനത വിലങ്ങ് തടിയായി നില്ക്കുന്ന്. R.D.B.S. ലോൺ അടയ്ക്കലും, കാലകാലങ്ങളായുള്ള കുടിവെള്ള കുടിശിഖയും, കത്താത്ത വിളക്കിന് അടയ്ക്കന്ന വൈദ്യുത നികുതിയും ഈ പഞ്ചായത്തിന് ഒരു ശാപമാണ്.

ഈ പഞ്ചായത്തിനെ രാമമംഗലം പഞ്ചായ ത്തുമായി ബന്ധിഘ്ലിക്കുന്നതിന് പെരുമൂഴി യിലും, കിഴ് പ്പള്ളി തോട്ടത്തും ഒരു ഓരോ കടവുണ്ട്. ഈ പ്രദേശത്തെ ആളുകളുടെ ചിരകാലാഭിലാഷമായ പണി നടന്നുകൊണ്ടി രിക്കുന്ന പെരുവും മൂഴി -ഊരമലപാലം പൂർത്തിയാക്കുന്നതോടെ തെക്കൻ ജില്ലകളി ലേക്കുള്ള പ്രവേശന കവാടമായി മാറുകയാണ് നമ്മുടെ പഞ്ചായത്ത്.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ ലിങ്ക് റോഡുകൾ ധാരാളം ഉണ്ട് എങ്കിലും അവ കാലകാലങ്ങളിൽ മെയിൻറനൻസ് നടത്തു ന്നതിനോ, ടാർ ചെയ്യുന്നതിനോ സാധിക്കാതെ വരുന്നു. കാർഷിക മേഖല ആയ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കർഷകരുടെ ഉന്നമനത്തിനായി, കൃഷി യിടങ്ങളിലേക്കുള്ള, ടാക്ടർ റോഡുകളും, ഫാം റോഡുകളും എല്ലാ വാർഡുകളിലും നിർമ്മിക്കേണ്ടിയിരിക്കുന്നു.

വൈദ്യുതരംഗത്ത് കേരളം അറിയപ്പെടുന്ന ആശുപത്രി കോലഞ്ചേരി മെഡിക്കൽ മിഷൻ , ഈ പഞ്ചായത്തിലാണ്. വർദ്ധിച്ചുവരുന്ന വാഹനഗതാഗത തിരക്ക് നിയന്ത്രിക്കു ന്നതിനും, കൂടുതൽ സൗകര്യം എർപ്പെടുത്തുന്ന തിനും ആശുപത്രിയുടെ പ്രാന്തപ്രദേശത്ത് ഒരു ബസ്സ്റാൻറ്, ഷോപ്പിങ്ങ് കോപ്ളക്സ് നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

കാലകാലങ്ങളിൽ ഉണ്ടാകുന്ന ഗവൺമെൻറ് ഗ്രൻറും, പ്രദേശിക വിഭവ സമാഹരണ വും വഴി ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്.

ടാർ ചെയ്യേണ്ടവ

1. കടമറ്റം- ലക്ഷം വീട് കോളനി - മാടമ്പുറം.
2. നമ്പ്യാർ പടി- എനാഭിപ്പാടം.
3. കടമറ്റം വള്ളിത്താഴം-മനയ്ക്കക്കുളം.
4. മോളേക്കുടി- ഹരിജൻ കോളനി.
5. പെരവം മുഴി- കട്ടച്ചിറ.
6. തൊട്ടിപ്പീടിക- കാരിക്കോട്ടിത്താഴം- കനാൽ ബണ്ട്.
7. മുരിമറ്റം പീടിക- കാരിക്കോട്ടിത്താഴം -വാരപ്പെട്ടി മലയിലേക്കുള്ളത്.
8. മാങ്ങോട്ടി പ്പാടം - വാരപ്പെട്ടിമല.
9. ആരമ്പിളിത്താഴം- കരിപ്പാൽ ത്താഴം.
10. പൂമറ്റം സർവ്വീസ് സ്റ്റേഷൻ മഞ്ചികപ്പാടം.
11. മാങ്ങാട്ടൂർ- ലക്ഷം വീട് 1.
12. ഞെരിയാം കുഴി - വാഴാരം പാടം.
13. തോന്നിക്ക- കോർപ്പേലിപ്പാടം.
14. മെഡിക്കൽ മിഷൻ- ചൊളവാക്കുഴിമുനി.
15. കിടാച്ചിറി എൻ.എച്ചിൽ നിന്നും പയ്യപ്പുറം.
16. നടുമോളത്ത് - സെറ്റിൽ മെൻറ് കോളനി.
17. അരുമ്പാച്ചിറതൊണ്ടിപ്പീടിക കനാൽബണ്ട്
18. പെരിങ്ങേലം സണ്ടേസ്ക്കൂലം പരിസരത്തുള്ള കനാൽ ബണ്ട്.
19. കല്ലുങ്കൽ ത്താഴം വഴി പുതപ്പനം.

20. മൂശാരി പ്പടി- മാങ്ങാട്ടൂർ.
21. കടയിരുപ്പ് - അതിയാറമ്പ് റോഡ്.
22. പന്ത്രാരണം - കരിപ്പാശേരി.
23. കുര്യാകുളങ്ങര- കരിപ്പാൽത്താഴം.
24. അതിയാമ്പ്- മണിയം പാറ.
25. മാച്ചേരിക്കുടി കോളനി.
26. എഴിപ്രം സെറ്റിൽ മെൻറ് കോളനി.
27. കാഞ്ഞിരത്തും മൂട്- വായനശാല റോഡ്.
28. മുല്ലശ്ശേരിക്കുരിശ്- പാറേപ്പീടിക.
29. കാരമാളേപ്പീടിക- ഓടോളിക്കുളം.
30. അരുമ്പാറച്ചിറ- തൊണ്ടിപ്പീടിക.
31. കല്ലുങ്കൽ ത്താഴം വഴി- പുതുപ്പനം.
32. പാതിരാക്കോട്ടിൽ ഹരിജൻ കോളനി റോഡ്
33. മൂശാരി പ്പടി- മാങ്ങാട്ടൂർ റോഡ്.
34. മാങ്ങാട്ടൂർ- അംഗൻ വാടി റോഡ്.
35. എഴുപ്രം-കറുത്തേടത്തുപടി.
36. നിലവിലുള്ള കാഞ്ഞിരത്തും മൂട് വായന ശാല റോഡ് ടാർ ചെയ്യണം.
37. മുല്ലശ്ശേരി ക്കുരിശ്- പാറേപ്പീടിക റോഡ് ടാർ ചെയ്യണം.
38. കൊടിയാരിക്കുന്ന് - പെരിങ്ങോം റോഡ്.
39. പാറേപ്പീടിക- ചൊളവക്കോട് റോഡ്.
40. പാങ്കോട്-കുറ റോഡ്.
41. 6-ാംവാർഡും, 7-ാംവാർഡും യോജിപ്പിക്കുന്ന അംഗൻ വാടി റോഡ് ടാർ ചെയ്യുക.
42. ഭജനമഠം- ലക്ഷം വീട് കോളനി മൂത്താരിത്താഴം റോഡ് ടാർ.
43. വെട്ടുക്കാട്ടിൽ അമ്പലം- പാങ്കോട് പാടം റോഡ്.
44. പാങ്കോട് - വടവുകോട് റോഡും പാങ്കോട്-കുറ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്.
45. പാറപ്പുറം ചിറയിലപ്പാറമുകൽ റോഡ് ടാറു ചെയ്യാനുള്ള ഭാഗം ടാർ ചെയ്യുക.
46. തടമ്പാട്- ചിനിലപ്പാറ ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
47. പഴന്തോട്ടം ലക്ഷം വീട് കോടുമല റോഡ്
48. പഞ്ചായത്ത് കിണർ- പഴന്തോട്ടം പാടം റോഡ്
49. മനയത്തു പീടിക- അംഗൻ വാടി റോഡ്.
50. മനയത്തു പീടിക- കനാൽ റോഡ്.
51. മേച്ചിങ്കരപ്പടി- പഴയ പുരപ്പടി റോഡ് ടാർ ചെയ്യുക.
52. മേയ്ക്കാട്ട് മോളേൽ കോളനി റോഡ്.
53. വലമ്പൂർ കുരിശ്- ഞാറക്കാടു പടിറോഡ്
54. വലമ്പൂർ കുരിശ് - ചിത്രപ്പുഴ റോഡ്.
55. ഗവൺമെൻറ് എൽ.പി. സ്ക്കൂൾ വലമ്പൂർ ചള്ളി റോഡ്.
56. എഴിപ്രം വെട്ടിക്കൽ ക്ഷേത്രത്തിനു സമീപത്തു നിന്ന് എടശ്ശേരി പാടത്ത് അവസാനിക്കുന്ന 400 മീറ്റർ റോഡ്.
55. മുല്ലശ്ശേരി കുരിശും തൊട്ടി- പാറേപ്പീടിക റോഡ് (2 കി.മി).
56. പാറേപ്പീടിക വായനശാലപ്പീടി റോഡ്. (2 കി.മീ)
57. കൂരാച്ചി-പാങ്കോടു വായനശാല പടി റോഡ്. (3. കി.മീ)

റീ- ടാർ ചെയ്യേണ്ടവ

1. പെരുവം മുഴി- ഊരമന കടത്തുകടവ്.
2. കടമറ്റം- കീഴ്പ്പിള്ളിത്തോടും കടവ്.
3. കടമറ്റം- കറുകപ്പിള്ളി.
4. പാറേക്കാട് - തോന്നിക്ക- മഴുവന്നൂർ റോഡ്.
5. വരപ്പാത്തു കുഴിപ്പടി- ഞെരിയാം കുഴി.
6. നമ്പ്യാർ പടി- കറുകപ്പിള്ളി.
7. നമ്പ്യാർ പടി- ലക്ഷം വീട് കോളനി.
8. ബ്ലോക്ക് - കാരമോളേപ്പീടിക റോഡ്.
9. പാങ്കേട് ചാപ്പൽ- കോലഞ്ചേരി റോഡ്.
10. സി.സി.എം. പമ്പ് മൂശാരിപ്പടി റോഡ്.
11. തൊണ്ടിപ്പീടിക - പാറേപ്പീടിക.
12. മൂശാരിപ്പടി- പാറേപ്പീടിക.
13. കടയിരുപ്പ് - എഴിപ്രം റോഡ്.
14. പാങ്കോട് സിന്തൈറ്റ്- പാറേപ്പീടിക റോഡ്
15. കൂരാച്ചി- പാറേപ്പിടിക റോഡ്
16. പഴന്തോട്ടം പാറപ്പുറം - രാമല്ലൂർ റോഡ് (പള്ളിത്താഴം)
17. സിന്തൈറ്റ് - ഇംഗ്ലീഷ് മീഡിയം റോഡ്.
18. പടപ്പറമ്പ്-കൂരാച്ചി.
19. പടപ്പറമ്പ് ചാൽ വഴി- മില്ലുപടി റോഡ്.
20. കൃഷിഭവൻ - എൽ. പി. സ്ക്കൂൾ റോഡ്.
21. ഭജന മഠം ആശ്രമം കവല- തൊഴുത്തുങ്കൽ റോഡ്.
22. ഹെൽബൽ ഐസോലേറ്റ്സ്-പിപി.റോഡ്.
23. പാങ്കോട്- വടവുകോട് റോഡ്.
24. ഇരുപ്പച്ചിറ- പാങ്കോടു കവല റോഡ്.
25. പി. ഡബ്ലിയു. ഡി. റോഡുകൾ കാലാകാലം മെയിൻറൻസ് ചെയ്യുക.
26. പഴന്തോട്ടം ജംഗ്ഷൻ- കൊക്കാടൻ കുഴിറോഡ്.
27. പാറമറ്റം - പോട്ടത്താഴം റോഡ്.
28. മുല്ലശ്ശേരി കനാൽ ജങ്ഷൻ - കൂരാച്ചി റോഡ്.

പുതിയ റോഡ്

1. കടമറ്റം പോയേടം കവല- കൊരങ്ങേലിപ്പാടം
2. ഏനാദി- നടവരമ്പ് റോഡ്.
3. പെരുവം മൂഴി അംഗൻ വാടി.
4. പെരുവാം മൂഴി - തോന്നിക്ക ലിഫ്റ്റ്.
5. ഇറിഗേഷൻ കനാൽ ബണ്ട് റോഡ്
6. നമ്പ്യാർ പടി- തട്ടാരം മൈനർ ഇറിഗേഷൻ കനാൽ ബണ്ട് റോഡ്.
7. തൊട്ടിപ്പീടിക- വാരപ്പെട്ടിമല.
8. വാരട്ടിക്കാവ്- കോർപ്പേലിത്താഴം
9. വാരട്ടിക്കാവ്- മോളേത്താഴം റോഡ്.
10. താന്നിക്കാമറ്റം ചിറ- മാർത്താട്ടു പടവ്
11. നീലാവുങ്കൽ പടി- ചേലാട്ട് പടി.
12. പെരിങ്ങോം സണ്ടേസ്ക്കൂൾ പരിസരത്തുള്ള കനാൽ ബണ്ട് റോഡ് തെളിച്ച് ടാറ് ചെയ്യുക.
13. എൻ. എച്ച്. 49 ലേക്ക് വാടാത്തോടുപാടം മുതൽ റോഡ് നിർമ്മിക്കുക.
14. ഓടോളിക്കുളം- തൊണ്ടിപ്പീടിക പനിച്ചിമറ്റം റോഡു നിർമ്മിക്കുക.
15. തൊണ്ടിപ്പീടിക - പുതുപ്പനം റോഡ് പുന്നുരന്നി വഴി നിർമ്മിക്കുക.
16. കുഴിക്കാടുകുകഴി മുതൽ ഓടോളിപ്പുരയിടം വരെ വെട്ടിയിരിക്കുന്ന റോഡ്കനാൽ റോഡ് വരെ ബന്ധിപ്പിക്കുക.
17. കോലഞ്ചേരി കോളേജ് ജംഗ്ഷൻ മുതൽ കനാൽ ബണ്ട് റോഡ്വെട്ടി കാരമേളേപ്പീടിക റോഡുമായി ബന്ധിപ്പിക്കുക.
18. പന്തപ്പിളളിപ്പടി മുതൽ പനച്ചമറ്റം വരെ കനാൽ ബണ്ട് റോഡ്.
19. മണക്കാട്ടു പടി- മുണ്ടയ്ക്കാമല വഴി സി. സി. എം. പമ്പ് മൂശാരി പ്പടി റോഡിലേക്ക് ബന്ധിപ്പിക്കുക.
20. ലയൺസ് ക്ലബ് മുതൽ മഞ്ചിക്കപ്പാടം വഴി തോന്നിക്കാ റോഡ്.
21. ചെന്നക്കാടൻ ലോഡ്ജ് മുതൽ ചിങ്ങം ചിറമറ്റം വഴി മഴുവന്നൂർ റോഡിലേക്ക് കനാൽ ബണ്ട് റോഡ്.
22. മാച്ചേരിക്കുടി- എഴിപ്രം, സെററിൽ മെൻറ് കോളനി.
23. കിഴക്കേക്കര- കുററിപറിച്ചേൽ പടി റോഡ്.
24. ചാമാലയിൽ പൈലിയുടെ വീടിനടുത്തു നിന്നും തുടങ്ങുന്ന റോഡ് വടക്കോട്ടു വെ ട്ടി പൂർത്തിയാക്കുക.
25. പട്ടിമറ്റം- കോലഞ്ചേരി റോഡ് വീതികൂട്ടുക.
26. പാറേപ്പീടികയിൽ നിന്നും പണ്ടോരക്കുഴി താഴത്തുവന്നു നിൽക്കുന്ന റോഡും താഴത്തു വന്നു നിൽക്കുന്ന റോഡും പി.പി. റോഡിൽ നിന്നും വൈദ്യശാലപ്പടിയിൽ വന്നു നിൽക്കുന്ന റോഡും ഏകദേശം 300 മീറ്റർ നീളത്തിൽ പാടം നികത്തി വലിയ തോടിന് കുറുകെ പാലം നിർമ്മിച്ച് തമ്മിൽ ബന്ധിപ്പിക്കുക.
27. കൂരാച്ചിയിൽ നിന്നും പാറേപ്പീടിയിൽ നിന്നും തിരുവാലുക്കുന്നത്ത് അമ്പലത്തിന്റെ ഇരവശവും വന്നു നിൽക്കുന്ന റോഡുകൾ ഏകദേശം 150 മീ. പാടം നികത്തി തമ്മിൽ ബന്ധിപ്പിക്കുക.
28. പാങ്കോട് മനക്കത്താഴത്തുനിന്നു വരുന്ന റോഡും പാറേപ്പീടികയിൽ നിന്നും വരുന്ന റോഡും ബന്ധിപ്പിക്കുക.
29. പി. വി.ഐ.പി. കനാൽ റോഡിൽ നിന്നും വാച്ചിലമ്പ് മാരിയിലേക്ക് ഫാം റോഡു വെട്ടുക.
30. പാറേപ്പീടികയിൽ നിന്നും അംഗൻ വാടിയുടെ മുന്നിലൂടെ യുള്ള റോഡ് ഫാം റോഡാക്കുക.
31. പാങ്കോട് അമ്പലത്തിന് മുൻവശം പി.പി. റോഡിൽ നിന്ന് പണ്ടോരം കൂടി താഴത്തേക്ക് ഫാം റോഡ് നിർമ്മിക്കുക.
32. വെണ്ണിക്കുളം കോളനിയും ചെറുക്കുഴി കോളനിയുമായി പാങ്കേട് കുറ്റ റോഡ് ബന്ധിപ്പിക്കുക.
33. വാടയം പാടി- പാങ്കോട് റോഡ് പൂർത്തിയാക്കുക.
34. മിച്ച ഭൂമി കോളനി (7-ാം വാർഡ്) ക്ക് റോഡ് നിർമ്മിക്കുക.
35. 96-ാം നമ്പർ പാങ്കോട് അംഗൻ വാടിക്ക് വഴിയുണ്ടാക്കണം.
36. വെട്ടുകാട്ടിൽ അമ്പലം - പാങ്കോട്റോഡ്പാടം നികത്തി വടവുകോട് റോഡുമായി ബന്ധിപ്പിക്കുക.
37. പഴന്തോട്ടം പഞ്ചായത്ത് കിണർ കുന്നത്തു മോളേൽപ്പടി റോഡ് പള്ളിറോഡിലേക്ക് എത്തിക്കുക.
38. ലക്ഷം വീട് കോളനി പഞ്ചായത്തു റോഡിൽ നിന്ന് പെരുമ്പാവൂർ റോഡിലേക്ക് റോഡ് നിർമ്മിക്കുക.
39. കോക്കാടൻ കുഴി പാടത്തേക്കുള്ള ഫാം റോഡ് നിർമ്മിക്കുക.
40. അമ്പലമുകൾ ഫാക്ടറിയിൽ നിന്നും

കാണിനാട് പഴന്തോട്ടം വഴി എൻ. എച്ച്. 47 ലേക്ക്പോകുന്ന റോഡ് (പി. ഡബ്ലിയു. ഡി) 100 അടി വീതിയിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

41. കുഴിക്കാട്ടു മോളത്തു നിന്നും വടക്കോട്ട് പഴന്തോട്ടം സ്ക്കൂളിലേക്കുള്ള റോഡ് (പാടം ഭാഗം).

42. തടമ്പാട് ചിറ്റിലപ്പാറമുകളം ഹരിജൻ കോളനിറോഡ് പഴന്തോട്ടം ചർച്ച് റോഡുമായി ബന്ധിപ്പിക്കുക (പാടം ഭാഗം).

43. പഴന്തോട്ടം എണ്ണയ്ക്കാ മേളം ഹരിജൻ കോളനിയിൽ നിന്ന് മനയത്തു പീടിക കോളനിയിലേക്ക്പുതിയ കനാൽബണ്ട്വഴി ഫാം റോഡ് നിർമ്മിക്കുക.

പാർപ്പിടം

ഈ പഞ്ചായത്തിൽ 5874 വീടുകളം ഉണ്ട് ഇതിൽ 4060 വീടുകൽ ജീവിതസൗകര്യമുള്ളതും വൈദ്യുതികരിച്ചുതമാണ്. എന്നാൽ 1814 വീടുകളം വൈദ്യുതീകരിക്കാത്തതും പാർപ്പിട സൗകര്യമില്ലാത്തതുമായ കുടികളുമാണ് ഈ പഞ്ചായത്തിൽ താമസിക്കുന്നവരിൽ സിംഹഭാഗവും സാധാരണക്കാരായ നാമമാത്ര കർഷകരും തൊഴിലാളികളുമാണ്. വർദ്ധിച്ചുവരുന്ന സാധന സാമഗ്രികളുടെ വിലയും നിർമ്മാണ തൊഴിപാളികളുടെ അപര്യാപ്തതയും മൂലം കുടിൽവച്ചുതാമസിക്കുന്ന ജനങ്ങൾക്ക്മിനിമം സൗകര്യമെങ്കിലും ഉള്ള വീടുകളം നിർമ്മിക്കുവാൻ പറ്റാത്ത സാഹചര്യമാണുള്ളത്. താഴ്ന്ന വരുമാനക്കാർക്കും പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കും വിവിധ ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുത്തുവരുന്ന ധനസഹായം തീരെ അപര്യാപ്തമാണ് തൊഴിൽ സ്ഥിരതയില്ലാതെ ഇക്കൂട്ടർക്ക് ഒന്നും മിച്ചം വയ്ക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സാമ്പത്തീക സഹായത്തിൻെറ പരിധി ഉയർത്തേണ്ടത്വളരെ അത്യന്താപേക്ഷിതമാണ്. വർഷാവർഷം സർക്കാരിൽ നിന്നും പണിയുന്നതിന്സഹായ ധനം നൽകുന്നുണ്ടങ്കിലും ആവശ്യക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ഈ ആനുകൂല്യത്തിൻെറ പരിധി ഉയർത്തേതാണ്.

ഭവന നിർമാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDPസർവ്വേ പ്രകാരം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളം	പൂർത്തീകരിച്ച വീടുകളം	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	3	4	5	6
I	26	3	2	1	23
II	34	15	15	-	19
III	21	6	5	1	15
IV	27	10	8	2	17
V	17	4	4	-	13
VI	25	11	10	1	14
VII	28	12	11	1	16
VIII	22	11	9	2	11
IX	27	13	12	1	14
TOTAL	227	85	26	9	142

ഈ പഞ്ചായത്തിൽ 6 ലക്ഷം വീടു കോളനികളും 23 ഹരിജൻ കോളനികളുമുണ്ട്. ഈ കോളനികളിൽ പലതിലും വെള്ളം, വെളിച്ചം, ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത നിലനില്ക്കുന്നു.

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ വിദഗ്ധ തൊഴിലാളികളുടെ എണ്ണം കുറവാണ്. കെട്ടിടനിർമ്മാണത്തിന് കോൺട്രാക്ട് സമ്പ്രദായം വ്യാപകമാണ് പുരുഷ തൊഴിലാളികൾക്ക് 150 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 100 രൂപയും ആണ് നിലവിലുള്ള കൂലി നിരക്ക്.

ഭൂമിയുടെ ക്രമം വിട്ട വിലവർദ്ധനയും കൂലികൂടുതലും നിർമ്മാണസാമഗ്രികളുടെ അമിതമായി വിലകവർദ്ധനയും ദുർബ്ബലവിഭാഗങ്ങൾക്ക് കിടപ്പാടം എന്ന സ്വപ്നം സാക്ഷാത് ക്കരിക്കുവാൻ തടസ്സമായി നില കൊള്ളുന്നു. വിവിധ ഏജൻസികളിൽ നിന്നും നൽകിവരുന്ന ധനസഹായം വീടു നിർമ്മാണത്തിന് അപര്യാപത്വുമാണ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള ചുവപ്പുനാടകളം പലപ്പോഴും ഇത്തരക്കാരെ ഈ മേഖലയിൽ നിന്നും പിന്തിര

ിപ്പിക്കുന്നു. ഭൂമിയുടെ ലഭ്യത കുറഞ്ഞുവരുന്നതുകൊണ്ട് സ്ഥലത്തിന് താങ്ങാനാവാത്ത വില വർദ്ധന നിലനില്ക്കുന്നു. ആയതിനാൽ രണ്ടും മൂന്നും നിലകളുള്ള ഫ്ളാറ്റുകൾ നിർമ്മിച്ച് കൂടുതൽ കുടുംബങ്ങളെ താമസിപ്പിക്കുവാൻ തക്കവിധം ഗ്രൂപ്പ് ഹൗസിങ്ങ് സ്കീം രൂപ കല്പന ചെയ്യേണ്ടിയിരിക്കുന്നു. ആധുനിക രീതിയിലുള്ള നിർമ്മാണശൈലിയും, നിർമ്മാണത്തിലുള്ള വൈദഗ്ധ്യകുറവും നിലവിലുള്ള സാധാരണ വീടുകൾ പെട്ടന്ന് ഉപയോഗയോഗ്യമല്ലാതെ ആക്കിത്തീർക്കുന്നു. വീടുള്ളവരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി വീടില്ലാത്തവർക്ക് വീടുനിർമ്മിക്കുവാൻ മാത്രം ചെലവഴിക്കുവാൻ കഴിഞ്ഞാൽ പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. കെട്ടിടനിർമ്മാണത്തിന് അവശ്യമായ ചെലവിന് പരിധി നിർണ്ണയിക്കേണ്ടത് ഇന്നത്തെ വലിയൊരാവശ്യമാണ്.

പഞ്ചായത്തിലെ മറ്റൊരു വലിയ പ്രശ്നമാണ് പ്രാഥമിക സൗകര്യങ്ങൾക്ക് വേണ്ട സാമ്പത്തിക സഹായം ഇല്ലാത്തത്. ബ്ലോക്ക് വഴി നല്കുന്ന കക്കൂസുകൾ കൊണ്ട് മാത്രം പ്രശ്നം തീർക്കാവുന്നതല്ല. കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ പട്ടിക താഴെ കാണിക്കുന്നു. ഇതിനുള്ള പരിഹാരം ലോക ബാങ്കിന്റെ സഹായം ലഭ്യമാക്കി കക്കൂസുകൾ പണിയുക എന്നതാണ്.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കുസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDPസർവ്വേ പ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1192നു ശേഷം)	പൂർത്തികരിച്ച വയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം.
1	2	3	4	5
I	45	4	4	41
II	58	19	19	39
III	28	8	8	20
IV	39	12	12	27
V	32	3	3	29
VI	49	6	6	43
VII	63	5	5	58
VIII	45	3	3	42
XI	49	4	4	45
TOTAL	408	118	64	344

ഇന്ന് വീടിന് ലഭിക്കുന്ന സാമ്പത്തിക സഹായം സാധനങ്ങളുടെ വിലയനുസരിച്ച് വളരെ അപര്യാപ്തമാണ് . ഈ കാലക്രമത്തിൽ ഉയർത്തേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ കൊടുത്ത പല വീടുകളും ഇന്നും പണി പൂർത്തികരിക്കാതെ കിടക്കുന്നുണ്ട്. അവയുടെ പൂർത്തിക്കരണം ദ്രുതഗതിയിൽ നടത്തേണ്ടിയിരിക്കുന്നു അതിനായി പദ്ധതി അനുവദിക്കുന്നതിന് മുൻപ് ഗുണഭോക്തക്കൾക്ക് ബോധവൽക്കരണം നടത്തിയിരിക്കണം. വീടിന് ഉള്ള ധനസഹായം ലഭിക്കുന്നതിന് ഇന്നുള്ള നിയമം ലളിതമാക്കണം.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

വാർഡ് 1

1. കടമറ്റത്തുള്ള സൗത്ത് കോളനി സമഗ്രവികസന പദ്ധതിയിലുൾപ്പെടുത്തി പട്ടിക ജാതി, പട്ടിക വർഗ്ഗക്കാരുടെ വീട് നിർമ്മാണം പരിഹരിക്കണം.

2. ലക്ഷം വീട് കോളനിയിൽ കേടുവന്ന വീടുകൾക്ക് ആത്യാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക.

3. ലക്ഷം വീട്ട്കോളനിയിൽ അനധികൃത കയ്യേറ്റം മൂലം ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക.

4. അർഹതയുള്ളവർക്ക് വീട് വയ്ക്കുവാനുള്ള ഭൂമി കണ്ടെത്തുക.

5. മോളേക്കുടി ഭാഗത്ത് താമസിക്കുന്ന ഹരിജനങ്ങൾക്ക് വീട് പുനരുദ്ധീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ച് കൊടുക്കണം. അതുപോലെ തന്നെ, കക്കൂസ്, വഴിവിളക്ക്, കുടിവെള്ളം എന്നിവ ഈ കോളനികളിൽ എത്തിക്കുന്നതിനാവശ്യമായ നടപടിസ്വീകരിക്കണം,

വാർഡ് 2

1. ഹരിജനങ്ങളായുള്ളവരും, താഴ്ന്നവരുമാനക്കാരായ മറ്റ് വിഭാഗത്തിൽ ഉൾപ്പെട്ട ഏതാണ്ട് 150 കുടുംബങ്ങൾക്ക് വേന നിർമ്മാണ സൗകര്യം ഏർപ്പെടുത്തണം.

2. കക്കൂസുകളില്ലാത്ത മുഴുവൻ താഴ്ന്ന വരുമാനക്കാർക്കും കക്കൂസ് നിർമ്മിച്ച് നൽകണം.

വാർഡ് 3

1. സ്വന്തമായി വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് നിർമ്മിച്ച് കൊടുക്കുവാൻ പഞ്ചായത്ത് പദ്ധതി തയ്യാറാക്കുക.

2. ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

3. പുറംപോക്ക് ഭൂമി വീടില്ലാത്തവർക്ക് വീട് വച്ച് കൊടുക്കുവാൻ പ്രയോജനപ്പെടുത്തുക.

വാർഡ് 4

1. കോളനികളിലെ കുരകൾക്ക് പകരം വീട്ടുകൾ പണിത് പാർപ്പിട സൗകര്യം ഉറപ്പാക്കണം കഴിയുമെങ്കിൽ ഓരോ കുടുംബത്തിനും പ്രത്യേകം പ്രത്യേകം, വീട് വയ്ക്കാതെ, ഗ്രൂപ്പ് ഹൗസിങ്ങ് സംവിധാനം ക്രമീകരിക്കുന്നത് അഭികാമ്യമാണ്.

2. വരുമാനം കുറഞ്ഞ ആളുകളാണ് ഭൂരിഭാഗവും അവരവരുടെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപണികൾ തീർക്കുന്നതിന് സുഗമമായ വായ്പാ സൗകര്യം ,കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കണം.

3. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് വേണ്ടിഭവന നിർമ്മാണത്തിന് രണ്ടേക്കറോളം ഭൂമി കൂടി പൊന്നും വിലക്കെടുത്ത് ലഭ്യമാക്കണം.

വാർഡ് 5

1. ഈ വാർഡിൽ ഉദ്ദേശം 100 വീടുകളിൽ കൂടുതൽ വീടില്ലാത്ത ഹരിജനങ്ങളുണ്ട് അവർക്ക് വീട് നിർമ്മിച്ച് നൽക്കണം.

2. ദാരിദ്ര രേഖക്ക് താഴെ യുള്ള സാധാരണക്കാരായ ഉദ്ദേശം 150 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് വീട് നിർമ്മിക്കുന്നതിനുള്ള ലോൺ ലഭ്യമാവണം.

3. കക്കൂസില്ലാത്ത മുഴുവൻ ആളുകൾക്കും പഞ്ചായത്തിൽ നിന്നും കക്കൂസ് നിർമ്മിച്ച് നൽക്കണം.

വാർഡ് 6

1. ഈ വാർഡിൽ 500 വീടുകളോളം ഉണ്ട്. ഇതിൽ 75% വീട് ഓട് മേഞ്ഞിട്ടുള്ളതാണ് ഇവിടെ ഭവന നിർമ്മാണത്തിനായി ചെങ്കല്ല് വെട്ടുന്നുണ്ട്. വീടില്ലാത്ത 75-ൽ കൂടുതൽ കുടുംബങ്ങളുണ്ട് അവർക്ക് വീടിനുള്ള സൗകര്യം ഏർപ്പെടുത്തുക.

വാർഡ് 7

1. കുടിലുകളിൽ താമസിക്കുന്ന മുഴുവൻ ആളുകൾക്ക് വീട് നിർമ്മിച്ച് കൊടക്കുവാനുള്ള പദ്ധതി രൂപപ്പെടുത്തണം.

2. ഈ വാർഡിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക.

3. മിച്ച ഭൂമി ഭവന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തണം.

4. എല്ലവിധ പെൻഷനുകളും, ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുവാനുള്ള ഏർപ്പാടുണ്ടക്കണം.

5. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ ലഭ്യതയും, സേവനവും ഉറപ്പ് വരുത്തണം. പാടം നികത്തി കെട്ടിടം പണിയുവാൻ അനുവദിക്കരുത് അത് പരിതസ്ഥിതി പ്രശ്നത്തിനും, കൃഷിക്കും തടസ്സം സൃഷ്ടിക്കും,

വാർഡ് 8

1. ഈ വാർഡിൽ 200 പേരോളം ഭവനം വേണ്ടവരായുണ്ട്. അവരുടെ പാർപ്പിട പ്രശ്നത്തിന് പോം വഴി കണ്ടെത്തണം.

2. ലക്ഷം വീടു കോളനി അറ്റ കുറ്റപ്പണിത്തീർത്ത് വാസയോഗ്യമാക്കണം.

3. കക്കൂസില്ലാത്ത മുഴുവൻ, ദരിദ്ര രേഖയ്ക്ക് താഴെയുള്ള വർക്കും കക്കൂസ് നിർമ്മിച്ച് നൽക്കണം.

4. എണ്ണയ്ക്ക മോളം, ചിറ്റലപ്പാറ മോളം, മനയത്ത് പീടിക എന്നീ കോളനികളിൽ വീടുകളുടെ മെയിൻറൻസ് നടത്തികൊടുക്കുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യണം.

വാർഡ് 9

1. ഈ വാർഡിൽ വീടില്ലാത്തവരുടെ എണ്ണം വളരെ കുറവാണ്.

2. കോളനികളിൽ വീടില്ലാത്തവർക്ക് വീടും, മറ്റു സ്ഥലങ്ങളിലുള്ള ഹരിജൻ കുടുംബങ്ങൾക്ക് മെയിൻറൻസ് ആവശ്യമായത് ചെയ്തുകൊടുക്കുവാനുള്ള ഏർപ്പാടുണ്ടാക്കണം.

3. പഞ്ചായത്തു് വഴി സബ്സിഡിയുള്ള

വീടും, സൗജന്യമായ വീടും, സാമ്പത്തീകമായി പിന്നോക്കം നില്ക്കുന്ന വർക്ക് വേണ്ടിയുള്ള വീടും ആർക്ക് നൽക്കണമെന്ന് തീരുമാനിക്കുന്നതിന് ജനകീയ [illegible]

പാർപ്പിടം

പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുകയും, അതുവഴി ഗൃഹനിർമ്മാണവസ്തുക്കൾ ന്യായമായ വിലക്ക് ലഭ്യമാക്കുക.

2. ചിലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയുടെ സേവനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കുക.

3. വിദഗ്ത തൊഴിലാളികളുടെ ആഭാവം നികത്തുന്നതിനായി നിർമ്മാണം രംഗത്ത് പരിശീലനം നല്ക്കുക.

4. ഈ പഞ്ചായത്തിലെ വിലകുറവായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത്. ഭവനരഹിതരായിട്ടുള്ള നിർദ്ധന കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുക്കുക.

5. ഫ്ളാറ്റ് സംവിധാനം നടപ്പിൽ വരുത്തുക.

7. മൈത്രീ ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതും, സാമ്പത്തിക സഹായം കൊടുക്കുന്നതും പഞ്ചായത്ത് വഴി ആക്കി ഇന്നുള്ള ബുദ്ധിമുട്ട് ഒഴുവാക്കുക.

8. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന സോഷ്യോഎകണോമിക് പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസ്സുകൾ അനുവദിക്കുക.

9. ബ്ലോക്ക് വഴി നടപ്പാക്കുന്ന സി. ആർ. എസ്. പി. കക്കൂസ്സുകൾ അനുവദിക്കുക.

സാമൂഹ്യക്ഷേമം

ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ 5874 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 46% കുടുംബങ്ങളും ദാരിദ്ര രേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്നു. ഇവരുടെ ജീവിത നിലവാരം ഉയർത്തി കൊണ്ടുവരേണ്ടത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. തൊഴിൽ പരമായും ആരോഗ്യ പരമായും വിദ്യാഭ്യാസപരമായും സാമ്പത്തിക പരമായും പിന്നോക്കം നില്ക്കുന്ന ഇക്കൂട്ടരുടെ ഉയർച്ചക്കായി പഞ്ചായത്തുതലത്തിലും സർ[illegible]തലത്തിലും പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികൾ കൊണ്ട് ഉദ്ദേശിച്ചത്ര ക്ഷേമം കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇത്തരത്തിലുള്ള പദ്ധതികളുടെ വിജയത്തിനായി നാഷണലൈസ്ഡ് ബാങ്കുകളും, ഷെഡ്യൂൾഡ് ബാങ്കുകളും, സഹകരണബാങ്കുകളും ഗവൺമെൻറ് തലത്തിൽ അനുവദിക്കുന്ന, തൊഴിൽ മേഖലക്കും അതുപോലുള്ള സൗകര്യങ്ങൾക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം അനുവദിച്ചു കൊടുക്കുന്നതിൽ പിന്നോക്കം നില്ക്കുന്ന ഐ. ആർ. ഡി.പി. പോലുള്ള പദ്ധതികൊണ്ട് മൊത്തം വരുന്ന ദാരിദ്ര രേഖയ്ക്കു താഴെ വരുന്നവരിൽ 5% ജനങ്ങൾക്കുമാത്രമേ പ്രയോജനം ലഭിച്ചിട്ടുള്ളു എന്ന് സ്ഥിതിവിവരകണക്കുകൾ നമ്മെ പഠിപ്പിക്കുന്നു.

അനുബന്ധം 11-1

RDP സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ള വരുടെ വിവരം

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	സ്വന്തമായി സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖയ്ക്കു മുകളിലെത്തിയകുടുംബങ്ങൾ	ദാരിദ്ര രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ച വഴി
1	2	3	4	5	6	7
I	143	9	51	26	16	127
II	189	8	58	29	15	174
III	88	4	45	21	12	76
IV	121	7	49	25	14	107
V	102	13	39	16	9	43
VI	130	10	61	42	18	112
VII	189	16	47	27	14	175
VIII	134	14	22	6	3	131
IX	147	12	58	38	21	126
TOTAL	1243	93	430	230	122	1071

കഴിഞ്ഞകാലങ്ങളിൽ ദാരിദ്രരേഖയ്ക്കു താഴെയുള്ളവരിൽ അഭ്യസ്തവിദ്യരായ യുവതി യുവാക്കളിൽ ഈ പഞ്ചായത്തു തലത്തിൽ 39 പേർക്ക് ട്രൈസം ഗ്രാൻറ് നൽകി തൊഴിൽ പരിശീലനം നല്കിയിട്ടുണ്ട്.ഇതിൽ 15 പേർ ഈ ട്രെയ്ഡിലുള്ള അവരുടെ തൊഴിൽ സ്വീകരിച്ച് അവരുടെ ഉപജീവനം കണ്ടെത്തിയിരിക്കുന്നു. ട്രൈസം തൊഴിൽ പരിശീലനം, സാമ്പത്തിക സഹായ പദ്ധതി എന്നിവ പഞ്ചായത്തു തലത്തിൽ പുനർചിന്തനം ചെയ്ത് ദാരിദ്ര രേഖയ്ക്കു താഴെയുള്ള വരിൽ സുഖമമായ മാർഗ്ഗത്തിൽ എത്തിച്ചേരുന്നതിനും അതുവഴി താഴെത്തട്ടിലുള്ളവരുടെ സാമൂഹ്യക്ഷേമം ഉറപ്പുവരത്തേണ്ടതും വളരെ അത്യാവശ്യമാണ്.

ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലാളികളിൽ ഉൾപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	2	3	4	5	6
പഞ്ചായത്ത് തലത്തിൽ	ഓട്ടോ മൊബൈർ മെക്കാനിസം	8	3	5	-
	ഹൈബർ വർക്ക്സ്	11	4	7	-
	ഇല്ക്ട്രീൻ കോഴ്സ്	1	-	1	-
		2	-	2	-
	പ്രിൻറിംഗ് ആൻറ് കംബോസിംഗ്	8	4	4	-
	റെഫ്രിജറേഷൻ ആൻറ് എയർ കണ്ടീഷനിംഗ്	1	-	1	-
	ഖാദി നെയ്ത്ത്	3	2	1	-
		2	1	1	-
	ബുക്ക് ബൈൻഡിഗ്	3	1	2	-
TOTAL	ആകെ	39	15	24	-

ഗ്രാമീണ വനിത ശിശുവികസന പരിപാടി (ഡി. ഡബ്ലിയു. സി. ആർ. എ.) പദ്ധതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ രണ്ട് യൂണിറ്റും നല്ലരീതിയിൽ നടന്നുവരുന്നു. ഇതുപോലുള്ള യൂണിറ്റുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും തുടങ്ങി വനിതകളുടെ സാമ്പത്തിക സാമൂഹ്യ സ്ഥിതി ഉയർത്തുന്നതിന് യത്നിക്കേണ്ടിരിക്കുന്നു. (ഡി. ഡബ്ലിയു. സി.ആർ.എ.) യുടെ നിലവിലുള്ള റിപ്പോർട്ടുകളുടെ വിവരം താഴെ കാണിക്കുന്നു.

പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ് നമ്പർ	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ചു കുറിപ്പ്
1	2	3	4	5
I	പോട്ടറി യൂണിറ്റ്	1994-95	11	കലങ്ങളും ചെടിച്ചട്ടികളും,അലങ്കാര പാത്രങ്ങളും നല്ല പ്രവർത്തനം
II	റെഡി മെയ്ഡ് വസ്ത്രനിർമ്മാണം	1994-95	7	നല്ല രീതിയിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു

1984 മുതൽ നമ്മുടെ പഞ്ചായത്തിൽ (ഐ. സി. ഡി. എസ്) സമഗ്രശിശുവികസന പരിപാടി നടപ്പാക്കിവരുന്നു. ഈ പഞ്ചായത്തിൽ നിലവിൽ 17 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ആയിരം ജന സംഖ്യക്ക് ഒരു അംഗൻവാടി എന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് ഇവയിൽ കൂടി 6 മാസം മുതൽ 5 വയസ്സുവരെ പ്രായമായ കുട്ടികൾക്ക് പോഷകാഹാരവും പ്രതിരോധകുത്തിവയ്പും നല്കി വുന്നു. കൂടാതെ വ്യക്തി സ്വഭാവ രൂപികരണത്തിന് യോജിക്കുന്ന വിധത്തിൽ കളിയിലൂടെ വിദ്യാഭ്യാസം നല്കി വരുന്നുണ്ട്. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പോഷകാഹാരവും പ്രതിരോധകുത്തിവയ്പും, ബോധവൽക്കരണവും നല്കി വരുന്നു. ഇന്ന് പല അംഗവൻ വാടികൾക്കും പ്രാഥമിക സൗകര്യങ്ങളും കുടിവെള്ളത്തിനും മറ്റു സൗകര്യങ്ങളും വേണ്ടത്ര ഇല്ല. അവർക്ക് അടിയന്തിര പ്രാധാന്യംകൊടുത്ത് വേണ്ട പരിഹാരമാർഗ്ഗം തേടേണ്ടിയിരിക്കുന്നു. അംഗൻ വാടികളെ

അംഗൻവാടികളെ സംബന്ധിച്ചുള്ള വിവരങ്ങം

അംഗൻവാടികളുടെ എണ്ണം	17
ആകെ സംഖം	25475
പുരുഷൻ	12816
സ്ത്രീ	12639
SC	4300
ST	10
കുട്ടികം ഒരു വയസ്സിനു താഴെ	275
കുട്ടികം 1-2	230
കുട്ടികം 2-3	261
കുട്ടികം 3-5	537
ആകെ ഗർഭിണികം	109
മുലയൂട്ടുന്ന അമ്മമാർ	126

സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു,

കോളനി നിവാസികംക്കും ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്കും വേണ്ടി വിദ്യാഭ്യാസസൗകര്യങ്ങം ഏർപ്പെടുത്തി കലാസംസ്ക്കാരിക രംഗത്ത് വേണ്ടത്ര സൗകര്യമേർപ്പെടുത്തിയും ആരോഗ്യബോധവൽക്കരണം നടത്തിയും വെള്ളം, വെളിച്ചം വഴിഎന്നീ സൗകര്യങ്ങം ഏർപ്പെടുത്തിയും കൂടുതൽ തൊഴിൽ അവസരങ്ങം ഉണ്ടാകുന്ന പദ്ധതികം ആവിഷ്കരിച്ചും ന്യായമായ വിലക്ക് നിത്യോപയോഗസാധനങ്ങം കിട്ടുന്നതിനുള്ള സൗകര്യങ്ങം ഏർപ്പെടുത്തിയും ഇക്കൂട്ടുരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ശ്രമിക്കേണ്ടത് സാമൂഹ്യപ്രവർത്തകരുടെയും പഞ്ചായത്തിന്റെയും സർക്കാർ തലത്തിലും ആയതിലുള്ള തീവ്രശ്രമം ഉണ്ടായിക്കാണുവാൻ ആഗ്രഹിക്കുന്നു.

വാർദ്ധക്യം മൂലം ജോലി ചെയ്യുവാൻ കഴിയാതാകുമ്പോം മക്കംക്കു പോറ്റാൻ കഴിയാതെ കുടുംബത്തിന് ഒരു ഭാരവും സമൂഹത്തിന് ആവശ്യമില്ലാത്ത ഒരു ഘടകവുമായി മാറി നിത്യദുഃഖമനുഭവിക്കേണ്ട ദുർഗതിയിൽ എത്തുന്നു. അതിനുള്ള പരിഹാരം എന്ന നിലയിൽ 60 വയസു തികയുന്ന മുറയ്ക്കോ ആരോഗ്യം നിലയ്ക്കുന്ന മുറയിലോ, പെൻഷൻ നല്ക്കാനുള്ള വ്യവസ്ഥയും ക്രമീകരണവും പഞ്ചായത്തുതലത്തിൽ ചെയ്യുവാൻ കഴിയണം. അല്ലാത്തപക്ഷം പഞ്ചായത്തുതലത്തിൽ അവരെ താമസിപ്പിക്കുവാനും പരിരക്ഷിക്കുവാനുമുള്ള റസ്ക്യൂഷൻട്ടറുകം (അഗതിമന്ദിരം) പണിതീർത്ത് അവരുടെ ശാരീരികവും മാനസികവുമായ പരീരക്ഷ ഉറപ്പുവരുത്തേണ്ടത് ഒരു സാമൂഹ്യനീതിയാണ്. ഇങ്ങനെയുള്ളവരുടെ സ്ഥിതിവിവരകണക്കുകം ശേഖരിച്ച് അതിനുള്ള ആസുത്രിത പദ്ധതി ഉണ്ടായേ തീരൂ. സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന മറ്റൊരു വർഗ്ഗമാണ് വികലാംഗർ, മന്ദബുദ്ധികം ഇവരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ അഭയ കേന്ദ്രങ്ങളേ തൊഴിൽ പരിശീലനകേന്ദ്രങ്ങളൊതുടങ്ങി സമൂഹത്തിൽ അവരുടെ സ്ഥാനം ഉറപ്പിക്കേണ്ടതാണ്. ഇന്ന് സമൂഹത്തിൽ അവരുടെ സ്ഥാനം ഉറപ്പിക്കേണ്ടതാണ്. ഇന്ന് സമൂഹത്തിൽ നിലനില്ക്കുന്ന സാമൂഹ്യ അനാചാരങ്ങംക്കും സമ്പത്തിക അസമത്വങ്ങളും ഇല്ലാതാക്കുവാനും ദുർബലവിഭാഗങ്ങളുടെ സമൂഹത്തിലെ സ്റ്റാറ്റസ് ഉയർത്തുന്നതിനും സാമൂഹ്യക്ഷേമ പ്രവർത്തനം കൊണ്ട് ഭാവിയിലെങ്കിലും സാധിക്കുമാറാകട്ടെയെന്ന് ആശംസിക്കുന്നു.

ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങം

വാർഡ് 1

1. സാമൂഹ്യ ക്ഷേമ പെൻഷനുകം അർഹതപ്പെട്ടവർക്കു കൊടുക്കുന്നതിനുള്ള നടപടിസ്വീകരിക്കുക.

2. സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും നിർമ്മിച്ചു കൊടുക്കുക.

3. എല്ലാ കുട്ടികൾക്കും പോഷ കാഹാരം നല്കുക.

വാർഡ് 2

1. അംഗൻ വാടി കെട്ടിടം പുതുക്കി പണിയുക.

2. പഞ്ചായത്ത് ഹെൽത്ത് സെൻറ്ർ/ ആയൂർവേദ ആശുപത്രി സ്ഥാപിക്കുക.

3. പൊതുശ്മശാനം, കമ്യൂണിറ്റിഹാൾ എന്നിവ നിർമ്മിക്കുക.

വാർഡ് 3

1. മൂന്നാം വാർഡിൽ നിലവിൽ അംഗൻ വാടി ഇല്ല. അവ നിർമ്മിച്ചു കൊടുക്കുക.

2. ഹെൽത്ത് സെൻറ്ർ/ ആയുർ വേദ ആ ശുപത്രി , പൊതു ശ്മശാനം, കമ്യൂണിറ്റി ഹാൾ ഇവ നിർമ്മിച്ചുകൊടുക്കുക.

വാർഡ് 4

1. അംഗൻ വാടിയിലെ കുട്ടികൾക്ക് കളിക്കുന്നതിനുള്ള സ്ഥലം അനുവദിക്കുക.

2. മഹിളാ സമാജത്തിൻെറ പ്രവർത്തനം മെച്ചടുത്തുക.

3. കമ്യൂണിറ്റി ഹാൾ, പൊതു ശ്മശാനം, എന്നിവ നിർമ്മിക്കുക.

4. അംഗൻവാടിയിൽ കുട്ടികൾക്ക് കളിക്കുവാനുള്ള സ്ഥലം അനുവദിക്കുക.

വാർഡ് 6

1. ഈ വാർഡിൽ വീടില്ലാത്ത 75 കു ടുംബങ്ങൾക്കുവീടുവെയ്ക്കുന്നതിന്സഹായം നല്ക്കുക.

2. കെട്ടിട മില്ലാത്ത അംഗൻ വാടിക്ക് കെട്ടി ടം നിർമ്മിക്കുക.

3. അംഗൻ വാടികളിലെ കുട്ടികൾക്ക് മാന സിക വികസനത്തിന് ആവശ്യമായ കളികോപ്പു കൾ നല്ക്കുക.

4. മഹിളാ സമാജം, ഹെൽത്ത് സെൻറ റിനുവേണ്ടി വിട്ടുകൊടുത്ത സ്ഥലത്ത് അവ സ്ഥാപിക്കുന്നതിനുവേണ്ട നടപ്പടിസ്വീകരി ക്കുക.

5. ആയുർ വേദ ആശുപത്രി വൃദ്ധമന്ദിരം, ഹെൽത്ത് സെൻറർ എന്നിവ സ്ഥാപിക്കണം.

6. 1874-ാം നമ്പർ വായന ശാലയുടെ സ്ഥലത്ത് ഒരു കമ്യൂണിറ്റി ഹാൾ പണിയുന്നതി നും, വായനശാല യുടെ മുകളിലത്തെ നില അടിയന്തിരമായി നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുക.

7. അംഗൻ വാടിയിലെ വിച്ഛേദിച്ച ഇലക്ട്രിസിറ്റി പുനസ്ഥാപിക്കുക.

വാർഡ് 7

1. അംഗൻവാടിയിലെ കെട്ടിടം പുതുക്കി പണിയുക. കുട്ടികൾക്ക്കളിക്കുന്നതിനുള്ളസ്ഥ ലം ലഭ്യമാക്കുക.

2. പൊതുശ്മശാനവും, കമ്യൂണിറ്റിഹാളും നിർമ്മിക്കുക.

വാർഡ് 8

1. ദേശീയ മഹിളാ സമാജത്തിൻെറ പ്രവർ ത്തനം മെച്ചപ്പെടുത്തുക.

2. അംഗൻവാടി കെട്ടിടത്തിൻെറ അറ്റ കുറ്റ പണിചെയ്യുക. കുട്ടികൾക്ക് കളിക്കാൻ ആവശ്യ മായ സ്ഥലം അനുവദിക്കുക.

3. കമ്യൂണിറ്റി ഹാൾ, പൊതുശ്മശാനം എന്നിവ നിർമ്മിക്കുക.

വാർഡ് 9

1. അംഗൻ വാടി കെട്ടിടത്തിൻെറ അറ്റകുറ്റ പണികൾ ചെയ്യുക.

2. കുട്ടികൾക്ക് കളിക്കാ ൻ ആവശ്യമായ സ്ഥലം അനുവദിക്കുക.

3. മഹിളാസമാജത്തിറെ പ്രവർത്തനം മെച്ചപ്പെടുത്തുക.

4. കമ്യൂണിറ്റി ഹാൾ, പൊതുസ്മശാനം എന്നിവ നിർമ്മിക്കുക.

സാമൂഹ്യക്ഷേമം

പൊതുനിർദ്ദേശങ്ങൾ

1. നാളികേരം ഐ. ആർ. ഡി. പി. സർവ്വേയിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ സർവ്വയിൽ ഉൾപ്പെടുത്തുക.

2. (ഡി.ഡബ്ലിയു.സി.ആർ.എ.) യൂണിറ്റ് തുടങ്ങുന്നതിന് വനിതകളെ ബോധവൽക്കരിക്കുന്നതിനത് ചർച്ചാ ക്ലാസ്സുകൾ നടത്തുക

3. ഐ. ആർ. ഡി.പി. വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകളുടെ സഹകരണം ഉറപ്പുവരുത്തുക.

4. അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

5. മൂന്നാം വാർഡിൽ അംഗൻ വാടി ആരംഭിക്കുക.

6. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻ വാടികൾക്ക് കെട്ടിടവും, പുനർനിർമ്മാണം ആവശ്യമുള്ളവർക്ക് പുനർനിർമ്മാണവും നടത്തുക.

7. വെള്ളവും, വെളിച്ചവും, വൈദ്യുതിയും, വഴിയും, ഇല്ലാത്ത അംഗൻവടികൾക്ക് അവ ലഭ്യമാക്കുക.

8. അംഗൻ വാടി ജീവനക്കാരുടെ സേവന വേതനം പരിഷ്കരിക്കുകയും ക്ഷേമ നിധി ഏർപ്പെടുത്തുകയും ചെയ്യുക.

9. അംഗൻ വാടിയിലെ എല്ലാ അമ്മമാരെയും കുട്ടികളെയും ഗ്രൂപ്പ് ഇൻഷ്യൂറൻസിൽ ഉൾപ്പെടുത്തുക.

10. എല്ലാ ക്ഷേമപെൻഷനുകളും പഞ്ചായത്ത് വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും നിയമം ലളിതമാക്കുകയും ചെയ്യുക.

11. പഞ്ചായത്ത് തലത്തിൽ വൃദ്ധ മന്ദിരം പണിയുക.

12. പൊതു ശ്മശാനവും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളും ആയുർവേദ ആശുപത്രിയും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

ആരോഗ്യം

ആരോഗ്യപരിപാലനത്തെക്കുറിച്ച് പരാമർശിക്കുന്നതിന് മുൻപായി പൂർവ്വ കാല ചരിത്രം എന്തെന്ന് തിരക്കുന്നതും താരതമ്യപഠനം നടത്തുന്നതും ഈ തല മുറയിലെ ആളുകൾക്ക് വിജ്ഞാന പ്രദമായിരിക്കും. നമ്മുടെ പഞ്ചായത്ത് ഏരിയ സ്വാതന്ത്ര്യലബ്ധിയ്ക്കുമുമ്പുവരെ നാട്ടുവൈദ്യന്മാരെ മാത്രം ആശ്രയിച്ചാണ് ചികിത്സാ സൗകര്യം അനുഭവിച്ചു പോന്നിട്ടുള്ളത്.

ഗൗരവമുള്ള രോഗങ്ങൾ വന്നാൽ കട്ടിലിൽ കിടത്തി നാലുപേർ ചുമന്ന് വരിക്കോലി, പെരുമ്പാവൂർ, മൂവാറ്റുപുഴ, എറണാകുളം എന്നീ പട്ടണപ്രദേശത്തുള്ള സർക്കാർ ആശുപത്രികളിൽ എത്തിച്ച് ചികിത്സിച്ച് വന്നിരുന്നു. ഓപ്പറേഷനും മറ്റും ആവശ്യമുള്ള സന്ദർഭങ്ങളിൽ വെല്ലൂർ ആശുപത്രിയിലേയ്ക്കു ശുപാർശ ചെയ്യുന്നത് ഒരു നിത്യസംഭവമായിരുന്നു. ഡോ. സാമുവൽ എന്ന പ്രസിദ്ധനായ ഭിഷഗ്വരൻ നമ്മുടെ പ്രദേശത്തെ പല ക്യാൻസർ രോഗികളേയും ഓപ്പറേഷൻ നടത്തി സുഖപ്പെടുത്തുകയും അടുത്തകാലം വരെ അവർ ജീവിക്കുകയും ചെയ്തു പോന്നിട്ടുണ്ട്. ആ കാലഘട്ടത്തിലാണ് സ്വാതന്ത്ര്യലബ്ധി.

1949-ൽ അന്നത്തെ നമ്മുടെ M.L.A. ആയിരുന്ന നടുവിലവീട്ടിൽ N.V. ചാക്കോ (B.A.B.L.) എന്നയാൾ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി സ്വന്തമായി കെട്ടിടവും സ്ഥലവും ദാനം ചെയ്യുന്ന സ്ഥലത്ത് ആശുപത്രി അനുവദിക്കാമെന്ന് വന്നതിനെത്തുടർന്ന് ശ്രീ. കെ.വി. തോമസ്, ചെന്നക്കാട്ടു - കാലാങ്കമാരി എന്നയാളുടെ നേതൃത്വത്തിൽ അതിനുള്ള ശ്രമം ആരംഭിക്കുകയും അന്നത്തെ പഞ്ചായത്ത് വൈസ് പ്രസിഡൻറായിരുന്ന ശ്രീ ഇരവി നാരായണൻ കർത്താ, ചിറാൽ, സ്ഥലം ദാനമായി കൊടുക്കുകയും നാട്ടുകാരുടെ തുച്ഛമായ സഹായത്തോടെ സിംഹഭാഗവും ചെന്നക്കാട്ട് - കാലാങ്കമാരി കുടുംബാംഗങ്ങളിൽനിന്നും സമാഹരിച്ച് പണിതീർത്ത് സർക്കാരിലേക്കു വിട്ടുകൊടുത്ത സ്ഥാപനമാണ് നമ്മുടെ ആരോഗ്യകേന്ദ്രമായ കടയിരുപ്പ് ഗവൺമെൻറ് ആശുപത്രി.

പഴയ കാലഘട്ടത്തിൽ ആയുർവേദ വിധിപ്രകാരം മെച്ചപ്പെട്ട ചികിത്സ കിട്ടികൊണ്ടിരുന്ന പാങ്കോട്ടിലെ വേങ്ങശ്ശേരിൽ ശ്രീ ശങ്കരപ്പിള്ള വൈദ്യനിൽനിന്നാണ്.

മനുഷ്യന്റെ ശരീരഘടന തന്നെ അധ്വാനിച്ച് ജീവിക്കേണ്ട വിധമാണ്. പണ്ടുള്ള അധ്വാനശീലരായ ആളുകൾ ആ തത്വത്തിന്റെ മഹിമ മനസ്സിലാക്കിയവരായിരുന്നു. എന്നാൽ ഇന്നത്തെ കൊച്ചു കുട്ടികൾ മുതൽ യുവതലമുറവരെ അധ്വാനിക്കാൻ മനസ്സില്ലാത്തവരും മറ്റുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തി ജീവിക്കാൻ ഇഷ്ടപ്പെടുന്നവരുമാണ്. കായിക വിനോദത്തിന് പണ്ട് വിദ്യാലയങ്ങളിൽ പ്രമുഖസ്ഥാനം നൽകിയിരുന്നു. ഇന്നതിൽ ശോഷണം സംഭവിച്ചിട്ടുണ്ട്. യന്ത്രവൽകൃതമായ വീട്ടു ജോലികൾ മുതൽ വാഹനം വരെ മനുഷ്യന്റെ അധ്വാനഭാരം കുറയ്ക്കാൻ വേണ്ടിയാണ്. എന്തെല്ലാം ന്യായം പറഞ്ഞാലും വ്യായാമകുറവുകൊണ്ടും, അമിത ഭക്ഷണത്താലും, സുഖസൗകര്യ കൂടുതൽ കൊണ്ടും രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് തടയുവാൻ ശരിയായ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

മറ്റ് പല രംഗങ്ങളിലെന്നപോലെ സേവനക്ഷേമ പ്രവർത്തനങ്ങളിൽ കേരളം മറ്റ് ഇൻഡ്യൻ സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. ആരോഗ്യരംഗത്ത് നമ്മുടെ പഞ്ചായത്ത് പൊതുവേ ഉയർന്ന നിലവാരം പുലർത്തുന്നു. ഏതൊരു സ്ഥലത്തേയും പൊതുജനാരോഗ്യത്തിന്റെ ഏറ്റവും നല്ല അളവുകോൽ അവിടത്തെ ശിശുമരണ നിരക്കാണ്.

കേരളത്തിന്റെ ശിശുമരണനിരക്ക് 1000-ന് 16 ആണ്. എങ്കിൽ നമ്മുടെ പഞ്ചായത്തിൽ ഇത് (0.5%) ആണ്. പൊതുമരണ നിരക്ക് കേരളത്തിൽ 5.9% ആണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ 2% ആണ്. ഗർഭിണികൾക്ക് ആരംഭം മുതൽ പ്രസവം വരെ ശരിയായ പരിചരണം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉള്ളതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ പ്രസവത്തോടനുബന്ധിച്ചുള്ള മാതൃമരണം ഇല്ലെന്നുതന്നെ പറയാം.

കേരളത്തിലെ ശരാശരി ജനന നിരക്ക് 17 ആണെങ്കിൽ നമ്മുടെ പഞ്ചായത്തിനേറത് 7% ആണ്. ഈ കണക്കുകൾ കാണിക്കുന്നത് കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ ജനങ്ങൾ മുന്നിട്ടു നിൽക്കുന്നു എന്നാണ്.

പ്രായഘടന

നമ്മുടെ പഞ്ചായത്തിൽ (എ) ഒരു വയസ്സിനു താഴെയുള്ള കുട്ടികൾ - 275 ഉം (ബി) 1 മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾ - 1028 ഉം ആണ്. കുട്ടികൾക്ക് കാലാകാലങ്ങളിൽ ലഭിക്കേണ്ട പ്രതിരോധ കുത്തിവയ്പുകൾ, പോഷകാഹാര പരിപാടി തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങൾ വിജയപ്രദമായി നടത്തിവരുന്നു. ഈ കാര്യത്തിൽ എ.എൻ.എം. പ്രവർത്തകരും അംഗനവാടി പ്രവർത്തകരും ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ വഹിക്കുന്ന പങ്കു പ്രശംസനീയമാണ്.

കേരളത്തിലെ ആരോഗ്യരംഗത്തെ മറ്റൊരു നേട്ടം തന്നെയാണ് ആയൂർ ദൈർഘ്യം. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലേതിനേക്കാൾ ഉയർന്ന ആയുസ്സ്, മാറിവന്നിട്ടുള്ള സാമൂഹിക കുടുംബ സാഹചര്യങ്ങളിൽ പുതിയ പ്രശ്നങ്ങൾ ഉയർത്തിയിട്ടുണ്ട്. കൂട്ടു കുടുംബ വ്യവസ്ഥിതിയുടെ തകർച്ചയെ തുടർന്ന് രൂപം കൊണ്ടിട്ടുള്ള 'ന്യൂക്ലിയർ ഫാമിലി സമ്പ്രദായം വൃദ്ധജനങ്ങളുടെ സംരക്ഷണം സാമൂഹ്യ ബാദ്ധ്യതയാക്കിത്തീർത്തിരിക്കുന്നു. ആയതിനാൽ അവരുടെ സംരക്ഷണത്തിനുവേണ്ടി സാമൂഹ്യ സുരക്ഷിതത്വപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

വൈകല്യനിരക്ക്:

പഞ്ചായത്തിലെ ജനസംഖ്യയുടെ 0.3%-ത്തിന് മാത്രമാണ് വൈകല്യ ബാധയുള്ളതായി തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇവർ വളരെ കുറഞ്ഞ ശതമാനമാണെങ്കിലും സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയ്ക്കു ഇവരുടെ ശാരീരികവും മാനസീകവുമായ വൈകല്യങ്ങൾക്ക് സംരക്ഷണം നൽകി പൊതുധാരയിൽ എത്തിക്കാനുള്ള പരിപാടികൾ ബ്ലോക്കു തലത്തിൽ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ക്ഷേമ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്.

രോഗാതുരത:

ജനസംഖ്യയിൽ 4% ജനങ്ങൾ സ്ഥായിയായ രോഗബാധിതരാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ക്ഷയം, കുഷ്ഠം, ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം,

രക്തസമ്മർദ്ദം എന്നീ സ്ഥായിയായ രോഗം ബാധിച്ചവരുടെ ആരോഗ്യപ്രശ്നങ്ങൾ നമ്മുടെ സത്വരശ്രദ്ധ പതിയേണ്ട വിഷയമാണ്.

പഞ്ചായത്ത് അതിർത്തിയിലുള്ള ആരോഗ്യകേന്ദ്രങ്ങളിലെ കിടത്തി ചികിത്സിക്കുന്നതും അല്ലാത്തതുമായ രോഗികളുടെ കണക്കു പരിശോധിച്ചാൽ രോഗികളുടെ എണ്ണം കൂടിവരുന്നതായാണ് കാണുന്നത്. അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ വിവിധ ചികിത്സാ രീതികളും സ്ഥാപനങ്ങളും വർദ്ധിച്ച തോതിൽ വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്ന ഈ അവസ്ഥയ്ക്കു മാറ്റം വന്നാൽ മാത്രമേ ആരോഗ്യപരിപാലന രംഗം യഥാർത്ഥലക്ഷ്യം കൈവരിക്കുകയുള്ളൂ.

രോഗാതുരതയിലുള്ള വർദ്ധനവ് ആധുനിക ജീവിത സമ്പ്രദായങ്ങളുടെ ഉല്പന്നമാണെന്ന് ബോധ്യമാകേണ്ടതുണ്ട്. മഞ്ഞുകാലങ്ങളിൽ വ്യാപകമായ ജല ദോഷം, ചുമ, തുമ്മൽ, ആസ്മ എന്നീ രോഗങ്ങളും വേനൽക്കാലത്ത് പടർന്നു പിടിക്കുന്ന മഞ്ഞപ്പിത്തം, ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങളും മുൻകൂട്ടികണ്ട് പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

എന്നാൽ കോളറ, മലമ്പനി, ന്യൂമോണിയ തുടങ്ങിയ രോഗങ്ങളും അടുത്ത കാലത്ത് ചില പ്രദേശങ്ങളെ കീഴ്പ്പെടുത്തിയതായി നാം കാണേണ്ടതുണ്ട്. എയ്ഡ്സ് എന്ന ഈ നൂറ്റാണ്ടിലെ അസുരരോഗം കേരളീയരിലും വ്യാപകമായി പടർന്നു പിടിച്ചിട്ടുണ്ടെന്ന ദുഃഖ സത്യം നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട വസ്തുതയാണ്.

നിർമ്മാർജ്ജനം ചെയ്തുവെന്നു നാം അവകാശപ്പെടുന്ന മലമ്പനി തുടങ്ങിയ രോഗങ്ങളുടെ തിരിച്ചുവരവ്, തിരിച്ചറിയാനും കീഴ്പ്പെടുത്താനും കഴിയാത്ത പുതിയ രോഗാണുക്കളുടെ ആവിർഭാവം എന്നിവ നമ്മുടെ ആരോഗ്യരംഗത്തെ പ്രധാനപ്പെട്ട വെല്ലുവിളികളായി നില കൊള്ളുന്നു.

കുട്ടികളുടെ പോഷണ നിലവാരം

കുട്ടികളുടെ പ്രായവും അതിനനുസരിച്ചുള്ള തൂക്കവുമാണ് പോഷണ നിലവാരം തിട്ടപ്പെടുത്തുവാനുള്ള മാനദണ്ഡം, നമ്മുടെ മേഖലയിൽ പോഷണ നിലവാരം താരതമ്യേന ഉയർന്ന നിരക്കിലാണ്.

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
പ്രായം	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	105	84	43	43	01	-	-	-
1-3 വയസ്സ്	146	130	89	87	05	06	01	01
3-6 വയസ്സ്	208	164	115	119	05	08	-	-

1-ാം ഗ്രേഡ്	-	ലഘുവായ പോഷണക്കുറവുള്ളവർ	496
2-ാം ഗ്രേഡ്	-	മിതമായ പോഷണക്കുറവുള്ളവർ	25
3-ാം ഗ്രേഡ്	-	ഗുരുതരമായ പോഷണക്കുറവുള്ളവർ	02

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി.സി. ജി.	ഡി.പി.റ്റി.				പോളിയോ				ഡി.റ്റി മിസി				
		1 D	2 D	3 D	B D	1 D	2 D	3 D	B D	1 D	2 D	3 D	B D	
1 വയസ്സിൽ താഴെ	202	223	205	195		223	205	195		7	5			115
1-3 വയസ്സ്	471	462	462	462	314	462	462	462	314					452
3-6 വയസ്സ്	626	626	623	623	496	626	623	623	496		19		32	626

ടെറ്റനസ് ടോക്സോയിസ് (TT)

	1D	2D	BD
ഗർഭിണികൾ	165	138	-

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം	250
ഇരുമ്പ് / ഫോളിക്കാസിഡ് - ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം	625
വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	821
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	229
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	ഇല്ല

അംഗൻവാടികളിലൂടേയും ആരോഗ്യ കേന്ദ്രങ്ങളിലൂടേയും ലഭിക്കുന്ന പോഷകാഹാരങ്ങൾ, രോഗപ്രതിരോധ സൗകര്യങ്ങൾ, സ്ക്കൂളുകളിൽനിന്നും ലഭിക്കുന്ന പോഷകാഹാര പരിപാടികൾ എന്നിവ മൂലം ഏകദേശം 90% കുട്ടികൾക്കും പോഷണ നിലവാരം സാധാരണ നിലയിലെത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പോഷണ കുറവുള്ള കുട്ടികളുടെ എണ്ണം കുറച്ചു കൊണ്ടുവരുന്നതിനും ഇപ്പോഴത്തെ നിലവാരം തുടർന്നു കൊണ്ടുപോകുന്നതിനും ആരോഗ്യ പോഷണ പരിപാടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

സ്ഥാപനങ്ങളും ജീവനക്കാരും

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രങ്ങൾ കടയിരുപ്പ് ഗവ: ആശുപത്രി, മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി, കടമറ്റം ഹെൽത്ത് സെൻറർ എന്നിവയാണ്. കൂടാതെ ക്ലിനിക്കുകളും ആയുർവേദ വൈദ്യ ശാലകളും മറ്റും ചെറിയ തോതിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ആയുർവേദം, ഹോമിയോ എന്നീ ചികിത്സാ സ്ഥാപനങ്ങൾ തുടങ്ങേണ്ടത് പൊതുജനാരോഗ്യത്തിന് സഹായകമാകും.

അനുബന്ധം - 7

.....ഗ്രാമപഞ്ചായത്ത്

7.1 സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	2	3	4	5	6	7
1.	Govt. Hospital Kadayiruppu	Health Services	സ്വന്തം	21	1949	ആശുപത്രി കെട്ടിടം ചോരുന്നുണ്ട് വാട്ടർ സപ്ലൈ പൈപ്പ് ലൈൻ കേടുവന്നിട്ടുണ്ട്. - വാട്ടർടാങ്ക് ലീക്ക് ചെയ്യുന്നുണ്ട്. ആസ്പത്രി ഉപകരണങ്ങൾ കേടുവന്നാകാതെ, ഫർണിച്ചർ കുറവ് ലബോറട്ടറി, തിയേറ്റർ മുതലായവ കുറവ്
1.	മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ആശുപത്രി	ആശുപത്രി	സ്വന്തം	511	1970	1.ആശുപത്രി മലിനജല സംസ്കരണ പദ്ധതി 2. ആശുപത്രിയുടെ മുൻവശത്ത് സ്ഥലം നികത്തിയതു മൂലം ഉണ്ടായിട്ടുള്ള അഴുക്കുചാൽ പ്രശ്നം

1949-ൽ സ്ഥാപിച്ച കടയിരുപ്പ് ഗവ: ആശുപത്രിയ്ക്കു സ്വന്തമായ കെട്ടിടവും പരിമിതമായ സൗകര്യവും നിലവിലുണ്ട്. ആകെ 21 ഉദ്യോഗസ്ഥർ ഇവിടെ പ്രവർത്തിക്കുന്നു. കാലപഴക്കത്താൽ ആശുപത്രി കെട്ടിടം ചോർന്നൊലിക്കുകയും ജല വിതരണത്തിനുള്ള പൈപ്പുകൾ, ആശുപത്രിയിലെ മറ്റ് ഉപകരണങ്ങൾ എന്നിവ കേടു വന്നിട്ടുണ്ട്. ഇവയുടെ കേടുപാടുകൾ പരിഹരിക്കേണ്ടത് അത്യാവശ്യമാണ്.

കാലാനുസൃതമായി ജീവനക്കാർക്കുള്ള വാസസ്ഥലങ്ങൾ നിർമ്മിച്ച് വേണ്ടത്ര ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് ആശുപത്രി മുഴുവൻ സമയവും സേവന സന്നദ്ധമാക്കേണ്ടത് ആവശ്യമാണ്. കെട്ടിടത്തിന്റെ നാമമാത്രമായ സംരക്ഷണ പണികൾ നടത്തുന്നതൊഴിച്ച് യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും ഇതിനോടകം സർക്കാരിൽനിന്നു നടത്തി കാണാത്തത് വളരെ ദുഃഖത്തോടു കൂടിയാണ് നാട്ടുകാർ വീക്ഷിക്കുന്നത്.

1970-ൽ സ്ഥാപിച്ച മലങ്കര മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ 511 ഉദ്യോഗസ്ഥന്മാരാണുള്ളത്. സ്വകാര്യ മേഖലയിലെ ഈ സ്ഥാപനം ആരോഗ്യ പരിപാലന രംഗത്ത് വലിയ സേവനം നൽകിവരുന്നു. ആധുനിക രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ എല്ലാംതന്നെ ഇന്ന് ഇവിടെ ലഭ്യമാണ്.

ആരോഗ്യരക്ഷാ കാര്യങ്ങളിൽ സർക്കാർ ആശുപത്രികളിൽ ചിലവിടുന്ന അപര്യാപ്തമായ തുക നമ്മുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പരിമിതമാണ്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് സർക്കാരും ഗ്രാമപഞ്ചായത്തും സന്നദ്ധ പ്രവർത്തകരും ഉദാരമതികളും ചേർന്ന് കൂട്ടായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം എറണാകുളം ജില്ല ഒരു വ്യവസായ മേഖലയായി അതിശീഘ്രം വളർന്നു. കേരളത്തിന്റെ ജലസ്രോതസ്സുകളിൽ മുഖ്യസ്ഥാനം വഹിക്കുന്ന പെരിയാർ നദി ഈ വ്യവസായമേഖല വളരുന്നതിന് കൂടുതൽ സഹായിച്ചു. പക്ഷേ ഈ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉണ്ടായ വായു-ജല മലിനീകരണങ്ങൾ ജനങ്ങളുടെ ആരോഗ്യസ്ഥിതിയേയും പ്രകൃതിയുടെ സന്തുലിതാവസ്ഥയേയും തകിടം മറിച്ചു. വ്യവസായം വളരുന്നതോടുകൂടിവന്നു ചേർന്ന ഈ മാറ്റം വളരെ ത്യാഗം സഹിച്ചാണ് ഇവിടുത്തെ ജനങ്ങൾ സഹിച്ചുപോരുന്നത്. ഇതിനൊരു പരിഹാരം കണ്ടെത്താൻ ആസൂത്രിതവും ശാസ്ത്രീയവുമായ ഒരു ശ്രമം ഉണ്ടാകാത്തപക്ഷം ഏതെല്ലാം ചികിത്സാ സൗകര്യം ഏർപ്പെടുത്തിയാലും ആരോഗ്യരംഗത്തെ ഒരു വെല്ലുവിളിയായി ഇതു നിലനില്ക്കുമെന്നതിനു സംശയമില്ല.

ആരോഗ്യം

Ward I

1. നിലവിൽ ഒരു മിഡ്‌വൈഫ് സെൻറർ പ്രവർത്തിയ്ക്കുന്നുണ്ട്. ഇത് ഒരു പി.എച്ച്. സെൻറർ ആയി ഉയർത്തണം.
2. വാർഡിൽ ഒരു ആയൂർവേദ ആശുപത്രി സ്ഥാപിയ്ക്കാൻ നടപടി സ്വീകരിയ്ക്കണം.
3. വാർഡിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിയ്ക്കാൻ നടപടി സ്വീകരിയ്ക്കണം.
4. ഒന്നാം വാർഡിൽ ഒരു പൊതു ശ്മശാനം സ്ഥാപിയ്ക്കുക.

Ward II

1. കോളനികളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുക. കക്കൂസ് നിർമ്മിക്കുക, കുടിവെള്ളം എത്തിയ്ക്കുക. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിയ്ക്കുക. കോളനികളോട് അനുബന്ധിച്ച് സാംസ്ക്കാരിക നിലയം നിർമ്മിയ്ക്കുക. ഒരു ടി.വി. യും ഇരിപ്പിടസൗകര്യങ്ങളും ഏർപ്പെടുത്തുക. കോളനി റോഡുകൾ നന്നാക്കുക.
2. കൊതുക് നിവാരണം നടത്തുക.
3. ആയൂർവേദ ആശുപത്രി സ്ഥാപിയ്ക്കുക.
4. ഓടകൾ വൃത്തിയാക്കുക.
5. മിനി സ്റ്റേഡിയം നിർമ്മിയ്ക്കുക.

Ward III

1. M.M. റോഡിൻെറ സൈഡിലുള്ള ചിറയിൽ വീഴുന്ന മലിനജലം ഒഴിവാക്കുക.
2. ഇന്ത്രാൻ ചിറയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന പമ്പ് ഹൗസിൻെറ കിണറിലേക്ക് ഹൈസ്ക്കൂളിലേയും ചിറയിലേയും മലിനജലം ഒഴുകിവീഴുന്നതു കാരണം പമ്പ് ഹൗസിൽനിന്നും പമ്പു ചെയ്യുന്ന കുടിവെള്ളം മലിനമാണ്. എത്രയും പെട്ടെന്ന് ഈ സ്ഥിതി മാറ്റുന്നതിന് സത്വരനടപടികൾ സ്വീകരിയ്ക്കണം.
3. വാർഡിൻെറ പടിഞ്ഞാറുഭാഗത്ത് ഒരു ആയൂർവേദ ഡിസ്പൻസറിയും, ഒരു ഹോമിയോ ഡിസ്പൻസറിയും ഒരു ഹെൽത്ത് സെൻറർ അത്യാവശ്യമാണ്.
4. കക്കൂസില്ലാത്ത വീടുകൾ നിരവധി ഉണ്ട്. അവയ്ക്കെല്ലാം കക്കൂസ് സ്ഥാപിച്ചു കൊടുക്കണം.
5. പുതിയതായി സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണം കർശനമായി പാലിക്കണം.
6. അസങ്കടിതമായ തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷണം നൽകുക.

Ward IV

1. ലോകബാങ്കിൻെറ സഹായത്തോടെ നടപ്പാക്കുന്ന സോഷ്യൽ ഇക്കണോമിക് പ്രോഗ്രാം നടപ്പാക്കണം.
2. ആരോഗ്യപരിപാലനത്തിൽ ആരോഗ്യ ശുചിത്വം പാലിയ്ക്കുന്നതിന് ബോധവൽക്കരണം നടത്തുക.
3. ആശുപത്രി വികസനസമിതികളിൽ ഫണ്ട് സ്വരൂപിയ്ക്കുക.

Ward V

1. കടയിരുപ്പ് ഗവ:ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി മരുന്നു ഉപകരണങ്ങളും സ്ഥല സൗകര്യവും വർദ്ധിപ്പിയ്ക്കുക.
2. ഹോമിയോ, ആയൂർവേദ ചികിത്സാ സൗകര്യങ്ങൾ ആശുപത്രിയോട് അനുബന്ധിച്ച് ഏർപ്പെടുത്തുക.
3. ആശുപത്രി ജീവനക്കാർക്ക് ആവശ്യ മായ ക്വോർട്ടേഴ്സ് പണിയുക.
4. ജൂനിയർ പബ്ലിക് ഹെൽത്ത് സെൻററിന് അടിയന്തിരമായി കെട്ടിടം പണിയുക. ആവശ്യമായ ഓഫീസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
5. കടയിരുപ്പ് ഗവ:ആശുപത്രിയുടെ ശോചനീയാവസ്ഥ എത്രയും വേഗം പരിഹരിയ്ക്കുക. കക്കൂസ്, വാട്ടർടാങ്ക് മുതലായവയുടെ കേടുപാടുകൾ ഉടൻ തീർക്കുക.
6. പൊതുശ്മശാനം നിർമ്മിയ്ക്കുക.
7. കൊതുക് നിയന്ത്രണത്തിന് ആവശ്യ മായ നടപടികൾ സ്വീകരിയ്ക്കുക.

Ward VI

1. ഈ വാർഡിൽ ഹെൽത്ത് സെൻറോ സബ് സെൻറോ ഇല്ല. ഗ്രാമീണ വായനശാലയ്ക്ക് സമീപത്തുള്ള അംഗൻവാടിക്കുചേർന്ന് ഒരു കെട്ടിടം പണിത് ഇതു തുടങ്ങേണ്ടതാണ്. സ്ഥലം ഫ്രീയായി കൊടുക്കുന്നതാണ്.
2. ഈ വാർഡിൽ ഹൃദയഭാഗത്തു കൂടിയുള്ള തോട്ടിൽകൂടി ഒഴുകുന്ന വെള്ളത്തിൽ പ്ലാൻറ്, ലിപ്ലാഡ്സ്, ലാമിന, സിന്തേറ്റ് എന്നീ കമ്പനിയിൽ നിന്നും ഒഴുകിവരുന്ന മലിനജലവും വിഷവാതകവും കൃഷിക്കും മനുഷ്യ ജീവനും അപകടമാണ്. ഇതിന് എത്ര യും വേഗം പ്രതിവിധി കണ്ടെത്തുക.
3. ഇനിയും കക്കൂസുകളില്ലാത്ത അനേകം വീടുകളുണ്ട്. അവയ്ക്ക് കക്കൂസു നിർമ്മാണത്തിന് സഹായം നൽകണം.
4. പ്രധാന നിരത്തുകളിൽ വെയ്സ്റ്റ് ബോക്സുകൾ സ്ഥാപിയ്ക്കുക.
5. ഈ വാർഡിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കണം.

Ward VII

1. ഈ വാർഡിൽ ഒരു കുടുംബ ക്ഷേമകേന്ദ്രം നിലവിലുണ്ട്. എന്നാൽ അതിൻെറ പ്രവർത്തനം കാര്യമായ തോതിൽ നടക്കുന്നില്ല. അത് ഭംഗിയായി നടത്താൻ കഴിയണം.
2. പാങ്കോട്ടിൽ ഒരു ഹെൽത്ത് സെൻററും ഇരുപ്പച്ചിറയ്ക്ക് സമീപം മിച്ച ഭൂമിയിൽ ഒരു ഗവ: ആയൂർവേദ ആശുപത്രിയും ഇവിടെ അത്യാവശ്യ മാണ്.
3. മെഡിക്കൽ മിഷ്യൻ പോലുള്ള ആശുപത്രികളിൽ അത്യാഹിതം സംഭവിച്ച് അടിയന്തിരമായി എത്തുന്ന രോഗികളോട് അപ്പോൾതന്നെ അഡ്വാൻസ് തുക കെട്ടിവെയ്ക്കണ മെന്നുള്ള നിബന്ധന നിർത്തി വെയ്ക്കണമെന്ന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുകയും അത് നിർത്ത ലാക്കുകയും ചെയ്യുക.
4. ഈ പ്രദേശത്തുള്ള ഹെർബൽ കമ്പനിയിൽനിന്നും മറ്റു കമ്പനികളിൽ

നിന്നും വരുന്ന മലിനജലം, പുക തുടങ്ങിയവകൊണ്ട് ഈ പ്രദേശത്തെ മനുഷ്യർക്കും, മൃഗങ്ങൾക്കും, കടി, ചൊറിച്ചിൽ എന്നിവ ഉണ്ടാകുന്നു. ഇതിന് ഉത്തരവാദികളായവരെകണ്ട് ഇതില്ലാതാക്കാൻ വളരെ കർശനമായി പഞ്ചായത്ത് നിർദ്ദേശിയ്ക്കണം. അല്ലാത്തപക്ഷം അവരിൽനിന്ന് പിഴ ഈടാക്കി ഈ പ്രവർത്തനം പഞ്ചായത്ത് നടത്തണം.

5. ആശുപത്രികൾ ഇല്ലാത്തതുകൊണ്ട് ആരോഗ്യ പ്രവർത്തനങ്ങൾ അംഗൻവാടികൾവഴി നടത്തുക.

6. അലഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുവാനുള്ള നടപടി സ്വീകരിയ്ക്കുക.

Ward VIII

1. പഴന്തോട്ടം കേന്ദ്രമാക്കി ഒരു സർക്കാർ ആശുപത്രി സ്ഥാപിയ്ക്കുക.

2. പഴന്തോട്ടം വാർഡിൽ ഒരു ആരോഗ്യസർവേ നടത്തുക.

3. ഈ വാർഡിൽ ഒരു ആയൂർവേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിയ്ക്കുക.

Ward IX

1. ഈ വാർഡിൽ ഒരു ആയൂർവേദ, ഹോമിയോ ഡിസ്പൻസറി സ്ഥാപിയ്ക്കുക.

2. കടയിരുപ്പ് ആശുപത്രിയെ താലൂക്കാശുപത്രിയായി മാറ്റണം.

3. കോളനികളിലും മറ്റു പിന്നോക്ക പ്രദേശങ്ങളിലും കക്കൂസുകളില്ല. കക്കൂസുകൾ ഒറ്റയ്ക്ക് ഒറ്റയ്ക്ക് ആയാൽ ചിലവ് കൂടുന്നതുകൊണ്ട്, പ്രായോഗികങ്ങളല്ലാത്തതുകൊണ്ട് പഞ്ചായത്ത് വികസനസേനയുടെയും സന്നദ്ധസംഘടനയുടെയും സഹായത്തോടെ ആവശ്യമായ സാധനങ്ങൾ മൊത്തമായി ഏറ്റെടുത്ത് ഗുണഭോക്താവിന്റെ പ്രയത്നവും ഉൾപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാം.

5. എല്ലാ വീടുകളിലും ചിലവ് കുറഞ്ഞതും പുകശല്യം ഇല്ലാത്തതുമായ അടുപ്പുകൾ സ്ഥാപിക്കണം.

6. ഈ വാർഡിന്റെ പലഭാഗത്തും 5-ാം വാർഡിലെ ഫാക്ടറികളിൽനിന്നും വരുന്ന പുകമൂലം പലർക്കും ചുമയും ശ്വാസം മുട്ടൽ തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്നു. ഇതിന് പരിഹാരം ഉണ്ടാക്കണം.

7. സമ്പൂർണ്ണ മദ്യനിരോധനം ഫലപ്രദമായി നടപ്പാക്കണം.

8. ഈ വാർഡിൽ ഒരു പൊതുശ്മശാനം ആവശ്യമാണ്.

9. ഈ വാർഡിൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിയ്ക്കുക. നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

കുടിവെള്ളം

കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും ആരോഗ്യരംഗത്തെ പ്രധാനപ്പെട്ട അളവുകോലുകളാണ്. നമ്മുടെ നാട്ടിലെ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകൾ, കുഴൽ കിണറുകൾ, പൈപ്പുകൾ എന്നിവയെ ആശ്രയിക്കുന്നു. ഇവിടെ പഞ്ചായത്തു വക 66 കിണറുകളും

43 കുളങ്ങളും 9 കുഴൽ കിണറുകളും 299 പൊതു ടാപ്പുകളും ആണുള്ളത്.

പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളമെത്തിക്കുന്നതിനും അതിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും നമുക്ക് ഇനിയും കഴിയേണ്ടിയിരിക്കുന്നു. സ്വകാര്യ കിണറുകളും പൊതുകിണറുകളും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടത് ജലം മലിനമാകാതെയിരിക്കുന്നതിന് ആവശ്യമാണ്.

മഴക്കാലത്തുപോലും ശുദ്ധജലം ലഭ്യമല്ലാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വേനൽക്കാലത്താകട്ടെ ദീർഘദൂരം സഞ്ചരിച്ച് കുടിവെള്ളം ശേഖരിക്കേണ്ടി വരുന്നു എന്നുള്ള സത്യം നാം വിസ്മരിച്ചുകൂടാ. കുടിവെള്ള കാര്യത്തിൽ സ്വയം പര്യാപ്തതയിലെത്തുന്നതിന് ജലസ്രോതസുകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതോടൊപ്പം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

ഇന്ന് കുടിവെള്ളത്തിനായി ജനങ്ങൾ വ്യാപകമായി ആശ്രയിക്കുന്നത് പൈപ്പു വെള്ളമാണ്. എന്നാൽ ടാപ്പുകളിലൂടെ ലഭ്യമാവുന്ന ജലത്തിന് ശരിയായ ഗുണനിലവാരം പലപ്പോഴും കാണാറില്ല എന്നുള്ളത് സത്യമാണ്. നമ്മുടെ പഞ്ചായത്തിനും തൊട്ടടുത്ത പൂത്തൃക്ക പഞ്ചായത്തിനും സംയുക്തമായി ഒരു കുടിവെള്ളം പദ്ധതി ആവിഷ്ക്കരിച്ചാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമാകും. നമ്മുടെ പഞ്ചായത്തിൽ പലഭാഗങ്ങളിലും ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ, കുളങ്ങൾ, ടാപ്പുകൾ എന്നിവയുടെ ശരിയായ പുനരുദ്ധാരണം വഴി കുടിവെള്ളക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴുയുമെന്നതിന് സംശയമില്ല.

നമ്മുടെ പഞ്ചായത്തിൽ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന വാരപ്പെട്ടി മലയും മൂന്നാം വാർഡിലെ കക്കോടൻ മലയും ആറാം വാർഡിലെ ഇരുപ്പച്ചിറ ഭാഗത്തുള്ള ഉയർന്ന പ്രദേശങ്ങളിലും ഇടശ്ശേരിക്കാവുഭാഗവും വാർഡിന്റെ കിഴക്കേ അതിർത്തിപ്രദേശങ്ങളും അഞ്ചാം വാർഡിലെ പുളിയ്ക്കക്കുടി മലയും ഒമ്പതാം വാർഡിലെ നരിച്ചിലക്കോട് കോളനി പ്രദേശവും കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളാണ്. ഇതിന് ഭൂഗർഭജലം ശേഖരിക്കാവുന്ന കുഴൽ കിണറുകൾ ഒരു പരിധിവരെ മാത്രമേ ഉപയുക്തമായിട്ടുള്ളു. കടുത്ത ജലക്ഷാമം അനുഭവപ്പെടുമ്പോൾ ജലം എത്തിക്കുന്ന പദ്ധതി പൂർണ്ണമായും ഫലപ്രദമാകാത്തതിനാൽ പഞ്ചായത്തുതലത്തിൽ സംരക്ഷണപണികൾ ചെയ്യാൻ ക്രമീകരണം ഉണ്ടാകേണ്ടതാണ്.

നമ്മുടെ കാർഷികരീതികളും വിളക്രമവും വാണിജ്യവൽക്കരിക്കപ്പെട്ടതോടെ പാരിസ്ഥതികമായി ശേഖരിക്കാനുള്ള മണ്ണിന്റെ കഴിവുകൾ നാം തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. ഈ പ്രവണതയ്ക്കു അറുതി വരുത്താത്തപക്ഷം കിണറുകളും കുളങ്ങളും നീരുറവകളും നോക്കു കുത്തികളായി മാറുന്നതിന് അധികം കാത്തിരിക്കേണ്ടിവരില്ല. അവസാനം നാം ടാപ്പുകളേയും കനാൽ ജലത്തേയും മാത്രം ആശ്രയിച്ച് വേഴാമ്പലിനെപ്പോലെ കാത്തിരിക്കേണ്ട ഗതികേടുവരും. ഇന്ന് നിലവിലുള്ള കിണറുകൾ, ടാപ്പുകൾ, കുളങ്ങൾ എന്നിവ വ്യാപകമായി ദുരുപയോഗം നടത്തുന്നത് ഏവർക്കും അറിയാവുന്ന വസ്തുതയാണ്. ഇത് കർശനമായി നിയന്ത്രിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുകയും സന്നദ്ധ സേവകരുടേയും നാട്ടുകാരുടേയും സംരക്ഷണ കമ്മറ്റികൾക്ക് രൂപം കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

ഈ രംഗത്ത് കേരളാ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലോക ബാങ്കുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ അതിന്റെ പ്രവർത്തനത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളിത്തം ഉറപ്പുവരുത്തി പൊതുജനാവശ്യം നിറവേറ്റാവുന്നതാണ്.

ഗുണനിലവാരമുള്ള കുടിവെള്ളത്തിന്റെ കാര്യത്തിൽ നമ്മുടെ അവസ്ഥ വളരെ പരിതാപകരമാണ്. ബോധപൂർവ്വമോ അല്ലാതെയോ നമ്മുടെ കിണറുകൾ, ജലാശയങ്ങൾ എന്നിവ മലിനപ്പെടുത്തുന്ന നിരുത്തരവാദപരമായ പ്രവണത പല പ്രദേശങ്ങളിലും കണ്ടുവരുന്നു. സ്വകാര്യ കമ്പനികളിൽനിന്നുള്ള മലിനജലത്തിന്റെ ഒഴുക്ക് പരിസരമാകെ മലിനപ്പെടുത്തുന്ന ഒരവസ്ഥയിലേയ്ക്കു എത്തിച്ചേർന്നിട്ടുണ്ട്. ഇതിനുത്തരവാദികളായ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം ലഭിക്കേണ്ടിയിരിയ്ക്കുന്നു. നിലവിലുള്ള നിയമങ്ങളെ കർശനമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തും ജനകീയ സഹകരണവും ഒത്തുചേർന്ന് പ്രവർത്തിച്ചാൽ മാത്രമേ കഴിയൂ.

കുടിവെള്ളം വാർഡ് 1

I ഒന്നാം വാർഡിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ ലക്ഷംവീട് കോളനി; മോളെക്കുടി, ഹരിജൻ കോളനി, കടമറ്റം സൗത്ത്, ഹരിജൻ കോളനി എന്നിവിടങ്ങളിൽ ആണ്. ഇതിൽ ലക്ഷം വീട് കോളനി, മോളെകുടി കോളനി എന്നിവിടങ്ങൾ വളരെ ഉയർന്ന പ്രദേശമാകയാൽ കുടിവെള്ളപ്രശ്നത്തിന് അടിയന്തിരമായ ആവശ്യമാണ് എല്ലായ്പ്പോഴും വെള്ളം കിട്ടാത്തതിനാൽ ഉയരം കൂടിയ സ്ഥലങ്ങളിൽ ടാങ്കുകൾ കെട്ടി, വെള്ളം സ്റ്റോക്ക് ചെയ്തു ആവശ്യക്കാർക്ക് കോരിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

II മോളെക്കുടി കോളനിയുടെ ഹാൻഡ് പമ്പ് കേടായത് ഉപയുക്തമാക്കുക.

III സൗത്ത് കോളനി ഭാഗത്തേയ്ക്കുള്ള കേടായ പൈപ്പുകൾ നന്നാക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിയ്ക്കുകയും ചെയ്യണം. സൗത്ത് കോളനിയിൽ കിഴക്കോട്ട് ഉള്ള റോഡിൽക്കൂടി നൂറ്റിഅൻപതു മീറ്റർ പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം.

IV കീപ്പള്ളിത്തോട്ടം കടവിൽ കിടക്കുന്ന ടാപ്പ് അവിടെനിന്നും മാറ്റി കൂടുതൽ ഉപയോഗമുള്ള സ്ഥലത്ത് സ്ഥാപിയ്ക്കുക.

V നാഞ്ചിറ കടവ് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പൈപ്പ് ലൈൻ ഇട്ട് ടാപ്പുകൾ സ്ഥാപിയ്ക്കുക.

VI പെരുവം മുഴി അംഗൻവാടി; കടമറ്റം ഹെൽത്ത് സെൻറർ എന്നിവിടങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിച്ച് കണക്ഷൻ കൊടുക്കുക.

VII മുഴുവൻ സമയവും കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുക.

വാർഡ് II

1. ഈ വാർഡിലെ വാരപ്പെട്ടി മലയിൽ 20-ൽ ഏറെ വിടുകൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് ബോർവെൽ സ്ഥാപിച്ച് കണക്ഷൻ കൊടുത്ത് വാരപ്പെട്ടിമലയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിയ്ക്കുക.

2. കടമറ്റം മുറിമറ്റം പീടികയ്ക്ക് സമീപമുള്ള ഹരിജൻ കോളനിയിൽ എത്രയും വേഗം കുടിവെള്ളം എത്തിയ്ക്കുക.

3. തോന്നിയ്ക്ക-മാർത്തട്ട് പടവ് കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ട സംവിധാനം ഉടനെ ഉണ്ടാക്കുക.

4. മണ്ണേക്കട്ട് പടി മുതൽ കോർപ്പേലി പറമ്പ് വരെ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിയ്ക്കുക.

വാർഡ് III

1. ഇന്ത്രം ചിരയിലെ പമ്പ് ഹൗസിൽ നിന്ന് മെഡിക്കൽ മിഷ്യൻ ആശുപത്രിയി ലേയ്ക്ക് സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് ജല വിതരണം വർഷകാലത്തുകൂടി നടത്തി കുടിവെള്ളക്ഷാമം പരിഹരിയ്ക്കുക.

2. ഈ വാർഡു ഉയർന്ന പ്രദേശം ആയതിനാൽ കക്കോടൻ മലയിൽ ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് എല്ലാ റോഡുകളിലും ഇടവഴികളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിയ്ക്കുക.

കുടിവെള്ളം

വാർഡ് IV

നരിച്ചിലക്കോട്ട് കോളനി, കരിയാട്ടുകുന്നു കോളനി, മേയ്ക്കാട്ടുമോളം കോളനി എന്നിവയിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കണം.

വാർഡ് V

1. നിലവിലുള്ള പമ്പ് ഹൗസ് പുന രുദ്ധരിച്ച് കാര്യക്ഷമമാക്കുക.

2. കൂരാച്ചി സെറ്റിൽമെൻറ് കോളനിയും കടയിരുപ്പ് ലക്ഷംവീട് കോളനിയിലും ആവശ്യമായ കുടിവെള്ളം എത്തി യ്ക്കുക.

3. വാളോത്തിൽ റോഡിന്റെ ഇരുഭാഗ ത്തും താമസിക്കുന്നവർക്ക് കുടിവെള്ള മെത്തിയ്ക്കുക.

4. നിലവിലുള്ള പഞ്ചായത്ത് കിണറു കളും കുളങ്ങളും കാര്യക്ഷമമാക്കുക.

5. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ പഞ്ചായത്ത് കിണറുകൾ സ്ഥാപി യ്ക്കുക.

6. സ്വകാര്യകമ്പനികളിൽനിന്നും പുറ ത്തേയ്ക്കൊഴുകുന്ന മലിനവസ്തുക്കളെ നിയന്ത്രിക്കുകയും വായു-ജല മലിനീ കരണം അവസാനിപ്പിക്കുന്നതിനാ വശ്യമായ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ കർശനമായി ഏർപ്പെടുത്തുന്നതിന് ഉടമസ്ഥരെ നിർബന്ധിക്കുകയും നിയമനടപടികൾ എടുക്കുകയും ചെയ്യുക.

വാർഡ് VI

1. പാങ്കോട് പള്ളികവല കോളനി യിൽ എത്രയും വേഗം പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തി യ്ക്കുക.

2. പാങ്കോട് വായനശാലയ്ക്ക് സമീപ മുള്ള ക്ഷേത്രത്തിന് എതിർവശമുള്ള ഇടവഴിയിൽക്കൂടി ഉദ്ദേശം ഇരുന്നൂറ്

മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് അടിയന്തിരമായി കുടിവെള്ളം എത്തിയ്ക്കുക.

3. ഈ വാർഡിന്റെ കിഴക്കേ അറ്റത്തു കിടക്കുന്ന ഉയർന്ന പ്രദേശമായ കീരിക്കാട്ടിൽ അബ്രഹാമിന്റെ പുരയിടത്തിന്റെ കിഴക്കുവശത്തുള്ള റോഡിൽകൂടി ചാപ്പൽ റോഡിലേയ്ക്കുള്ള പുതിയ റോഡിൽ പൈപ്പു ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിയ്ക്കുക.

4. ഇരുപ്പച്ചിറഭാഗത്ത് ഉയർന്ന പ്രദേശമായ കൊരട്ടിയിൽ ചന്ദ്രന്റെ വീടിന്റെ ഭാഗത്ത് ടാപ്പു സ്ഥാപിച്ച് കുടിവെള്ളം എത്തിയ്ക്കണം.

5 പാങ്കോടു-വടവുകോടു കവലയിൽ നിന്നും കിഴക്കോട്ടു പോകുന്ന എടശ്ശേരിക്കാവുറോഡിൽ പൈപ്പു ലൈൻ വലിച്ചു കുടിവെള്ളം എത്തിയ്ക്കണം.

വാർഡ് VII

1. വെണ്ണിക്കുളം കോളനി, ഭജനമഠം കോളനി, ഇരുപ്പച്ചിറ കവലയ്ക്ക് സമീപമുള്ള മിച്ചഭൂമി കോളനി, കൊടിയാരിക്കുന്ന്, പെരിങ്ങോൾ റോഡ് തറപ്പാട് മുകൾഭാഗം എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ഇട്ട് അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുക.

2. പാങ്കോട് 96-ാം നമ്പർ അംഗൻവാടിയും 15-ാം നമ്പർ അംഗൻവാടിയും ഉടനെ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുക.

3. ബെലിമുകൾ ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് ടാപ്പുകൾ നിർമ്മിയ്ക്കുക

വാർഡ് VIII

1. നിലവിലുള്ള പൈപ്പുകളുടെ കേടു പാടുകൾ തീർത്ത് എല്ലാ സമയത്തും കുടിവെള്ളം ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിയ്ക്കുക.

2. പൊതുടാപ്പുകളുടെ നികുതി ഒഴിവാക്കിയും റിപ്പേറിംഗ് തുടങ്ങിയ ജോലികളും പഞ്ചായത്ത് ചുമതലയിൽ വരുത്തുക.

3. പഴന്തോട്ടം - അമ്പലം വഴി റോഡിൽ 500 മീറ്റർ പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പ് ഇടുക.

4. പഴന്തോട്ടം - കോട്ടമല റോഡു ഭാഗത്ത് രണ്ട് ബോർവെല്ലുകൾ നിർമ്മിച്ച് പമ്പ് സ്ഥാപിക്കുക.

5. കിണർ ഇല്ലാത്ത നിർദ്ധനർക്ക് സൗജന്യമായി കിണർ കുഴിച്ച് നൽകുക.

വാർഡ് IX

1. വലമ്പൂർ കുരിശിന് സമീപമുള്ള അംഗൻവാടിയിലേയ്ക്ക് പൈപ്പ് ലൈൻ ഇട്ട് ടാപ്പ് സ്ഥാപിച്ച് കുടിവെള്ളം അടിയന്തിരമായി എത്തിയ്ക്കുക.

2. നരച്ചിലകോട് കോളനി, കരിയാട്ട് കുന്ന് കോളനി - മേക്കാട്ട് മോളം കോളനി എന്നിവിടങ്ങളിൽ അടിയന്തിരമായി കുടിവെള്ളം എത്തിക്കണം.

3. ജലവിതരണ ചുമതല പഞ്ചായത്ത് ഏറ്റെടുക്കണം

4. ടാപ്പുകളുടെ അറ്റകുറ്റ പണികൾ നടത്തി കുടിവെള്ളവിതരണം കാര്യക്ഷമമാക്കുക.

5. പടപറമ്പ് ഭാഗത്തുള്ള ബോർവെല്ലിൽ പമ്പ് സെറ്റ് സ്ഥാപിച്ച് നരിച്ചിലകോട് കോളനിയിൽ കുടിവെള്ളക്ഷാമം പരിഹരിയ്ക്കുക.

6. മേച്ചിങ്കരപടി റോഡിൽ ടാപ്പ് സ്ഥാപിച്ച് കുടിവെള്ളം എത്തിയ്ക്കുക.

പൊത് ആവശ്യങ്ങൾ


പഞ്ചായത്തു അടിസ്ഥാനത്തിൽ ചില പൊതു ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1. 4-ാം വാർഡിൽ ഇന്ത്രാംചിറയോട് ചേർത്തുള്ള കിണറിൽനിന്നും കുടിവെള്ളം പമ്പ് ചെയ്യുന്നു. എന്നാൽ ഇന്ത്രാം ചിറയിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളിൽനിന്നും മലിനജലം ഒഴുകിയെത്തുന്നു. ആയതിനാൽ കുടിവെള്ളത്തിൽ മലിനം കലരുന്നതു അടിയന്തിരമായി തടയുന്നതിനുവേണ്ട നടപടി സ്വീകരിയ്ക്കണം.

2. പൊതു ടാപ്പുകൾ പല സ്ഥലങ്ങളിലും ആവശ്യമില്ലാതെ സ്ഥാപിച്ചിരിക്കുന്നത് നീക്കം ചെയ്യുക.

3. കുടിവെള്ളം പാഴായി പോകുന്നതിന് കാരണമാകുന്ന കേടായ ടാപ്പുകളും പൊട്ടിയ പൈപ്പുകളും നീക്കം ചെയ്തു കുടിവെള്ളവിതരണം കാര്യക്ഷമ മാക്കുക.

4. പല സ്ഥലങ്ങളിലും ടാപ്പുകൾ ഉണ്ടെങ്കിലും കുടിവെള്ളം എത്തുന്നില്ല. ഉടനെ വേണ്ട. നടപടി സ്വീകരിക്കണം.



ജനകീയാസൂത്രണം

ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട്

(വിദ്യാഭ്യാസവിഭാഗം)

വിദ്യാഭ്യാസം

സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിച്ച് പുതിയ തലമുറയെ വാർത്ത് എടുക്കുക എന്നുള്ളതാണ് വിദ്യാഭ്യാസംകൊണ്ട് സാധിക്കുക. കുന്നത്തുനാട്ട് താലൂക്കിലെ ഒരു പിന്നോക്ക പ്രദേശമായിരുന്ന ഐയ്ക്കരനാട്ട് പ്രദേശത്തുള്ളവർ സാക്ഷരതാ പ്രവർത്തനത്തിൽ അരശതാബ്ദത്തിനുമുൻപുതന്നെ വ്യാപൃതരായിരുന്നു എന്ന് ഈ പ്രദേശത്ത് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്ന ആശാൻ പള്ളിക്കൂടങ്ങൾ വ്യക്തമാക്കുന്നു. രക്ഷകർത്താക്കളുടെയും ജനങ്ങളുടേയും സഹകരണത്തോടെ നാട്ടുപ്രമാണികൾ ആശാൻ പള്ളിക്കൂടങ്ങൾ ഗ്രാൻറ് സ്ക്കൂളുകളാക്കി. ക്രമേണ സർക്കാരിലേയ്ക്ക് വിട്ടുകൊടുത്തതായിട്ടാണ് ചരിത്രരേഖകളിൽനിന്ന് കാണുന്നത്. ഉദാഹരണമായി പഴന്തോട്ടം ചെറുപാറയിൽ പ്രവർത്തിച്ചിരുന്ന ആശാൻ പള്ളിക്കൂടം പഴന്തോട്ടം മാർ ഏലിയാസ് യുവജനസംഘം ഏറ്റെടുത്ത് മലയാള വർഷം 1088-ൽ പഴന്തോട്ടം പള്ളി കാമ്പൗണ്ടിൽ നടത്തി. നാട്ടുകാരുടേയും രക്ഷകർത്താക്കളുടെയും ശ്രമഫലമായി 22 വർഷത്തിനുശേഷം 1110-ൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് സ്ക്കൂൾ മാറ്റി സ്ഥാപിച്ചു. 1964-ൽ യു.പി. സ്ക്കൂളാക്കുന്നതിനും 1980-ൽ ആദ്യമായി പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനും നാട്ടുകാരുടേയും രക്ഷകർത്താക്കളുടേയും ശ്രമഫലമായി ആവശ്യംവേണ്ട സ്ഥലം, കളിസ്ഥലവും, ഉണ്ടാക്കിക്കൊടുക്കുന്നതിനും സാധിച്ചു. ഇപ്രകാരം ആശാൻ പള്ളിക്കൂടങ്ങളായി റവ. ഫാ. ഗീവർഗീസ് മല്ലാൻ 7 എണ്ണം പ്രവർത്തിപ്പിച്ചിരുന്നവയാണ് ഇന്ന് ഉള്ള കടയിരുപ്പ് എൽ.പി.എസ്., മാങ്ങാട്ടൂർ എൽ.പി.എസ്. കടമറ്റം യു.പി. എസ്. പെരിങ്ങോൾ എൽ.പി.എസ്., പാങ്ങോട്ട് എൽ.പി.എസ്. അദ്ദേഹം അവ ഗ്രാൻറ് സ്ക്കൂളുകളാക്കി നടത്തിപോരുകയും 46 വർഷം മുൻപ് ഈ പ്രൈമറി സ്ക്കൂളുകൾ സർക്കാരിലേയ്ക്ക് വിട്ടു കൊടുക്കുകയും ചെയ്തു. കടമറ്റം കാലക്രമേണ യു.പി.യായി അപ്ഗ്രേഡു ചെയ്തു. പെരിങ്ങോൾ എൽ.പി.എസ്. മൂന്നുവർഷം മുൻപ് കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞുപോയതിനാൽ സർക്കാർ നിർത്തലാക്കി. പരമഭട്ടാര ഗുരുകുലം ആശ്രമം വകയായി നടത്തിപോന്ന ഒരു സംസ്കൃത സ്ക്കൂളും കുറച്ചുവർഷങ്ങൾക്കുമുൻപു നിർത്തലാക്കപ്പെട്ടു. പത്തു വർഷത്തിനകം ഈ പഞ്ചായത്തിൽ ഒരു പ്രൈവറ്റ് സ്ക്കൂൾ (യു.പി. വിഭാഗം മാത്രം) പാങ്കോട്ട് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഒരു കേന്ദ്രീകൃത വിദ്യാലയം (എൽ.പി. മാത്രം) വടയമ്പാടിയിലും.

ഈ പഞ്ചായത്തിൽ 2 സർക്കാർ എൽ.പി.സ്ക്കൂൾ ഒരു എയിഡഡ് എൽ.പി. സ്കൂൾ ഓരോ ഗവൺമെൻറ് യു.പി. സ്കൂളും എയിഡഡ് യു.പി.സ്ക്കൂളും യഥാക്രമം കടമറ്റത്തും, പാങ്കോടും. കടമറ്റം ഗവ. യു.പി. സ്ക്കൂളിൽ എൽ.പി. വിഭാഗമുണ്ട്. പാങ്കോട് സെൻറ് പീറ്റേർസ് എയിഡഡ് യു.പി. സ്കൂളിൽ യു.പി. വിഭാഗം മാത്രമേയുള്ളു. 2 ഗവൺമെൻറ് ഹൈസ്ക്കൂൾ ഒന്ന് കടയിരുപ്പും, മറ്റൊന്ന് പഴന്തോട്ടത്തും. കടയിരുപ്പ് ഹൈസ്ക്കൂളിൽ എൽ.പി. വിഭാഗം ഇല്ല. കൂടാതെ, 25 വർഷം മുൻപ് സ്ഥാപിച്ച കടയിരുപ്പ് സെൻറ് പീറ്റേഴ്സ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ (എൽ.പി. വിഭാഗമായി ആദ്യം തുടങ്ങി ക്രമേണ ഹൈസ്ക്കൂളായി

ഉയർന്നു.) ഇപ്പോൾ അത് കടയിരുപ്പ് സെൻറ് പീറ്റേർസ് സീനിയർ സെക്കൻഡറി സ്ക്കൂൾ എന്ന പേരിൽ കേന്ദ്രീകൃത വിദ്യാലയമായി പ്രവർത്തിക്കുന്നു. എൽ.കെ.ജി., യു.കെ.ജി. എന്നീ ക്ലാസ്സുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വടയമ്പാടിയിൽ പരമഭട്ടാര കേന്ദ്രീകൃത വിദ്യാലയം എൽ.പി. വിഭാഗം എൽ.കെ.ജി., യു.കെ.ജി. യോടുകൂടി ഒരു ട്രസ്റ്റിൻെറ കീഴിൽ നടത്തുന്നു. അംഗീകാരമായിട്ടില്ല.

ഈ സ്ഥാപനങ്ങളിലെല്ലാംകൂടി 3905 കുട്ടികൾ പഠിക്കുന്നു. 2178 ആൺകുട്ടികളും 1727 പെൺകുട്ടികളും. 153 അദ്ധ്യാപകരിൽ 93 പേരും അദ്ധ്യാപികമാർ. സ്ക്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിന് വേണ്ടി പഞ്ചായത്തിൽ നിന്നും 500 രൂപാ വീതം ഗ്രാൻറു നല്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനം സാമൂഹ്യ സംസ്ക്കാരിക സംഘടനകൾ വഴിയും അദ്ധ്യാപകരുടെ സേവനങ്ങളിലൂടെയും, സന്നദ്ധരായ സേവനതല്പരരായ നല്ല വ്യക്തികളുടേയും സഹകരണത്തിൽ നടത്തിപ്പോരുന്നു. വായനശാലകളും ഗ്രന്ഥശാലകളും ഇതിൽ നല്ല പങ്കുവഹിക്കുന്നു. 3 വായനശാലകൾക്ക് പ്രതിവർഷം 250 രൂപാവീതം പഞ്ചായത്തിൽനിന്നും ഗ്രാൻറായി നല്കിവരുന്നു.

സഹകരണാടിസ്ഥാനത്തിൽ ഒരു അംഗീകൃത പാരലൽ കോളജ് കോലഞ്ചേരിയിലും സ്വകാര്യമേഖലയിൽ ഐ.ടി.സി. കടമറ്റം പള്ളിയുടെ കീഴിൽ നടത്തുന്നു.

നിലവിലുള്ള സ്ക്കൂളുകളിലെ വിദ്യാഭ്യാസ സംവിധാനങ്ങൾ എന്തെന്ന് വിവരിക്കട്ടെ. അക്കൂട്ടത്തിൽ ഉള്ള പോരായ്മകളും ആവശ്യങ്ങളും ശ്രദ്ധേയങ്ങളാണ്.

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.2 സ്ക്കൂളിന്റെ പൊതുവിവരം

സ്ക്കൂളിന്റെ പേര്	ഹൈസ്ക്കൂൾ യു.പി. എൽ.പി. പ്രീ. പ്രൈമറി	സ്ക്കൂളിന്റെ പേര്				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്ക്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണം	കളിസ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ, ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
		സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1. കടയിരുപ്പ്	എൽ. പി. സ്ക്കൂൾ	സർക്കാർ	-	-	-	135	104	239	8	8	ഇല്ല	ഇല്ല	53 സെൻറ്	ഇല്ല	ഇല്ല	1. ചുറ്റുമതിൽ ഇല്ല 2. 6 വർഷക്കാലമായി സംരക്ഷണവേലകൾ ഇല്ല
2. പാങ്കോട്ട് ഗവ.എൽ.പി.എസ്.	എൽ. പി. എസ്	സർക്കാർ	-	-	-	52	57	109	4	4	ഇല്ല	ഇല്ല	50 സെൻറ്	ഇല്ല	ഇല്ല	1. ചുറ്റുമതിൽ ഉണ്ട് 2. 6 വർഷക്കാലമായി സംരക്ഷണവേലകൾ ഇല്ല
3. കടമറ്റം യു.പി.എസ് (ഗവ.യു.പി.സ്ക്കൂൾ)	ഗവ. യു.പി. എസ്.	സർക്കാർ	-	-	-	123	87	210	5	5	ഇല്ല	ഇല്ല	80 സെൻറ്	ഇല്ല	ഇല്ല	1. പടിഞ്ഞാറുവശത്തുള്ള ചുറ്റുമതിലുകൾ കെട്ടണം 2. 6 വർഷക്കാലമായി വാർഷിക സംരക്ഷണ വേലകൾ ഇല്ല. 3. ഫർണിച്ചർ റിപ്പയറിംഗ് നടത്തണം

.....2

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.2 സ്ക്കൂളിന്റെ പൊതുവിവരം

സ്ക്കൂളിന്റെ പേര്	ഹൈ സ്ക്കൂൾ യു.പി. എൽ.പി. പ്രീ. പ്രൈമറി	സ്ക്കൂളിന്റെ പേര്				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്ക്കൂൾ കമ്പ്യൂസിന്റെ വിസ്തീർണം	കളിസ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം	മറ്റ് കുറിപ്പുകൾ, ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
		സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
7. മാങ്ങാട്ടൂർ എൽ.പി.എസ്.	ഹൈ സ്ക്കൂൾ	--	എയിഡഡ്	--	--	460	391	851	29	29	ഇല്ല	ഇല്ല	3 ഏക്കർ	1.74ഏക്കർ	ഇല്ല	1. ചുറ്റുമതിലുകൾ ഉണ്ട് 2. വാർഷിക സംരക്ഷണ വേലകൾ ഭാഗികമായി നടത്തുന്നു 3. ഫർണീച്ചറുകൾ റിപ്പയറിംങ്ങ് നടത്തണം.
8. പാങ്കോട് സെൻറ് പീറ്റേർസ് യു.പി. സ്ക്കൂൾ	യു.പി. സ്ക്കൂൾ	-	എയിഡഡ്	-	-	80	88	168	8	8	ഇല്ല	ഇല്ല	24 ആർ	20 ആർ	ഇല്ല	1. മൂന്നുവശം ചുറ്റുമതിലുള്ളു. 2. വാർഷികസംരക്ഷണ വേലകൾ നടത്തുന്നു.

.....3

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.2 സ്ക്കൂളിന്റെ പൊതുവിവരം

സ്ക്കൂളിന്റെ പേര്	ഹൈസ്ക്കൂൾ യു.പി. എൽ.പി. പ്രീ. പ്രൈമറി	സ്ക്കൂളിന്റെ പേര്				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്ക്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണം	കളിസ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ, ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
		സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	തീർഷകാലടിസ്ഥാനത്തിൽ ജീവിലുള്ളവർ				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
4. കടയിരുപ്പ് ഗവ. ഹൈസ്ക്കൂൾ	ഹൈസ്ക്കൂൾ	സർക്കാർ	-	-	-	460	391	851	29	29	ഇല്ല	ഇല്ല	3 ഏക്കർ	1.74ഏക്കർ	ഇല്ല	1. ചുറ്റുമതിലുകൾ ഉണ്ട്
2. പഴന്തോട്ടം ഗവ.ഹൈസ്ക്കൂൾ	ഹൈസ്ക്കൂൾ	സർക്കാർ	-	-	-	469	363	832	33	33	ഇല്ല	ഇല്ല	3 ഏക്കർ 26.75സെന്റ്	2 ഏക്കർ	ഇല്ല	1. ചുറ്റുമതിൽ ഉണ്ട് 2. കളിസ്ഥലം നിരപ്പാക്കണം 3. കളിസ്ഥലചുറ്റുമതിൽ കെട്ടണം. 4. ഫർണിച്ചർ റിപ്പയറിംഗ് നടത്തണം
3. കടയിരുപ്പ് സെന്റ് പീറ്റേഴ്സ് സീനിയർ സ്ക്കൂൾ	ഹൈസ്ക്കൂൾ	സർക്കാർ	-	അൺ എയിഡഡ്	-	723	602	1325	54	54	ഇല്ല	ഇല്ല	7 ഏക്കർ	3 ഏക്കർ	ഇല്ല	1. ചുറ്റുമതിലുകൾ ഉണ്ട്

1. കടയിരുപ്പ് ഗവ. എൽ.പി. സ്ക്കൂൾ

1950-ൽ സർക്കാരിലേയ്ക്ക് വിട്ടു കിട്ടിയ സ്ഥാപനം ചുറ്റുമതിലോ, ഗയിറ്റോ ഇല്ലാത്ത 53 സെൻറ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്ക്കൂൾ. 239 കുട്ടികൾ പഠിക്കുന്നു. 104 പെൺകുട്ടികൾ. പഠിത്തം നിർത്തിപോകുന്നവർ ചുരുക്കം. ഒന്നാം ക്ലാസ്സിൽ പ്രവേശനം ആണ്ടിനാൽ 60 കുട്ടികളിൽ താഴെ. പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ 10. മുസ്ലിംകുട്ടികൾ ഇല്ല. ലംപ്സംഗ്രാൻറുതുക വിതരണം നടത്തുന്നു. ഉച്ചക്കഞ്ഞി വിതരണവും നടത്തുന്നു. 8 അദ്ധ്യാപകരിൽ 6 പേരും അദ്ധ്യാപികമാർ. 8 ഡിവിഷൻ 2 സ്ഥിരം കെട്ടിടങ്ങളിലായി പ്രവർത്തിയ്ക്കുന്നു. വിജയശതമാനം സാമാന്യം തൃപ്തികരമായിതന്നെ പോകുന്നു. പി.ടി.എ. പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ ആറുവർഷമായി വാർഷിക സംരക്ഷണ വേലകൾ നടന്നിട്ടില്ല. പ്രസ്തുത വേലകൾ അത്യാവശ്യമായിരിക്കുന്നു. മുറ്റം നിരപ്പാക്കിയും, കളിസ്ഥലം നിരപ്പാക്കിയും, ചുറ്റുമതിലും, ഗയിറ്റുംവച്ച് സ്ക്കൂൾ വികസന യോഗ്യമാക്കേണ്ടതുണ്ട്. ഉപയോഗശൂന്യമായ കിണർ ഉപയോഗയോഗ്യമാക്കണം. പഴയ ഫർണീച്ചറുകൾ റിപ്പയർ ചെയ്യണം. പഠനോപകരണങ്ങൾ എല്ലാംതന്നെ ആവശ്യമാണ്. രണ്ടു മൂത്രപ്പുരകൾ 1 കക്കൂസ് എന്നിവ കൂടി വേണം.

2. പാങ്കോട് ഗവ. എൽ.പി. സ്ക്കൂൾ.

1950-ൽ സർക്കാരിലേയ്ക്ക് വിട്ടു കിട്ടിയ സ്ക്കൂൾ കുട്ടികൾ, ക്രമാതീതമായി കുറഞ്ഞുവരുന്നു. ഒന്നാംക്ലാസ്സിൽ ആണ്ടിനാൽ ചേരുന്ന കുട്ടികൾ 25-ൽ താഴെ 109 കുട്ടികൾ മൊത്തം പഠിക്കുന്നതിൽ 57 പേരും പെൺകുട്ടികൾ. പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ 10-ൽ താഴെ. ലംപ്സംഗ്രാൻറു കൊടുത്തു വരുന്നു. ഉച്ചക്കഞ്ഞി വിതരണം നടത്തുന്നു. 50 സെൻറ് സ്ഥലത്ത് 1 സ്ഥിരം കെട്ടിടത്തിൽ 4 ക്ലാസ്സുകൾ നടത്തുന്നു. (മുറികളായിതിരിച്ചിട്ടില്ല) മൂത്രപ്പുരകളും കക്കൂസും ഉണ്ട്. 4 അദ്ധ്യാപകരുണ്ട്. പൈപ്പുവെള്ളം കുടിവെള്ളത്തിന് ഉപയോഗിക്കുന്നു. കൂടാതെ പഞ്ചായത്തു കിണറും ഉപയോഗിക്കുന്നുണ്ട്. പി.ടി.എ. സജീവമായി പ്രവർത്തിക്കുന്നു. കളിസ്ഥലം മുറ്റമാണ്. വൈദ്യുതി ഉണ്ട്. വിജയശതമാനം തൃപ്തികരം.

വാർഷികസംരക്ഷണ വേലകൾ നടത്തേണ്ടതുണ്ട്. പഴയബഞ്ച്, ഡസ്ക്ക്, മുതലായ ഫർണീച്ചറുകൾ, റിപ്പയറിംഗ് നടത്തണം. ഉച്ചക്കഞ്ഞിക്ക് സ്ഥിരം പുര വേണം. പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല.

3. കടമറ്റം ഗവ. യു.പി. സ്ക്കൂൾ

46 വർഷം മുൻപ് സർക്കാരിലേയ്ക്ക് വിട്ടുകൊടുത്ത എൽ.പി. സ്ക്കൂൾ പിന്നീട് യു.പി. സ്ക്കൂളായി. 87 സെൻറു വിസ്തീർണ്ണമുള്ള സ്ക്കൂൾ പരിസരം. 123 ആൺകുട്ടികളും 87 പെൺകുട്ടികളും പഠിക്കുന്നു. മൊത്തം 210 കുട്ടികൾ. പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ 6 മാത്രം. ഇടയ്ക്ക് പഠിത്തം നിർത്തുന്നവരും ടി.സി. വാങ്ങുന്നവരും വളരെ കുറവ്. ഒന്നാം സ്റ്റാൻഡാർഡിൽചേരുന്നവരുടെ ശരാശരി എണ്ണം 20-ൽ താഴെ. പട്ടികജാതിവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ വളരെ കുറവ്. 2 പെൺകുട്ടികൾ മാത്രം. ലംപ്സംഗ്രാൻറ് വിതരണമുണ്ട്. ഉച്ചക്കഞ്ഞി വിതരണവുമുണ്ട്. 2 സ്ഥിരം കെട്ടിടം. അർദ്ധസ്ഥിര കെട്ടിടം 1; മൊത്തം 9 മുറികളിലായി 8 ഡിവിഷനുകൾ പ്രവർത്തിക്കുന്നു. 10 അദ്ധ്യാപകരും 2 അദ്ധ്യാപകേതരജീവനക്കാരും പ്രവർത്തിചെയ്യുന്നു. വൈദ്യുതി, കുടിവെള്ളം പാചകമുറി എന്നിവ സൗകര്യമായുണ്ട്.

പഠനോപകരണങ്ങൾ ഉള്ളതുകൊണ്ട് ഉപയോഗിക്കുന്നു. പി.ടി.എ. സജീവമായി പ്രവർത്തിക്കുന്നു പഠനം സാമാന്യേന നല്ല നിലവാരം പുലർത്തുന്നു.

വാർഷികസംരക്ഷണ വേലകൾ കെട്ടിടങ്ങൾക്ക് നൽകേണ്ടിയിരിക്കുന്നു. പടിഞ്ഞാറുവശത്തും വടക്കുഭാഗത്തും മതിൽ കെട്ടണം. ഒരു കക്കൂസും 2 മൂത്ര പ്പുരകളും കൂടി ആവശ്യമാണ്. പഠനോ പകരണങ്ങളും ദൃശ്യശ്രാവ്യ ഉപകരണ ങ്ങളും ആവശ്യമാണ്. കുട്ടികൾക്ക് കളിക്കുവാനുള്ള സാധനസാമഗ്രികൾ വളരെ കുറവ്. ഫർണീച്ചർ പഴയവ റിപ്പയർ ചെയ്യേണ്ടതുണ്ട്. വേണ്ടത്ര ലൈബ്രറി പുസ്തകങ്ങൾ ഇല്ല.

4. കടയിരുപ്പ് ഗവ. ഹൈസ്ക്കൂൾ

എൽ.പി. വിഭാഗം ഇല്ലാത്ത പഞ്ചായ ത്തിലെ ഒരു ഗവ. ഹൈസ്ക്കൂൾ. കംപ്യൂട്ടർ കോഴ്സും നടത്തുന്ന ഒരു സ്ഥാപനം. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ജില്ലയിൽ തുടർച്ചയായി 95 ശതമാന ത്തിനും 99-നും മദ്ധ്യേ വിജയശതമാനം കിട്ടുന്ന ഏക ഗവർമെൻറ് ഹൈസ്ക്കൂൾ. ഉന്നത നിലവാരം പഠനകാര്യങ്ങൾക്ക് പുലർത്തുന്നതിൽ വിവിധ ഷീൽഡിന് അർഹമാകുന്നു. 851 വിദ്യാർത്ഥികൾ പഠിക്കുന്നു. 391 പേരും വിദ്യാർത്ഥിനികൾ തന്നെ. പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട 10 കുട്ടികളിൽ 8 കുട്ടികൾ പെൺകുട്ടികൾ. ലംപ്സംഗ്രാൻറ് മുസ്ലീംഗേൾസ് സ്ക്കോളർ ഷിപ്പ്, വികലാംഗരായ 3 കുട്ടികൾക്കു സ്കോളർഷിപ്പ്, 3 മെറിറ്റ് സ്ക്കോളർ ഷിപ്പുകളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഒരു ആംഗ്ലോഇൻഡ്യൻ സ്ക്കോളർഷിപ്പും. കുട്ടികൾ ഇടയ്ക്കുവച്ചു കൊഴിയുന്നുമില്ല. ലൈബ്രററി, ലാബ്രട്ടറി, സയൻസ് കോർണർ എന്നിവ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നു. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഉണ്ട്. സ്ക്കൂളിന് ചുറ്റു മതിലുകളും ഗയിറ്റും ഉണ്ട്. 21 ഡിവി ഷനുകൾ 3 പെർമനൻറ് കെട്ടിടത്തിലും 2 സെ.മീ. പെർമനൻറും കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 1950-ൽ ചെന്നക്കാട്ട് കാലാംഗമാലിൽ ശ്രീ. കെ.വി.തോമസ് മുൻകൈ എടുത്ത് നിർമ്മിച്ച കെട്ടിടവും ടി ഭവനത്തിൽ ഉലഹന്നാൻ തോമ്മാ പ്രതിഫലം കൂടാതെ തന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ ടി ഹൈസ്ക്കൂൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിച്ചു വരവെ സ്ഥലസൗകര്യം ക്രമപ്പെടുത്തു വാൻ ഐയ്ക്കരനാട്ട് പഞ്ചായത്ത് 140 അടി കെട്ടിടവും 7 ക്ലാസ്സുകൾക്കുവേണ്ട അക സാമാനങ്ങൾ പണിതുകൊടുത്ത് പഠനം സുഗമമാക്കിയത് കഴിഞ്ഞ പഞ്ചായ ത്തു ഭരണസമിതിയുടെ നേട്ടമായി എടുത്തു പറയേണ്ടതുണ്ട്. ഈ കെട്ടിടം മുൻപറഞ്ഞ കെ.വി. തോമസിൻെറ സ്മരണ നില നിറു ത്തുവാൻ കെ.വി. തോമസ് മെമ്മോറിയൽ ഹാൾ എന്ന് നാമകരണം ചെയ്തിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി എന്നിവയുണ്ട്. പ്രധാന അദ്ധ്യാപികയെ കൂടാതെ 29 അദ്ധ്യാപകരും 5 അദ്ധ്യാപകേതരും ജീവനക്കാരായി ഉണ്ട്. പരിചയ സമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകരും അവരുട പരിശ്രമത്താൽ പഠനനിലവാരം ഉയർ ത്തുന്നു. സ്ക്കൂളിൻെറ വികസന പ്രവർ ത്തനങ്ങളിൽ പി.ടി.എ. സജീവ പങ്കാളി കളാണ്. കൂടാതെ പൊതുജനങ്ങളും.

വാർഷികസംരക്ഷണ വേലകൾ വർഷംതോറും ചെയ്യേണ്ടതുണ്ട്. കളി സ്ഥലം നിരപ്പാക്കി ചുറ്റുമതിൽ കെട്ടണം 3 മുറികൾ കൂടി .വേണം. ഒരു മൂത്രപ്പുര കൂടി അത്യാവശ്യം ഫർണീച്ചറുകൾ, പുതിയതായി വേണ്ടത്ര വേണം. പഴയ ഫർണീച്ചറുകൾ റിപ്പയർ ചെയ്യണം. പഠനോ പകരണങ്ങൾ, സയൻസ് ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവയുടെ പോരായ്മ

കൾ ഉണ്ട്. കുട്ടികൾക്ക് കളിക്കുവാനുള്ള സ്പോർട്സ് ഗുഡ്സ് വേണം.

5. പഴന്തോട്ടം ഗവ. ഹൈസ്ക്കൂൾ

61 വർഷംമുൻപ് ജനപങ്കാളിത്വത്തോടുകൂടി ആരംഭിച്ച എൽ.പി. സ്ക്കൂൾ. തുടർന്നും യു.പി. ഹൈസ്ക്കൂൾ എന്നീ വിഭാഗം ഉണ്ടാകുവാനും ഇടയാക്കിയ സാഹചര്യം രക്ഷകർത്താക്കളുടേയും ജനങ്ങളുടേയും കൂട്ടായ പ്രവർത്തനം സഹകരണം ഇവ മൂലമാണ്. പി.ടി.എ. സജീവമായി സ്ക്കൂൾ വികസന കാര്യങ്ങൾക്കായി പ്രവർത്തിക്കുന്നു. പിന്നോക്ക വിഭാഗക്കാർ കൂടുതൽ അധിവസിക്കുന്ന പ്രദേശമാണിത്. 832 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 173 പേരും പട്ടികവർഗ്ഗ ജാതിയിൽപ്പെട്ടവർ. 96 ആൺകുട്ടികളും 77 പെൺകുട്ടികളും ഉൾപ്പെടെ ഒമാത്തം 362 പെൺകുട്ടികൾ 30 മുസ്ലീം പെൺകുട്ടികൾക്കും മുസ്ലീം സ്കോളർഷിപ്പുകൾ, ലംപ്സം ഗ്രാൻറിന് അർഹരായവർക്ക് വേണ്ട തുകകൾ 5 വികലാംഗ സ്കോളർഷിപ്പുകളും 3 മത്സ്യത്തൊഴിലാളി സ്ക്കോളർഷിപ്പുകൾ വിവിധ മെറിറ്റ് സ്ക്കോളർ ഷിപ്പുകൾ കൃത്യമായി വിതരണം ചെയ്യുന്നു. പല എൻഡോവ് മെൻറ് സ്ക്കോളർഷിപ്പുകളും ഏർപ്പെടുത്തി വിതരണം ചെയ്തുവരുന്നു. ഉച്ചക്കഞ്ഞി വിതരണം അനുസ്യൂതം തുടരുന്നു. പാചകപ്പുര. പ്രത്യേകം ഉണ്ട്. ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം ഗണ്യമായി വർദ്ധിക്കുന്നില്ല. കൊഴിഞ്ഞു പോകുന്ന കുട്ടികൾ 25-ൽ താഴെ തോറ്റു പഠിക്കുന്നവർ 10-ൽ താഴെ വരും പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികളായിട്ടുള്ളവർ. 1 ഏക്കർ 26.75 സെൻറ് വിസ്തീർണ്ണമുള്ള സ്ക്കൂൾ കാമ്പൗണ്ടിൽ 24 ഡിവിഷൻ പ്രവർത്തിക്കുന്നതിന് 4 സ്ഥിരം കെട്ടിടവും 1 അർദ്ധ സ്ഥിര കെട്ടിടവും ഉണ്ട്. ചുറ്റുമതിൽ ഗയിറ്റും എന്നിവയുണ്ട്. ലൈബ്രററി, ലാബ്രട്ടറി സ്ക്കൂൾ സഹകരണ സ്റ്റോർ, സ്റ്റാഫ് റൂം എന്നിവയ്ക്ക് പ്രത്യേകം മുറികൾ ഉണ്ട്. വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങളും. 33 അദ്ധ്യാപകരിൽ 4 അദ്ധ്യാപകേതര ജീവനക്കാരും, സ്ത്രീകളായി 26 പേരുണ്ട്. 2 ഏക്കർ പുരയിടം പ്രത്യേകം കളിസ്ഥലമായി ഉപയോഗിക്കുന്നു. പഠനോപകരണങ്ങൾ ഉപയോഗിക്കുന്നു. എസ്.എസ്.എൽ.സി. വിജയശതമാനം 62 നും 78 നും മദ്ധ്യേ.

വാർഷിക സംരക്ഷണ വേലകൾ നടത്തേണ്ടതുണ്ട്. കളിസ്ഥലം നിരപ്പാക്കി ചുറ്റുമതിൽ കെട്ടണം. ദൃശ്യശ്രാവ്യുപകരണങ്ങൾ ഒന്നുംതന്നെ ഇല്ല. പഠനോപകരങ്ങൾ, രാസവസ്തുക്കൾ ലാബ്രട്ടറി ഉപകരണങ്ങൾ, സ്പോർട്സ് ഗുഡ്സ്, എന്നിവ വളരെ ആവശ്യമായിരിക്കുന്നു. പഴയ ഫർണീച്ചറുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട്. മൂത്രപ്പുരകൾ പുതുക്കി പണിയുകയും 2 മൂത്രപ്പുരകൾ കൂടി കൂടുതലായും വേണം. കംപ്യൂട്ടർ കോഴ്സ് ആരംഭിച്ച് ഈ സ്ക്കൂൾ ഹൈയർ സെക്കൻഡറി സ്ക്കൂളാക്കി ഉയർത്തണം.

6. കടയിരുപ്പ് സെൻറ് പീറ്റേർസ് സീനിയർ സെക്കൻഡറി സ്ക്കൂൾ

1995 വരെ കേരളത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 100 ശതമാനം വിജയം കൊയ്യുന്ന വിദ്യാലയങ്ങളിൽ ഒന്ന് ചെന്നക്കാട്ട് കാലാംഗമാരി കുടുംബത്തിൻെറ ട്രെസ്റ്റുവകയാണ് ഈ സ്ക്കൂൾ. ഇപ്പോഴത്തെ മാനേജർ ഈ പ്രദേശത്തെ വ്യവസായ പ്രമുഖനായ ശ്രീ. സി.വി. ജേക്കബാണ്. ആരംഭംമുതൽ ഇദ്ദേഹം ഈ സ്ക്കൂളിൻെറ സുഗമമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നു. രജതജൂബിലി ആഘോഷിച്ച ഈ സ്ക്കൂൾ ഇപ്പോൾ കേന്ദ്രീകൃത വിദ്യാലയമായി തീർന്നിരി

ക്കുന്നു. എസ്.എസ്.എൽ.സി. റാങ്കുകൾ പല വർഷങ്ങളിലും കരസ്ഥമാക്കിയിട്ടുള്ള ഈ സ്ക്കൂളിൽ 1325 കുട്ടികൾ പഠിക്കുന്നു. 723 ആൺകുട്ടികളും 602 പെൺകുട്ടികളും. 7 ഏക്കർ സ്ക്കൂൾ ക്യാംമ്പസ്സിൽ 3 ഏക്കർ കളിസ്ഥലമാക്കിയിരിക്കുന്നു. ഒരു ഇൻഡോർ സ്റ്റേഡിയം. ഹോസ്റ്റൽ സൗകര്യം. 34 ഡിവിഷനുകൾ. 60 മുറികൾ ലൈബ്രററി, ലാബ്രട്ടറി സ്റ്റാഫ് റൂം എന്നിവ പ്രത്യേകമുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കെട്ടിടങ്ങൾ. 54 അദ്ധ്യാപക അദ്ധ്യാപികമാർ. അച്ചടക്കം പഠന നിലവാരം എന്നിവയ്ക്ക് ഉന്നത നിലവാരം പുലർത്തുന്നതിൽ ശുഷ്കാന്തി കാണിക്കുന്ന പ്രഗത്ഭരും പരിചയ സമ്പന്നരുമായ അദ്ധ്യാപകരാണ്. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഉണ്ട്. യുവജനോത്സവങ്ങളിലും, കായികമേളയിലും കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സമ്മാനങ്ങളും ട്രോഫികളും ഷീൽഡുകളും നേടുന്നു. പി.ടി.എ.യുടെ പ്രവർത്തനം സജീവംതന്നെ.

7. മാങ്ങാട്ടൂർ എൽ.പി. സ്ക്കൂൾ

50 വർഷം പഴക്കം ചെന്നതും പ്രവർത്തന പാരമ്പര്യമുള്ളതും ആയ ഒരു അൺ എയിഡഡ് എൽ.പി. സ്ക്കൂൾ. ഈ പഞ്ചായത്തിന്റെ മുൻപ്രസിഡൻറായ ശ്രീ. വി.കെ. കുര്യന്റെ മാനേജ്മെൻറിൽ തുടങ്ങി അദ്ദേഹത്തിന്റെ കാലശേഷം മക്കൾ മാനേജ്മെൻറ് ഏറ്റെടുത്ത് നടത്തി വരുന്നു. 104 കുട്ടികളിൽ 47 കുട്ടികൾ പെൺകുട്ടികൾ. പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ 20ന് അടുത്തുവരും. 1 ഏക്കർ വിസ്തീർണ്ണമുള്ള സ്ക്കൂൾ പുരയിടത്തിൽ 70 സെൻറ് കളിസ്ഥലമാക്കിയിരിക്കുന്നു. 1 സ്ഥിരം ഹാളിലാണ് 4 ക്ലാസ്സുകൾ നടത്തുന്നത്. ഓഫീസ് മുറിയും സ്റ്റാഫ്റൂം ഒരു മുറിയിൽതന്നെ, ലംപ്സം ഗ്രാൻറും, വികലാംഗ സ്ക്കോളർഷിപ്പുകളും വിതരണം ചെയ്യുന്നുണ്ട്. എൻഡോവ്മെൻറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നാം സ്റ്റാൻഡേർഡിലേ യ്ക്കുള്ള പ്രവേശനം 30ൽ താഴെയാണ് ഓരോ വർഷവും. കൊഴിഞ്ഞുപോകുന്ന കുട്ടികൾ കുറവ്. ഇടയ്ക്ക് ടി.സി.യും വാങ്ങുന്ന കുട്ടികൾ ഇല്ല. പഠനനിലവാരമുണ്ട്. 4 അദ്ധ്യാപകർ ജോലി ചെയ്യുന്നു. പി.ടി.എ. പ്രവർത്തിക്കുന്നു.

ഒരു മുറി കൂടിവേണം. മൂത്രപ്പുര കക്കൂസ് എന്നിവ ഓരോന്നു കൂടി വേണം. കെട്ടിടങ്ങൾക്ക് അറ്റകുറ്റ പണികൾ നടത്തേണ്ടതുണ്ട്. ഫർണീച്ചർ റിപ്പയറിംഗ് ആവശ്യമായിരിക്കുന്നു. പഠനോപകരണങ്ങളും കളിക്കുവാനുള്ള സാധനസാമഗ്രികളും വാങ്ങേണ്ടതുണ്ട്.

8. പാങ്കോട് സെൻറ്പീറ്റേർസ് യു.പി. സ്ക്കൂൾ

എൽ. പി. വിഭാഗം ഇല്ലാത്ത ഒരു എയിഡഡ് യു.പി. സ്ക്കൂൾ. സ്ക്കൂൾ കാമ്പൗണ്ടിൽ തന്നെ സ്ഥിതിചെയ്യുന്ന പള്ളിയുടെ മാനേജുമെൻറിലാണ് പ്രവർത്തിക്കുന്നത്. 168 കുട്ടികളിൽ 88 പെൺ കുട്ടികൾ. സമീപത്തുള്ള പാങ്കോട് എൽ.പി. സ്കൂളിൽ നിന്നും പാസ്സായി വരുന്ന ചില കുട്ടികളെയും, പഴന്തോട്ട ഗവ. ഹൈസ്ക്കൂൾ, അയൽപഞ്ചായത്തിൽപ്പെട്ട വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂൾ, എന്നീ സ്ക്കൂളുകളിലെ യു.പി. വിഭാഗത്തിൽനിന്നും ടി.സി. മുഖേന കിട്ടുന്ന കുട്ടികളെയും കൂട്ടി ഡിവിഷൻ നിലനിർത്തുന്ന സ്ക്കൂളാണ്. പട്ടികജാതി വർഗ്ഗത്തിൽപെട്ട കുട്ടികൾ 10ൽ താഴെ 8 അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇവരിൽ 6 അദ്ധ്യാപികമാർ 6 ഡിവിഷനുകളിൽ. 2 സ്ഥിരം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 1 ഹാളിൽ 2 മുറികൾ മാത്രം. കക്കൂസും മൂത്രപ്പുരകളും ഉണ്ട്. കുടിവെള്ളത്തിന് പൈപ്പു ജലം വാട്ടർ അതോറിട്ടി വക.

കിണറ്റുവെള്ളത്തിന് ഒരു കിണറുമുണ്ട്. ലൈബ്രററി, ലാബ്രട്ടറി ഉപകരണങ്ങൾ ഉപയോഗിക്കുന്നു. പഠനോപകരണങ്ങൾ ഉപയോഗിക്കുന്നു. കുട്ടികളെ കായിക മേളയിൽ പങ്കെടുപ്പിക്കുന്നു. വികലാംഗ സ്കോളർഷിപ്പ്, മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്, ആഗ്ലോ ഇൻഡ്യൻ സ്കോളർഷിപ്പ്, മത്സ്യതൊഴിലാളി സ്കോളർഷിപ്പ്, മെറിറ്റ് സ്കോളർഷിപ്പ് എന്നിവ വിതരണം ചെയ്യുന്ന പി.ടി.ഏ പ്രവർത്തിക്കുന്നുണ്ട്.

വാർഷിക സംരക്ഷണ വേലകൾക്ക് തുക വളരെ പരിമിതം. തൻമൂലം അക സാമാനങ്ങൾ വാങ്ങുവാൻ പണമില്ല. ഫർണിച്ചറുകൾ പഴയവ റിപ്പയർ ചെയ്യേണ്ടതുണ്ട്. പഠനോപകരണങ്ങൾ, സ്പോർട്സ് ഗുഡ്സ് എന്നിവയുടെ അപര്യാപ്തതയും ഉണ്ട്. പാചകമുറി പ്രത്യേകം വേണം. കുടിവെള്ളത്തിന് മോട്ടോർ കണക്ഷനും പൈപ്പും സ്ഥാപിക്കണം ദൃശ്യശ്രാവ്യ ഉപകരണങ്ങൾ വേണം. ഓഫീസ് ഉപകരണങ്ങൾ ആവശ്യം.

9. വടയമ്പാടി പരമഭട്ടാര കേന്ദ്രീയ വിദ്യാലയം

അംഗീകാരമില്ലാത്ത ഈ സ്ക്കൂൾ ഒരു ട്രസ്റ്റിന്റെ ഭരണത്തിൽ പ്രവർത്തിക്കുന്നു. എൽ.കെ.ജി. യിൽ 34 കുട്ടികൾ യു.കെ.ജി. യിൽ 23 കുട്ടികൾ മൊത്തം 57 കുട്ടികളിൽ 23 പെൺകുട്ടികൾ സ്റ്റാൻഡാർഡ് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 112 കുട്ടികൾ പഠിക്കുന്നു. ഇതിൽ 63 പെൺകുട്ടികളാണ് 10 അദ്ധ്യാപകർ വേണമെങ്കിലും 8 അദ്ധ്യാപികമാർ പഠിപ്പിക്കുന്നു. ഒരു സ്ഥിരം ഹാളിൽ ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. മൂത്രപ്പുരയുണ്ട്. കുടിവെള്ളത്തിന് പൈപ്പുജലം ഉപയോഗിക്കുന്നു.

ഒരു നേഴ്സറി സ്കൂളും പ്രൈമറി സ്ക്കൂളും നടത്തുന്നതിനുവേണ്ട പഠനോപകരണങ്ങൾ സ്പോർട്സ് ഗുഡ്സ് മറ്റ് സംവിധാനങ്ങൾ വളരെ കുറവുതന്നെ. ചുറ്റുമതിലുകളോ ഗയിറ്റോ ഇല്ല. കളി സ്ഥലവും നിരപ്പാക്കേണ്ടതുണ്ട്. ഒരു മൂത്രപ്പുരകൂടി വേണം. അംഗീകാരം വാങ്ങേണ്ടതും അതിപ്രധാനമായ കാര്യമാണ്.

10. കോപ്പറേറ്റീവ് കോളേജ് കോലഞ്ചേരി

സർക്കാർ അംഗീകാരമുള്ളത്. പ്രീഡിഗ്രി മുതൽ സയൻസ് വിഷയങ്ങളൊഴിച്ചുള്ള പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ വരെ നടത്തുന്നു. 300 കുട്ടികളോളം പഠിക്കുന്നു. 20 പോസ്റ്റഗ്രാജുവേറ്റ് അദ്ധ്യാപകരിൽ 7 പേർ സ്ത്രീകൾ. 22 സെൻറു സ്ഥലത്ത് രണ്ട് നില കെട്ടിടം. ഒരേ സമയം 11 ക്ലാസ്സുകൾ നടത്തുന്നു. 14 മുറികൾ ഉണ്ട്. മൂത്രപ്പുര രണ്ടെണ്ണം. കുടിവെള്ളത്തിന് പൈപ്പുജലം ഉപയോഗിക്കുന്നു. വൈദ്യുതിയുണ്ട്. ലൈബ്രററി പ്രവർത്തിക്കുന്നു. പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല. കമ്പ്യൂട്ടർ പ്രവർത്തിക്കുന്നു. പി.ടി.എ യുടെ സഹകരണം ഉണ്ട്.

11. കടമറ്റം സെൻറ്ജോർജ്ജ് ഐ.ടി.സി.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം. കടമറ്റം പള്ളിവക നടത്തുന്നു. ഇലക്ട്രിക്, ഇലക്ട്രോണിക്, ഫിറ്റർ, സിവിൾ, എയർകണ്ടിഷനിംഗ്, മെക്കാനിക്ക് എന്നീ കോഴ്സുകൾ നടത്തുന്നു. പ്രതിവർഷം 150 പേർ കോഴ്സ് പൂർത്തിയാക്കി തൊഴിൽ തേടി പോകുന്നു.

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ: എൽ.പി. എസ്. പാങ്ങോട്

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3	28	4	2	4	2	16					
	4	28	2	3	4	2	17					
	5											
	6											
	7											
	8											
	9											
	10											
	S.S.L.C. പരീക്ഷ എഴുതിയവർ											

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....3

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ: എൽ.പി. എസ്. മങ്ങാത്തൂർ

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3	25	2	3	5	8	7					
	4	30	2	3	5	10	10					
	5	26	4	5	5	8	4					
	6	23	1	2	8	6	6					
	7											
	8											
	9											
	10											
	S.S.L.C. പരീക്ഷ എഴുതിയവർ											

✎ *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*

✎ *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....4

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : സെൻറ് പീറ്റേഴ്സ് യു.പി. എസ്., പാങ്ങോട്

സ്ക്കൂളിന്റെ പേര്		ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
				30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
		1	2	3	4	5	6	7	8	9	10	11	12
	92 93	V	56	8	11	7	12	18					
		VI	52	13	12	4	6	16					
		VII	54	7	12	13	7	15					
	93 94	V	52	12	6	13	8	13					
		VI	13	13	4	10	12	52					
		VII	5	9	13	9	17	53					
	94 95	V	51	4	8	9	9	21					
		VI	51	18	7	9	9	8					
		VII	53	7	13	10	10	13					
	95 96	V	51	8	8	12	9	14					
		VI	49	8	6	6	6	23					
		VII	51	11	5	8	10	17					
	96 97	V	57	4	8	7	7	31					
		VI	55	21	6	12	7	9					
		VII	55	9	9	7	9	21					

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....5

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ: യു.പി.എസ്. കടമറ്റം

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	I	39					39					
	II	26			15	18	19					
	III	52										
	IV	29				15	14					
	V	29			9	7	13					
	VI	24			10	5	9					
	VII	25			5	10	10					
	S.S.L.C. പരീക്ഷ എഴുതിയവർ											

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....6

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

	സ്ക്കൂളിന്റെ പേര്	ഇന വിവരം	ജില്ലാതലത്തിൽ			സംസ്ഥാനതലത്തിൽ			ദേശീയതലത്തിൽ		
			ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
	1	2	3	4	5	6	7	8	9	10	11
1	കടയിരുപ്പ് ഗവ: എൽ. പി. സക്കൂൾ	ഇല്ല									
2	പാങ്കോട് ഗവ: എൽ.പി.സ്ക്കൂൾ										
3	കടമറ്റം ഗവ: യു.പി. സ്കൂൾ										
4	കടയിരുപ്പ് ഗവ: ഹൈസ്ക്കൂൾ										
5	പഴന്തോട്ടം ഗവ: ഹൈസ്ക്കൂൾ										
6	കടയിരുപ്പ് സെൻറ് പീറ്റേർസ് സീനിയർ യു.പി.സ്ക്കൂൾ	SSLC റാങ്ക്				4	8				
7	മാങ്ങാട്ടൂർ എൽ.പി.എസ്.	സ്പോർട്സ്		1							
8.	പാങ്കോട് സെൻറ് പീറ്റേർസ് യു.പി.സ്കൂൾ	സ്പോർട്സ് ഓട്ടം	6	3							
		ചാട്ടം	1	-							
		ഹർഡിൽസ്	1	1							

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസം	ബീഡി തൊഴിലാളി സ്കോളർഷിപ്പ്	മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
1	2	3	4	5	6	7	8	9	10
1.	കടയിരുപ്പ് ഗവ: എൽ.പി.എസ്.	1	63	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2.	പാങ്കോട് ഗവ: എൽ.പി.എസ്.	ഇല്ല	29	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	കടമറ്റം ഗവ: യു.പി.എസ്.	2	53	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല
4.	കടയിരുപ്പ് ഗവ: യു.പി.എസ്.	4	147	3	3	ഇല്ല	ഇല്ല	ഇല്ല	1 ആഗ്ലോ ഇന്ത്യൻ
5.	പഴന്തോട്ടം ഗവ: എച്ച്.എസ്.	1	168	30	5	ഇല്ല	ഇല്ല	3	ഇല്ല
6.	സെൻറ് പീറ്റേർസ് സീനിയർ സ്ക്കൂൾ, കടയിരുപ്പ്	—— അൺ എയിഡഡ് സ്ക്കൂൾ ——							
7.	മങ്ങാട്ടൂർ എൽ.പി.എസ്.	1	28	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8.	പാങ്കോട് സെൻറ്പീറ്റേർസ് യു.പി.എസ്.	11	28	1	2	ഇല്ല	ഇല്ല	1	ഇല്ല

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ. ഹൈസ്ക്കൂൾ, കടയിരുപ്പ്

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3											
	4											
	5	115	11	14	17	33	40					
	6	122	9	16	18	31	48					
	7	121	20	30	24	24	23					
	8	175	34	39	40	29	33					
	9	151	29	31	45	20	26					
	10	111	2	28	20	23	38					
	S.S.L.C. പരീക്ഷ എഴുതിയവർ							93	91	97	99	96

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.8 ചെലവു സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ചെലവ്								വരവ് എ			വരവ് ബി.				ആകെ വരവ്
		കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ-ഫർണീച്ചർ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ-രാസ വസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഉച്ചക്കഞ്ഞിക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശ സ്ഥാപനങ്ങൾ	ആകെ	പി.സിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ. ഫണ്ട്	മറ്റുമാർഗ്ഗത്തിലുള്ള വരവ്	
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1.	കടയിരുപ്പ് ഗവ: എൽ.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7278രൂ	ഇല്ല	700 രൂ	500 രൂ	2200രൂ	ഇല്ല	ഇല്ല	6200രൂ	ഇല്ല	8400രൂ
2.	പാങ്കോട് ഗവ: എൽ.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3300രൂ	ഇല്ല	3300രൂ	ഇല്ല	3300രൂ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3300രൂ
3.	കടമറ്റം ഗവ: യു.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	448രൂ	1300രൂ	15000രൂ	ഇല്ല	16448രൂ
4.	കടയിരുപ്പ് ഗവ: യു.പി.എസ്.	10000രൂ	500രൂ	ഇല്ല	800രൂ	ഇല്ല	8000രൂ	2000രൂ	947രൂ	500 രൂ	-	-	-	-	-	ഇല്ല	-
5.	പഴന്തോട്ടം ഗവ: എച്ച്.എസ്.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3184രൂ	160രൂ	7500രൂ	ഇല്ല	4000 രൂ	500 രൂ	4500രൂ	3766രൂ	ഇല്ല	8073.4	ഇല്ല	16339.4
6.	സെൻറ് പീറ്റേർസ് സീനിയർ സ്ക്കൂൾ, കടയിരുപ്പ്	അൺ എയിഡഡ് സ്ക്കൂൾ															
7.	മങ്ങാട്ടൂർ എൽ.പി.എസ്.	800രൂ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	500രൂ	ഇല്ല	162.5രൂ Maintenance grant	500 രൂ	662.5രൂ	ഇല്ല	450രൂ	ഇല്ല	ഇല്ല	1112.5രൂ
8.	പാങ്കോട് സെൻറ്പീറ്റേർസ് യു.പി.എസ്.	5000രൂ	250രൂ	ഇല്ല	500രൂ	ഇല്ല	ഇല്ല	750രൂ	500രൂ 1st aid	500 രൂ Maintenance grant	500 രൂ	1000രൂ	642രൂ	800രൂ	ഇല്ല	ഇല്ല	2442രൂ

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.2 സ്ക്കൂളിന്റെ പൊതുവിവരം

	സ്ക്കൂളിന്റെ പേര്	ഹൈസ്ക്കൂൾ യു.പി./എൽ.പി. പ്രീപ്രൈമറി	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുപാതം വരിച്ച പോസ്റ്റ്	നിലവിലുള്ള വരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ	സ്ക്കൂൾ കുമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റ കുറ്റപണികൾ, ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1.	കടയിരുപ്പ് ഗവ: എൽ.പി.എസ്.	L.P.S.	സർക്കാർ				135	104	239	8	8	ഇല്ല	ഇല്ല	53 സെന്റ്	ഇല്ല	ഇല്ല	1. ചുറ്റുമതിൽ ഇല്ല 2. 6 വർഷക്കാലമായി വാർഷിക സംരക്ഷണ വേലകൾ ഇല്ല 3. ഫർണീച്ചർ റിപ്പയറിംഗ് നടന്നിട്ടില്ല
2.	പാങ്കോട് ഗവ: എൽ.പി.എസ്.	L.P.S.	സർക്കാർ				135	57	109	4	4	ഇല്ല	ഇല്ല	50 സെന്റ്	ഇല്ല	ഇല്ല	1. ചുറ്റുമതിൽ ഉണ്ട് 2. 6 വർഷക്കാലമായി വാർഷിക സംരക്ഷണ വേലകൾ ഇല്ല 3. ഫർണീച്ചർ റിപ്പയറിംഗ് നടത്തണം
3.	കടമറ്റം ഗവ: യു.പി.എസ്.	Govt U.P.S.	സർക്കാർ				123	87	210	5	5	ഇല്ല	ഇല്ല	80 സെന്റ്	ഇല്ല	ഇല്ല	1. പടിഞ്ഞാറുവശത്തുള്ള ചുറ്റുമതിലുകൾ കെട്ടണം 2. 6 വർഷക്കാലമായി വാർഷിക സംരക്ഷണ വേലകൾ ഇല്ല 3. ഫർണീച്ചർ റിപ്പയറിംഗ് നടത്തണം

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.2 സ്ക്കൂളിന്റെ പൊതുവിവരം (Contd...)

	സ്ക്കൂളിന്റെ പേര്	ഹൈസ്ക്കൂൾ യു.പി./എൽ.പി. പ്രീപ്രൈമറി	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ള ആകെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ	സ്ക്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
4.	കടയിരുപ്പ് ഗവ: യു.പി.എസ്.	H.S.	സർക്കാർ				460	391	851	29	29	ഇല്ല	ഇല്ല	3 ഏക്കർ	1.74 ഏക്കർ	ഇല്ല	1. ചുറ്റുമതിലുകൾ ഉണ്ട്
5.	പഴന്തോട്ടം ഗവ: എച്ച്.എസ്.	H.S.					469	363	832	33	33	ഇല്ല	ഇല്ല	3 ഏക്കർ	2 ഏക്കർ	ഇല്ല	1. ചുറ്റുമതിൽ ഉണ്ട് 2.കളിസ്ഥലം നിരപ്പാക്കണം 3. കളിസ്ഥലത്തിന് ചുറ്റുമതിൽ കെട്ടണം 4. ഫർണീച്ചർ റിപ്പയറിംഗ് നടത്തണം
6.	സെൻറ് പീറ്റേർസ് സീനിയർ സ്ക്കൂൾ, കടയിരുപ്പ്				അൺ എയിഡഡ്		723	602	1325	54	54	ഇല്ല	ഇല്ല	7ഏക്കർ	3	ഇല്ല	1. ചുറ്റുമതിലുകൾ ഉണ്ട്
7.	മങ്ങാട്ടൂർ എൽ.പി.എസ്.	L.P.S.		എയിഡഡ്			11	9	20	4	4	ഇല്ല	ഇല്ല	70 സെൻറ്	ഇല്ല	ഇല്ല	1. ചുറ്റുമതിലുകൾ ഉണ്ട് 2. വാർഷിക സംരക്ഷണ വേലകൾ ഭാഗികമായി നടത്തുന്നു 3. ഫർണീച്ചർ റിപ്പയറിംഗ് നടത്തണം
8.	പാങ്കോട് സെൻറ്പീറ്റേർസ് യു.പി.എസ്.	U.P.S.		എയിഡഡ്			80	88	168	8	8	ഇല്ല	ഇല്ല	24 ആർ	20 ആർ	ഇല്ല	1. മൂന്നുവശം ചുറ്റുമതിലുള്ളൂ. 2. വാർഷിക സംരക്ഷണ വേലകൾ നടത്തുന്നു

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.3 സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ			മുറികളുടെ എണ്ണം			ഇനിയുറികൾ ആവശ്യം	ഇനി ആവശ്യമുള്ള കെട്ടിടമുറികൾ നിർമിക്കുന്നതിന് ഭൂമി ലഭ്യമല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കണം	ഇനി ആവശ്യമുള്ള ടിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം കുടിവെള്ളം കിണർ പൈപ്പ് ലൈൻ	വൈദ്യുതീകരണം ഉണ്ട് / ഇല്ല	പാചകമുറി	സ്റ്റാഫ് മുറി	നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം					
			സ്ഥിരം	അർധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർധസ്ഥിരം	താൽക്കാലികം													ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണീച്ചർ	
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	
1.	കടയിരുപ്പ് ഗവ: എൽ.പി.എസ്.	8	2			4				ഇല്ല	1		2	1	1	കിണർ ഉപയോഗശൂന്യം	ഉണ്ട്	ഉണ്ട്	പ്രത്യേകമില്ല	ഇല്ല	20	20	4	4		ബോർഡ് 4
2.	പാങ്കോട് ഗവ: എൽ.പി.എസ്.	4	1			4	•				2		ഇല്ല	2			ഉണ്ട്	ഉണ്ട്	താല്ക്കാലിക ഷെഡ്	"	ഇല്ല	10	10	2	4		ബോർഡ് 4
3.	കടമറ്റം ഗവ: യു.പി.എസ്.	8	2	1		5	4		5	ഉണ്ട്	2	4	2	1		ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	10	20	5	10		ബോർഡ് 8
4.	കടയിരുപ്പ് ഗവ: യു.പി.എസ്.	21	3	2		12	14		3	ഉണ്ട്	2	20	1	6		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	50	30	10	25		ബോർഡ് 10
5.	പഴന്തോട്ടം ഗവ: എച്ച്.എസ്.	24	4	1		23	3		ഇല്ല	ഉണ്ട്	3	25	2	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	20	20	10	10	സ്ക്കൂൾ 5	
6.	സെൻറ് പീറ്റേർസ് സീനിയർ സ്ക്കൂൾ, കടയിരുപ്പ്	34	8			60					6	150		35		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല						
7.	മങ്ങാട്ടൂർ എൽ.പി.എസ്.	4	1			1 ഹാൾ			1	ഉണ്ട്	2	10	2	2	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	25	10	1	2		അലമാര 1 ഷെൽഫ് 1
8.	പാങ്കോട് സെൻറ്പീറ്റേർസ് യു.പി.എസ്.	6	2			ഹാൾ മുറി 2			1	ഉണ്ട്	2	10		2		ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല				6		അലമാര 1 ഷെൽഫ് 1

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.4 അക്കാദമിക് സൗകര്യങ്ങൾ

	സ്ക്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല, പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല	ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല, പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല	പഠനോപകരണങ്ങൾ (ട്രാഫ്യൂകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എണ്ണം								ബ്ലാക്ക് ബോർഡ്		95.96ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ	പ്രത്യേക പൊതു അവധി കളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം	മാതൃസംഗമം സജീവം/ സജീവമല്ല	ക്ലസ്റ്റർ റ്റം പി.ടി.എ. കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല
					സ്ലൈഡ്	ടേപ്പ്റെക്കോർഡർ	ടി.വി.&വി.സി.ആർ/വി.സി.പി.	സിനിമാ പ്രൊജക്ടർ	ഓസ്സ് പ്രൊജക്ടർ	ഓവർ ഹെഡ്പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
1.	കടയിരുപ്പ് ഗവ: എൽ.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	പ്രവർത്തനമില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	6	197	ഇല്ല	3	സജീവം	പ്രവർത്തിക്കുന്നില്ല
2.	പാങ്കോട് ഗവ: എൽ.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	4	193	ഇല്ല	4	സജീവം	പ്രവർത്തിക്കുന്നു
3.	കടമറ്റം ഗവ: യു.പി.എസ്.	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	7	192	ഇല്ല	6	സജീവമല്ല	പ്രവർത്തിക്കുന്നു
4.	കടയിരുപ്പ് ഗവ: യു.പി.എസ്.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	25	18	197	ഇല്ല	ഇല്ല	സജീവം	പ്രവർത്തിക്കുന്നു
5.	പഴന്തോട്ടം ഗവ: എച്ച്.എസ്.	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട് പ്രവർത്തിക്കുന്നു	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	23	193	ഇല്ല	ഇല്ല	സജീവം	പ്രവർത്തിക്കുന്നു
6.	സെൻറ് പീറ്റേർസ് സീനിയർ സ്ക്കൂൾ, കടയിരുപ്പ് ഉണ്ട്	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	50	50	197	6	2	സജീവം	പ്രവർത്തിക്കുന്നു
7.	മങ്ങാട്ടൂർ എൽ.പി.എസ്.	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	4	193	ഇല്ല	4	സജീവം	പ്രവർത്തിക്കുന്നു
8.	പാങ്കോട് സെൻറ്പീറ്റേർസ് യു.പി.എസ്.	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	194	4	2	സജീവം	പ്രവർത്തിക്കുന്നു

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ: എച്ച്.എസ്. കടയിരുപ്പ്

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3											
	4											
	5	115	112	14	17	33	40					
	6	122	9	16	18	31	48					
	7	121	20	30	24	24	23					
	8	175	34	39	40	29	33					
	9	151	29	31	45	20	26					
	10	111	2	28	20	23	38					
	S.S.L.C. പരീക്ഷ എഴുതിയവർ							**93**	**91**	**97**	**99**	**96**

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....7

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ: എച്ച്.എസ്. പഴന്തോട്ടം

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3	87	12	12	13	9	41					
	4	76	16	15	13	10	22					
	5	58	8	14	12	11	13					
	6	93	34	16	12	11	20					
	7	113	45	37	12	8	11					
	8	93	38	24	12	8	11					
	9	95	60	10	9	9	7					
	10	90	44	16	8	14	8					
	S.S.L.C. പരീക്ഷ എഴുതിയവർ							66.67	64.58	62.79	58.7	77.78

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....8

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : ഗവ: എൽ.പി. എസ്. കടയിരുപ്പ്

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3	64	2	5	5	8	44					
	4	63	8	7	10	7	31					
	5											
	6											
	7											
	8											
	9											
	10											
	S.S.L.C. പരീക്ഷ എഴുതിയവർ											

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....2

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

9.5 അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : സെൻറ് പീറ്റേഴ്സ് സെക്കണ്ടറി സ്ക്കൂൾ, കടയിരുപ്പ്

സ്ക്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
			30% താഴെ കുട്ടികൾ	30-40 ശതമാനം നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60%-ൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
	1	2	3	4	5	6	7	8	9	10	11	12
	3	136	5%	5%	10%	10%	70%	100%	100%	100%	100%	100%
	4	128	4%	7%	9%	12%	68%					
	5	147	1%	4%	9%	15%	71%					
	6	124	2%	8%	12%	18%	60%					
	7	140	1%	7%	9%	11%	72%					
	8	113	5%	7%	8%	13%	67%					
	9	108	4%	9%	7%	11%	69%					
	10	102	5%	10%	6%	14%	65%					
	S.S.L.C. പരീക്ഷ എഴുതിയവർ	88										

- *ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.*
- *ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.*

.....9

അവലോകനം

ഒന്നാം സ്റ്റാൻഡാർഡിലേയ്ക്കുള്ള പ്രവേശനം ഗണ്യമായ വർദ്ധനവില്ല. കുടുംബാസൂത്രണത്തിലുള്ള ജനങ്ങളുടെ വിശ്വാസം, പ്രൈമറിസ്ക്കൂളുകൾക്ക് സമീപം ശരിയായി പ്രവർത്തിക്കുന്ന നഴ്സറി സ്ക്കൂളുകളുടെ അഭാവം, LKG, UKG എന്നീ ക്ലാസ്സുകളിൽ കുട്ടികളെ ചേർക്കുന്നതിലുള്ള അഭിലാഷം എന്നിവ മുഖ്യകാരണങ്ങൾ ആണ്.

പരിഹാരമായി ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗീകൃത നഴ്സറി സ്ക്കൂൾ സ്ഥാപിക്കുകയും പ്രൈമറി വിദ്യാഭ്യാസം നിർബന്ധമായും മാതൃഭാഷയിൽ ആക്കുകയും ചെയ്യുക.

കൊഴിഞ്ഞുപോകുന്ന കുട്ടികളും തോൽവി സംഭവിക്കുന്ന കുട്ടികളും വളരെ കുറവുതന്നെ. സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അർഹതപ്പെടുന്ന ആനുകൂല്യങ്ങൾ കിട്ടുന്നത് ഒരു നേട്ടംതന്നെ. പ്രോത്സാഹജനകമായ ആനുകൂല്യങ്ങളും അദ്ധ്യയന രീതികളും അവലംബിച്ചാൽ ഇത് നിലനിർത്താം.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ എന്നും കുട്ടികൾ വിദ്യാഭ്യാസം തേടുന്നുണ്ട്. ഒരു വിധം സാക്ഷരത കൈവരിക്കുന്നുണ്ട്.

പ്രൈവറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് അദ്ധ്യാപകരുടെ കുറവുകൊണ്ടോ, പഠനരീതിയിലുള്ള പരിചയ കുറവുകൊണ്ടല്ല; കുട്ടികളും രക്ഷകർത്താക്കളും കൂടുതൽ സൗകര്യങ്ങളും മെച്ചപ്പെട്ട ഉന്നതനിലവാരം പുലർത്തുന്ന സ്ക്കൂളുകളിലേയ്ക്കു പോകുവാനുള്ള ആഗ്രഹം ജനിക്കുന്നതുമൂലമാണ്. ഇതിന് പഞ്ചായത്തു തലത്തിൽ School Complex ഏർപ്പെടുത്തുക വഴി മറ്റു സ്ക്കൂളുകളിലെ അദ്ധ്യയനരീതിയും അച്ചടക്കവും മനസ്സിലാക്കി ഓരോ സ്ക്കൂളിലും അവരവർക്ക് മാതൃകയാക്കാം. പ്രവർത്തിക്കാം.

അദ്ധ്യയനം നഷ്ടപ്പെടുന്ന ദിവസങ്ങൾ സമരംമൂലം പൊതുവെ കുറവുതന്നെ. സർക്കാർസ്ക്കൂൾ വാർഷിക സംരക്ഷണവേലകൾ പി.ടി.എ യ്ക്ക് വിട്ടുകൊടുക്കണം.

പഠനോപകരണങ്ങളും, ദൃശ്യശ്രാവ്യ ഉപകരണങ്ങളും ലാബറട്ടറി സാധനങ്ങൾ ആവശ്യം വേണ്ട രാസവസ്തുക്കൾ എന്നിവയുടെ അപര്യാപ്തത ഗവർമെൻറ്, പ്രൈവറ്റ് സ്ക്കൂളിൽ കാണുന്നു. ആയതിന് ആവശ്യം വേണ്ട തുകകൾ ലഭ്യമാക്കാത്തതുകൊണ്ട് മാത്രമാണ്. പാഠപുസ്തകങ്ങൾ എല്ലാം സ്ക്കൂൾ തുറക്കുന്ന ദിവസംതന്നെ ലഭ്യമാകത്തക്കവിധം ഉള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അത് പ്രായോഗികമാക്കുകയും ചെയ്യുക. പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടത്തുക. ഉറപ്പുവരുത്തുക.

സർക്കാർ സ്ക്കൂൾ അദ്ധ്യാപകരുടെ സ്ഥലംമാറ്റങ്ങൾ സ്ക്കൂൾ തുറക്കുന്നതിന് മുൻപ്തന്നെ നടത്തുക. സ്റ്റാഫ് ഫിക്സേഷൻ സർക്കാർ സ്ക്കൂളിൽ ജൂൺ 30 നകം പൂർത്തിയാക്കി ജൂലൈ 1 മുതൽ ഫിക്സേഷൻ അനുസരിച്ച് അദ്ധ്യാപകരെ നിയമിക്കുക. അദ്ധ്യാപകരുടെ താല്ക്കാലിക ഒഴിവുകൾ നികത്താൻ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് നല്കുക. വിജയശതമാനത്തിൽ മുന്നിട്ടുനില്ക്കുന്ന സ്ക്കൂളുകളിലെ അദ്ധ്യാപകരെ സ്ഥലം മാറ്റുമ്പോൾ P.T.A യുടെ ശിപാർശ പരിഗണിച്ചുകൊണ്ട് ആയിരിക്കണമെന്നും അഭിപ്രായമുണ്ട്.

അദ്ധ്യാപക - പരിശീലന ക്ലാസ്സുകളും, മറ്റു ജോലികളും ഒഴിവുകാലങ്ങളിൽ അവരെ നിയോഗിക്കുക.

അദ്ധ്യാപക - കുട്ടികളുടെ അനുപാതം 1:30 എന്നാക്കുക.

അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും സുദൃഢമായ ബന്ധം പുലർത്തുക. അദ്ധ്യയനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ ക്ലാസ്സിൽ തെരഞ്ഞെടുത്ത് അവർക്ക് സ്പെഷ്യൽ കോച്ചിംഗ് കൊടുത്ത് അവരുടെ പഠനനിലവാരം ഉയർത്തുക. പ്രോഗ്രസ്സുകാർഡുകൾ നോക്കി മാർക്ക് കുറവുള്ള വിദ്യാർഥികളുടെ രക്ഷകർത്താക്കളെ വരുത്തി വേണ്ട നിർദ്ദേശങ്ങൾ അദ്ധ്യാപകർക്കു നല്കുക. അദ്ധ്യയന വർഷത്തിൽ ചുരുങ്ങിയത് മുന്നു P.T.A യോഗങ്ങൾ കൂടി അദ്ധ്യയന നിലവാരവും സ്ക്കൂൾ വികസന കാര്യങ്ങളും ചർച്ചചെയ്യുക.

സർക്കാർ പ്രൈവറ്റ് വിദ്യാലയങ്ങളിൽ ഇവിടെ പിരിക്കുന്ന സ്പെഷ്യൽ ഫീസ് തുകകൾ യുവജനോത്സവങ്ങൾ കായിക മേളകൾ എന്നിവയ്ക്ക് സ്ക്കൂൾ തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും വിഹിതം കൊടുത്തു കഴിഞ്ഞാൽ സ്പെഷ്യൽ ഫീസിനത്തിൽ പിരിക്കുന്ന തുക ഏത് ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ആയത് വാങ്ങുവാൻ പണമില്ല; ഇതു കൂടാതെ ചോദ്യപേപ്പറുകൾ അച്ചടിപ്പിക്കുന്ന ചെലവും വഹിക്കുന്നത് ബുദ്ധിമുട്ടിലാണ്.

പ്രധാന ആവശ്യങ്ങൾ:-

ഗ്രാമപഞ്ചായത്തിന് വേണ്ട ആവശ്യങ്ങൾ

1. നേഴ്സറി സ്ക്കൂൾ പ്രൈമറി സ്ക്കൂളുകൾക്ക് സമീപം സ്ഥാപിച്ച് അംഗീകാരം നല്കുക.
2. സർക്കാർ സ്ക്കൂൾ കെട്ടിടങ്ങളുടെ വാർഷികസംരക്ഷണ വേലകൾക്ക് വേണ്ടത്ര തുക പഞ്ചായത്തിന് നല്കുക.
3. സർക്കാർ സ്ക്കൂളുകളുടെ ചുറ്റുമതിലുകൾ കെട്ടുന്നതിനും ഗയിറ്റുകൾ പണിയുന്നതിനും തുക അനുവദിക്കുക.
4. സർക്കാർ സ്ക്കൂളുകളുടെ കളിസ്ഥലങ്ങൾ നിരപ്പാക്കുന്നതിനും ചുറ്റുമതിലുകൾ കെട്ടുന്നതിനും ഫണ്ട് അനുവദിക്കുക.
5. സർക്കാർ സ്ക്കൂളുകളിലേയ്ക്ക് അവശ്യം വേണ്ട പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, ലാബറട്ടറി സാധനങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനും Sports Goods വാങ്ങുന്നതിനും പഴയ ഫർണീച്ചറു കട കേടുപാടു തീർത്ത് എടുക്കുന്നതിനും വേണ്ടത്ര കണ്ടീജൻസി ഫണ്ട് അനുവദിക്കുക.
6. സർക്കാർ സ്ക്കൂളുകളിലേക്ക് ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് അവശ്യം വേണ്ട Reference Books, പുസ്തകങ്ങൾ ഇവ വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുക.
7. സ്വകാര്യവിദ്യാലയങ്ങൾക്ക് (Aided) ഇപ്പോൾ നല്കി വരുന്ന മെയിൻറനൻസ് ഗ്രാറ്റ് വാർഷിക സംരക്ഷണ വേലകൾ നടത്തുന്നതിനും, പഠനോപകരണങ്ങൾ വാങ്ങുന്നതിനും ലാബ്രട്ടറി സാധനങ്ങൾ വാങ്ങുന്നതിനും പഴയ ഫർണീച്ചറുകൾ അറ്റകുറ്റ പണികൾ നടത്തുന്നതിനും വളരെ തുച്ഛമാകയാൽ ഗ്രാൻറു തുക വർദ്ധിപ്പിക്കുക.

8. പഞ്ചായത്തിന് ലൈബ്രററി അനുവദിക്കുക, റഫറൻസ് ബുക്കുകൾ വാങ്ങുന്നതിനും, പഞ്ചായത്തിലുള്ള വായനശാലകൾ നടത്തുന്ന കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും, കലാസമിതികൾക്കും മറ്റും പ്രോത്സാഹനം നല്കുന്നതിന് വേണ്ട തുകകൾ ഗ്രാൻറായി അനുവദിക്കുക.

9. സർക്കാർ സ്ക്കൂളുകൾക്ക് ആവശ്യമുള്ള കെട്ടിടങ്ങൾ, മൂത്രപ്പുരകൾ പണിയുക, കിണർ, ഫർണീച്ചറുകൾ എന്നിവയ്ക്കും തുക അനുവദിക്കുക.

10 പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസം (ITC) സ്ഥാപനമുള്ള കടമറ്റത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

11 വടയമ്പാടിയിൽ പരമഭട്ടാര ഗുരുകുല ആശ്രമം നടത്തിപോന്ന് നിർത്തലാക്കിയ സംസ്കൃത സ്ക്കൂൾ പുനഃസ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12 മൂന്നുവർഷം മുൻപ് നിർത്തലാക്കിയ പെരിങ്ങോൾ ഗവ.എൽ.പി.എസ് തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നല്കുക.

13. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ വ്യക്തികൾ നിലത്ത് എഴുത്ത് കളരികൾ നടത്തുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് ആശാൻ കളരി ഗ്രാൻറു കുടി പഞ്ചായത്തിന് നല്കുക.

വിദ്യാഭ്യാസം

വാർഡ് I

1. കടമറ്റം ഗവൺമെൻറ് യു.പി. സ്ക്കൂളിന്റെ കോമ്പൗണ്ട് ഹോൾ കെട്ടണം.

2. സ്ക്കൂൾ കെട്ടിടം റിപ്പെയർ ചെയ്തു ബലവത്താക്കണം.

3. ബഹു: കടമറ്റം പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന ITC യിൽ നിന്നും പുറത്തു വരുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരം ലഭിക്കുന്നതിന് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

4. നിരക്ഷരായ ആളുകൾ സാക്ഷരതാ പ്രവർത്തനത്തിൽക്കൂടി സ്വന്തം പേര് എഴുതുവാനും വായിക്കുവാനും ഒപ്പിടുന്നതിനും പഠിപ്പിച്ചിട്ടുള്ളത് നഷ്ടപ്പെടാതിരിക്കാൻ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ സത്വരനടപടി സ്വീകരിക്കണം.

5. ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ അതിനു ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

6. നിലവിലുള്ള ഗവൺമെൻറ് യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തണം.

വാർഡ് II

1. പ്രീപ്രൈമറി വിദ്യാഭ്യാസം വികസനത്തിനുള്ള നടപടി സ്വീകരിക്കുക.

2. വാർഡിൽ എൽ.പി. സ്ക്കൂൾ അനുവദിക്കുകയും സ്ഥലവും കെട്ടിടവും വേണ്ടത്ര സൗകര്യങ്ങളും ഏർപ്പെടുത്തുക.

3. ഒരു ഗവൺമെൻറ് I.T.I ആരംഭിക്കുക.

4. ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കുക.

വാർഡ് III

1. ഈ വാർഡിൽ കഴിഞ്ഞ 75 വർഷമായി പ്രവർത്തിച്ചിരുന്ന ഒരു സർക്കാർ എൽ.പി. സ്ക്കൂൾ മൂന്നുവർഷം മുൻപ് നിർത്തൽ ചെയ്തത് പുനരാരംഭിക്കണം രണ്ടര കിലോമീറ്റർ ചുറ്റളവിൽ വേറെ വിദ്യാലയങ്ങൾ ഇല്ല എന്നുള്ളത് എടുത്ത് പറയുന്നു.
2. രണ്ട് പ്രീ പ്രൈമറി വിദ്യാലയങ്ങളും ഒരു നെഴ്സറി സ്ക്കൂളും അത്യാവശ്യമാണ്.
3. ഒരു വെക്കേഷൻ ഹൈ സെക്കൻട്രറി സ്ക്കൂളും ഒരു കമ്പ്യൂട്ടർ പഠന കേന്ദ്രവും അനുവദിക്കണം.
4. നിരക്ഷരരായ 5 ശതമാനത്തിലേറെ ആളുകൾക്ക് വേണ്ടി സാക്ഷരത പ്രവർത്തനവും തുടർ വിദ്യാഭ്യാസവും കാര്യക്ഷമമായി നടത്തണം.
5. പ്രത്യേക ഒരു വിഭാഗത്തിലുംപ്പെടാത്ത നിരക്ഷരരായ ആളുകൾക്ക് വിദ്യാഭ്യാസവും അനൗചാരിക വിദ്യാഭ്യാസവും ഗ്രാമീണർക്ക് നൽകണം.
6. ഒരു I.T.I പെരിങ്ങോളിൽ ആരംഭിക്കണം.
7. നിലവിലുള്ള കോ-ഓപ്പറേറ്റീവ് കോളേജിലെ ടെക്നിക്കൽ കോഴ്സ് ആരംഭിക്കണം.
8. ഒരു സാംസ്കാരിക നിലയവും അവിടെ ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ തുടർ വിദ്യാഭ്യാസം നടത്തുക.

വാർഡ് IV

1. ഒരു L.P. സ്ക്കൂൾ പ്രവർത്തിച്ച് വരുന്നുണ്ട് അതിന്റെ മെച്ചപ്പെട്ട സേവനത്തിന് പ്രാപ്തമായ വിധത്തിൽ രക്ഷകർത്തൃസമിതി പ്രാപ്തമാക്കണം.
2. വർഷകാലത്ത് സ്ക്കൂളിലേക്ക് വരുന്ന കുട്ടികൾക്ക് യാത്രക്ലേശം ഉണ്ടാകാത്ത രീതിയിൽ മൂശാരിപടി റോഡ് സഞ്ചാരയോഗ്യമാക്കണം.
3. മാങ്ങാട്ടൂർ L.P സ്ക്കൂൾ മഴയത്ത് ചോരുന്നത് മൂലം കുട്ടികളുടെ പഠനത്തിന് തടസമുണ്ടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
4. സ്ക്കൂൾ വൈദ്യുതികരിക്കയും ആവശ്യത്തിന് ഉപകരണങ്ങൾ വാട്ടർ ടാപ്പുകൾ കുട്ടികൾക്ക് ആവശ്യമായ കളികോപ്പുകൾ ലൈബ്രറി മുതലായവ ഏർപ്പെടുത്തുക.
5. സ്ക്കൂൾ കോബ്ളകസ് പ്രവർത്തനം ശക്തിപ്പെടുത്തുക.
6. സ്ക്കൂളിലെ ലാറ്ററിൻ സൗകര്യം മെച്ചപ്പെടുത്തുക.
7. സ്ക്കൂളിൽ സാഹിത്യസമാജം, വാർഷികം എന്നിവ നടത്തണം.
8. ഹൈസ്ക്കൂൾ വരെയെങ്കിലും അദ്ധ്യായന ഭാഷ മാതൃഭാഷയാക്കണം.
9. എല്ലാ സ്ക്കൂളുകളിലും സ്പെഷൽ അദ്ധ്യാപകരെ നിയമിക്കണം.
10. എൽ.പി. സ്ക്കൂളിൽ ഒരു സ്പെഷ്യൽ അദ്ധ്യാപകൻ എങ്കിലും ഉണ്ടാകണം.
11. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന വേതനം പരിഷ്കരിക്കണം.
12. പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാനുള്ള നടപടികൾ സ്ക്കൂൾ തലത്തിൽ ആരംഭിക്കണം.

13. സർക്കാർ എയ്ഡഡ് സ്ക്കൂളുകൾ ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കണം.

വാർഡ് V

1. കടയിരുപ്പ് ഗവൺമെൻറ് ഹൈസ്ക്കൂളിലേയ്ക്ക് പ്രവേശനത്തിന് അപേക്ഷിക്കുന്നവർക്ക് പ്രവേശനം കൊടുക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. മാത്രമല്ല, നിലവിൽ സ്ക്കൂളിന് ആവശ്യമായ സ്ഥലസൗകര്യം. ഉപകരണങ്ങൾ പഠനോപകരണങ്ങൾ എന്നിവയുടെ അപര്യാപത്തത അനുഭവപ്പെടുന്നതിനാൽ ഇരുപത് മുറികളുടെ ഒരു കെട്ടിടം പണിയുക.

2. ഒരു ഇൻട്രസ്ട്രിയൽ ട്രെയിനിംഗ് സ്ക്കൂൾ സ്ഥാപിക്കുന്നതോടൊപ്പം V.H.S.E. വിഭാഗവും അനുവദിക്കുക.

3. G.H.S. കടയിരുപ്പിൻെറ ഗ്രൗണ്ട് നിർമ്മാണം പൂർത്തിയാക്കി ചുറ്റുമതിൽ കെട്ടുകയും ഗതാഗത സൗകര്യം ഉണ്ടാക്കുകയും ചെയ്യുക

വാർഡ് VI

1. ആറാം വാർഡിൽ ആകെ ഒരു ഗവൺമെൻറ് L.P.S ആണ് ഉള്ളത്. ആ സ്ക്കൂളിൽ കുട്ടികൾക്ക് കുടിക്കാനും കൈകഴുകാനുമായി പൈപ്പ് കണക്ഷൻ ഉണ്ടെങ്കിലും രണ്ടുവർഷമായി വെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിൽനിന്നും വാട്ടർ അതോറിട്ടിയ്ക്ക് പണം അടക്കാത്തതാണ് കാരണമെന്ന് അറിയുന്നു. ഇതിന് പരിഹാരം കണ്ടെത്തണം.

2. കുട്ടികൾക്ക് വെച്ച് എഴുതാൻ ഡെസ്കുകൾ ഇല്ല. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ കഞ്ഞിപുരയില്ല. കക്കൂസ് രണ്ടെണ്ണം ഉള്ളത് ഉപയോഗപ്രദമല്ല. കളിസ്ഥലമില്ല. മിക്കകാലങ്ങളിലും കെട്ടിടത്തിനുള്ളിൽ വെള്ളത്തിൻെറ ശല്യമുണ്ട്. മേൽപ്രസ്താവിച്ച കാര്യങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണണം.

വാർഡ് VII

1. ഈ വാർഡിൽ നിലവിലുള്ള U.P. സ്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തണം.

2. മനയത്ത് പീഠിക കേന്ദ്രീകരിച്ച് L.P. സ്കൂൾ ആരംഭിക്കണം.

3. പരമഭട്ടാരഗുരുകുലാശ്രമം വക അൺ എയ്ഡഡ് സ്കൂൾ പഞ്ചായത്തിന് കൂടി നിയന്ത്രണം വേണം.

വാർഡ് VIII

1. പഴന്തോട്ടം ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു പ്ലസ് ടു, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ എന്നീ വിഷയങ്ങളിൽ ഏതെങ്കിലും അനുവദിച്ച് കിട്ടുവാൻ വേണ്ട നടപടി ആരംഭിക്കണം.

2. ഈ സ്കൂളിന് ആവശ്യമായ ക്ലാസ് മുറികളും ഫർണീച്ചറുകളും നിർമ്മിക്കണം.

3. നിലവിലുള്ള ഹൈസ്ക്കൂളിൻെറ കളിസ്ഥലം ഉപയോഗയോഗ്യമായ വിധത്തിൽ നിരപ്പാക്കി കോമ്പൗണ്ട് വാൾ കെട്ടിടം സുരക്ഷിതമാക്കേണ്ടതാണ്.

4. ഹൈസ്കൂളിൻെറ സ്റ്റേജിനോട് ചേർന്നുള്ള പഴയ കെട്ടിം പൊളിച്ച്

മാറ്റി പകരം പുതിയ കെട്ടിടം നിർമ്മിക്കണം.

5. സ്കൂൾകെട്ടിടങ്ങളുടെ എല്ലാ വിധത്തിലുള്ള അറ്റകുറ്റപണികളും ചെയ്തുതീർക്കുക.

6. സ്കൂളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് കുട്ടികളും അദ്ധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തണം.

7. വിജയ ശതമാനം വർദ്ധിപ്പിക്കുവാൻ അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ് രക്ഷകർത്തൃ യോഗങ്ങളിൽ രക്ഷകർത്താക്കളും അദ്ധ്യാപകരും നിർബന്ധമായി പങ്കെടുക്കണം.

വാർഡ് IX

സ്കൂളിന്:-

1. ആവശ്യമായ കെട്ടിടം ഉണ്ടെങ്കിലും കെട്ടിടത്തിന്റെ തറ സിമൻറ് ചെയ്തത് പോയതുകൊണ്ട് കോൺക്രീറ്റ് ചെയ്തു പ്ലാസ്റ്റ് ചെയ്യണം.

2. സ്ക്കൂളിലേയ്ക്ക് ആവശ്യമായ 40 ബഞ്ച്, 40 ഡെസ്ക്, 4 മേശ, 4 കസേര, 4 ബ്ലാക്ക്ബോർഡ് ഇവ അത്യാവശ്യമായി സജ്ജീകരിക്കണം.

3. ഇനിയും ആവശ്യമായ 4 മുറിയും മൂത്രപുരയും ഒരു കക്കൂസും ഉണ്ടാക്കണം. ചുറ്റുമതിൽ കെട്ടണം. കിണർ ഉപയോഗയോഗ്യമാക്കണം സ്കൂളിന്റെ മുൻവശമുള്ള ഗ്രൗണ്ട് നിരപ്പാക്കണം.

4. പഠനനിലവാരം വർദ്ധിപ്പിക്കുന്നതിന് പ്രധാന അദ്ധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കണം.

5. പകരം അദ്ധ്യാപകരെയും സ്പെഷ്യൽ അദ്ധ്യാപകരെയും ആവശ്യാനുസരണം നിയമിക്കുക.

6. മുഴുവൻ സമയം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കണം

7. സ്കൂൾ കോമ്പ്ലക്സിന്റെ പ്രവർത്തനം ശക്തമാക്കണം.

8. P.T.A പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം അതിന് വേണ്ടി പഞ്ചായത്ത് വികസന സമിതിയുടെ സേവനം ഉപയോഗപ്പെടുത്തണം.

9. അദ്ധ്യാപകരെ ഹൈ ബിൽഡ് വർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തണം.

10. സ്ക്കൂളുകളിൽ വാർഷികത്തോടനുബന്ധിച്ച് അതാത് പ്രദേശത്ത് നിലവിലുള്ളതും അപൂർവ്വമായികൊണ്ടിരിക്കുന്നതുമായ നാടൻ കലകൾ പഞ്ചായത്തു വികസനസേനയുടെ സഹായത്തോടെ നടത്തണം.

12. സ്കൂൾ വാർഷിക ആഘോഷങ്ങൾ ഈ പ്രദേശത്ത് വലിയ ഒരു ഉൽസവമായി മാറ്റണം.

സംസ്കാരം

ഭാരതീയർ പ്രത്യേകിച്ച് കേരളീയർ വളരെ സമ്പന്നമായ ഒരു സംസ്ക്കാരത്തിന്റെ ഉടമകളാണ്. മനുഷ്യന്റെ എല്ല രംഗങ്ങളിലും മതത്തിനുണ്ടായിരുന്ന സ്വാധീനം സാംസ്ക്കാരിക ചരിത്രത്തിലും നമുക്ക് ദൃശ്യമാണ്. ആയതിനാൽ മതപരമായ വിശ്വാസങ്ങൾ, പ്രമാണങ്ങൾ, ആഘോഷങ്ങൾ എന്നിവ മനുഷ്യവർഗ്ഗത്തിന്റെ സംസ്ക്കാരത്തെ സ്വാധീനിച്ചിട്ടുണ്ട്. കാലഘട്ടത്തിലെ സാമൂഹിക മാറ്റങ്ങളും ശാസ്ത്രീയ മുന്നേറ്റങ്ങളും നമ്മുടെ സംസ്ക്കാരത്തിന് മുതൽ കൂട്ടുകളായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഹിന്ദു -ക്രിസ്ത്യൻ മതവിഭാഗങ്ങളിൽപെട്ട ജനങ്ങളാണുള്ളത്. മുസ്ലിം സമുദായാംഗങ്ങൾ ഇവിടെ വളരെ കുറവാണ്. ഇരു സമുദായങ്ങളുടേയും മതപരമായ എല്ലാ ആഘോഷങ്ങളും പരസ്പരസഹകരണത്തോടെ നടത്തിവരുന്നു. നാളിതുവരെ നമ്മുടെ പഞ്ചായത്തിൽ ജനവിഭാഗങ്ങൾക്കിടയിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടായിട്ടില്ല.

ആരാധനാലയങ്ങളുടെ കാര്യത്തിൽ ഈ പ്രദേശം ധന്യമാണ്. ചരിത്ര പ്രസിദ്ധമായ കടമറ്റം പള്ളിയും പഴന്തോട്ടംപള്ളിയും വലമ്പൂർ പള്ളിയും പാങ്കോട്പള്ളിയും പ്രധാന ക്രിസ്ത്യൻ ദേവാലയങ്ങളാണ്. കടമറ്റം, തോന്നിയ്ക്ക, കടയിരുപ്പ്, മാങ്ങാട്ടൂർ, എഴിപ്രം, പാങ്കോട് എന്നിവിടങ്ങളിലെ അമ്പലങ്ങളും കാവുകളും ഹൈന്ദവരുടെ ആരാധനാലയങ്ങളായി നിലകൊള്ളുന്നു. ക്രൈസ്തവരിലും ഹൈന്ദവ ജനതയിൽ വിവിധ ജാതികളിൽ അറിയപ്പെടുന്ന ജനവിഭാഗങ്ങളിലും നൂറ്റാണ്ടുകളായി നിലനിന്നുപോന്ന പല ആഘോഷങ്ങളും കലാരൂപങ്ങളും ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു. ഈ കലാരൂപങ്ങളേയും ആഘോഷങ്ങളേയും പുനർജ്ജീവിപ്പിക്കേണ്ടതിന് ആവശ്യമായ അവബോധം ജനങ്ങളിൽ ഉണർത്തേണ്ടിയിരിക്കുന്നു. മാർഗ്ഗംകളി, ചവിട്ടുനാടകം, കോൽകളി, പരിചമുട്ടുകളി, തപ്പുംതുടിയും തുടങ്ങിയ കലാരൂപങ്ങൾ ഇത്തരത്തിൽ പുനർജ്ജീവിപ്പിക്കേണ്ടവയാണ്.

ക്ഷേത്രങ്ങളോട് അനുബന്ധിച്ച് ഉണ്ടായിരുന്ന സർപ്പം തുള്ളൽ, കളമെഴുത്തും പാട്ടും, മുടിയേറ്റ്, മുടിയാട്ടം, സർപ്പാരാധന എന്നിവ ഇന്ന് ഓർമ്മകളിൽ മാത്രം ഒതുങ്ങുന്നു. ആലുവ ശിവരാത്രി മണപ്പുറത്ത് പിതൃതർപ്പണം നടത്തുക, മണ്ഡലം നോമ്പുനോറ്റ് ശബരിമല കയറുക, മലയാറ്റൂർ പൊന്നിൻ കുരിശ് മുത്തപ്പന്റെ മലകയറുക, കോതമംഗലം, മഞ്ഞനിക്കര തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള തീർത്ഥയാത്ര എന്നിവ ഇന്നാട്ടുകാർ വർഷങ്ങളായി മുടങ്ങാതെ നടത്തിവരുന്നു.

പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും സാംസ്ക്കാരിക-സാമൂഹിക-കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന ക്ലബുകൾ, വായനശാലകൾ എന്നിവ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം ഇന്ന് മന്ദഗതിയിലാണ്. ഇവയെ പുനരുജ്ജീവിപ്പിക്കേണ്ടത് നാടിന്റെ സാംസ്ക്കാരിക പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് ഇവയുടെ ശോചനീയാവസ്ഥയ്ക്കു ഒരു കാരണമാണ്. ക്ലബുകളിൽ കലാകായിക മത്സരങ്ങൾ

സംഘടിപ്പിക്കുകയും മികവു പ്രകടിപ്പിക്കുന്നവരെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതലങ്ങളിൽ നടക്കുന്ന കലാകായിക മേളകൾ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി പുനഃസംഘടിപ്പിക്കപ്പെടേണ്ടതാണ്.

സാംസ്ക്കാരിക രംഗത്തെ മറ്റൊരു പ്രധാന സംഗതിയാണ് പത്രമാസികകൾ ചെലുത്തുന്ന സ്വാധീനം. ഈ രംഗത്ത് ഏറ്റവും കൂടുതൽ വായനക്കാരെ ആകർഷിക്കുന്ന പത്രമാസികകൾ ഏറ്റവും നല്ല സാംസ്ക്കാരികാവബോധം ജനങ്ങളിലെത്തിക്കുന്നുണ്ടോയെന്ന് നാം പരിശോധിക്കേണ്ടിയിരിയ്ക്കുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സാംസ്ക്കാരിക രംഗത്ത് ഗുണപ്രദമായ മാറ്റത്തിന് ഉതകുന്ന പത്രമാസികകളുടെ പ്രചാരണത്തിന് നാം മുൻകൈയ്യെടുക്കേണ്ടതുണ്ട്.

ഈ രംഗത്ത് കൈയ്യെഴുത്തു മാസികകളുടെ പ്രചാരണത്തിനോ സംഘാടനത്തിനോ നമ്മുടെ പഞ്ചായത്തിൽ കാര്യമായ ഒരു പ്രവർത്തനവും നടക്കുന്നില്ല. എന്നാൽ ചില സ്ക്കൂളുകളിലും മറ്റും അപൂർവ്വമായി കൈയ്യെഴുത്ത് മാസികകളും സോവനീറുകളും പ്രസിദ്ധീകരിക്കുന്നുണ്ടെന്നുള്ളതും പ്രസ്താവ്യമത്രെ.

സാംസ്ക്കാരിക രംഗത്തെ മറ്റൊരു മാധ്യമമാണ് ടെലിവിഷൻ. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഈ മാധ്യമം നമ്മുടെ എല്ലാ രംഗങ്ങളേയും സ്വാധീനിക്കുന്ന ഒന്നായി തീർന്നിരിക്കുന്നു. വിജ്ഞാന വിസ്ഫോടനത്തിന്റെ ഫലമായി ദൃശ്യശ്രാവ്യ മാദ്ധ്യമരംഗത്ത് ഉണ്ടായിട്ടുള്ള കുതിച്ചുചാട്ടം നമ്മുടെ വിനോദ ഉപാധികളുടെ കേന്ദ്രം ടെലിവിഷൻ ആക്കിത്തീർത്തിരിക്കുന്നു. ടെലിവിഷൻ നെറ്റുവർക്കുകൾ പ്രധാനമായും വിനോദത്തിനും പരസ്യപ്രചരണത്തിനും പാശ്ചാത്യസംസ്ക്കാരത്തിന്റെ പ്രചാരത്തിനും ലക്ഷ്യമിട്ടിരിക്കുന്നതായാണ് നമുക്ക് അനുഭവപ്പെടുന്നത്. നമ്മുടെ കുട്ടികളുടെ നല്ല സ്വഭാവരൂപീകരണത്തിനോ, പൊതുവേ ജനതയുടെ സാംസ്ക്കാരിക ഉന്നമനത്തിനോ ഇവയുടെ പ്രവർത്തനം ഉതകുന്നില്ല എന്നുമാത്രമല്ല, നേരെ മറിച്ചുള്ള അനുഭവമാണ് നമുക്ക് കാണാൻ കഴിയുക. ഈ കാരണത്താൽ ഈ മാധ്യമത്തിന്റെ അനിയന്ത്രിതമായ പോക്കിന് കടിഞ്ഞാണിടാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ജനതയെയാകെതന്നെ മയക്കി കിടത്താനും സ്വപ്നലോകത്തിൽ തന്നെ തളച്ചിടാനും പ്രതികരണമില്ലാത്ത ജീവികളാക്കി തീർക്കാനും മാത്രമേ കഴിയൂ എന്നത് ചിന്തനീയമായ വസ്തുതയാണ്.

നമ്മുടെ പഞ്ചായത്തിലുള്ള കളിസ്ഥലങ്ങളിൽ നാമമാത്രമായി ജിംനേഷ്യം, കായിക മത്സരങ്ങൾ എന്നിവ നടന്നുവരുന്നു. നമുക്ക് നിലവിലുള്ള പൊതുകളിസ്ഥലങ്ങൾ ഉപയോഗ്യമാക്കുന്നതിനും കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കാനും ഭാവിയിൽ കഴിയേണ്ടതാണ്. ഇപ്പോൾ അതാതു പ്രദേശത്തെ നാടൻകളികൾ അപ്രത്യക്ഷമാവുകയും പുതിയതരം കളികൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഈ പ്രവണത നമ്മുടെ തനത് കലാ-കായിക സംസ്ക്കാരത്തെ ഇല്ലാതാക്കാനെ ഉപകരിയ്ക്കൂ.

മനുഷ്യൻ സമൂഹജീവിയായിരിക്കുന്നിടത്തോളം പുരോഗതിയ്ക്കു ജനങ്ങളെ വേണ്ടവിധത്തിൽ നയിക്കുന്നതിനുള്ള നേതൃത്വപരിശീലനം കൊടുക്കേണ്ടിയിരിക്കുന്നു. ജനങ്ങളോടുള്ള പ്രതിബദ്ധത സാധൂകരിക്കാനുതകുമാറ് കുട്ടികളെ സേവന സന്നദ്ധരായും സ്വഭാവ ഗുണമുള്ളവരായും വാർത്തെടുക്കേണ്ടതിലേയ്ക്കു ജില്ലാതലത്തിൽ സ്ത്രീ-പുരുഷ

ഭേദമെന്യെ പരിശീലനം കൊടുത്ത് അതിൽനിന്നും തെരെഞ്ഞെടുക്കപ്പെട്ട വരായിരിക്കണം ജനതയ്ക്കു നേതൃത്വം കൊടുക്കേണ്ടത്. അങ്ങനെയുള്ളവരുടെ ശ്രമഫലമായി ഒട്ടനവധി വ്യവഹാരങ്ങൾ ഇല്ലാതാക്കുവാനും സമാധാന ജീവിതം ഉറപ്പുവരുത്തുവാനും കഴിയണം. മദ്യത്തിനും മയക്കുമരുന്നിനും അടിമയായി കുടുംബദ്രോഹികളും സാമൂഹ്യ ദ്രോഹികളും ആയ ആളുകളെ സമൂഹത്തിന് ഭാരമായി തീരാതെ സംരക്ഷിക്കപ്പെടേണ്ടതും അനിതീയെ എതിർക്കുവാനും നീതിയെ പ്രോത്സാഹിപ്പിക്കുവാനും ഉതകുമാറുള്ള സാമൂഹ്യ നടപടിക്രമം നമ്മുടെ സംസ്ക്കാരത്തിന്റെ ആണിക്കല്ലായിത്തീരുവാൻ നാം പ്രതിജ്ഞാബദ്ധമായിരിക്കണം. അഴിമതിമൂലം പണം സമ്പാദിച്ച് സമൂഹത്തെ പ്രലോഭിപ്പിക്കുന്ന രീതി നമ്മുടെ നാട്ടിൽ ഉണ്ടാകരുത്. ഒത്തൊരുമയോടെ നമുക്ക് നല്ല സംസ്ക്കാരത്തെ വളർത്തിയെടുക്കാൻ ശ്രമിക്കാം.

ഗ്രാമസഭയിൽനിന്നുള്ള ആവശ്യങ്ങൾ:

1. കടമറ്റത്തുള്ള മൂന്ന് ഹരിജൻ കോളനികളിൽ ഓരോ ടെലിവിഷൻ സെറ്റുകൾ സ്ഥാപിയ്ക്കുക.
2. ജനവിദ്യാകേന്ദ്രത്തിന്റെ ഭാഗമായി നടക്കുന്ന സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
3. തോന്നിയ്ക്കയിൽ പുതിയതായി ഒരു വായനശാല സ്ഥാപിയ്ക്കുക.
4. ക്ടാച്ചിറയിൽ പഞ്ചായത്തുവക പുറമ്പോക്ക് സ്ഥലത്ത് ഒരു പൊതുകളിസ്ഥലവും ഒരു സാംസ്ക്കാരിക കേന്ദ്രവും സ്ഥാപിയ്ക്കുക.
5. തൊണ്ടിപ്പീടിക ആസ്ഥാനമായി ഒരു വായനശാല ആരംഭിയ്ക്കുക.
6. മാങ്ങാട്ടൂരിലുള്ള വായനശാലയ്ക്കു സാമ്പത്തിക സഹായം അനുവദിയ്ക്കുക.
7. പഞ്ചായത്ത് ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേരളാ ഗ്രന്ഥശാലയുമായുള്ള അഫിലിയേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
8. എഴിപ്രത്തിലെ കോളനികളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിയ്ക്കുക.
9. കടിയിരുപ്പിൽ ഒരു കമ്യൂണിറ്റിഹാൾ നിർമ്മിയ്ക്കുക.
10. കടയിരുപ്പിലുള്ള 3 ഹരിജൻ കോളനികളിൽ റേഡിയോ, ടെലിവിഷൻ മുതലായ വാർത്താവിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. പൊതുകളിസ്ഥലവും കലാവിദ്യാലയവും സ്ഥാപിയ്ക്കുക.
12. പഞ്ചായത്ത് കലോത്സവങ്ങൾ കാലോചിതമായി സംഘടിപ്പിയ്ക്കുക.
13. കലാ-കായിക ക്ലബുകൾ രൂപവൽക്കരിയ്ക്കുക.
14. പഞ്ചായത്തു വായനശാല വൈകിട്ട് 4 മുതൽ 8 മണി വരെ തുറന്ന് പ്രവർത്തിയ്ക്കുക.
15. പാറേപ്പീടികയിലുള്ള ചിറ നികത്തി ഒരു പൊതുകളിസ്ഥലം നിർമ്മിയ്ക്കുക.
16. പാറേപ്പീടികയിൽ ഒരു വായനശാല ഉണ്ടാകുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

17. പാങ്കോട് റിഥം ക്ലബ്ബിനോടനുബന്ധിച്ച് ഒരു വായനശാല ആരംഭിക്കുവാൻ നടപടി സ്വീകരിയ്ക്കണം.

18. പഴന്തോട്ടത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിയ്ക്കുക.

19. പുളിച്ചോട്ടിൽ ഒരു വായനശാല സ്ഥാപിയ്ക്കുക.

20. പഴന്തോട്ടം സ്ക്കൂളിലെ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുക.

21. പഞ്ചായത്തുവക പൊതു കളിസ്ഥലം സ്ഥാപിയ്ക്കുക.

22. വലമ്പൂർ കുരിശിനു സമീപം ഒരു സാംസ്ക്കാരിക നിലയം സ്ഥാപിയ്ക്കണം.

പൊതു ആവശ്യങ്ങൾ

കടമറ്റം ജവഹർ വായനശാലയ്ക്കും പഴന്തോട്ടം സെൻറ് മേരീസ് വായനശാലയുടേയും കെട്ടിടത്തിൻെറ മെയിൻറനൻസിനും ആവശ്യമായ ഫർണീച്ചറിനും സാമ്പത്തിക സഹായം അനുവദിയ്ക്കുക.

മാർക്കറ്റ്

ഐക്കരനാട് പഞ്ചായത്തിൽ കടമറ്റം പള്ളിതാഴത്തും പഴന്തോട്ടം കവലയിലും രണ്ട് ചന്തകൾ പ്രവർത്തിക്കുന്നുണ്ട്. കാർഷീക വിഭവങ്ങൾ, മത്സ്യമാംസങ്ങൾ എന്നിവയുടെ വിൽക്കൽ വാങ്ങലാണ് മുഖ്യമായും നടക്കുന്നത്. ചന്തകൾക്ക് ചുറ്റുമതിൽ കെട്ടേണ്ടതും കച്ചവടത്തിനുള്ള സ്റ്റാളുകൾ പണിയേണ്ടതും ആവശ്യമാണ്. പഞ്ചായത്തിൻെറ സാമ്പത്തിക ബുദ്ധിമുട്ടാണ് അവ പരിഹരിക്കാത്തതിനു കാരണം.

ചന്തയുടെ പ്രവർത്തനം ഊർജ്ജ്വസ്വലമാക്കുന്നത് കാർഷീക വിളകൾ ഇടത്തട്ടുകാരെ ഒഴിവാക്കി വിൽക്കുന്നതിനും വാങ്ങുന്നതിനും സഹായിയ്ക്കും. ചന്തകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് മറ്റ് സ്ഥലങ്ങളിൽനിന്ന് ആളുകൾ എത്തിച്ചേരുന്നതിനും വിവിധ ജനവിഭാഗങ്ങൾ സൗഹാർദ്ദം സൃഷ്ടിയ്ക്കുന്നതിനും ഐക്യബോധം സ്ഥാപിക്കുന്നതിനും സഹായിക്കുന്നുണ്ട്.

ഗ്രാമസഭ നിർദ്ദേശം

1. പഴന്തോട്ടത്തുള്ള മാർക്കറ്റിൻെറ കോമ്പൗണ്ട് വാൾ നിർമ്മിയ്ക്കുക.

2. ചന്തയിൽ വളരെ അത്യാവശ്യമായി ഒരു കെട്ടിടം നിർമ്മിച്ച് മഴക്കാലത്ത് മാർക്കറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യ ഏർപ്പെടുത്തുക.

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

ഐയ്ക്കരനാട് പഞ്ചായത്തിൽ 3055 പട്ടികജാതി ജനതയും 10 പട്ടിക വർഗ്ഗ ജനതയും താമസിക്കുന്നു. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 17% വരും. 23 പട്ടികജാതി കോളനികളും 466 കുടുംബങ്ങളും ഉണ്ട്.

അനുബന്ധം - II

ഐയ്ക്കരനാട് ഗ്രാമപഞ്ചായത്ത്

11.1. IRDP സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	143	9	51	26	16	127
II	189	8	58	29	15	174
III	88	4	45	21	12	76
IV	121	7	49	25	14	107
V	102	13	39	16	9	43
VI	130	10	61	42	18	112
VII	189	16	47	27	14	175
VIII	134	14	22	6	3	131
IX	147	12	58	38	21	126
Total	1243	93	430	230	122	1071

പൊതുസ്ഥിതി

1. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്.
2. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവയുടെ പരിമിതി.
3. കുട്ടികൾ സ്ക്കൂളുകളിൽ ഒരു പരിധിവരെ പോകുന്നുണ്ട്.
4. പ്രോത്സാഹനകുറവ്, സാമ്പത്തിക പരാധീനത എന്നിവ കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തുന്നു.
5. തൊഴിൽ മേഖല - കാർഷിക രംഗം പ്രധാനം കൂടാതെ വ്യവസായ മേഖല, ടാപ്പിംഗ്, ചെങ്കല്ല് മുറിക്കൽ എന്നീ രംഗങ്ങളിലും ഏർപ്പെട്ടിരിയ്ക്കുന്നു.
6. നിരക്ഷരർ പൊതുവെ കുറവ്.

7. സ്വന്തമായി വീട് നിർമ്മിക്കേണ്ട കുടുംങ്ങളുടെ എണ്ണം 274.

8. ചെറിയ ശതമാനം ബഹുജന സംഘടനാരംഗത്ത് പ്രവർത്തിയ്ക്കുന്നു.

9. ഇവരുടെ സാമൂഹിക സ്ഥിതിയിൽ കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. ജാതീയമായ ഉച്ചനീചത്വം നിലവിൽ ഇല്ല. ഈ കുടുംബങ്ങളുമായി മറ്റ് സമുദായക്കാർ നല്ല ബന്ധം പുലർത്തിവരുന്നുണ്ട്. ഈ വീടുകളിൽനിന്നും മറ്റ് സമുദായക്കാർ ഭക്ഷണം കഴിക്കുന്ന സ്ഥിതി ഉണ്ട്. ജാതി പറഞ്ഞ് വിളിക്കുന്ന രീതി നിലവിലില്ല.

പ്രശ്നങ്ങൾ

കോളനികളിൽ ഭൂരിപക്ഷം ജനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവരാണ്. ഇത്തരക്കാരുടെ ആനുകൂല്യങ്ങൾ സമയത്തിന് കിട്ടുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. കോളനി റോഡുകൾ ടാർ ചെയ്യണം.

സാധ്യതകൾ

പഞ്ചായത്തിൽ പട്ടികജാതി, പട്ടിക വർഗ്ഗത്തിന് ജനസംഖ്യ ആനുപാതികമായി വികസനപദ്ധതികൾക്ക് ഒരു നിശ്ചിത തുക മാറ്റിവെയ്ക്കുകയും, അത് തടസ്സം കൂടാതെ നടപ്പാക്കുകയും വേണം. ഈ വർഗ്ഗത്തിൽപ്പെട്ടവരുടെ വരുമാനം വർദ്ധിപ്പിക്കാൻ സ്വയം തൊഴിൽ കണ്ട് പിടിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പദ്ധതി തയ്യാറാക്കണം. ഇത്തരക്കാരുടെ മേഖലകളിൽ ചെറുകിട ജലസേചനത്തിനും, ഗ്രാമീണ വൈദ്യുതികരണത്തിനും പഞ്ചായത്ത് തലത്തിൽ സ്കീമുകൾ തയ്യാറാക്കി നടപ്പിൽ വരുത്തണം.

ആരോഗ്യവിദ്യാഭ്യാസരംഗത്ത് ആവശ്യമായ ബോധവൽക്കരണം നടത്താൻ കഴിയണം. പഞ്ചായത്ത് തലത്തിൽ കൂടുതൽ ക്ഷേമപദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തണം. ദാരിദ്ര്യനിർമാർജനത്തിനും പഞ്ചായത്ത്തല സ്കീമുകൾ നടപ്പിൽ വരുത്താൻ കഴിയണം. ഇത്തരക്കാരുടെ ഉന്നമനത്തിന് വേണ്ടി വളരെ ഫലപ്രദമായ ബോധവത്ക്കരണവും, ഈ വർഗ്ഗത്തിൽപ്പെട്ടവരെകൂടി ഉൾപ്പെടുത്തി ജനകീയ സമിതികൾ ഉണ്ടാക്കി ഇത്തരക്കാരുടെ അദ്ധ്വാനം വിനിയോഗിച്ച് ഒരു പരിധിവരെ ഈ മേഖലയ്ക്ക് വികസനം ഫലപ്രാപ്തിയിൽ വരുത്താൻ കഴിയും. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് സമിതികൾ നേതൃത്വം കൊടുക്കുകയും വേണം.

നിർദ്ദേശങ്ങൾ

1. കടമറ്റം ലക്ഷംവീട് കോളനിയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം ലഭ്യമാക്കുക.

2. മോളെക്കുടി കോളനിയിലെ ഹാൻഡ് പമ്പ് നന്നാക്കി പകൽ സമയങ്ങളിൽ ജലം പമ്പുചെയ്യുക.

3. കടമറ്റം സൗത്ത് കോളനി, മോളെക്കുടി കോളനി IHDP പദ്ധതി നടപ്പാക്കുക.

4. ഹരിജൻ സഹകരണസംഘം രൂപീകരിയ്ക്കുക.

5. മാങ്ങാട്ടൂർ ലക്ഷംവീട്, മേച്ചേരിമുകൾ കോളനികൾ IHDP പദ്ധതിയിലുൾപ്പെടുത്തുക.

6. ലക്ഷംവീട് കോളനി റോഡ് പുനരുദ്ധരിയ്ക്കുക

7. തോന്നിക്ക പാതിരാക്കോട് കോളനിയിൽ IHDP പദ്ധതി നടപ്പാക്കുക.

8. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹരിജൻ വിദ്യാർത്ഥികൾക്ക് സാങ്കേതിക പഠനകേന്ദ്രം ആരംഭിയ്ക്കുക.

9. മൂശാരിപ്പടി - എഴിപ്രം കോളനി വഴി പുനരുദ്ധരിയ്ക്കുക.

10. പാങ്കോട് ഹരിജൻ കോളനി IHDP പദ്ധതിയിൽ ഉൾപ്പെടുത്തുക.

11. വാർഡ് VII-ലെ മൂന്ന് ഹരിജൻ കോളനികളിൽ വൈദ്യുതി, ജലം, കക്കൂസ് എന്നിവ ലഭ്യമാക്കുക.

12. ഇരുപ്പച്ചിറ കോളനിയിലേക്ക് റോഡ് നിർമ്മിയ്ക്കുക.

13. മനയത്തുപീടിക കോളനിയിൽ പട്ടയം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കുക.

14. കരയാട്ട് കുന്ന്, മേയ്ക്കാട്ട് മോളം, നരിച്ചിലക്കോട് കോളനികൾ IHDP പദ്ധതിയിൽ ഉൾപ്പെടുത്തുക.

15. പഴന്തോട്ടം വാർഡിൽ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നലകുക.

16. പഴന്തോട്ടം IHDP കോളനിയിലെ ടിവിയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക.

17. എണ്ണയ്ക്കാമോളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക.

18. മനയത്തുപീടിക ലിഫ്റ്റ് ഇറിഗേഷൻ പണികൾ പൂർത്തിയാക്കുക.

പൊതു ആവശ്യങ്ങൾ

1. ഹരിജൻ കോളനികളിൽ ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിയ്ക്കുക.

2. കോളനി റോഡുകൾ പുനരുദ്ധരിയ്ക്കുക.

3. ജലം-വൈദ്യുതി-കക്കൂസ് എന്നിവ ലഭ്യമാക്കുക.

4. ഓലമേഞ്ഞ വീടുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിച്ചു നൽകുക.

5. ആട്, കോഴി, പന്നി മുതലായവ ഹരിജനങ്ങൾക്ക് നൽകുക.

6. കോളനികളിൽ ടിവി സൗകര്യം ലഭ്യമാക്കുക.

7. കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ മുതലായവ ലഭിക്കുന്നതിൽ സഹായം ചെയ്യുക.

8. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യചികിത്സാ സൗകര്യം ലഭ്യമാക്കുക.

9. പഞ്ചായത്ത് കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തുക.

വനിതാക്ഷേമം

പ്രാചീനവനിതകൾ നിരക്ഷരരും, അപരിഷ്കൃതരും, അനാചാരങ്ങളിൽ അന്ധവിശ്വാസികളും ആയിരുന്നു. പുരുഷ മേധാവിത്വത്തിൽ കഴിഞ്ഞിരുന്ന ഇവർ വീടുകളുടെ നാലു ഭിത്തിയ്ക്കുള്ളിൽ കഴിഞ്ഞ് പുറംലോകം എന്തെന്നറിവാൻ താല്പര്യമില്ലാത്തവരായി മുലയൂട്ടും, പാചകവും ഗൃഹജോലികളുമായി ജീവിതം കഴിച്ചിരുന്നു. ശൈശവ വിവാഹം പ്രാചീനകാലത്തുള്ള ദുഷ്പ്രവണതകളിൽ ഒന്ന് എന്നു വേണം പറയുവാൻ. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമായതോടെ പെൺകുട്ടികളെ സ്ക്കൂളുകളിൽ വിട്ടു പഠിപ്പിച്ചുതുടങ്ങി. ഉന്നതവിദ്യാഭ്യാസം നേടുന്നതിനും സാഹചര്യങ്ങൾ ഉളവായി. സ്ത്രീകൾക്ക് സമൂഹത്തിൽ പുരുഷന്മാരോടൊപ്പം സ്ഥാനം വേണമെന്നുള്ള ചിന്താഗതിതന്നെവന്നുകൂടി. ഇന്ന് സ്ത്രീകൾക്ക് സംവരണവ്യവസ്ഥ ഏതു തുറകളിലും നടപ്പിലാക്കണമെന്നുള്ള നിയമനിർമ്മാണം വന്നിരിക്കുന്നു. സ്ത്രീകൾ തന്നെയാണ് ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ കൂടുതൽ. എന്നാൽ വനിതാക്ഷേമ കാര്യങ്ങൾ പലതും നടപ്പിലാക്കേണ്ടതുണ്ട്. സർക്കാർ വനിതകളുടെ ക്ഷേമം ഏറ്റെടുത്ത് നടത്തുവാനുള്ള ശ്രമത്തിലുമാണ്. വിദ്യാഭ്യാസത്തിലും മുന്നിൽ. രാഷ്ട്രീയ രംഗങ്ങളിലും, സാമൂഹ്യരംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്വം ഇന്ന് കൂടിവരുന്നു. എല്ലാ മേഖലകളിലേയ്ക്കും കടന്നു വരുവാനുള്ള പ്രചോദനങ്ങൾ നല്കേണ്ടതായിട്ടുണ്ട്.

സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ അല്പം കൂടുതലാണ് സ്ത്രീകൾ. സാക്ഷരതയിലും, സാമാന്യ വിദ്യാഭ്യാസത്തിലും പുരുഷന്മാരോടൊപ്പം നില്ക്കുന്നു. സാമാന്യ വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നിവ കൈവരിക്കുവാനുള്ള ആഗ്രഹം സ്ത്രീകളിൽ കണ്ടുവരുന്നു. ബിരുദവും ബിരുദാനന്തര കോഴ്സുകളും കൂടുതൽ സ്ത്രീകളാണ് പൂർത്തിയാക്കുന്നത്. പുരുഷന്മാർ പൊതു വിദ്യാഭ്യാസമോ, ബിരുദമോ കഴിഞ്ഞ് സാങ്കേതിക വിദ്യാഭ്യാസം നേടുവാനും തൊഴിൽ നേടുവാനും ശ്രമിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസം നേടുന്നവരിൽ സ്ത്രീകളും ചുരുക്കത്തിൽ ഇല്ലാതില്ല.

പൊതുവെ സ്ത്രീകളുടെ ആരോഗ്യം മോശകരമാണ്. പുരുഷന്മാരെപ്പോലെ കഠിനാദ്ധ്വാനം സ്ത്രീകൾക്ക് ഇല്ലെങ്കിലും വിശ്രമമില്ലാതെയുള്ള ഗൃഹജോലികൾ, ശിശുപരിപാലനം, ഭർതൃശുശ്രൂഷ ഇത്യാദി കാര്യങ്ങളിൽ ഏർപ്പെടുന്നതുമൂലം ആരോഗ്യാദികാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബാസൂത്രണപദ്ധതി സ്ത്രീകൾക്ക് ഒരു അനുഗ്രഹമായിതീർന്നു. പ്രാവർത്തികമാക്കുന്നതിൽ സ്ത്രീകളും പുരുഷന്മാരും അതീവതാല്പര്യം കാണിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ജനനനിരക്ക് പൊതുവെ പെൺകുട്ടികൾക്കാണ് എന്നാണ് സ്ഥിതിവിവരക്കണക്ക് സൂചിപ്പിക്കുന്നത്.

പുരുഷന്മാർ വിദഗ്ദ്ധ തൊഴിലാളികളും സ്ത്രീകൾ അവിദഗ്ധ തൊഴിലാളികളുമായിട്ടാണ് കരുതിയിരുന്നത്. സ്ത്രീകൾ കൂടുതലും കർഷകത്തൊഴിലാളികളായി. പാടങ്ങളിൽ ഞാറുനട്ടും കൊയ്ത്തും മെതിയും എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. പരമ്പരാഗത വ്യവസായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരും ചുരുക്കമല്ല; കളിമൺ വ്യവസായം പായ്നെയ്ത്ത്, കൊട്ട നെയ്ത്ത്, കൈത്തറി

നെയ്ത്ത് എന്നിവയിൽ ഏർപ്പെട്ടിരുന്നു. അസംസ്കൃതസാധനങ്ങളുടെ കുറവു കൊണ്ട് പരമ്പരാഗത കുടിൽ വ്യവസായങ്ങൾ നിലച്ചു. ജീവിത നിലവാരം ഉയർന്നതോടുകൂടി സ്ത്രീകൾ നഗരപ്രദേശങ്ങളിലേയ്ക്ക് കെട്ടിടംപണി നിർമ്മാണ ജോലികൾക്കും റോഡു പണികൾക്കും, പാറമടകളിലും മറ്റും ജോലി ചെയ്യുവാൻ നിർബന്ധിതരാകുന്നു. സ്ത്രീ കർഷകതൊഴിലാളികളുടെ അഭാവം ഇക്കാരണത്താൽ നെൽകൃഷിയെയും ബാധിയ്ക്കുന്നു. നെൽപാടങ്ങൾ കുറയുന്നു. നെൽപാടങ്ങൾ നികത്തി പുരയിടമാക്കുന്ന പ്രവണതയാണിപ്പോൾ. തൻമൂലം കരഭൂമിയിൽ തൊഴിൽ ചെയ്യുവാൻ സ്ത്രീകൾ വർദ്ധിയ്ക്കുന്നു. വിദ്യാസമ്പന്നരായ സ്ത്രീകൾ സർക്കാർ ജോലിയിലും, സാങ്കേതിക പരിജ്ഞാനം കിട്ടിയവർ സാങ്കേതിക ജോലികൾക്കും പോയിരുന്നു എങ്കിലും ഇപ്പോൾ ആ ജോലി സാദ്ധ്യതകൾ കുറഞ്ഞുവന്നതോടുകൂടി സാമൂഹ്യപ്രവർത്തനങ്ങളിൽ, സ്വയം തൊഴിൽ കണ്ടെത്തി പോകേണ്ട സ്ഥിതിയിലേയ്ക്കും എത്തിയിരിയ്ക്കുന്നു.

സ്ത്രീകൾ ഇന്ന് തൊഴിലില്ലായ്മയിലേയ്ക്ക് വരുന്നു. കുട്ടികളുടെ പരിചരണം, പാചകം, ആടുമാടൽ വളർത്തൽ, പുരയിടകൃഷി എന്നിവയിൽ സാധരണ സ്ത്രീജനങ്ങൾ സമയം ചെലവഴിയ്ക്കുന്നു. സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പലതാണ്. കിട്ടുന്ന വരുമാനംകൊണ്ട് ജീവിതചെലവുകൾ നിറവേറ്റണം. ഇവ നിറവേറ്റുവാൻ അടുക്കളതോട്ടം പണിയൽ, തുന്നൽ എന്നീ പണികളിൽ ഏർപ്പെടുന്നു. സ്ത്രീധനപീഢനം നിയമനിർമ്മാണംമൂലം കുറഞ്ഞുവരുന്നു.

നിർദ്ദേശങ്ങൾ:

വനിതകളുടെ തൊഴിൽ സൗകര്യം വർധിപ്പിയ്ക്കുന്നതിനായി പരമ്പരാഗതമായ വ്യവസായങ്ങൾക്കു വേണ്ട അസംസ്കൃത സാധനങ്ങൾ ലഭ്യമാകത്തക്കവണ്ണം വനിതാവ്യവസായ യൂണിറ്റുകൾ പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ സ്ഥാപിയ്ക്കുക. വനിതാസഹകരണ സംഘങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിച്ച് വനിതാ ക്ഷേമബോർഡിൽനിന്ന് സാമ്പത്തിക സഹായം നല്കുക. ചെറുകിട വ്യവസായങ്ങളായ റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മാണം, പ്ലാസ്റ്റിക് കരകൗശലം, ബുക്ക് ബയൻറിംഗ്, തീപ്പെട്ടി, മെഴുകുതിരി എന്നിവ തുടങ്ങുന്നതിന് പ്രോത്സാഹനം നല്കുന്നതിനും അതിനാവശ്യമായ വായ്പാസൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നത് ചെറുകിട വ്യവസായ വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്. തൊഴിൽ അവസരങ്ങൾ ഒന്നുമില്ലാതെ വിഷമിക്കുന്ന വനിതകളുടെ ഉന്നമനത്തിനായി പലഹാര നിർമ്മാണം, അച്ചാർ നിർമ്മാണം എന്നിവ മഹിളാസമാജം സാമൂഹ്യപ്രവർത്തനമായി ഏറ്റെടുത്ത് നടത്തുക. അവർക്കുവേണ്ടി പ്രോത്സാഹനം നല്കുക. കോഴിവളർത്തൽ, പന്നിവളർത്തൽ, കന്നുകാലിവളർത്തൽ, എന്നിവയിൽ പ്രാമുഖ്യം നേടുവാൻ വിവിധ വകുപ്പുകൾ ബോധവൽക്കരണം നടത്തുക. സ്ത്രീപീഢനം, ധാർമ്മികാധപതനം, സാമ്പത്തിക ഭദ്രതയില്ലായ്മ എന്നിങ്ങനെ സമസ്തിന്മകളുടെയും മാതാവായ മദ്യത്തെയും മയക്കുമരുന്നിനെയും ഉന്മൂലനം ചെയ്യുക എന്നതാണ് വനിതകളുടെ ക്ഷേമങ്ങൾക്ക് ആദ്യമായി ചെയ്യേണ്ട നടപടി. ബോധവൽക്കരണം കൊണ്ട് ഇത് സാധിക്കാവുന്നതാണ്. മാദ്ധ്യമങ്ങളിൽക്കൂടിയുള്ള ഉപഭോഗസംസ്ക്കാരത്തിന് അടിമപ്പെട്ടുപോകുന്നതിനെതിരെ ബോധവൽക്കരണം നടത്തുക. ഉദ്യോഗസ്ഥരായ വീട്ടമ്മമാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുവാനുള്ള ശ്രമം നടത്തുക. സ്ത്രീകളുടെമേൽ നടക്കുന്ന അതിക്രമങ്ങൾക്ക് കർശനമായ ശിക്ഷ ഉറപ്പു വരുത്തുകയും വലിയ തുക

നഷ്ടപരിഹാരം ഈടാക്കുകയും ചെയ്യുക യെന്ന നിയമനിർമ്മാണം ഉണ്ടാക്കുക. വിധവകളായിരിക്കുന്ന സ്ത്രീകളെയും നിരാലംബരായി കഴിയുന്ന സ്ത്രീകളെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കണം. പൊതുരംഗത്ത് സ്ത്രീകൾ കൂടുതലായി വരാൻ അപകർഷതാബോധം മാറ്റി കൂടുതൽ കർമ്മരംഗങ്ങളിൽ വരുവാൻ പുരുഷന്മാർക്കുകൂടി ബോധവൽക്കരണം നടത്തുക. സ്ത്രീധനപീഡനസംബന്ധമായ കുറ്റകൃത്യങ്ങൾ ഇല്ലാതാക്കണം. അശ്ലീല പോസ്റ്ററുകൾ നിർത്തലാക്കണം. പൊതു സ്ഥലങ്ങളിൽ ശുചിത്വമുള്ള പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആലപ്പുഴ ജില്ലയിൽ നടക്കുന്ന 'അയൽക്കൂട്ടം' എന്ന മാതൃകയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വനിതാ സഹകരണസംഘങ്ങളും, മഹിളാസമാജങ്ങളും സംഘടിപ്പിക്കുക. മഹിളാ വ്യവസായ യൂണിറ്റുകൾ ആവശ്യമാണ്. ഉദ്യോഗസ്ഥകൾക്കുവേണ്ടി ഡേ കെയർ സ്ഥാപിക്കുക. വനിതകൾക്കുവേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, അംഗൻവാടികളും, ഖാദിബോർഡ് എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡും, ഖാദി ബോർഡും വേണ്ട ധനസഹായങ്ങൾ പഞ്ചായത്തിനെ ഏൽപ്പിക്കുക. വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ട തുക ഗ്രാൻറായി പഞ്ചായത്തിന് നല്കുക. വനിതകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് എന്തു ചെയ്താലും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്താതെ വനിതകളുടേയും കുട്ടികളുടേയും പ്രശ്നത്തിന് പരിഹാരം നേടാനാവില്ല.

വനിത ക്ഷേമം

ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ

വാർഡ് I

1. വനിതകൾക്ക് തൊഴിൽ സൗകര്യങ്ങൾ പൊതുവെ കുറവാണ്. പെരുംമൂഴി ഭാഗത്തുള്ള കളിമൺ വ്യവസായം കുറച്ചുകൂടി വിപുലീകരിയ്ക്കുക.
2. കളിമണ്ണ് കുറഞ്ഞ വിലയ്ക്ക് ലഭ്യമാവണം, ലക്ഷംവീട് ഭാഗത്ത് പഞ്ചായത്ത് വക സ്ഥലത്ത് ഒരു കളിമൺ വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുക.
3. പരമ്പരാഗതമായ ഈറ്റ നെയ്ത്ത് തൊഴിൽ വികസിപ്പിക്കുന്നതിനായി ഒരു യൂണിറ്റ് തുടങ്ങി ബാംബു കോർപ്പറേഷനിൽനിന്നും ഈ ലഭ്യത ഉറപ്പു വരുത്തുക.
4. ഈറ്റ, കളിമൺ മുതലായ പരമ്പരാഗത തൊഴിൽ വ്യവസായത്തിന്റെ പുരോഗതിക്ക് ഈ വ്യവസായ മേഖലയ്ക്ക് ഒരു സഹകരണസംഘം പുതുതായി തുടങ്ങുക.

വാർഡ് II

1. വനിതകളുടെ തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒരു വനിത തയ്യൽ സ്ക്കൂൾ സ്ഥാപിയ്ക്കുക.
2. ഒരു മിൽക് സൊസൈറ്റി സ്ഥാപിക്കുന്നത് വളരെ നന്നായിരിയ്ക്കും.

3. സഹകരണാടിസ്ഥാനത്തിൽ ഒരു വനിത സഹകരണസംഘം രൂപോൽക്കരിയ്ക്കുക.

വാർഡ് III

1. റെഡിമെയ്ഡ്, പ്ലാസ്റ്റിക്, കരകൗശലം, ബുക്ക് ബൈൻറിങ്ങ് മുതലായ ചെറുകിട വ്യവസായ സംരംഭങ്ങൾ വനിത സഹകരണസംഘം രൂപോൽക്കരിച്ച് വനിത തൊഴിലവസരങ്ങൾ വർദ്ധിപ്പിയ്ക്കുക.

വാർഡ് IV

1. അംഗൻവാടിയോടനുബന്ധിച്ച് ഒരു ഡേ കെയർ സെൻറർ സ്ഥാപിയ്ക്കുക.

2. തൊഴിലവസരങ്ങൾ ഒന്നുമില്ലാതെ വിഷമിക്കുന്ന വനിതകളുടെ ഉന്നമനത്തിനായി, പലഹാര നിർമ്മാണം, ഹോട്ടൽ ചായക്കട, കോഴിവളർത്തൽ, പന്നി വളർത്തൽ, പശു വളർത്തൽ എന്നിവയ്ക്ക് ബന്ധപ്പെട്ട ഡിപ്പാർട്ട് മെൻറിൽനിന്നും ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിയ്ക്കുകയും അവയുടെ നടത്തിപ്പിനായി വനിതാ വ്യവസായയൂണിറ്റ് സ്ഥാപിച്ച് തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുക.

3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളുടെ പുരോഗതിയ്ക്കായി മാതൃക കുടുംബക്ഷേമത്തിനും, ആരോഗ്യ പരിപാലനത്തിനും ആവശ്യമായ ബോധവൽക്കരണം ആവശ്യമാണ്.

വാർഡ് V

1. വനിതാ വ്യവസായസംരംഭങ്ങൾക്ക് ആവശ്യമായ പ്രോജക്റ്റ് തയ്യാറാക്കുക.

2. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

3. പൊതുസ്ഥലങ്ങളിലെ അശ്ലീല സിനിമാപോസ്റ്ററുകളുടെ പ്രദർശനം നിയമം മൂലം നിരോധിയ്ക്കുക.

4. കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ വനിതകളുടെ ആരോഗ്യരക്ഷയ്ക്കും, രോഗനിവാരണത്തിനും പ്രാമുഖ്യം നൽകുക.

വാർഡ് VI

1. പാങ്കോട്ടു മഹിളാസമാജത്തിൻെറ കെട്ടിടത്തിൽ മഹിളകളുടെ ഉന്നമനത്തിനായി, ഒരു റെഡിമെയ്ഡ് നിർമ്മാണം, പലഹാരനിർമ്മാണം മുതലായവയുടെ ഓരോ വനിത വ്യവസായയൂണിറ്റ് ആരംഭിയ്ക്കുക.

2. പച്ചക്കറി, കോഴിവളർത്തൽ, പശു, പന്നി മുതലായവ വളർത്തുന്നതിനാവശ്യമായ ലോൺ ലഭ്യത ഉറപ്പ് വരുത്തുക.

3. ഒരു ഡേ കെയർ സെൻറർ സ്ഥാപിയ്ക്കുക.

വാർഡ് VII

1. ഈ വാർഡിൽ അംഗൻവാടിയോടനുബന്ധിച്ച് 3 മഹിളാ സമാജങ്ങൾ ഉണ്ട്. ഇവയ്ക്ക് ഓരോ വ്യവസായയൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കുക.

2. തയ്യൽ സ്ക്കൂൾ, പശു വളർത്തൽ, പന്നിവളർത്തൽ, ഖാദി നിർമ്മാണം, റബ്ബർ ബാൻറ് നിർമ്മാണം ഈ വക കാര്യങ്ങളിൽ ആവശ്യമായ ക്ലാസുകൾ വഴി ബോധനം നൽകി സഹകരണാടി സ്ഥാനത്തിൽ ഇവയുടെ യൂണിറ്റു കൾക്ക് ആവശ്യമായ ധനസഹായം നൽകി വനിതകൾക്ക് തൊഴിലവസരം വർദ്ധിപ്പിയ്ക്കുക.

3. സമ്പൂർണ്ണ മദ്യനിരോധനം നടപ്പി ലാക്കുക.

4. അശ്ലീല സിനിമാപോസ്റ്ററുകളുടെ പ്രദർശനം നിയമംമൂലം നിരോധി യ്ക്കുക.

വാർഡ് VIII

1. പഴന്തോട്ടം ദേശീയ മഹിളാ സമാജ പ്രവർത്തനങ്ങൾ ഉദ്ധരിച്ച് ഒരു തയ്യൽ സ്ക്കൂൾ, റെഡിമെയ്ഡ് നിർമ്മാണം, ഒരു പലഹാരനിർമ്മാണ യൂണിറ്റ് ഇവയ്ക്ക് രൂപം നൽകി, സാമ്പത്തിക സഹായം നൽകി വനിതാ തൊഴില വസരങ്ങൾ വർദ്ധിപ്പിയ്ക്കുക.

2. വനിതകൾക്ക്, കോഴിവളർത്തൽ, പശുവളർത്തൽ, പന്നിവളർത്തൽ, ആട് വളർത്തൽ, മുയൽ വളർത്തൽ ഇവയ്ക്ക് പ്രോത്സാഹനം നൽകു വാൻ ആവശ്യമായ ബോധവൽ ക്കരണം നടത്തുകയും, ഇവയ്ക്ക് ലോൺ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുക.

3. വനിതകളുടെ ആരോഗ്യസംരക്ഷണ ത്തിനായി പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും എത്തിക്കുന്ന തിനുള്ള ക്രമീകരണം ഏർപ്പെടുത്തുക.

4. ഒരു ഡെ കെയർ സെൻറർ സ്ഥാപി യ്ക്കുക.

5. അംഗൻവാടികളിൽ പ്രവർത്തിയ്ക്കുന്ന മഹിളാസമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവശ്യ മായ സാമ്പത്തിക സഹായം അനുവദി യ്ക്കുക.

6. സമ്പൂർണ്ണ മദ്യനിരോധനം നിയമം മൂലം നടപ്പിൽ വരുത്തുക.

വാർഡ് IX

1. ഈ വാർഡിൽ ഒരു വനിതാ (S.S.I.) യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റ് കുറച്ചുകൂടി വിജയപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ആവശ്യമാണ്.

2. ഈ വാർഡിലുള്ള കൊബത്തചിറ നികത്തി അവിടെ ഒരു വ്യവസായ യൂണിറ്റ് തുടങ്ങി പൈനാപ്പിൾ ജാം സ്ക്വാഷ് നിർമ്മാണം, ഒരു റെഡി മെയ്ഡ് നിർമ്മാണം മുതലായവയുടെ നിർമ്മാണംവഴി വനിതകളുടെ തൊഴി ലവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

17. ആധുനിക ഉപകരണങ്ങളുടെ (സ്കാനി ങ്ങ്) സഹായത്തോടെ ലിംഗനിർണ്ണയം നടത്തുകയും പെൺകുഞ്ഞുങ്ങളെ നശിപ്പിയ്ക്കുകയും ചെയ്യുന്നത് ഇന്ന് സമൂഹത്തിനൊരു ഭീഷണിയാണ് (ഭ്രൂണഹത്യ). ഇത് നിയമം മൂലം നിരോധിക്കണം.

18. കുടുംബാന്തരീക്ഷത്തിൽതന്നെ പെൺ കുട്ടികളോടുള്ള അവഗണന നിർത്ത ലാക്കണം.

19. ഉദ്യോഗസ്ഥരായ വീട്ടമ്മമാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണാനുള്ള ശ്രമം നടത്തുക.

    സ്ത്രീകളുടെമേൽ നടക്കുന്ന അതിക്രമങ്ങൾക്ക് കർശനമായ ശിക്ഷ ഉറപ്പുവരുത്തുകയും നഷ്ടപ്പെട്ട ധാർമ്മിക ച്യുതിയിൽനിന്ന് കരകയറുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിയ്ക്കണം.

    വനിതകളുടെ ക്ഷേമത്തിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ പുരുഷന്മാർക്കിടയിലും അനിവാര്യമാണ്.

20. സ്ത്രീകളുടെ സ്ഥാനം ഉറപ്പാക്കാൻ കുടുംബജനാധിപത്യത്തെ പറ്റിയുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

21. മാധ്യമങ്ങളിലൂടെ ഉപഭോഗ സംസ്ക്കാരത്തിന് അടിമപ്പെടുന്നതിനെതിരെ ബോധവൽക്കരണം നടത്തണം.

22. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഭക്ഷ്യോൽപ്പാദനത്തിൽ കഴിയുന്നത്ര സ്വയം പര്യാപ്തത നേടുന്നതിനുവേണ്ട പദ്ധതി ആവിഷ്ക്കരിയ്ക്കുക.

23. പ്രായാധിക്യത്തിലുള്ള സ്ത്രീകളെ സംരക്ഷിക്കുന്നതിന് മനഃശ്ശാസ്ത്രപരമായ സമീപനം നൽകാൻ പദ്ധതി ആവിഷ്ക്കരിയ്ക്കുക.

24. വിവിധ തുറകളിൽ വൈദഗ്ധ്യമുള്ള സ്ത്രീകളെ കണ്ടെത്തി അവർക്കുവേണ്ട പ്രോത്സാഹനം കൊടുക്കണം.

25. D.W.C.R.A. യൂണിറ്റുകൾ എല്ലാ വാർഡിലും തുടങ്ങുക.

വിഭവ സമാഹരണം

ഒരു താഴ്വഴിയിലെ അംഗങ്ങൾ എല്ലാവരും ഒരുമിച്ച് ഒരു കുടുംബത്തിൽ കഴിഞ്ഞുകൂടുന്ന കൂട്ടുകൂടുംബസമ്പ്രദായം കേരളത്തിൽ നിലനിന്നിരുന്നു. കാരണവരായ കൂട്ടുകുടുംബനാഥൻ ഒരാളാണെങ്കിലും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ള ഉപകുടുംബങ്ങളും അവയുടെ നാഥന്മാരും കൂട്ടുകുടുംബത്തിൽ നിലനിന്നിരുന്നു.

കുടുംബത്തിന്റെ പൊതുസ്വത്ത് കാരണവരാണ് കൈകാര്യം ചെയ്തിരുന്നത് എങ്കിലും ചില പ്രത്യേക വിഭാഗങ്ങളുടെ ഭരണച്ചുമതല ചില ഉപനാഥന്മാരെ ഏല്പിക്കാറുണ്ട്. നയപരമോ സാമ്പത്തികമോ ആയ കുടുംബത്തിന്റെ ചില വിഷമസന്ധികളിൽ കാര്യങ്ങൾ ഉപനാഥന്മാരുമായി ചർച്ചചെയ്യാറുണ്ട്. ഉപനാഥന്മാരുടെ സ്വകാര്യ സമ്പാദ്യത്തിൽ നിന്നു സഹായം ചോദിക്കുകയും വാങ്ങുകയും ചെയ്യാറുണ്ട്. സന്മനസ്സുള്ള ഉപനാഥന്മാർ തങ്ങളുടെ സമ്പാദ്യങ്ങളിൽ നിന്നും സംഭാവനകൾ നൽകി കാരണവരെ സഹായിച്ചെന്നും വരാം. ഇതായിരുന്നു ഒരു സംതൃപ്ത കൂട്ടുകുടംബത്തിന്റെ മാതൃക.

കൂട്ടുകുടുംബത്തിനു ചില പോരായ്മകളുണ്ടായിരുന്നു. അവയ്ക്കു പരിഹാരം തേടികൊണ്ട് രൂപീകരിച്ച ഒരു വലിയ പരിഷ്കൃത കൂട്ടുകുടുംബമാണ് ഗ്രാമപഞ്ചായത്ത്. കൂട്ടുകുടുംബത്തിലെ കാരണവരുടെ സ്ഥാനത്ത് ഗ്രാമപിതാവ് / മാതാവായി ഗ്രാമത്തിലെ അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെടുന്ന വ്യക്തിയാണ് ഗ്രാമപഞ്ചായത്തു പ്രസിഡൻറ്. ഇവിടെ അലിഖിതമായ പിതൃപുത്രബന്ധം രൂപംകൊള്ളുന്നു. ഒരു ഗ്രാമത്തെ മുഴുവൻ നിയന്ത്രിക്കാനും അതിന്റെ പ്രാഥമികാവശ്യങ്ങൾ മുഴുവൻ നിറവേറ്റിക്കൊടുത്തു കൊണ്ട് പുരോഗതിയിലേക്കു നയിക്കാനുള്ള ബാദ്ധ്യത ഒരു പഞ്ചായത്തു പ്രസിഡണ്ടിനുണ്ട്. അതിനു വേണ്ടുന്ന വിഭവസമാഹരണം നടത്തി സഹായിക്കേണ്ടത് അവിടത്തെ ജനങ്ങളാണ്.

ഏതെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തണമെങ്കിൽ അതിനുള്ള പണം മുഴുവൻ ഉപഭോക്താക്കളായ നാട്ടുകാർ തന്നെ ഉണ്ടാക്കണം എന്നല്ല ഇതിനർത്ഥം. ഏതു പ്രസ്ഥാനത്തിന്റേയും വിജയത്തിനു സാമ്പത്തിക ഭദ്രത അത്യന്താപേക്ഷിതമാണ്. അതിനോടൊപ്പം തന്നെ വിലപ്പെട്ടതാണ് മാനവിക വിഭവശേഷി. ഏതു പദ്ധതിയുടെ പ്രവർത്തനത്തിനും അതിന്റെ വിജയത്തിനും പണത്തോടൊപ്പം തന്നെ ജനതയുടെ മാനസികവും ശാരീരികവുമായ സഹകരണം കൂടിയേതീരു. ധനവാന്മാർ പണംകൊണ്ടും അല്ലാത്തവർ മറ്റുനിലയിലും ആത്മാർത്ഥമായി സഹകരിച്ചാൽ വിജയിക്കാത്ത പ്രസ്ഥാനമില്ല; പുരോഗമിക്കാത്ത നാടില്ല.

ഒരു ഗ്രാമപഞ്ചായത്തിനു ജനങ്ങൾക്ക് ആവശ്യമായ ശുദ്ധജലവിതരണം, ഗതാഗത സൗകര്യങ്ങൾ, ആരോഗ്യം, സാമൂഹ്യ ക്ഷേമം, കാർഷിക വികസന പദ്ധതികൾ എന്നിങ്ങനെ ഒട്ടനേകം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം ധനം കണ്ടെത്തേണ്ടത് അവിടത്തെ ജനങ്ങളോ അവരുടെ പ്രതിനിധി സഭയായ ഗ്രാമപഞ്ചായത്തോ ആണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽക്കരം, വിനോദനികുതി, ചന്തകളും, കുളങ്ങളും ലേലം ചെയ്തുകിട്ടുന്ന തുക മുതലായവ

യാണ്. കൂടാതെ സർക്കാർ പിരിക്കുന്ന ഭൂനികുതി, വാഹനനികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ ഒരു വിഹിതവും പഞ്ചായത്തുകൾക്കു ലഭിക്കാറുണ്ട്. പക്ഷെ ഈ വരുമാനമാർഗ്ഗങ്ങൾ പഞ്ചായത്തിന്റെ ദൈനംദിന ഭരണച്ചിലവുകൾ കഴിയുമ്പോഴേക്കും ശുഷ്കമായി പോകാറുണ്ട്. തന്മൂലം വികസനപ്രവർത്തനങ്ങൾക്കു മൂലധനം ശേഖരിക്കാൻ മറ്റു സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിന്റെ **1996** വാർഷിക വരവുചെലവു കണക്കാണ് താഴെ കാണുന്ന പട്ടികകളിൽ കൊടുത്തിരിക്കുന്നത്.

1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധനാഭ്യർത്ഥന		പിരിച്ചിൽ		ബാക്കി	
1	2		3		4	
കെട്ടിട നികുതി	235767	00	221259	40	14507	60
സർവ്വീസ് ചാർജ്ജ്						
തൊഴിൽ നികുതി	280520	00	278948	00	1572	00
വാഹന നികുതി						
വിനോദ നികുതി	22511	56	22511	56		
അഡി. വിനോദ നികുതി	135230	94	13523	94		
പ്രദർശന നികുതി	2621	00	2621	00		
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്	655	25	655	25		
ചന്ത വരവ്	11041	00	11,041	00		
ലാൻറ് സെസ്സ്						
ലൈസൻസ് ഫീസ്	6497	25	6497	25		
കെട്ടിട നികുതി സർചാർജ്	11067	95	11067	95		
വസ്തു കൈമാറ്റ നികുതി 75%						
വസ്തു കൈമാറ്റ നികുതി 25%						
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ	5,76,690	00	576690	00		
സംഭാവന						
ഡെപ്പോസിറ്റ്	10712	00	10712	00		
മറ്റുള്ളവ	138718	20	138718	20		
ആകെ	1310325	15	1294245	55	16079	60

1.23 വരവു സംബന്ധിച്ച വിവരങ്ങൾ (1995-96)

1.24 ചെലവു സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	തുക
1	2
ഭരണം	431421 00
പൊതുമരാമത്ത്	52779 00
വിദ്യാഭ്യാസം	4664 00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	- -
തെരുവു വിളക്കുകൾ കത്തിക്കുന്നത്	51936 00
മറ്റുള്ളവ	665639 00
ആകെ	1206439 00

മേൽപറഞ്ഞ പട്ടികകൾ നോക്കുമ്പോൾ പഞ്ചായത്തിനുമിച്ചമുണ്ടെന്നു തോന്നിയേക്കാം. എന്നാൽ യഥാർത്ഥ ചിത്രം അതല്ല. പട്ടിക 1-24 ൽ ചേർത്തിരിക്കുന്നത് 95-96 ലെ യഥാർത്ഥ ചെലവാണ്. ഇതിനും പുറമെയാണ് R.D.B. ജലവിതരണം മുതലായ ഇനങ്ങളിൽ പഞ്ചായത്തുകൊടുത്തു തീർക്കാനുള്ള 44 ലക്ഷത്തോളം രൂപ.

ഈ പരിതസ്ഥിതി നിലനില്ക്കുന്നിടത്തോളം കാലം പുരോഗതിയുടെ വെളിച്ചം കിട്ടാൻ നമുക്കു ബാദ്ധ്യതയില്ല. അതുകൊണ്ട് പുരോഗമനാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യാനും നൂതന ധനാഗമമാർഗ്ഗങ്ങൾ ആരായാനും നാം സന്നദ്ധരാകണം.

പഞ്ചായത്തിലെ കെട്ടിട നികുതിയിനത്തിൽ 6% മുതൽ 10% വരെ വർദ്ധനവ് അഞ്ചുവർഷം കൂടുമ്പോഴാണ് നടപ്പിൽ വരുത്തുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മേൽത്തരം ഭവനനിർമ്മാണങ്ങളുടെ വർദ്ധനയിൽ നിന്നു കൂടിയ നികുതി ചുമത്തൽ മൂലം കെട്ടിടനികുതി ഇനത്തിൽ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് 10% വർദ്ധനവുണ്ടായതായി കണക്കാക്കാം. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലേയും കടയിരുപ്പ് ഗവ.ഹൈസ്ക്കൂളിലേയും ജീവനക്കാരുടെ വർദ്ധനവുമൂലം പഞ്ചായത്തിലേക്കു ലഭിക്കുന്ന തൊഴിൽക്കരത്തിലും നേരിയ വർദ്ധന വന്നിട്ടുണ്ട്. എന്നാൽ ഇങ്ങനെ കിട്ടുന്ന അധികവരുമാനം, പഞ്ചായത്തു ജീവനക്കാരുടെ ശമ്പളപരിഷ്കരണം മൂലം ഫലപ്രാപ്തിയിൽ എത്താറില്ല.

ഭൂനികുതി, വാഹനനികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ വിഹിതമായി സർക്കാരിൽ നിന്നു ലഭിച്ച തുക പട്ടിക 1-23ൽ ഒരുമിച്ചാണ് കാണിച്ചിരിക്കുന്നത്.

ഇന്നു വികസനപ്രവർത്തനങ്ങൾക്കു ചെലവാക്കുന്ന തുകയുടെ ഭീമഭാഗവും കരാറുകാരുടെ ലാഭവിഹിതമായി

മാറുകയാണു ചെയ്യുന്നത്. അതുകൊണ്ട് ചെയ്യുന്ന പണികൾ നിലവാരത്തിൽ താഴ്ന്നതായിരിക്കും. കുറഞ്ഞ ചെലവിൽ നല്ലനിലവാരമുള്ള പണികൾ ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം. അതിനു ലാഭേച്ഛകൂടാതെ പഞ്ചായത്തു പണികൾ ഏറ്റെടുത്തു നടത്തുവാൻ സന്മനസ്സുള്ളവരെ സംഘടിപ്പിച്ച് പഞ്ചായത്തിൽ ഒരു സന്നദ്ധസേന രൂപീകരിക്കുന്നത് ആശാവഹമായിരിക്കും.

1. ഇന്നത്തെ വരുമാനമാർഗ്ഗം വികസിപ്പിക്കുന്നതിനു പുതിയ മണ്ഡലങ്ങൾ കണ്ടെത്തണം. കൃഷിഭൂമി നികത്തുന്നതും മലകൾ കുഴിച്ച് മണ്ണെടുക്കുന്നതും ഇന്നു വ്യാപകമായി കണ്ടുവരുന്ന ഒരു പ്രവണതയാണ്. വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന ഈ പ്രക്രിയയിൽ നിന്നു പഞ്ചായത്തിനു യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഇത്തരം പ്രവർത്തികൾ പഞ്ചായത്തിന്റെ അനുമതി വേണമെന്നു വന്നാൽ പഞ്ചായത്തിലേക്ക് ചെറിയൊരു വരുമാനമാർഗ്ഗമുണ്ടാകും.

2. കരിങ്കല്ല്, ചെങ്കല്ല്, മണ്ണ് എന്നിവ ഖനനം ചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി അനുസരിച്ച് ഖനന വസ്തുക്കളുടെ വിറ്റുവരവിന്റെ കണക്കു കൃത്യമായി കിട്ടിയെന്നു വരില്ല - വ്യവസായികളുടെ പക്കൽ നിന്നു ഖനനനികുതി ചുമത്താൻ പഞ്ചായത്തു സമിതികൾക്കു അധികാരമുണ്ടായാൽ ആ ഇനത്തിൽ കൂടുതൽ ധനം ശേഖരിക്കാൻ കഴിയും. കൃത്യമായ കണക്കു സൂക്ഷിച്ചു ഖനനം നടത്തുന്ന വൻകിടക്കാരിൽ നിന്നു വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്താം.

3. മാസശമ്പളക്കാരിൽനിന്നുമാത്രമാണ് ഇപ്പോൾ തൊഴിൽക്കരം പിരിക്കുന്നത്. സാമൂഹ്യക്ഷേമത്തെ ഉദ്ദേശിച്ച് സാധാരണ തൊഴിലാളികളിൽനിന്നും വിദഗ്ധ തൊഴിലാളികളിൽനിന്നും തൊഴിൽ നികുതി പിരിക്കാറില്ല. ഇതു പുനഃപരിശോധന ചെയ്യേണ്ടിയിരിക്കുന്നു.

4. തൊഴിലാളികളുടെ ദിവസക്കൂലി സർക്കാർ നിരക്കിനേക്കാൾ പല മടങ്ങു വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഒരു സർക്കാർ ഉദ്യോഗസ്ഥന് വർഷത്തിൽ ഒരിക്കൽ കിട്ടുന്ന ശമ്പള വർദ്ധനവിനേക്കാൾ കൂടുതലായിട്ടാണ് പലപ്പോഴും ദിവസക്കൂലിയിലുണ്ടാകുന്ന വർദ്ധന. ഈ വർദ്ധനകൊണ്ടു തൊഴിലാളിയുടെ കുടുംബത്തിനു കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.

5. പുരുഷതൊഴിലാളികളിൽ ഭൂരിപക്ഷവും മദ്യപാനാസക്തി ഉള്ളവരാണ്. ചാരായ നിരോധനം വരികയും വിദേശ മദ്യങ്ങളുടെ വിലവർദ്ധിപ്പിക്കയും ചെയ്തപ്പോൾ 30-50 ശതമാനം കൂലി വർദ്ധനവാണ് അവർ ആവശ്യപ്പെട്ടപ്രകാരം തൊഴിലുടമയ്ക്കു കൊടുക്കേണ്ടിവരുന്നത്. ഈ അധിക തുക മദ്യഷാപ്പുകളിലേയ്ക്കാണ് ഒഴുകുന്നത്, അതുകൊണ്ടു മദ്യഷാപ്പുകളിലെ വിറ്റുവരവിന്റെ നല്ലൊരു വിഹിതം നികുതിയായി പിരിക്കാൻ പഞ്ചായത്തിൽ സംവിധാനം ഉണ്ടാകണം. അതുപോലെ ഒരുമാസം 2000 രൂപയിൽ കൂടുതൽ വരുമാനമുള്ള ദിവസക്കൂലിക്കാരിൽനിന്നു നികുതി പിരിക്കുന്ന കാര്യവും ആലോചനാവിഷയമാക്കണം.

6. പഞ്ചായത്തു വക സ്ഥലങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സ്, ലോഡ്ജുകൾ മുതലായവ നിർമ്മിക്കുവാൻ വിദേശ

മലയാളികളുടെ സഹായം അഭ്യർത്ഥിക്കണം. തൽഫലമായി പഞ്ചായത്തിന്റെ സ്ഥിരവരുമാനം വർദ്ധിക്കും.

7. ദേശീയതലത്തിൽ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന തുക കാലതാമസമില്ലാതെ പഞ്ചായത്തിൽ ലഭിക്കാനുള്ള സംവിധാനമുണ്ടാകണം.

8. പഞ്ചായത്ത് അതിർത്തികളിൽ പ്രവർത്തിക്കുന്ന ബാങ്കുകളിലെ നിക്ഷേപകരുടെ പലിശ ഇനത്തിൽ കിട്ടുന്ന തുകയുടെ ഓഹരി പഞ്ചായത്തിനു കൂടി ലഭിക്കുവാൻ സംവിധാനമുണ്ടാകണം.

9. പഞ്ചായത്തു കാര്യങ്ങളിൽ സഹകരിക്കാനും സാമ്പത്തിക സഹായം ചെയ്യാനും സന്നദ്ധത കാണിക്കുന്ന വ്യക്തികളേയും സ്ഥാപനങ്ങളേയും ആദരിക്കാനും പ്രോത്സാഹിപ്പിക്കാനും സംവിധാനം ഉണ്ടാകണം.

10. പഞ്ചായത്തു വക ജലാശയങ്ങൾ മത്സ്യകൃഷിക്കായി ലേലംചെയ്തു കൊടുക്കുവാൻ സംവിധാനം ഉണ്ടാകണം.

11. ആർഭാടപൂർവ്വം നിർമ്മിക്കുന്ന വൻകിട മന്ദിരങ്ങൾക്കു കൂടിയ നിരക്കിൽ നികുതി ചുമത്തുവാൻ നിയമ നിർമ്മാണം നടത്തണം.

12. റോഡരുകിൽ നശിച്ചുകൊണ്ടിരിക്കുന്ന ചോലവൃക്ഷങ്ങൾ മുറിച്ചു വിൽക്കാനും പകരം പുതിയവൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് ആദായമെടുക്കാനും പഞ്ചായത്തിനു അധികാരം ഉണ്ടാകണം.

13. സർക്കാരിൽനിന്നു ലഭിക്കുന്ന 'അൺടൈഡ് 'ഫണ്ട് വളരെ കുറവാണ്. അതുപോലെ തന്നെ പൊതു ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ജെ.ആർ.വൈ. പോലുള്ള ഫണ്ടുകളും കുറവാണ്. ഇത്തരം ധനസഹായങ്ങളുടെ പരിധി ഉയർത്താൻ സർക്കാർ സന്നദ്ധമായാൽ ഒരു പരിധിവരെ സാമ്പത്തിക പരാധീനത കുറയ്ക്കാൻ കഴിയും.

14. യൂണിയൻ ബാങ്ക്, ഫെഡറൽബാങ്ക്, ഐക്കരനാടു സർവ്വീസ് സഹകരണബാങ്ക് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രമുഖ ധനകാര്യ സ്ഥാപനങ്ങൾ. ഇവ കൂടാതെ മൂന്നുചിട്ടി സ്ഥാപനങ്ങൾകൂടി പ്രവർത്തിക്കുന്നുണ്ട്.

സഹകരണ ബാങ്കിൽനിന്നു പ്രധാനമായി കാർഷികവായ്പയാണു കൊടുക്കുന്നത്. ഈ തുക തിരിച്ചടയ്ക്കുന്നതിൽ കർഷകർ വീഴ്ച വരുത്താറുണ്ട്. മറ്റു ബാങ്കുകൾ ഉല്പാദന രംഗങ്ങളിലും വികസന രംഗങ്ങളിലും വളരെ കുറച്ചു മുതൽമുടക്കേ നടത്താറുള്ളു. ഇത്തരം സ്ഥാപനങ്ങളിൽ നിന്നു കുറഞ്ഞ പലിശ നിരക്കിൽ പഞ്ചായത്തിനു സാമ്പത്തിക സഹായം ചയ്യാൻ ഒരുമ്പെട്ടാൽ അതു അഭികാമ്യമായിരിക്കും.

സംസ്ഥാനത്തെ നിക്ഷേപ-വായ്പാ അനുപാതത്തേക്കാൾ കുറവാണ് പഞ്ചായത്തിലെ നിരക്ക്. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ ഇവിടത്തെ ബാങ്കുകൾ കാര്യമായ പങ്കു വഹിക്കുന്നില്ല. അവർ തരുന്ന ധനസഹായങ്ങൾക്കു അമിതമായ പലിശ ഈടാക്കുന്നതു കുറയ്ക്കേണ്ടിയിരിക്കുന്നു. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും അമിതമായ പലിശയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. അവരുടെ അമിത പലിശ നിരക്കു കുറയ്ക്കാൻ സത്വര നടപടി സ്വീകരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കു നൽകണം.

അന്യസംസ്ഥാനങ്ങളിൽനിന്നുവന്നു ഇൻസ്റ്റാൾമെൻറു വ്യവസ്ഥയിൽ തുണി വിൽപനയും പണമിടപാടും നടത്തി പാവപ്പെട്ട ജനങ്ങളെ വഞ്ചിക്കുന്നതു നിയന്ത്രിക്കാൻ പഞ്ചായത്തിനു കഴിയണം.

വിദേശ മലയാളികൾ വ്യാവസായിക രംഗങ്ങളിലാണ് പണം മുടക്കുവാൻ കൂടുതൽ താല്പര്യം കാണിക്കാറുള്ളത്. കാർഷിക രംഗത്തും ഉല്പാദനരംഗത്തും കൂടുതൽ പണം നിക്ഷേപിക്കാൻ അവർ ഒരുമ്പെട്ടാൽ നാടിൻെറ മുഖമുദ്രതന്നെ മാറ്റുവാൻ കഴിയും.

സാമൂഹ്യ സാംസ്കാരിക വികസന രംഗങ്ങളിൽ സന്നദ്ധപ്രവർത്തനങ്ങളിലൂടെയും മുന്നേറ്റം ഉണ്ടാകാൻ കഴിയും. എന്നാൽ സ്ക്കൂളുകളിൽ പി.ടി.എ. പോലുള്ള സംഘടനകളുടെ പ്രവർത്തനം ഒരു പരിധിവരെ വികസനമേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഈ മണ്ഡലങ്ങളിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ സഹകരണവും ചിപ്പോൾ ലഭിക്കാറുണ്ട്.

വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ

1. ഗ്രാമപഞ്ചായത്തിലുള്ളവർ പുതുതായി വാങ്ങി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് അഡീഷണലായി പഞ്ചായത്തിന് ഒരു നികുതി ഏർപ്പെടുത്തുകയും ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന വി.ടി.സി. ഗ്രാൻറ് വർദ്ധിപ്പിക്കുകയും ചെയ്യുക.

2. പഞ്ചായത്തിന് ക്രെഡിറ്റു പ്ലാൻ ഉണ്ടാകണം.

3. ചരിത്ര പ്രസിദ്ധവും സാമ്പത്തിക ഉന്നതിയുമുള്ള കടമറ്റം പള്ളിയുടെ സാമ്പത്തികശേഷി കടമറ്റം വാർഡിൽ വികസന പദ്ധതികൾക്കുംകൂടി വിനിയോഗിക്കാൻ സംവിധാനം ചെയ്യണം.

4. വികസ പ്രവർത്തനങ്ങൾക്ക് കോൺട്രാക്ടർമാരിൽനിന്നു സംഭാവനകൾ ശേഖരിക്കണം.

5. പഞ്ചായത്തിൻെറ തെക്കേ അതിർത്തിയിലൂടെ ഒഴുകുന്ന മുവാറ്റുപുഴയാറിൽനിന്നു മണൽവാരി വിൽക്കുവാനുള്ള അവകാശം ഈ പഞ്ചായത്തിനും ലഭിക്കണം.

6. പെരിയാർ വാലിക നാലിന് അകയർ ചെയ്തതും ഉപയോഗം കഴിഞ്ഞു ബാക്കി വന്നിട്ടുള്ളതുമായി സ്ഥലങ്ങൾ പഞ്ചായത്തിനു കൈമാറി. അവിടെ പഞ്ചായത്തിൽനിന്നു ഫലവൃക്ഷങ്ങൾ വളർത്തി ആദായമെടുക്കണം.

7. അരിമ്പാറചിറ ഷോപ്പിങ്ങ് കോംപ്ലക്സിൻെറ മുകളിൽ ഒരു നിലകൂടി പണിതു വാടകയ്ക്കുകൊടുക്കണം. അരിമ്പാറച്ചിറയുടെ വെള്ളമില്ലാത്ത ഭാഗം നികത്തി ബസ്സ്റ്റോപ്പ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കണം.

   വെള്ളക്കരം പിരിക്കുന്നതിൻെറ ഒരു അംശം പഞ്ചായത്തിനു ലഭ്യമാക്കണം.

8. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, വ്യാപാരികൾ, സാമ്പത്തിക സ്ഥാപനങ്ങൾ, പ്രമുഖ വ്യക്തികൾ മുതലായവരിൽ നിന്നു ധനസഹായം തേടണം.

9. ഒരു വാട്ടർടാപ്പു സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് 875 രൂപ ചെലവാകുന്നുണ്ട്. അതുകൊണ്ട് ഇന്നു ആവശ്യമില്ലെന്നുള്ള നിലയിൽകാണുന്ന ടാപ്പുകൾ നിർത്തലാക്കണം. പുതിയ

വാട്ടർ കണക്ഷൻ കൊടുക്കുന്നതിന്റെ ഫീസിനത്തിൽ പഞ്ചായത്തിന് ഒരു നിശ്ചിത വിഹിതം ലഭ്യമാക്കണം.

10. നിലവിലുള്ള മദ്യഷാപ്പുകളിൽനിന്നും ഈടാക്കുന്ന ലൈസൻസ് ഫീസിന്റെ 50% പഞ്ചായത്തിനു ലഭ്യമാക്കണം.

11. പുറമ്പോക്കുഭൂമികൾ അളന്നുതിരിച്ച് പഞ്ചായത്തിനുമുതൽക്കൂട്ടാക്കുക.

12. വിദേശ ജോലിക്കാരിൽനിന്നു വികസന പ്രവർത്തനങ്ങൾക്കു ധന സഹായം അഭ്യർത്ഥിക്കണം.

13. പഞ്ചായത്തിനു ലഭിക്കുന്ന ഉപാധി രഹിത ഫണ്ടിന്റെ വിഹിത ശതമാനം വർദ്ധിപ്പിക്കണം.

14. പഞ്ചായത്തിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും അതിന്റേയും ജനന മരണ സർട്ടിഫിക്കറ്റിന്റേയും ഫീസ് നിരക്കു വർദ്ധിപ്പിക്കുകയും ചെയ്യണം.

15. പഞ്ചായത്തിനുള്ളിലെ സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവ കാശം പഞ്ചായത്തിനു നൽകി വസ്തു ഇടപാടുകളിൽ കുറഞ്ഞ തുക രേഖ പ്പെടുത്തുന്നതു തടയുകയും രജി സ്ട്രേഷൻ ഫീസ് മുഴുവനും പഞ്ചായ ത്തിനു ലഭ്യമാക്കുകയും ചെയ്യണം.

16. പഞ്ചായത്തിലെ മുഖ്യവിളയായ റബ്ബറിനു 60 രൂപയ്ക്കുമേൽ തറവില നിശ്ചയിക്കുകയും 2 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള റബ്ബർ തോട്ടങ്ങൾക്ക് പഞ്ചായത്തിൽനിന്നു റബ്ബർടാക്സ് ഈടാക്കുവാൻ വ്യവസ്ഥയുണ്ടാക്കണം.



സഹകരണമേഖല

ഈ പഞ്ചായത്തിലെ സഹകരണ മേഖലയുടെ തുടക്കം കുറിച്ചത്, 1964-ൽ ഏതാനും കർഷകർ മുൻകൈയെടുത്താണ്. ഐക്കരനാട് സർവ്വീസ് സഹകരണ സംഘമാണ് പ്രധാനമായിട്ടുള്ളത്. ഇന്ന് ഈ സംഘത്തിൽ 3865 അംഗങ്ങൾ ഉണ്ട്. ഒരു ഓഹരിയുടെ മുഖവില പത്തുരൂപയാണ്. അംഗീകൃത മൂലധനം 12 ലക്ഷം രൂപയാണ്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 1023499 രൂപയാണ്. ഇതിൽ ഗവൺമെൻറ് വിഹിതം ഒരു ലക്ഷം രൂപയാണ്. ബാക്കി തുക അംഗങ്ങളിൽ നിന്ന് പിരിഞ്ഞുകിട്ടിയതാണ്. ഈ സർവ്വീസ് സഹകരണബാങ്കിന് പരമാവധി കടം എടുക്കാവുന്ന തുക മൂലധനത്തിന്റെ മുപ്പതു മടങ്ങാണ്. പൊതുജനങ്ങളിൽ നിന്നും 5782284 രൂപ സ്ഥിര നിക്ഷേപമായും 2329114 രൂപ ഹ്രസ്വകാല നിക്ഷേപമായും സ്വീകരിച്ചിട്ടുണ്ട്. കാർഷികവായ്പയിനത്തിൽ മേജർ 226561 രൂപയും വീക്കർ ഇനത്തിൽ 1436730 രൂപയും കൊടുത്തിട്ടുണ്ട്.

നം.	മറ്റു വായ്പകൾ	കാലാവധി	തുക
1.	മദ്ധ്യകാലവായ്പ	5 വർഷം	3270
2.	മദ്ധ്യകാല വായ്പ	3 വർഷം	28927
3.	ഐ.ആർ.ഡി.പി.		246320
4.	സാധാരണ വായ്പ		3750659
5.	ദീർഘകാലവായ്പ		321473
6.	ഗോൾഡ്‌ലോൺ		788369
		ആകെ	5139018

പ്രത്യേകവായ്പകൾ

1.	പുരലോൺ	792618.80
2	വിദ്യാഭ്യാസ വായ്പ	56028.75
3.	ഫാമിലി അഡോപ്ഷൻ	2610.00
4	കക്കൂസ് വായ്പ	223113.00
5	വ്യവസായ വായ്പ	67832.00
	ആകെ	1142202.5

4.സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
1. ജില്ല സഹകരണ ബാങ്ക്	ഹൃസ്വകാല വായ്പ	1334406
2. എറണാകുളം	മദ്ധ്യകാല വായ്പ	124503
3.-	പുരലോൺ	735284
4. -	ഐ.ആർ.ഡി.പി. ലോൺ	79500
5. -	ദീർഘകാലവായപ	348259

5.നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

1. ഹൃസ്വകാല വായ്പ സാധാരണ വായ്പ	395180 701493
2. വിദ്യാഭ്യാസ വായ്പ സാനിറ്റേഷൻ	24704 42208
3. ഹൗസ് ലോൺ ഐ.ആർ.ഡി.പി.	50132 132806
4. എൽ.ടി. വ്യവസായം	37341 68742
5. എം.ടി. എഫ്.എ.	25076 2600

മൂലധന വായ്പ സംബന്ധിച്ചുള്ള ഏകദേശ രൂപമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 1480282 രൂപ കുടിശിഖ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതായി കാണുന്നു.

കാലകാലങ്ങളിൽ വായ്പയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക തിരിച്ചു കിട്ടാത്തത് സഹകരണബാങ്കിന്റെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ഇത് പിരിച്ചെടുക്കുന്നതിന് ജനകീയ പങ്കാളിത്വത്തോടെ നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളെയും സഹകാരികളാക്കിക്കൊണ്ട് ബാങ്കിന്റെ മൂലധനം വർദ്ധിപ്പിയ്ക്കുകയും നിക്ഷേപകരെ പ്രോത്സാഹിപ്പിച്ച് ഡെപ്പോസിറ്റ് വർദ്ധിപ്പിയ്ക്കുകയും ചെയ്തുകൊണ്ട് ഈ തുക പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും വേണം. സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് പ്രോത്സാഹനം നല്കണം.

ഈ ഗ്രാമപഞ്ചായത്തിലെ VI, VII, VIII എന്നീ വാർഡുകൾ എറണാകുളം ജില്ലയിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തന മേഖലയിൽ ഉൾപ്പെട്ട വാർഡുകളാണ്.

1947-ലാണ് ഈ ബാങ്ക് സ്ഥാപിതമായത് 10830 അംഗങ്ങളും 35 ലക്ഷം രൂപ ഓഹരി മൂലധനവും ഉള്ള ഈ സ്ഥാപനം കർഷകരുടെ ആശാകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിന്റെ ഒരു ബ്രാഞ്ച് ഓഫീസ്, പാങ്കോട്ടിലും, ബ്രാഞ്ച് വളംഡിപ്പോ പഴന്തോട്ടത്തും പ്രവർത്തിച്ചുവരുന്നു.

ഈ സർവ്വീസ് സഹകരണസംഘം പ്രവർത്തിക്കുന്ന മറ്റു മേഖലകൾ കൃഷിയുമായി ബന്ധപ്പെട്ടവളവും കീടനാശിനിയും കർഷകർക്ക് ആവശ്യാനുസരണം എത്തിച്ചു കൊടുക്കുക. സാമാന്യ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തിച്ചുകൊടുക്കുക എന്നിവയാണ്. ഇത് തൃപ്തികരമായി നടത്തുന്നതിന് ബാങ്കിന് കഴിയുന്നുണ്ട്. ഈ സർവ്വീസ് സഹകരണബാങ്കിന് കടയിരുപ്പിനും കൊമ്പത്തു പീടികയിലും കടമറ്റത്തും ഒരോ സ്റ്റോറുകൾ ഉണ്ട്. ഇതുവഴിയാണ് പലവ്യജ്ഞനം, തുണിത്തരങ്ങൾ, വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത്.

ഇതുകൂടാതെ വേറെയും സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് ക്ഷീരോത്പാദക സഹകരണസംഘമാണ്. ഇതു പഞ്ചായത്തിൽ എട്ട് ക്ഷീരോത്പാദക സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. അതിൽ 6 എണ്ണം മിൽമയുടെ കീഴിലും രണ്ടെണ്ണം സ്വകാര്യ സ്ഥാപനങ്ങളുടേതുമാണ്.

ഈ സംഘങ്ങളുടെ പ്രാധാന പ്രവർത്തനം കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ വാങ്ങുകയും മിതമായ നിരക്കിൽ കാലിത്തീറ്റ എത്തിച്ചു കൊടുക്കുകയുമാണ്. ഇതിലുള്ള പ്രധാന പ്രശ്നം കർഷകർക്ക് ഉല്പാദനചെലവിനനുസരിച്ച് വില ലഭിയ്ക്കുന്നില്ല എന്നതാണ്. ഇത് പരിഹരിക്കാൻ കഴിഞ്ഞാൽ ഈ മേഖലയിൽ നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിയും.

കൂടാതെ വനിതാ വ്യവസായ സഹകരണസംഘങ്ങൾ പലരും ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ഇത് തൊഴിലുമായി ബന്ധപ്പെട്ട ഒരു

ചെറുകിട യൂണിറ്റാണ്. ചിപ്സ്, മിക്ചർ, കപ്പലണ്ടി മുതലായ സാധനങ്ങൾ പാകം ചെയ്ത് കടയിൽ എത്തിക്കുകയാണ് പ്രധാന പ്രവർത്തനം. ഇതുപോലുള്ള നിരവധി യൂണിറ്റിന് ഈ പഞ്ചായത്തിൽ സാധ്യതയുണ്ട്. ഇതുപോലുള്ള ചെറുകിട യൂണിറ്റുകൾ പ്രവർത്തിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും. ഇതാണ് ഈ പഞ്ചായത്തിലെ സഹകരണ സംഘങ്ങളെ സംബന്ധിച്ച പൊതുവിവരം.

DWCRA യുടെ ധനസഹായത്തോടെ പെരുവും മുഴിയിൽ കളിമൺ പാത്ര നിർമ്മാണത്തിന്റെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 11 വനിതകളാണ് പ്രവർത്തിക്കുന്നത്. കൂടാതെ കടയിരുപ്പിലും ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ഇത് വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നു. ഇത്തരം യൂണിറ്റുകൾക്ക് ഇനിയും സാധ്യതയുണ്ട്.

പുതിയ വ്യവസായ സഹകരണയൂണിറ്റുകളുടെ സാധ്യത

1. നമ്മുടെ പഞ്ചായത്തിൽതന്നെ നിർമ്മാണവും വിപണനവും നടത്താവുന്ന നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാൻ സാധ്യതയുണ്ട്. ഉദാഹരണമായി അലക്ക് സോപ്പ് ഒരു കുടുംബത്തിന് ശരാശരി 1 രൂപയുടെ അലക്ക് സോപ്പ് ദിവസം വേണ്ടിവരുമെന്നു കണക്കാക്കിയാൽ ഏതാണ്ട് 6000 രൂപയുടെ സോപ്പ് ഒരു ദിവസം പഞ്ചായത്തിൽ ആവശ്യമായിവരുന്നു. ഇതിന്റെ പകുതിയെങ്കിലും പഞ്ചായത്തിൽ നിർമ്മിച്ച് വിപണനം നടത്താൻ കഴിഞ്ഞാൽ ധാരാളം തൊഴിലവസരങ്ങൾക്ക് സാധ്യതയുണ്ട്.

ക്ഷീരോദ്പാദക രംഗത്ത് സഹകരണാടിസ്ഥാനത്തിലുള്ള സംരംഭങ്ങൾക്ക് സാധ്യത വളരെയേറെയാണ്. ക്ഷീരോദ്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം കാലിത്തീറ്റ ഉദ്പാദനവും വിപണനവും വൻകിട വ്യവസായികൾ മാത്രം കൈകാര്യം ചെയ്യുന്ന മേഖലയാണ് ഉദ്പാദനവും വിതരണവും. ഇതുമൂലം താങ്ങാനാവാത്ത വിലയാണ് കാലിത്തീറ്റയ്ക്ക്. ഇത് പരിഹരിയ്ക്കുന്നതിന് നാട്ടിൽ ലഭ്യമായിട്ടുള്ള കപ്പ, വയ്ക്കോൽ, റബ്ബർകുരു ഇത്തരം അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റയും കോഴിത്തീറ്റയും ഉല്പാദിപ്പിക്കാൻ സാധ്യതയുണ്ട്.

നോട്ട് ബുക്ക് നിർമ്മാണം ബൈൻറിങ്ങ്

5000-ത്തോളം വിദ്യാർത്ഥികൾ മാത്രം ഉണ്ട്. ഒരു കുട്ടിയ്ക്ക് ശരാശരി 150 രൂപയുടെ ബുക്ക് എന്ന് കണക്കാക്കിയാൽ 750000 രൂപയുടെ നോട്ട് ബുക്ക് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യം വരും. ഇവയുടെ നിർമ്മാണം ഒരു ചെറുകിട വ്യവസായ സഹകരണ യൂണിറ്റിന് നടത്തുവാൻ സാധിക്കും. ഇത് സ്ക്കൂളുകൾ കേന്ദ്രീകരിച്ച് വിപണനം നടത്തുവാനും കഴിയും.

പഴം, പച്ചക്കറി ഉദ്പാദനവും സംസ്കരണവും വിതരണവും

നമ്മുടെ പഞ്ചായത്തിൽ പൈനാപ്പിൾ കൃഷി വ്യാപകമായിട്ടുണ്ട്. ഈ പൈനാപ്പിൾ ഉപയോഗപ്പെടുത്തി സ്ക്വാഷ് ജാം തുടങ്ങിയവ സഹകരണ അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യാൻ കഴിയും.

പ്രവർത്തന രഹിതം

ഐയ്ക്കരനാട് പഞ്ചായത്തിലെ 1-ാം വാർഡിൽപ്പെട്ട പെരുവംമുഴിയിൽ ഒരു മിനി ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം 1952 കാലഘട്ടത്ത് ഇ-96-ാം നമ്പർ രജിസ്റ്റർ ആയി പ്രവർത്തിച്ച് വന്നിരുന്നു. ഈ സംഘം കൃഷിയ്ക്കും കുര്യാത്തോട്ടിൽനിന്ന് വെള്ളം ലിഫ്റ്റ് ചെയ്തു ഉദ്ദേശം നാനൂറ് പറ കൃഷി സ്ഥലം കൃഷി ചെയ്തിരുന്നതാണ്. എന്നാൽ നെല്ലുകൃഷി ലാഭമല്ലാതായിത്തീർന്നതും വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജും മൂലം ഈ സംഘത്തിന്റെ പ്രവർത്തനം മന്ദഗതിയിലാവുകയും കാലാന്തരത്തിൽ വൈദ്യുതി ചാർജ് അടയ്ക്കാൻ സാധിക്കാതെ വന്നപ്പോൾ സംഘം ഗവൺമെൻറ് ലിക്വിഡേറ്റ് ചെയ്യുകയുമുണ്ടായി.

കളിമൺ സഹകരണസംഘം

പഞ്ചായത്തിലെ 1-ാം വാർഡ് പെരുവംമുഴിയിൽ പുരാതനകാലം മുതൽ കളിമണ്ണ് കൊണ്ട് തൊഴിൽ ചെയ്തു ജീവിച്ച് വന്നിരുന്ന ഒരു വിഭാഗമാണ് വേളാർ സമുദായം. ഇവരുടെ തൊഴിലിനെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ജീവിതതോത് ഉയർത്തുന്നതിനും വേണ്ടി 1962 കാലഘട്ടത്ത് ഐയ്ക്കരനാട് പഞ്ചായത്ത് പ്രസിഡൻറായിരുന്ന പരേതനായ സി.പി. ഐസക് നെച്ചുപാടം പൂത്തൃക്ക പഞ്ചായത്തു പ്രസിഡൻറ് പെരുമ്പള്ളി പൈലിപ്പിള്ളയുടെയും നേതൃത്വം നൽകി പാലയ്ക്കാമറ്റത്ത വേളാർ സമുദായ അംഗങ്ങളെയും പെരുവംമുഴിയിലുള്ള വരെയും സംഘടിപ്പിച്ച് ഒരു കളിമൺ വ്യവസായ സഹകരണസംഘം രൂപീകരിക്കുകയുണ്ടായി. എന്നാൽ കാലാന്തരത്തിൽ ഭരണസമിതിയും അതിലെ അംഗങ്ങളുടെയും കഴിവുകേടുമൂലം ആ സംഘം തകർച്ചയിൽ ആയി. സംഘത്തിന്റെ വകയായി ഇത്തരം ഉപകാരങ്ങളും പാലയ്ക്കാമറ്റത്ത് 50 സെൻറ് സ്ഥലവും ഇന്ന് നിലവിൽ ഉണ്ട്. ഏതായാലും സംഘം ഇന്ന് പ്രവർത്തിയ്ക്കുന്നില്ല. സംഘം ഗവൺമെൻറ് ലിക്വിഡേറ്റ് ചെയ്തു.

സഹകരണം

ഗ്രാമനിർദ്ദേശങ്ങൾ

വാർഡ് 1

ഈറ്റ നെയ്ത്ത്, കളിമൺ വ്യവസായം എന്നിവയ്ക്കു ഓരോ സഹകരണ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കണം. ഇതുമൂലം ഈ പ്രദേശത്തെ തൊഴിലില്ലായ്മ, പ്രത്യേകിച്ച് വനിതകളുടെ, വളരെയധികം പരിഹരിക്കാൻ സാധിയ്ക്കും. ഈ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയാൽ ഇവ നന്നായി പ്രവർത്തിക്കാൻ സാധിയ്ക്കും.

വാർഡ് 2

1. സഹകരണാടിസ്ഥാനത്തിൽ റബ്ബർ പാൽ സംഭരണ കേന്ദ്രം സ്ഥാപിയ്ക്കുക.
2. കൊപ്രാ വ്യവസായ സഹകരണ സംഘം സ്ഥാപിയ്ക്കുക.
3. പനമ്പ്, ചൂരൽ തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സംഘത്തിൽനിന്നും വായ്പ അനുവദിയ്ക്കുക.
4. സഹകരണാടിസ്ഥാനത്തിൽ മെഴുകുതിരി നിർമ്മാണ യൂണിറ്റ് ആരംഭിയ്ക്കുക.
5. വാർഡിൽ മാവേലി സ്റ്റോർ സ്ഥാപിയ്ക്കുക.

വാർഡ് 3

1. ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിയ്ക്കുക.
2. നിലവിലുള്ള ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

വാർഡ് 4

1. വാർഡിൽ ഒരു സഹകരണസംഘം രൂപീകരിയ്ക്കുക.
2. സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം വർദ്ധിപ്പിയ്ക്കുക.
3. സർക്കാർ സഹായം ലഭ്യമാക്കുക.

വാർഡ് 5

1. ഐക്കരനാട് സർവീസ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിയ്ക്കുക.
2. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിന് ആവശ്യമായ സൗകര്യങ്ങൾ സഹകരണ സംഘം ഏറ്റെടുത്ത് നടപ്പിലാക്കുക.
3. ക്ഷീരവ്യവസായ സഹകരണ സംഘത്തിന്, മൃഗപരിപാലനത്തിനും രോഗനിവാരണത്തിനും ആവശ്യമായ രീതിയിൽ പുനഃസംഘടിപ്പിയ്ക്കുകയും വിശ്വസിപ്പിയ്ക്കുകയും ചെയ്യുക.
4. സഹകരണാടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങളുടെ വിപണനകേന്ദ്രം ആരംഭിയ്ക്കുക.
5. മത്സ്യ-മാംസ വിപണന സംഘം രൂപികരിയ്ക്കുക.

വാർഡ് 6

1. വാർഡിൽ പ്രവർത്തിക്കുക ക്ഷീരോല്പാദക സഹകരണസംഘം വഴി ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിയ്ക്കുക
2. വാർഡിന്റെ കിഴക്ക് ഭാഗത്ത് (പാറേപ്പീടിക)
3. സഹകരണ മേഖലയിലെ വായ്പകൾ ഉദാരമാക്കുക.

വാർഡ് 7

1. നെല്ലുല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനഃരുദ്ധരിയ്ക്കുക.
2. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിയ്ക്കുന്ന റബ്ബർപാൽ സംഭരണ കേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.
3. ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തനം ആരംഭിയ്ക്കുക.

വാർഡ് 8

1. സർവ്വീസ് സഹകരണസംഘത്തിന്റെ ഒരു ശാഖ വടവുകോട് ഫാർമേഴ്സ് പഴന്തോട്ടത്ത് പ്രവർത്തനം ആരംഭിയ്ക്കുക.

വാർഡ് 9

1. ക്ഷീരോല്പന്നങ്ങളുടെ സംസ്കരണവും വിതരണവും നടത്തുന്ന ഒരു സഹകരണസംഘം രൂപീകരിയ്ക്കുക.
2. റബർ ഉല്പാദനം, സംസ്ക്കരണം എന്നി സഹകരണ മേഖലയിൽ ആക്കുക.
3. പഞ്ചായത്തിലുള്ള സഹകരണ ബാങ്കിന്റെ പ്രവർത്തനം വിപുലമാക്കുകയും, പഞ്ചായത്ത് സമിതിയുടേയും സഹകരണ ബാങ്ക് ഭരണസമിതിയുടെയും പ്രവർത്തനം ഏകോപിപ്പിയ്ക്കുക.
4. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ സഹകരണ സംഘങ്ങൾ ഉണ്ടാക്കുക.
5. പഞ്ചായത്തിന്റേയും സഹകരണ ഡിപ്പാർട്ടുമെന്റിന്റേയും സഹകരണത്തോട് കൂടി ഒരു ഹരിജനക്ഷേമ സഹകരണ സംഘം ആരംഭിയ്ക്കുക.
6. റബർ ഉല്പാദക സഹകരണസംഘം പുനഃരുദ്ധരിയ്ക്കുക.

എട്ടാം പദ്ധതി കാലത്ത് പൂർത്തീകരിച്ച പദ്ധതികൾ

ഹരിജനക്ഷേമ പദ്ധതിക്കായി ഹരിജനങ്ങൾക്ക് നൂറ് ശതമാനം സൗജന്യമായി വളം, നടീൽ വസ്തുക്കൾ, കയ്യാല നിർമ്മിക്കൽ, കിണർ കുഴിക്കൽ, എന്നിവയ്ക്കായി, അഞ്ഞൂറ്റിതൊണ്ണൂറ് (590) പേർക്ക് ആറ് ലക്ഷത്തി അമ്പത്തി ആറായിരത്തി എഴുനൂറ്റി അറുപത് (656760) രൂപയും ഊർജിത നെൽകൃഷി പദ്ധതിപ്രകാരം ഇരുപത്തിഅഞ്ച് ശതമാനം സബ്സിഡി നിരക്കിൽ നെൽവീഞ്ഞു, കക്ക, ട്രില്ലർ, കുറ്റിപമ്പ്, കളനാശിനി, സസ്യസംരക്ഷണ മരുന്നുകൾ, എന്നിവ (716) എഴുനൂറ്റിപതിനാറ് കർഷകർക്ക് ഒരു ലക്ഷത്തി പതിനയ്യായിരത്തി മുപ്പത്തി ഒൻപത് (115039) രൂപയും കൂട്ടായ നെൽകൃഷി വികസന പദ്ധതി (ഗ്രൂപ്പ് ഫാമിംഗ്) അൻപത് ശതമാനം സബ്സിഡി നിരക്കിൽ മേൽപറഞ്ഞ ഇനങ്ങൾ കൂടാതെ കൈത്തോട് കെട്ടൽ എന്നിയിൽ ഉൾപ്പെടുത്തി. അറുനൂറ്റി ഇരുപത്തിരണ്ട് (622) പേർക്ക് തൊണ്ണൂറായിരം (രൂപ 90000) രൂപയും, തെങ്ങ് കൃഷി വികസന പദ്ധതി പ്രകാരം അൻപതു ശതമാനം സൗജന്യനിരക്കിൽ മഗ്നീഷ്യം സൾഫൈയിറ്റും വിതരണം ചെയ്തു. പമ്പ് സെറ്റ് വിതരണം ഉൾപ്പെടെ നാനൂറ്റി പതിനാറ് കർഷകർക്ക് (416) പതിമൂവായിരത്തി നാനൂറ് (13400) രൂപയും ജൈവവള വികസന പദ്ധതി പ്രകാരം കമ്പോസ്റ്റ് വള ഉൽപ്പാദനം നടത്തുന്ന കർഷകർക്ക് അതേക്കുറിചുള്ള പരിശീലനത്തിനും വേണ്ടി സബ്സിഡി നിരക്കിൽ (518) അഞ്ഞൂറ്റിപതിനെട്ട് കർഷകർക്ക് പതിനയ്യായിരത്തി തൊള്ളായിരത്തി അൻപത് രൂപയും നൽകി.

ഊർജ്ജിത സുഗന്ധദ്രവ്യ വിളയുടെ വികസനപദ്ധതിപ്രകാരം ഇഞ്ചി, മഞ്ഞൾ, കുരുമുളക്, എന്നീകൃഷികൾക്കായി 402 പേർക്ക് 50% സബ്സിഡിഇ നിരക്കൽ ഒരു ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തി അഞ്ച് രൂപയ്ക്ക് (105885/-) രൂപയും കൊക്കോ കൃഷി വികസനത്തിനു വേണ്ടി 14 കർഷകർക്ക് 50% ശതമാനം സബ്സിഡി നിരക്കിൽ 6500/- രൂപയും, ബയോഗ്യാസ് നിർമ്മാണ പദ്ധതി പ്രകാരം 19 പേർക്ക് 45800/- രൂപ സബ്സിഡിയായി നൽകി.

പച്ചക്കറി ഉൽപ്പാദന പദ്ധതിയിൽ പ്പെടുത്തി സ്ക്കൂൾകുട്ടികൾ മുഖേനയും, വനിത സമാജങ്ങൾ മുഖേനയും പച്ചകറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മുഴുവനായി സൗജന്യ നിരക്കിൽ 5130 പേർക്ക് 25650/- രൂപയ്ക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

വെറ്റില കൃഷിയുടെ വികസനത്തിന് വേണ്ടി 50% സബ്സിഡിയോടുകൂടി ഏഴുപേർക്ക് 5000/- രൂപ വിതരണം ചെയ്തു. ചേന, ചേമ്പ് എന്നിവയുടെ വിതരണത്തിനായി 13 പേർക്ക് 3575/- നൽകുകയുണ്ടായി.

വിത്തു സംഭരണപദ്ധതി പ്രകാരം കൃഷിഭവനിൽനിന്നും വിത്തുകൾ വാങ്ങി കൃഷിചെയ്തു നെല്ലുൽപ്പാദക സമിതികൾമൂലം വിത്തുകൾ സംഭരിച്ച് കൃഷീഭവനിൽ നൽകി വിതരണം നടത്തി 8 കർഷകർക്ക് 13700/- ഊർജ്ജിത തെങ്ങുവികസന പദ്ധതിപ്രകാരം തെങ്ങിന് വളം നൽകൽ, കിണർ നിർമ്മിക്കൽ, ജലസേചനത്തിനായി പമ്പ് സെറ്റ് വെയ്ക്കൽ എന്നിവയ്ക്കായി 168 കർഷകർക്ക് 33.33% സബ്സിഡി നിരക്കിൽ 4,43300/- രൂപയും നൽകിയിട്ടുണ്ട്.

സ്കീമുകളെക്കുറിച്ച് ചർച്ചകൾ നടത്തുന്നതിനായി 4800/- രൂപയും തെങ്ങിൻതോപ്പുകളിൽ കൂടുതൽ ജലം നഷ്ടപ്പെടാതെ കുറച്ച് ജലം ഉപയോഗിച്ച്

ജലസേചനം നടത്തുന്നതിന് (ഡ്രിപ്പ് ഇറിഗേഷൻ) 50% സബ്സിഡി നിരക്കിൽ 3 പേർക്ക് 45000/- രൂപയും നൽകി.

പ്രൈവറ്റ് നെഴ്സറി മുഖേന നടീൽ വസ്തുക്കൾ 50% സബ്സിഡി നിരക്കിൽ 21000/- രൂപയും പ്രധാനമന്ത്രിയുടെ പ്രത്യേക പ്രോഗ്രാമിൽപ്പെടുത്തി (ട്രില്ലർ ത്രഷർ, കിണർ, പമ്പ് സെറ്റ് മുതലായവ 1/3 സബ്സിഡി നിരക്കിൽ 31 പേർക്ക് 46100/- രൂപയും നൽകിയിട്ടുണ്ട്.

കർഷകർക്കുള്ള നെൽകൃഷി സബ്സിഡി സെൻറ് ഒന്നിന് ഒരു രൂപ പ്രകാരം 55800 പേർക്ക് 250000/- രൂപയും വെള്ളപൊക്കവും കൊടുങ്കാറ്റുംമൂലം നാശനഷ്ടമുണ്ടായ 540 കർഷകർക്ക് 1,17145/- രൂപയും ഈ എട്ടാംപദ്ധതി കാലത്ത് കൃഷിഭവൻ മുഖേന വിതരണം നടത്താൻ സാധിച്ചിട്ടുണ്ട്.

നിലവിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1. സമഗ്ര തെങ്ങ് വികസനപദ്ധതി പ്രകാരം 80 കർഷകർക്ക് 33.33% സബ്സിഡി നിരക്കിൽ കിണർ കുഴിക്കുന്നതിന് പമ്പ്സെറ്റ് വാങ്ങുന്നതിനും ബാങ്ക് വായ്പയായി കൃഷീഭവൻ മുഖേന രണ്ട് ലക്ഷം രൂപ നൽകുന്നു.
2. ഊർജ്ജിത സുഗന്ധദ്രവ്യവിള വികസന പദ്ധതിപ്രകാരം കുരുമുളക്, ഇഞ്ചി, ജാതി, മഞ്ഞൾ എന്നീ കൃഷികൾക്ക് സഹായം നൽകുന്നു.
3. ഹരിജനക്ഷേമ പദ്ധതിപ്രകാരം അവരെ സഹായിക്കുന്നതിനായി ഈ പഞ്ചായത്തിലെ വീടില്ലാത്ത 5 ഹരിജനങ്ങളെ തെരെഞ്ഞെടുക്കുകയും 25000/- രൂപ വീതം സഹായധനമായി കൊടുക്കുകയും ചെയ്യുന്നു.
4. വെറ്റില കൃഷി വികസനത്തിനായി 50% സബ്സിഡി നിരക്കിൽ സഹായം നൽകുന്നു.
5. കർഷകർക്ക് സെൻറിന് ഒരു രൂപ പ്രകാരം പ്രൊഡക്ഷൻ ബോണസ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

ജലസേചന പദ്ധതികളുടെ പൂർത്തിയായിക്കൊണ്ടിരിക്കുന്നതും നടന്ന് കൊണ്ടിരിക്കുന്നതുമായ വിവരങ്ങൾ

പൂർത്തീകരിച്ച ജലസേചനപദ്ധതികൾ

1. വെട്ടിക്കൽ തോട്ടിലെ ച്ചീർപ്പിൻെറ പുനുരുദ്ധാരണ പ്രവർത്തനം
2. മാങ്ങാട്ടൂർ തോട്ടിൻെറ ബാക്കിയുള്ള ഭാഗം താഴ്ത്തുകയും സംരക്ഷിക്കുകയും ചെയ്തു.
3. വെട്ടിക്കൽ ക്ഷേത്രത്തിന് സമീപമുള്ള തോട്ടിൽ ച്ചീർപ്പ് നിർമ്മിച്ചു.
4. എലവന്തിച്ചിറ മുതൽ മൂത്താരിതാഴം വരെയുള്ള ചെറുത്തോട് താഴ്ത്തി പാർശസംരക്ഷണം നടത്തി.

നടപ്പാക്കികൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ

1. എണ്ണയ്ക്കാമോളം ഹരിജന കോളനിയുടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
2. മനയത്ത പീടിക ഹരിജൻ കോളനി ജലസേചനപദ്ധതി. അതുകൂടാതെ

അരിവാറച്ചിറ മുതൽ ചിങ്ങച്ചിറ പാടംവരെ പാടത്തേക്കു വളവും മറ്റും കൊണ്ട് പോകുന്നതിന് വേണ്ടി ഫാ. റോഡും നിർമ്മാണത്തിൽ ഇരിക്കുന്നു.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

1. തോന്നിയ്ക്കാപാടം തോടിന്റെ താഴ്ച കൂട്ടുകയും സംരക്ഷിക്കുകയും ചെയ്യുക.
2. നൂറ്റ് പാടം തോട്, ഏരൂ കടമ്പ്ത്തോട്, ഇരുപ്പച്ചിറത്തോട് എന്നീ തോടുകളുടെ താഴ്ചകൂടി സംരക്ഷിക്കുക.
3. കരിപ്പാൽത്താഴം തോട്ടിൽ ച്ചീർപ്പ് നിർമ്മിക്കുക.
4. കാവുംത്താഴത്ത് പാങ്കോട് വലിയ തോട്ടിൽ ച്ചീർപ്പും നിർമ്മിക്കുക.
5. പാങ്കോട് വലിയ തോട്ടിൽ ഭജന മഠത്തിനടുത്ത് വേലക്കാട്ട്, മൂത്താരി ത്താഴത്ത് ച്ചീർപ്പ് നിർമ്മിക്കുക.
6. വെട്ടിക്കൽ തോട്ടിലെ ചീർപ്പിൽ നിന്നുള്ള കൈവഴിയുടെ നീളം വർദ്ധിപ്പിക്കുക.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയാൽ നെൽപ്പാടങ്ങളെ വെള്ള കെട്ടിൽനിന്നും സംരക്ഷിക്കുന്നതിനും കർഷകന് കൃഷിചെയ്യുന്നതിനുള്ള ജലം സമയബന്ധിതമായി ലഭിക്കുന്നതിനും അമിത ജലം പാഴായിപോകുന്നത് തടയുന്നതിനും ഉപകരിക്കുന്നു.

കർഷകന്റെ ശത്രുക്കളായ രോഗകീടങ്ങൾ

കർഷകരുടെ ശത്രുവാണ് കൃഷികളെ ആക്രമിച്ച് കൊണ്ടിരിക്കുന്ന വിവിധ തരത്തിലുള്ള രോഗകീടങ്ങൾ, കുമൾ, വൈറസ്, ബാക്ടീരീയ, എന്നിവമൂലം കൃഷിക്ക് രോഗങ്ങൾ ബാധിക്കുകയും കീടങ്ങളുടെ ആക്രമണം ഉണ്ടാകുകയും ചെയ്യുന്നു. കാർഷിക വിളകളായ നെല്ല്, തെങ്ങ്, വാഴ, കമുക്, കുരുമുളക്, മരച്ചീനി, റബർ, ഇഞ്ചി, എന്നീകൃഷികളിലാണ് പ്രധാനമായും കീടങ്ങളുടെ ആക്രമണം ഉണ്ടാകാറുള്ളത്.

നെല്ലിനെ പ്രധാനമായി ബാധിക്കുന്ന കീടങ്ങൾ തണ്ട് തുരപ്പൻ പുഴു, ഓലപുഴു, ചാഴി എന്നിവയും അതുകൂടാതെ രോഗങ്ങളായ ബ്ലാസ്റ്റ് പിന്ത് ബ്ലൈറ്റ് എന്നീ രോഗങ്ങളും നെല്ലിനെ ബാധിക്കാറുണ്ട്. തെങ്ങിനെ പ്രധാനമായി ആക്രമിച്ചു കൊണ്ടിരിക്കുന്ന കീടങ്ങളാണ് കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി എന്നിവ. അടുത്ത കാലത്തു വ്യാപകമായി എലികൾ തെങ്ങിന്റെ കായ്ഫലത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. മച്ചിങ്ങ പൊഴിച്ചൽ, കൂമ്പ്ചീയൽ, മഞ്ഞളിപ്പ് ചെന്തീര് ഒലിപ്പ്, വേര് ചീയൽ, ഓലകരിച്ചൽ, എന്നിവ തെങ്ങിനെ പ്രധാനമായും ബാധിക്കുന്ന രോഗസമൂഹങ്ങളാണ് വാഴയ്ക്ക് ഉണ്ടാകുന്ന രോഗങ്ങളെ വിവരിച്ചാൽ കൂമ്പടപ്പ് രോഗം, ഇലപ്പുള്ളി രോഗം, ചെല്ലിചെള്ള് മുതലായവ കണ്ടു വരുന്നു. കുരുമുളകിനെ ബാധിച്ചു കൊണ്ടിരിക്കുന്ന രോഗങ്ങൾ ഭൂതവാറും, വേര്ചീയൽ എന്നിവയും മരച്ചീനിക്കു ണ്ടാകുന്ന കസാഖ മൂസൈക്ക് രോഗം എലിശല്യം എന്നിവയും സർവ്വ സാധാരണമാണ് മറ്റൊരു കൃഷിയും കേരളീയരുടെ സാമ്പത്തീക നിലമെച്ചപ്പെടുത്തിയിട്ടുമുള്ള റബ്ബറിന് ഉണ്ടാകുന്ന പട്ടമരവിപ്പ്, ചീർക്കു രോഗം, ആകാലീക

ഇലകൊഴിച്ചിൽ ഇവ യും കണ്ടു വരുന്നു. ഇഞ്ചിയ്ക്കുണ്ടാകുന്ന മൂട് ചീയൽ, തണ്ടു തുരപ്പൻ, ഇലപ്പുള്ളി രോഗം എന്നിവയാണ്. മേൽപറഞ്ഞ കീടങ്ങളുടെ ശല്യത്തിനും രോഗത്തിനും പരിഹാരമാർഗ്ഗം കണ്ടെത്തി കർഷകരെ സഹായിക്കേണ്ടതാണ്.

വായ്പാ സൗകര്യങ്ങൾ

കർഷകന് കാലാകാലത്ത് കൃഷി ചെയ്യുന്നതിനും കൃഷിയ്ക്ക് അമിതമായ ചിലവ് വരുന്നതിനാലും വായ്പകൾ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വായ്പാസൗകര്യം തക്കസമയത്തു ലഭിക്കാൻ കാലതാമസം വരുന്നതുകൊണ്ട് കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ വായ്പകൾ ലഭിക്കുവാൻ പറ്റുന്ന സഹകരണ ബാങ്കുകൾ പൊതുമേഖല ബാങ്കുകൾ തുടങ്ങിയവ ഉണ്ടെങ്കിൽതന്നെയും സമയത്തു വായ്പ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഈ പഞ്ചായത്ത് അതിർത്തിയിൽ ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക്, യൂണിയൻ ബാങ്ക് കടയിരുപ്പ് ശാഖ, വടവുകോട് സർവ്വീസ് സഹകരണ ബാങ്ക്, പാങ്കോട് ശാഖ, ഫെഡറൽ ബാങ്ക് പഴംന്തോട്ടം, എസ്.ബി.ടി. മെഡിക്കൽ മിഷ്യൻ ബ്രാഞ്ച് കോലഞ്ചേരി സൗത്ത് ഇൻഡ്യൻ ബാങ്ക് കോലഞ്ചേരി ശാഖ. എന്നീ ധനകാര്യ സ്ഥാപനങ്ങൾക്ക് കർഷകന് തക്ക സമയത്ത് വായ്പ നൽകാൻ നിർദ്ദേശം നൽകേണ്ടതാണ്.

കർഷകസംരഭങ്ങൾ

പാടശേഖരസമിതികൾ, കേരകർഷക സമിതി കുരുമുളക് വികസനസമിതി, റബർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന റബർ ഉൽപ്പാദകസമിതി തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനക്ഷമത വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തു അതിർത്തിയിൽ ഒൻപത് നെല്ലുൽപ്പാദക പാടശേഖരസമിതിയും ഒരു കേരവികസനസമിതിയും നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ റബർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാലു റബർ ഉൽപ്പാദക സഹകരണ സംഘങ്ങളുമുണ്ട്.

നെല്ലുൽപ്പാദക പാടശേഖര സമിതി പ്രധാനലക്ഷ്യം കർഷകരെ ഏകോപ്പിക്കുക, ഒരേ സമയത്തു കൃഷിയിറക്കുക. വിത്തിനം ഒന്നായിരിക്കുക, മരുന്നുതളി ഒരേ സമയത്തു നടത്തുക. വളം ചേർക്കൽ ഒരേ സമയത്തു ആകുക എന്നിവയാണ്.

ഇങ്ങിനെ കർഷകരെ ബോധവൽകരിച്ചാൽ കൃഷിക്കാർക്ക് സാമ്പത്തിക ലാഭം ലഭിക്കും എന്നുള്ളതും, രോഗകീടങ്ങളുടെ ഉപദ്രവം തടയുന്നതിനും സാധിക്കും. ഇപ്രകാരം തന്നെ കേരസമിതികളും പ്രവർത്തിക്കേണ്ടതാണ്.

ഈ സമിതികൾ മുഖേന ജല സേചനം നടത്തുന്നതിനും കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

കാർഷികവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കർഷകരെ ബോധവൽക്കരിക്കുകയും തരിശു ഇടുന്ന ഭൂമികൾ കൃഷിചെയ്യുവാൻ കർഷകരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. ജൈവവള പ്രയോഗം നടത്തുന്നതിന് കർഷകന് ജൈവവളം നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക. കൃഷി ഭൂമികൾ ഭാവവ്യത്യാസം വരുത്താതിരിക്കുക. ഇടവേള കൃഷിനടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുക. എന്നീ വിഷയങ്ങളും കണക്കിലെടുക്കേണ്ടതാണ്.

അനുബന്ധം - 4

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

4.1 വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവുള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
		21	04		606		1021	499	46	29	11	2037	3071	01

കോഴിവളർത്തലിൽ എല്ലാ കുടുംബങ്ങളുംതന്നെ കുറഞ്ഞൊന്ന് ശ്രദ്ധിക്കുന്നുണ്ടെങ്കിൽ തന്നെയും മുട്ടയുടെ ഉപയോഗം വർദ്ധിച്ചതോടുകൂടി അതനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ കുടുംബത്തിലും നാടൻ കോഴികളെ വച്ച് ഉല്പാദനം ശ്രമകരമാകയാൽ ആ പഴയ രീതിയും നിലച്ചിരിയ്ക്കുന്നു. സർക്കാർ തലത്തിൽ വിരിയിച്ച കോഴികുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കിയാൽ ഈ കാര്യത്തിൽ നമുക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രയാസമില്ല.

ഐക്കരനാട് ഗ്രാമപഞ്ചായത്ത്

4.2 വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		...
		മുട്ട ഇടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
	631	457	439	36	432	

14.	**Public Participation**	പൊതുമീറ്റിംങ് നടത്തൽ	--	4,800/-	--	സ്കീമിനേകുറിച്ചുള്ള പൊതുമീറ്റിംങ് നടത്തൽ	--
15.	**Drip Irrigation**	തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനം നടത്തൽ ഇവിടുള്ള സബ്സിഡി നൽകൽ	50%	45,000/-	3	50 സെൻറ് സ്ഥലമുള്ള കർഷകർക്ക് ഈ സഹായം ലഭ്യമാകുന്ന രീതിയിൽ നടപ്പാക്കുക	ഭാവിപദ്ധതിയിൽ ചേർത്ത് നടപ്പാക്കാം
16.	**Private Nursery**	പ്രൈവറ്റ് നഴ്സറി മുഖേന നടീൽ വസ്തുക്കൾ വിതരണം നടത്തൽ	50%	21,000/-	--	--	--
17.	**Prime Ministers Special Programme**	1/3 സബ്സിഡി നിരക്കിൽ ട്രില്ലർ ക്രഷർ, കിണർ പമ്പ്സെറ്റ്	1/3 1/3	46,100/- 46,100/-	31 31	ടില്ലർ, ത്രഷർ ഇവ വിതരണം നടത്തൽ ബുദ്ധിമുട്ടാണ്	
18.	**Fertilizer Subsidy**	കർഷകനുള്ള നെൽകൃഷി സബ്സിഡി വിതരണം	**1/Cent**	2,50,000/-	5800	നെൽകൃഷി സബ്സിഡി സെൻറിന് 2/- രൂപയാക്കുക വളം, കീടനാശിനി സബ്സിഡിയിൽ	ഭാവിയിൽ ഈ പദ്ധതി നടപ്പാക്കാവുന്നതാണ്
19.	**Calamity**	കൃഷിനാശത്തിനുള്ള സഹായധനം നൽകൽ	--	1,17,145/-	540	വിതരണം നടത്തുക സമയാസമയങ്ങളിൽ വേഗം കൊടുക്കണം	" "

ഹൃദയപൂർവ്വം

നന്ദി.....

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി
തങ്ങളോട് സഹകരിച്ചവർ ഒട്ടനവധിയാണ്.
പഞ്ചായത്ത് മെമ്പർമാർ സംസ്ഥാന–ജില്ലാ പഞ്ചായത്ത് പരിശീലകർ
മുൻപഞ്ചായത്ത് മെമ്പർമാർ വിവിധ ഉദ്യോഗസ്ഥർ, സാമൂഹ്യ,
രാഷ്ട്രീയ പ്രവർത്തകർ, പ്രമുഖ വ്യക്തികൾ, സന്നദ്ധപ്രവർത്തകർ
എന്നിവരോടുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തട്ടെ.....
ശ്രീ. എം. ആർ. നാരായണൻ–പാലക്കാട്; എം.ആർ.ബി.വി.
കൈമൾ–പഴന്തോട്ടം;
എൻ.ഐ. വർക്കി–കടമറ്റം; പി.ജെ. വർഗീസ്–മാങ്ങാട്ടൂർ;
പി.വി.മാണി–കടയിരുപ്പ്;
ഇ.പി.ജോണി–പഴന്തോട്ടം; പി.എൻ.രവി–എഴിപ്രം;
ചന്ദ്രശേഖരൻ–കൃഷ്ണിഭവൻ;
കെ.ജി.വിനയൻ; ടി.ജി.സുരേഷ്–എഴിപ്രം; എ.ടി. അനിൽകുമാർ;
വി.ഒ.ബാബു–പാലക്കാട്;
എന്നിവരുടെയും വിവിധ ഗ്രൂപ്പ് ലീഡർമാർ, ഡാറ്റാകളക്ഷൻ
കണ്ടവീനർമാർ, അംഗൻവാടി ടീച്ചേഴ്സ് എന്നിവരുടെ പ്രത്യേക
സേവനത്തെ തങ്ങൾ നന്ദിയോടെ
സ്മരിക്കുന്നു.
റിപ്പോർട്ട് ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കിയപ്പോൾ
എന്തെങ്കിലും പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ അത് സദയം
ക്ഷമിക്കുമല്ലോ

ശ്രീ. ടി.എസ്. രാമകൃഷ്ണൻ
ജനറൽ കൺവീനർ

ശ്രീ. ബാബു പോൾ
ജോയിന്റ് കൺവീനർ,

അയ്ക്കരനാട് ഗ്രാമപഞ്ചായത്ത്.



- ഒൻപതാം പദ്ധതി ജനകീയപദ്ധതി
- ആസൂത്രണം ജനപങ്കാളിത്തത്തോടെ
- അധികാരവികേന്ദ്രീകരണം
- അറിവിന്റെ വികേന്ദ്രീകരണം
- സൂതാര്യത -
- അഴിമതിനിർമ്മാർജനം
- വികസനസംസ്ക്കാരം
- കേരളം വികസനത്തിന്റെ പടവുകളിൽ